# അത്തൗഹീദ്

# كتاب التوحيد

( ماليباري )

മർഹൂം: പി. അബ്ദുൽ ഖാദിർ മൗലവി
കണ്ണൂർ

# അത്തൗഹീദ്

# التوحيد

باللغة المالبارية

പി. അബ്ദുൽഖാദിർ മൗലവി (റ)

കണ്ണൂർ

# അവതാരിക

ജനാബ് പി. അബ്ദുൽഖാദിർ മൗലവിയുടെ 'അത്തൗഹീദ്' എന്ന ഈ ഗ്രന്ഥം ആദ്യം മുതൽ അവസാനംവരെ ഞാൻ പരിശോധിച്ചിരിക്കുന്നു. ഇസ്ലാമിലെ തൗഹീദിന്റെ യഥാർത്ഥരൂപം ഗ്രഹിക്കുന്നതിന് ഈ ഗ്രന്ഥം വളരെ ഉപകരിക്കുമെന്നാണ് എന്റെ അഭിപ്രായം. കേരള മുസ്ലിംകൾ ഇതു വായീച്ചു പഠിക്കണമെന്നുള്ള എന്റെ ആശയെ ഞാൻ ഇവിടെ പ്രകടിപ്പിക്കുകയും മൗലവി സാഹിബിന്റെ ഈ പരിശ്രമത്തെ അഭിനന്ദിക്കുകയും ചെയ്തുകൊള്ളുന്നു.

തിരൂരങ്ങാടി,<br>20-5-1945. } കെ. എം. മൗലവി

# ഉള്ളടക്കത്തിൽ ചിലത്.


ഏകത്വം. 11

മുശ്‌രിക്കുകളോടുള്ള ഖുർആനിന്റെ ഉൽബോധനരീതി. 31

ഉപജീവനവിഭവം നല്കുന്നവനാണ് ആരാധനക്കർഹൻ. 43

പ്രാർത്ഥന ആരാധനതന്നെയാകുന്നു. 49

എനിക്ക് അല്ലാഹുമതി. 71

ബിംബങ്ങൾ മഹാത്മാക്കളുടെ പ്രതിമകളാകുന്നു. 106

പൊന്തിനില്ക്കുന്ന ഖബറുകൾ നിരപ്പാക്കേണ്ടുന്ന ആവശ്യം. 129

അല്ലയോ മതപണ്ഡിതന്മാരെ. 133

ബഹുഭൂരിപക്ഷം എന്നാൽ എന്ത് ? 151

ആപൽഘട്ടങ്ങളിലുള്ള പ്രാർത്ഥന 157

മുഹ്‌യിദ്ദീൻ ശൈഖിന്റെ വിശദീകരണം. 172

ശിർക്ക് വലുതായ അധർമ്മമാകുന്നു. 183

## ഗ്രന്ഥ കർത്താവിനെക്കുറിച്ച്:-

കേരളത്തിലെ മുസ്ലിംകൾ അന്ധവിശ്വാസങ്ങളിലും അനാചാരങ്ങളിലും ആണ്ട് കിടന്നിരുന്ന ഒരു കാലഘട്ടത്തിൽ തൗഹീദിന്റെ ദീപശിഖയുമായി മതപ്രവർത്തന രംഗത്തിറങ്ങിയ ഒരു ധർമ്മഭടനായിരുന്നു മർഹൂം. പി. അബ്ദുൽ ഖാദിർ മൗലവി. കണ്ണൂരിലെ പ്രശസ്തമായ പള്ളിയത്ത് കുടുംബത്തിൽ ജനിച്ച അദ്ദേഹം വ്യാപാരവുമായി ബന്ധപ്പെട്ടാണ് ജീവിതവൃത്തിയാരംഭിച്ചത്. മുസ്ലിം കേരളത്തിന്റെ സാംസ്കാരിക നവോത്ഥാന നായകനായിരുന്ന വക്കം അബ്ദുൽ ഖാദിർ മൗലവിയുടെ ശിഷ്യഗണത്തിൽ ഇദ്ദേഹവും ഉൾപ്പെടുന്നു. അദ്ധ്യാപകനായും അദ്ദേഹം സേവനമനുഷ്ഠിച്ചിരുന്നു. 1946 ഒക്ടോബർ 30 ന് അദ്ദേഹം നിര്യാതനായി. ഖത്തമുന്നുബുവ്വത്ത്, സിയാറത്തുൽ ഖുബൂർ, പരിശുദ്ധ ഖുർആനും ഖാദിയാനികളും എന്നീ മഹൽ ഗ്രന്ഥങ്ങളും അദ്ദേഹത്തിന്റേതായി മുസ്ലിം കേരളത്തിന് ലഭിച്ചിട്ടുണ്ട്.

ഇസ്ലാമിന്റെ അടിസ്ഥാന സിദ്ധാന്തമായ തൗഹീദിന്റെ യഥാർത്ഥരൂപം പ്രസ്പഷ്ടമാക്കുന്ന ഈ അമൂല്യ കൃതി സ്വാഭാവികമായിത്തന്നെ ശിർക്കിന്റെ ഭാഗത്ത് നിന്ന് തീവ്രമായ എതിർപ്പുകൾക്കും ഖണ്ഡനങ്ങൾക്കും വിധേയമായിട്ടുണ്ട്. അതേയവസരം, പതിനായിരങ്ങളുടെ കണ്ണു തുറപ്പിക്കാനും സത്യം കണ്ടെത്താനും അങ്ങനെ വിശ്വാസ പരമായും ആചാര പരമായും ഒരു ശുദ്ധീകരണം നടത്താനും ഇത് കാരണമായിത്തീർന്നിട്ടുമുണ്ട്.

കരുണാനിധിയായ അല്ലാഹു അദ്ദേഹത്തിനു അർഹമായ പ്രതിഫലം നല്കുമാറാകട്ടെ — ആമീൻ.

# ഒന്നാം പതിപ്പിന്റെ മുഖവുര

# ആമുഖം

'സിയാറത്തുൽഖുബൂർ' എന്ന പുസ്തകത്തിലെ 'തൗഹീദ്' എന്ന ഭാഗം ചില ഭേദഗതികളോടുകൂടി എഴുതപ്പെട്ടതാണ് ഈ ചെറുഗ്രന്ഥം. അതിൽ കൊടുത്തിരുന്ന ആയത്തുകളുടെയും മററും മൂലം അറബിഭാഷയിൽ അടിച്ചു കണ്ടാൽ കൊള്ളാമെന്നു പല മാന്യന്മാരും ആവശ്യപ്പെടാറുണ്ടായിരുന്നു. പല പ്രതിബന്ധങ്ങൾ കൊണ്ടും അവരുടെ ആവശ്യം ഇതേവരെ നിറവേററുവാൻ സാധിച്ചിരുന്നില്ല. എന്നാൽ കഴിഞ്ഞകൊല്ലം മലബാർ ഒട്ടാകെ പടർന്നുപിടിച്ച കോളറ, പ്ലേഗ് മുതലായ ഭയങ്കര രോഗങ്ങൾ നിമിത്തം ജനങ്ങൾ വലുതായ കഷ്ടപ്പാടുകൾ അനുഭവിക്കുകയും, ആദുഃസ്ഥിതിയിൽനിന്ന് രക്ഷകിട്ടുന്നതിനായി, ഗുണമോ ദോഷമോ ഉപകാരമോ ഉപദ്രവമോ ഒന്നും തന്നെ ചെയ്യുവാനുള്ള അധികാരവും ശക്തിയും ഇല്ലാത്ത പരേതരായ ഔലിയാക്കളേയും ശൈഖന്മാരെയും വിളിച്ച് പ്രാർത്ഥിക്കുന്ന ഒരവസ്ഥ ജനങ്ങളിൽ എവിടെ നോക്കിയാലും കാണുവാൻ ഇടയാവുകയും അവരുടെ നിലവിളികളും പ്രാർത്ഥനകളും കേൾക്കുവാനും കഷ്ടാവസ്ഥകളും പരിഭ്രമങ്ങളും കണ്ടറിയുവാനും കഴിവുള്ളവനായ അല്ലാഹുവിനെമാത്രം വിളിച്ച് രക്ഷതേടുവാനുള്ള ഒരാശയോ ഒരുക്കമോ അവരിൽ തീരെ കാണുവാൻ കഴിയാതെ വരികയും ചെയ്തപ്പോൾ അവർക്ക് ഒരു ഉണർത്തലായി 'തൗഹീദി'നെ സംബന്ധിച്ച് ഇങ്ങിനെ ഒരു ലഘുഗ്രന്ഥം എഴുതി പ്രസിദ്ധപ്പെടുത്തണമെന്നു ഞാൻ ഉറച്ചു: അതോടുകൂടി, ആയത്തുകളും മററും അറബിഭാഷയിൽ കൂടി അച്ചടിച്ചാൽ കൊള്ളാമെന്നു എന്റെ സുഹൃത്തുക്കളിൽ ചിലർക്കുണ്ടായിരുന്ന ആഗ്രഹത്തെ നിറവേററുവാൻ ഈ അവസരത്തെ പ്രയോജനപ്പെടുത്തണമെന്നും ഞാൻ കരുതി.

സമുദായമദ്ധ്യേ കാണപ്പെട്ട ആ ദുഃസ്ഥിതി അഥവാ മതത്തേയും സമുദായത്തേയും ഒന്നുപോലെ ബാധിക്കുന്ന ആ ആത്മരോഗം ശരീരങ്ങളെ ബാധിക്കുന്ന കോളറയെക്കാളും പ്ലേഗിനെക്കാളും കഠോരമാണെന്നു പറഞ്ഞാൽ അത് വെറും ഒരു പരമാർത്ഥമായിരിക്കും. മത വിവരമുള്ളവരെന്ന് വിചാരിക്കപ്പെടുന്ന ചിലർ ആ അവസരത്തിൽ കാട്ടിക്കൂട്ടിയ ചില ഗോഷ്ഠികൾ എത്രയും ലജ്ജാവഹങ്ങളാകുന്നു. ഈ 'അറിവുള്ളവർ' പല

ഇപ്പോഴും ആയിരത്തിലധികം പേർ അടങ്ങിയ വലിയ ജനസമൂഹങ്ങളോടു കൂടി തങ്ങളുടെ വസതികളിൽനിന്നും എത്രയോ നാഴിക അകലെ സ്ഥിതി ചെയ്തിരുന്ന ഖബ്റുകളെ അഭയം പ്രാപിക്കുകയും, അവിടെനിന്ന് കൊണ്ട് 'മഹാത്മാവേ' എഴുന്നേല്ക്കുവിൻ, ഞങ്ങളെ സഹായിക്കുവിൻ; ഈ അവസരത്തിൽ ഞങ്ങളെ നിസ്സഹായരായി വിട്ടുകളയരുതേ എന്ന് നിലവിളിക്കുകയും കൂടിയുണ്ടായിട്ടുണ്ട്. ഇത്തരം പണ്ഡിതന്മാരെ കൊണ്ട് മതത്തിനും സമുദായത്തിനും ഉണ്ടായിട്ടുള്ളതും ഉണ്ടായിക്കൊണ്ടിരിക്കുന്നതുമായ നാശത്തിനു കയ്യും കണക്കുമില്ല. ഈ മാതിരി പ്രവൃത്തികൾ മതവിരുദ്ധമാണെന്ന് പറഞ്ഞാൽ അത് അവരുടെ അഭിപ്രായത്തിൽ 'ഔലിയാ'ക്കളെ പുച്ഛിക്കലും മതത്തെ അവിശ്വസിക്കലു' മാണ്. ഇവരുടെ ഈ അഭിപ്രായമോ, പൊതുജനങ്ങളെ ഒരു പ്രകാരത്തിലും കണ്ണു തുറന്ന് നോക്കുവാൻ അനുവദിക്കാതെ, അബദ്ധ ധാരണകളിൽതന്നെ ഉറച്ച് നിന്ന്കൊള്ളുവാനായി വിട്ടേയ്ക്കുന്നതിന് താങ്ങായിനിൽക്കുന്ന ഒരു ഉപകരണവുമാണ്. തൗഹീദിനെ സംബന്ധിച്ച ബോധത്തിലും ഉണർച്ചയിലും മുസ്ലിം സമുദായം എത്രത്തോളം പിന്തള്ളപ്പെട്ടുപോയിരിക്കുന്നുവെന്നു നമുക്ക് കാണിച്ചുതരുന്നതിന് പര്യാപ്തമായ ഒരു മാനദണ്ഡമാണ് അവരുടെ ഈ അഭിപ്രായം എന്നുള്ളതിന് സംശയമില്ല. അല്ലാഹുവിന്റെ കിതാബും റസൂലിന്റെ സുന്നത്തും ഇമാമുകളുടെ വാക്കുകളും അനുസരിച്ച് മതകാര്യങ്ങളെപ്പറ്റി സംസാരിക്കുന്നവർ അല്ലാഹുവിന്റെ ഔലിയാക്കളെ പുച്ഛിക്കുന്നവരും ഇമാമുകളുടെ വാക്കുകൾക്ക് വില കൽപിക്കാത്തവരുമാണത്രേ! നേരെ മറിച്ച് ഒരുവൻ ഇമാമുകളുടെ വാക്കുകൾക്ക് യഥാർത്ഥത്തിൽ ഒരു വിലയും കൽപ്പിക്കാത്തവനായിരുന്നാലും ശരി, മതം കഠിനമായി വിരോധിക്കുന്ന ശിർക്ക് പരമായ നടപടികളെ നിലനിർത്തിപ്പോരുന്നവനായിരുന്നാലും ശരി. അവൻ അവന്റെ നടപടികൾക്കും വിശ്വാസങ്ങൾക്കും മാലപ്പാട്ടുകളെ ആധാരമാക്കുന്നുവെന്നുള്ളത് കാരണത്താൽ അവരുടെ അഭിപ്രായത്തിൽ ഔലിയാക്കളെ ബഹുമാനിക്കുന്നവനായും ഇമാമുകളുടെ വാക്കുകൾക്ക് വില കൽപ്പിക്കുന്നവനായും ഇരിക്കുന്നു! കഷ്ടം! ഈവിധത്തിലാണ് ശിർക്ക് തൗഹീദായും, തൗഹീദ് ശിർക്കായും, പ്രകാശം അന്ധകാരമായും; അന്ധകാരം പ്രകാശമായും രൂപാന്തരപ്പെട്ടിരിക്കുന്നത്.

അല്ലാഹുവിനോടുമാത്രം അപേക്ഷിക്കേണ്ട കാര്യങ്ങൾ ഔലിയാക്കളോട് അപേക്ഷിക്കരുതെന്ന് പറയുന്നത്കൊണ്ട് ഔലിയാക്കളെ വിലവെക്കാതെയിരിക്കുകയാണെന്നോ അവരുടെ സ്ഥാനമാനങ്ങളെ അവമതിക്കുകയോ അവരെ പുച്ഛിക്കുകയോ ആണ് ചെയ്യുന്നത് എന്നോ പറയുന്നത് ഒരിക്കലും ശരിയല്ല. അല്ലാഹുവിനോട്മാത്രം ചോദിക്കേണ്ടകാര്യങ്ങൾ ഔലിയാക്കളോട് ചോദിക്കരുത് എന്ന് പറയുന്നതുമൂലം ഔലിയാക്കളുടെ നിലയെ ഇടിച്ചുതാഴ്ത്തുകയാണെന്നു പറഞ്ഞു ക്ഷോഭിക്കുന്നവർ അല്ലാ

ങ്ങളെ ഒന്നു കാണണമെന്ന് ഞാൻ ആഗ്രഹിച്ചുകൊണ്ടിരിക്കയാണ്, ഞങ്ങളെല്ലാം അല്ലാഹുവിന്നുവേണ്ടി നിങ്ങളെ സ്നേഹിക്കുന്നു. നിങ്ങളെ സ്നേഹിക്കുന്നവരെ സ്നേഹിക്കുകയും വെറുക്കുന്നവരെ വെറുക്കുകയും ചെയ്യുന്നു, സത്യവിശ്വാസികൾ സഹോദരൻമാരാണ്. നമ്മുടെ പാലകൻ ഏകനാണ് നമ്മുടെ ' ദീൻ ' ഒന്നാകുന്നു. നമ്മുടെ പ്രവാചകനും ഒന്നത്രെ. അല്ലാഹുവിനെ അല്ലാതെ നാം ആരാധിക്കുന്നില്ല, അവനോടല്ലാതെ നാം പ്രാർത്ഥിക്കുകയും രക്ഷതേടുകയും സഹായമർത്ഥിക്കുകയും ചെയ്യുന്നില്ല; അവങ്കലല്ലാതെ നാം ശരണമടയുന്നില്ല; അവന്നുവേണ്ടി അല്ലാതെ നാം നേരുകയും അറുക്കുകയും ചെയ്യുന്നില്ല; അവൻെറ റസൂൽ നിയമിച്ചു തന്നിട്ടുള്ള ആരാധനക്രമം വഴിയായിട്ടല്ലാതെ അവനെ നാം ആരാധിക്കുന്നുമില്ല. ഇതാണ് അല്ലാഹുവിൻെറ ദീൻ, ഇതിലേക്കാണ് നാം ജനങ്ങളെ ക്ഷണിക്കുന്നത്. ഇതിന്നുവേണ്ടി നാം ജീവിക്കുകയും മരിക്കുകയും ചെയ്യുന്നു. അല്ലാഹുവിൻെറ സഹായത്താൽ ഇതിന്മേൽ നാം ഉയിർത്തെഴുന്നേല്പിക്കപ്പെടുകയും ചെയ്യും. അവൻ അത്യുദാരനും കരുണാവാരിധിയുമാണ്.

നിങ്ങളുടെ 'അത്തൗഹീദ്' എന്ന ഗ്രന്ഥം കണ്ടവിവരവും നിങ്ങളെ ഞാൻ അറിയിക്കട്ടെ. ആദ്യന്തം ഞാനത് വായിച്ചപ്പോൾ അതെന്നെ സന്തുഷ്ടചിത്തനാക്കിത്തീർക്കുകയും എൻെറ നയനങ്ങളിൽനിന്നു ആനന്ദാശ്രു പൊഴിയുകയും ചെയ്തു. അതിൽ നിങ്ങൾ 'തൗഹീദി'നെ വ്യക്തമാക്കുകയും ജനങ്ങൾക്ക് ഇസ്ലാമിൻെറ മൂലതത്വവും പൂർവ്വികരുടെ ജീവിതമാർഗ്ഗവും വിശദീകരിച്ചുകൊടുക്കുകയും ചെയ്തിരിക്കുന്നുവെന്നു എനിക്കു ബോധ്യമായി. പിന്നെ ആ പുസ്തകം ഇവിടത്തെ മതപണ്ഡിതൻമാരെ കാണിക്കണമെന്നാഗ്രഹിക്കുകയാൽ അവരെ ഈ വിവരം അറിയിക്കുകയും ഒരു സ്ഥലത്ത് വിളിച്ചുകൂട്ടി ഞാനത് വായിച്ചു കേൾപ്പിക്കുകയും ചെയ്തു. ആ സദസ്സിൽ ശൈഖ് അബ്ദുർറഹ്മാൻബ്നു യൂസുഫുൽ അഫ്രീഖി (മസ്ജിദുന്നബവിയിലെയും ദാറുൽഹദീസിലേയും മുദർരിസ്) ശൈഖ് അഹ്മദുദ്ദഹ്ലവി (ദാറുൽ ഹദീസ് മാനേജർ), ശൈഖ് അബ്ദുല്ലാബിൻ അബ്ദുൽ വഹാബ്ബിൻ സാഹിം (പണ്ഡിത വകുപ്പിൻെറയും സുഊദി നിയമവകുപ്പിൻെറയും മേലദ്ധ്യക്ഷൻ), ശൈഖ് അബ്ദുൽ അസീസ്ബിൻസാ

ലിഹ് (മദീനാ കീഴ്ക്കോടതിയിലെ ന്യായാധിപൻ), ശൈഖ് അഹ്മദുനൂരിൽഹിന്തി (മദീനാ മേൽക്കോടതിയിലെ ന്യായാധിപൻ), മസ്ജിദുന്നബവിയിലെ ഇതര മുദർരിസുകൾ തുടങ്ങി ഹിജാസിലെയും നജ്ദിലെയും മഹാപണ്ഡിതന്മാർ സന്നിഹിതരായിരുന്നു. പ്രസ്തുത ഗ്രന്ഥത്തിലെ ആയത്തുകളുടെയും ഹദീസുകളുടെയും പൂർവ്വികരുടെ വാക്കുകളുടെയും മലയാളത്തിലുള്ള നിങ്ങളുടെ വ്യാഖ്യാനങ്ങൾ, അവർക്കു മനസ്സിലാക്കുവാൻ, അവരുടെ അപേക്ഷയനുസരിച്ച് ഞാൻ അറബിയിൽ ഭാഷാന്തരം ചെയ്തുകൊടുത്തു. അപ്പോൾ അവർ ഇങ്ങനെ പറഞ്ഞു:- 'അനാചാരങ്ങളിൽനിന്നും 'ശിർക്കി'ൽനിന്നും ജനങ്ങളെ വീണ്ടെടുത്തു ഇസ്ലാമിക 'തൌഹീദി'ലേയ്ക്കും നബി (സ) യുടെ സുന്നത്തിലേയ്ക്കും അവരെ തിരിച്ചുകൊണ്ടുവരുന്നതിനുള്ള ഒരുൽബോധനവും ഇസ്ലാമിൻെറ സാരാംശമായ തൌഹീദിനെ അറിയാനുള്ള ഒരു ഉത്തമോപകരണവുമാണ് ഈ പുസ്തകം. 'ദീനിന്ന്' വിരുദ്ധമായി അവർക്കതിൽ യാതൊന്നും കാണാൻ സാധിച്ചില്ല. നേരെമറിച്ച് അതു മുഴുവനും ഖുർആനിനോടും ഹദീസിനോടും പൂർണ്ണമായി യോജിച്ചതായിട്ടാണവർ കണ്ടത്. അതിനാൽ മുസ്ലിംകൾ ഈ ഗ്രന്ഥത്തിൽ തങ്ങളുടെ ശ്രദ്ധ ചെലുത്തേണ്ടിയിരിക്കുന്നുവെന്നും പ്രത്യേകിച്ചു, കേരളത്തിലെ മുസ്ലിംകൾ ഇത് വായിച്ചുപഠിക്കുകയും മററുള്ളവരെ ഇതിലേയ്ക്കു ക്ഷണിക്കുകയും ചെയ്യേണ്ടതാണെന്നും അവർ ഏകോപിച്ചഭിപ്രായപ്പെട്ടു. എന്തെന്നാൽ ഇത് ഖുർആനിൻെറയും ഹദീസിൻെറയും വ്യാഖ്യാനവും മലബാർ മുസ്ലിംകൾക്കു നബി (സ) പ്രബോധനംചെയ്ത 'തൌഹീദ്' അറിയാനുള്ള ഏററവും സുഗമമായ മാർഗ്ഗവുമാകുന്നു.

അമൂല്യവും വിശിഷ്ടവുമായ ഈ ഗ്രന്ഥത്തെപ്പററിയുള്ള ഞങ്ങളുടെ സാക്ഷിപത്രമാണിത്. കേരളത്തിലെ മുസ്ലിം സഹോദരങ്ങളോടു ഞങ്ങളുടെ ഉപദേശവും ഇതുതന്നെയാണ്. നേർമാർഗ്ഗത്തിലേയ്ക്ക് വഴികാണിക്കുന്നവൻ അല്ലാഹുവാകുന്നു.

മദീനമുനവ്വറ:
ഹി : 1365 മുഹർറം 19
വ്യാഴാഴ്ച.

മുഹ്യിദ്ദീൻ മുഹമ്മദ്
അബ്ദുർറഊഫ്.
( ഒപ്പ്. )

ഹുവിനോട് ചോദിക്കേണ്ട കാര്യങ്ങളെ ഔലിയാക്കളോട് ചോദിക്കുന്നതു മൂലം അല്ലാഹുവിൻെറ നിലയ്ക്കു എന്താണ് വരുത്തിവെക്കുന്നതെന്നു അല്പമൊന്നു ചിന്തിച്ചുനോക്കട്ടെ. വാസ്തവത്തിൽ അവർ അതുമൂലം അല്ലാഹുവിൻെറ സ്ഥാനമഹത്വത്തെയും പ്രഭാവത്തെയും ഇടിച്ചുതാഴ്ത്തുകയല്ലേ ചെയ്യുന്നത്? അപ്പോൾ ഔലിയാക്കളുടെ സ്ഥാനമാനങ്ങളെ ഇടിച്ചുതാഴ്ത്തുവാൻശ്രമിക്കുന്നുവെന്നുപറഞ്ഞ് ആളുകളുടെമേൽ കുററംആരോപിക്കുന്നവരുടെ ആരോപണം ശരിതന്നെ എന്നു സമ്മതിച്ചിരുന്നാൽതന്നെയും, അല്ലാഹുവിൻെറ കഴിവുകളെ അവൻെറ സൃഷ്ടികളായ ഔലിയാക്കളിൽ ആരോപിച്ചിട്ട്, അല്ലാഹുവിൻെറ നിലക്കും മഹത്വത്തിനും തീരെ വിലകല്പിക്കാതെ അവനെ ഇടിച്ചുതാഴ്ത്തുവാൻ ഇടയാക്കുന്നതൊ അതോ ഔലിയാക്കളെ ഇടിച്ചുതാഴ്ത്തുവാൻ ഇടയാക്കുന്നതൊ ഏതാണ് ഗുരുതരമായിട്ടുള്ള കുററം? അല്ലാഹുവിനോടുമാത്രം അപേക്ഷിക്കേണ്ട കാര്യങ്ങൾ മററാരോടും അപേക്ഷിക്കരുതെന്നു പറയുന്നത് ഔലിയാക്കളെ 'ദുഷിക്കലും തീകോരി തലയിലിടലും' ആണെന്നു ഇക്കൂട്ടർ പറയുന്നു. ആ സ്ഥിതിക്ക് അല്ലാഹുവിനോടു അപേക്ഷിക്കേണ്ട കാര്യങ്ങൾ അവൻെറ ബലഹീനരായ സൃഷ്ടികളോട് അപേക്ഷിച്ചു, അവനെ അവമതിക്കുന്നതും, അവൻെറ സ്ഥാന പ്രഭാവത്തെ ഇടിച്ചുതാഴ്ത്തുന്നതും എന്തൊന്നിനു തുല്യമായിരിക്കും? വാസ്തവം ആലോചിച്ചാൽ ബുദ്ധിയുള്ളവർ ആരും തന്നെ മഹാത്മാക്കളെ പുച്ഛിക്കുകയോ അവരുടെ സ്ഥാനമഹിമയെ ഇടിച്ചുതാഴ്ത്തുകയോ ചെയ്യുകയില്ലതന്നെ. അല്ലാഹുവിനെമാത്രം വിളിച്ചുപ്രാർത്ഥിക്കുന്നവർ അല്ലാഹുവിനു പുറമെ പ്രാർത്ഥനക്കു ലക്ഷ്യമായിത്തീരുന്ന ആരെതന്നെയും ദുഷിച്ചു പറയുവാൻ ഒരുങ്ങുകയില്ല. എന്തുകൊണ്ടെന്നാൽ അങ്ങിനെ ദുഷിക്കുന്നതു ഒരുപക്ഷെ അല്ലാഹുവിനെതന്നെ ദുഷിച്ചു പറയുന്നതിനു ചില മൂഢബുദ്ധികളെപ്രേരിപ്പിച്ചേക്കുമെന്ന് അവർക്ക് അറിയാമെന്നുള്ളതാകുന്നു.

ولا تسبّوا الّذين يدعون من دون الله فيسبّوا الله عدوا بغير علم

(അല്ലാഹുവിനു പുറമെ അവർ ആരെ വിളിച്ചുപ്രാർത്ഥിക്കുന്നുവോ അവരെ നിങ്ങൾ ആക്ഷേപിക്കരുത്; എന്നാൽ അറിവില്ലാതെ അവർ വാശികൊണ്ട് അല്ലാഹുവിനെയും ആക്ഷേപിച്ചേക്കും.) അല്ലാഹുവിനെ മാത്രം പ്രാർത്ഥിക്കുന്നവരുടെ സ്വഭാവമാകട്ടെ അല്ലാഹു ബഹുമാനിച്ചിട്ടുള്ളവരെ പുച്ഛിക്കുക എന്നുള്ളതല്ല. നേരെമറിച്ച് അവരെ ബഹുമാനിക്കുക എന്നുള്ളതാകുന്നു. പിന്നെ അവർ അല്ലാഹുവിൻെറ ഔലിയാക്കളെ പുച്ഛിക്കുന്നു എന്നു ഈ കൂട്ടർ പുറപ്പെടുവിക്കുന്ന ശബ്ദം പിശാചിൻെറ സൂക്ഷ്മമായ ദുഷ്പ്രേരണയുടെ ഫലമായി പുറപ്പെടുന്നത് മാത്രമാകുന്നു.

ഒരിക്കൽ ഒരു മുസ്ലിം ഒരു മുവഹ്ഹിദുമായി നടന്ന സംഭാഷണമധ്യേ ഇങ്ങിനെ പറയുകയുണ്ടായി: 'ഞാൻ എന്റെ ശൈഖിനെ വിളിച്ചു എന്റെ വയറു പിളർക്കാം. എന്നാൽ നീ നിന്റെ അല്ലാഹുവിനെ വിളിച്ചു അത് മുറി കൂട്ടിത്തരുമോ? إنا لله وإنا إليه راجعون ഇത്ര ആപല്ക്കരമായ വിശ്വാസമാണ്! ഇങ്ങനെയാണ് ഇക്കൂട്ടർ ഔലിയാക്കളെ ബഹുമാനിക്കുന്നത്! ഇങ്ങനെയാണ് ഇവർ ഔലിയാക്കൾക്കുനൽകുന്ന 'കറാമത്തു'കൾ! ഇത്തരം അവിശ്വാസജന്യമായ ധാരണകളെ സമുദായമധ്യേ നിലനിർത്തിപ്പോരുവാനുള്ള ആധാരമായിട്ടാണ് 'ഔലിയാക്കളെ ദുഷിക്കുന്നു' വെന്ന ശബ്ദം പുറപ്പെടുന്നത്.

അല്ലാഹുവിനെപ്പോലെ സർവ്വജ്ഞനും സർവ്വശക്തനും പരിശുദ്ധനുമായ മറ്റൊരു ദൈവമുണ്ടെന്നു വിശ്വസിക്കുന്നതു ശിർക്കാണ്. ഇങ്ങനെ വിശ്വസിക്കാതിരിക്കുന്നിടത്തോളം തൗഹീദിനു ഭംഗം നേരിടുവാനുമില്ല. അല്ലാഹുവിന്റെ തത്വം പോലെയോ ഗുണംപോലെയോ പ്രവൃത്തിപോലെയോ യാതൊരു തത്വവും ഗുണവും പ്രവൃത്തിയും ഇല്ല എന്നുള്ളതാണ് തൗഹീദിനെസംബന്ധിച്ചു പൊതുവിലുള്ള വിശ്വാസം. ഇൽമുൽ കലാമിൽനിന്നും അതുസംബന്ധിച്ചു മനസ്സിലാകുന്ന സംഗതികൾ ഇവയാകുന്നു. മറ്റൊരുപ്രകാരത്തിൽ പറഞ്ഞാൽ, അല്ലാഹുവിന്റെ സത്ത ذات പലതും ചേർന്നു ഉണ്ടായിട്ടുള്ള ഒന്നല്ല; ഒരേ ഇനത്തിൽ ഉള്ള രണ്ട് ഗുണങ്ങൾ അവനിൽ ചേർന്നിരിക്കുന്നില്ല. അവന്റെ സത്തയ്ക്ക് തുല്യമായി മറ്റൊരു സത്തയില്ല. അവന്റെ ഗുണങ്ങൾക്കുതുല്യമായി മറ്റുഗുണങ്ങളില്ല. അവന്റെ പ്രവൃത്തികൾക്ക് തുല്യമായി മറ്റു പ്രവർത്തികളില്ല. എന്നിങ്ങനെ മുതകല്ലിമുകൾ (വചനവൈജ്ഞാനികർ) كم متصل (കമ്മുൻമുത്തസിൽ) كم منفصل (കമ്മുൻ മുൻഫസിൽ) എന്നീ സാങ്കേതിക ശബ്ദങ്ങൾ കൊണ്ട് കുറിക്കുന്ന അഞ്ചുകാര്യങ്ങളെ അപ്രകാരംതന്നെ നിഷേധിക്കുന്നതാണ് തൗഹീദ്. ഇൽമുൽ കലാമിൽ (വചന വിജ്ഞാനം) നിന്നും ഇത്രയും കാര്യങ്ങളാണ് തൗഹീദിനെ സംബന്ധിച്ച് മനസ്സിലാക്കുവാൻ കഴിയുന്നത്. നിഷേധരൂപത്തിൽ പറയപ്പെട്ടിട്ടുള്ള പ്രസ്തുത അഞ്ചുകാര്യങ്ങളിൽ ഏതെങ്കിലും ഒന്നിനെ അതേപ്രകാരം സമ്മതിക്കാതിരുന്നാൽ അതു ശിർക്കായി. എന്നാൽ മനുഷ്യന്റെ കഴിവിന്നപ്പുറമുള്ളതും അല്ലാഹുവിനുമാത്രം കഴിവുള്ളതുമായ കാര്യങ്ങൾ മഹാത്മാക്കളായ പുണ്യപുരുഷന്മാർക്കും കഴിവുള്ളതാണെന്നു വിശ്വസിക്കുന്നത് അല്ലാഹുവിന്നുള്ള ഗുണങ്ങൾ മറ്റുള്ളവർക്കും ഉണ്ടെന്നു വിശ്വസിക്കുന്നതിന്നു സമമാണെന്നോ, അല്ലാഹുവിന്റെ അടുക്കൽ അവന്റെ അനുവാദം

കൂടാതെതന്നെ, ശുപാർശ ചെയ്യുവാനും ചില പ്രവൃത്തികളിലേക്കു അല്ലാഹുവിനെ പ്രേരിപ്പിക്കുവാനും മഹാത്മാക്കളായ പുണ്യപുരുഷന്മാർക്കു കഴിയുമെന്നുള്ള വിശ്വാസം അല്ലാഹുവിനു സമന്മാരുള്ളതായി വിശ്വസിക്കുന്നതിനുതുല്യമാണെന്നോ ഉള്ള സംഗതികൾ ഇൽമുൽകലാമിന്റെ ചില ഗ്രന്ഥങ്ങളിൽനിന്നും അത്ര എളുപ്പത്തിൽ ഗ്രഹിച്ചുകൊള്ളുവാൻ കഴിയുന്നവയല്ല. ആ വക ഗ്രന്ഥങ്ങളുടെ ദുർഗ്രഹമായ ഈ പോക്കുകൊണ്ടാണ് അജ്ഞന്മാരിൽ ചിലർക്കുതന്നെയും തൗഹീദിനെ അതിന്റെ യഥാർത്ഥമായ രൂപത്തിൽ മനസ്സിലാക്കുന്ന വിഷയത്തിൽ പ്രതിബന്ധം നേരിട്ടുപോയിട്ടുള്ളത്. തൗഹീദുൻഫിൽ ഉലൂഹിയ്യ എന്നും തൗഹീദുൻഫിർറുബൂബിയ്യ എന്നും തൗഹീദിൽ രണ്ടു വിഭാഗങ്ങൾ എങ്ങനെ ഉണ്ടായി എന്നും മറ്റും അവരിൽ ചിലർ ചോദ്യം ചെയ്യുന്നതിനുണ്ടായ കാരണവും ഇതുതന്നെയാകുന്നു. ചുരുക്കിപ്പറഞ്ഞാൽ, തൗഹീദിനെ സംബന്ധിച്ച് ഒരുവനു തോന്നാവുന്ന സംശയങ്ങൾക്ക് നിവാരണമോ മനസ്സമാധാനമോ ഇൽമുൽകലാം സംബന്ധിച്ച ചില ഗ്രന്ഥങ്ങൾ വഴിയായി ലഭിക്കുക എന്നത് ഏറെ പ്രയാസമായിട്ടാണിരിക്കുന്നത്. എന്നാൽ പിന്നെ തൗഹീദിനെയും ശിർക്കിനെയും തമ്മിൽ വേർതിരിച്ചു മനസ്സിലാക്കുവാനുള്ള എളുപ്പമായമാർഗ്ഗം ഏതാണ്? അതിനു നാം പരിശുദ്ധഖുർആന്റെ ആവിർഭാവകാലത്തിലേക്ക് ഒന്നു പിന്തിരിഞ്ഞു നോക്കേണ്ടിയിരിക്കുന്നു. അതിന്റെ അവതരണകാലത്തെ അറബികളുടെ വിശ്വാസങ്ങളെയും ആചാരങ്ങളെയും കുറിച്ചുള്ള അറിവുകൊണ്ടുമാത്രമെ നമുക്ക് പരിശുദ്ധഖുർആൻ പ്രബോധനംചെയ്യുന്ന തൗഹീദിന്റെ യഥാർത്ഥരൂപം വേർതിരിച്ചു മനസ്സിലാക്കുവാൻ കഴിയൂ.

انما تـنقض عرى الاسلام عروة عروة اذا نشأ فى الاسلام من لا يعرف الجاهلية

അജ്ഞാനകാലത്തെ സ്ഥിതികളെപ്പറ്റി അറിവില്ലാത്തവർ ഇസ്ലാമിൽ ഉണ്ടായിവന്നാൽ ഇസ്ലാമിന്റെ പിടികൾ ഒന്നൊന്നായി അഴിഞ്ഞുപോകും) എന്നു ഉമർഫാറൂഖ് പറഞ്ഞിട്ടുള്ളവാക്യങ്ങൾ ഇവിടെ സ്മരണീയമാകുന്നു. ഇസ്ലാമിന്റെ സന്ദേശത്തിന്ന് നാരായവേരായിരിക്കുന്നത് തൗഹീദാണ്. ആ സന്ദേശത്തെ അതു ലോകസമക്ഷം വെച്ചിട്ടുള്ളത് അന്നത്തെ അറബികളുടെ വിശ്വാസാചാരങ്ങളെ ചൂണ്ടിക്കാണിച്ചുകൊണ്ടാകയാൽ ആ വിശ്വാസാചാരങ്ങളുടെ സ്വഭാവം ഗ്രഹിക്കുന്നതോട് കൂടി മാത്രമെ അതിനെ നിരൂപണം ചെയ്തുകൊണ്ടു വന്നിട്ടുള്ള ഇസ്ലാമിന്റെ തൗഹീദിന്റെ സ്പഷ്ടമായരൂപവും സ്വഭാവവും നമുക്ക് എളുപ്പത്തിൽ ഗ്രഹിക്കുവാൻ

സാധിക്കുകയുള്ളു. നേരെമറിച്ച് ആ വിശ്വാസാചാരങ്ങൾ അറിയാത്ത ആളുകൾ തൌഹീദ് ഇന്നതാണെന്ന് സ്വകല്പിതങ്ങളായ അഭിപ്രായങ്ങൾ കൊണ്ടു സ്ഥാപിക്കാൻ പുറപ്പെട്ടാൽ അവർമൂലം ആ വിഷയത്തിൽ ഗുണത്തെക്കാൾ വളരെ വളരെ ദോഷങ്ങൾ വന്നുനേരിടുവാനും ശിർക്ക് ഇന്നതാണെന്ന് മനസ്സിലാകാതെ വരുന്നതുപോയിട്ടു ശിർക്ക്പരമായ കാര്യങ്ങളെതന്നെ തൌഹീദായി വിശ്വസിച്ചു പോകാനും ഇടവരുമെന്നുള്ളത് തീർച്ചയാകുന്നു.

അല്ലാഹുവിന് പുറമെയുള്ളവരോട് സഹായം അപേക്ഷിക്കുന്നത് തൌഹീദിന് വിരുദ്ധമാണെന്ന് പറയുന്ന ആർക്കെങ്കിലും മനുഷ്യസാധാരണമായ വല്ല രോഗമൊ വിഷമതയൊ വന്നു ബാധിക്കുമ്പോൾ അതു ഔലിയാക്കളോട് അപേക്ഷകൾ ചെയ്യരുതെന്ന് പറഞ്ഞു അവർ അവരെ ആക്ഷേപിച്ചതു കാരണത്താൽ അവർ ശപിച്ചതു നിമിത്തമാണെന്നു വിശ്വസിക്കുകയും അപ്രകാരം വാദിക്കുകയും ചെയ്യുന്നവരായി മുസ്ലിംകളിൽ പലരുമുണ്ട്, എന്നു മാത്രമല്ല, തൌഹീദിൻെറ ദാർഢ്യം സിദ്ധിക്കാത്ത ചിലർ അവരുടെ ഈ വാദത്തിൽ ഭ്രമിച്ചു സന്ദേഹാലുക്കളായി പോകുന്നുമുണ്ട്. ഇതാണ് എത്രയും വ്യസനകരമായ ഒരവസ്ഥ. നമുക്ക് അല്ലാഹുമതി, അവനു പുറമെ യുള്ളവരോട് നമുക്ക് സഹായം അപേക്ഷിക്കേണ്ടുന്ന ആവശ്യമേയില്ല. എന്നു പറയുമ്പോൾ അല്ലാഹുവിന് പുറമെയുള്ളവരിൽ നിന്നും ആപത്തുകൾ വന്നു നേരിട്ടേക്കുമെന്നു പറഞ്ഞു ദുർബലമനസ്കരായ ആളുകളെ ഭയപ്പെടുത്തുന്ന സ്വഭാവം നമ്മുടെ ഇടയിൽ ഇന്നൊ ഇന്നലെയൊ ഉണ്ടായിട്ടുള്ളതല്ല.

اليس الله بكاف عبده ويخوّفونك بالّذين من دونه ومن يضلل الله

فماله من هاد

(അല്ലാഹു അവൻെറ അടിമയ്ക്ക് മതിയാവുകയില്ലെ? അവനുപുറമെയുള്ളവരെക്കൊണ്ട് അവർ നിന്നെ ഭയപ്പെടുത്തുന്നു, അല്ലാഹു ഒരുവനെ മാർഗ്ഗഭ്രഷ്ടനാക്കിയാൽ അവനെ നേർമാർഗ്ഗത്തിൽ ചേർക്കുന്നവനായി ആരുമില്ല.) എന്നിപ്രകാരമുള്ള ഖുർആൻ വാക്യംകൊണ്ട് ഇതുപണ്ടേക്ക് പണ്ടേ ജനങ്ങളുടെ ഇടയിൽ കാണപ്പെടുന്ന ഒരു സ്വഭാവമാണെന്നു ഊഹിക്കാവുന്നതാണല്ലോ. ജനങ്ങളിൽ വെച്ച് വലിയ ആപത്തുകളും ദുരിതങ്ങളും നേരിടുവാൻ ഇടയായിട്ടുള്ളവർ അവരിൽ എത്രയും ഉയർന്ന പദവികളിൽ ഇരിക്കുന്ന നബിമാരും സിദ്ദീഖുകളും ശഹീദുകളും സ്വാലിഹുകളുമാണ്. അവർക്ക് ഇങ്ങനെ വന്നു സംഭവിക്കാൻ ഏതെങ്കിലും ഔലിയാക്കളുടെ ശാപം കാരണമായിട്ടുണ്ടോ എന്ന് ചിന്തിച്ചു നോക്കേണ്ടതാണ്.

വാസ്തവത്തിൽ ഈ വക വിചാരങ്ങളും ഏർപ്പാടുകളും മുസ്ലിംകളിൽ കടന്നുകൂടിയിരിക്കുന്നത് അവരെ ബാധിച്ചിട്ടുള്ള അന്ധതയുടെ ഫലമെന്നല്ലാതെ എന്തുപറയട്ടെ! ഇസ്ലാമിന്റെ പിരികളെ അഴിച്ചുലച്ചുകളയുന്ന ഈ വക അന്ധവിശ്വാസങ്ങളെയും അടിസ്ഥാനരഹിതങ്ങളായ വിചാരങ്ങളെയും അകററിക്കളയേണ്ട കാലം എത്രയോ വൈകിപ്പോയി.

'ഇങ്ങനെ അനാചാരമായ ഖബ്ർ സന്ദർശനം കൊണ്ടു മഹാത്മാക്കളുടെ ഖബ്ർവഴിയായി എത്ര ശീഘ്രമായിട്ടാണ് ശിർക്ക് ലോകത്ത് വ്യാപിക്കുന്നത്' എന്നിങ്ങനെ 'സിയാറത്തുൽ ഖുബൂർ' എന്ന പുസ്തകത്തിൽ വന്നിട്ടുള്ള ഒരു പ്രസ്താവന ചിലർക്ക് തർക്കകരമായി തോന്നിയിട്ടുണ്ടത്രെ. ഈ പ്രസ്താവന ഔലിയാക്കളുടെ സ്ഥാനമഹിമക്ക് ഇടിവായിട്ടാണ് അവർ കരുതുന്നത്. അജ്ഞാനകാലത്തെ സ്ഥിതികളെ വെച്ചുകൊണ്ടു ശിർക്ക് എന്താണെന്ന് മനസ്സിലാക്കുവാൻ അവർ ശ്രമിക്കാതിരുന്നിട്ടുള്ളതുകൊണ്ടാണ് അവർക്ക് അങ്ങനെ തോന്നിപ്പോകാൻ ഇടയായത് എന്നു മാത്രമാണ് അവരോട് ചുരുക്കത്തിൽ സമാധാനം പറയുവാനുള്ളത്. എന്നാൽ ഈ പ്രസ്താവനയെ പ്രത്യേകമായി ചൂണ്ടിക്കാണിച്ചുകൊണ്ട് കലക്കം ഉണ്ടാക്കുവാൻ ചിലർ ശ്രമിക്കുന്നുണ്ട്. അവരുടെ സവിശേഷമായ ശ്രദ്ധക്കായി ഈ ചെറുഗ്രന്ഥത്തിൽ അവസാനമായി ഒന്നുരണ്ടുപ്രകരണങ്ങളും ചേർത്തിരിക്കുന്നു. സത്യബോധത്തോടും നിഷ്പക്ഷബുദ്ധിയോടും കൂടി അവ വായിച്ചുനോക്കുന്നവർക്ക് ആ വക തെററിദ്ധാരണകൾ നീങ്ങിപ്പോകുമെന്നു ഞാൻ ദൃഢമായി വിശ്വസിക്കുന്നു.

പ്രകൃതഗ്രന്ഥം, 'ജംഇയ്യത്തു ഹിദായത്തിസ്സുന്നത്ത്' സമാജക്കാർ പ്രസാധനം ചെയ്യുന്ന രണ്ടാമത്തെ പ്രസിദ്ധീകരണമാകുന്നു. അതോടൊപ്പം തന്നെ സമാജത്തിനു രണ്ടാമത്തെ വയസ്സു പൂർത്തിയാവുകയും ചെയ്യുന്നു. ഇത്രയും ചുരുങ്ങിയ നിലയിലെങ്കിലും മതത്തിനും സമുദായത്തിനും വേണ്ടി അവർക്ക് പ്രവർത്തിക്കുവാൻ സാധിച്ചതിൽ ഞാൻ അവരെ ഹാർദ്ദമായി അഭിനന്ദിച്ചുകൊള്ളുന്നു. സമാജാംഗങ്ങളും ഇതു വായിക്കുവാൻ ഇടവരുന്ന എല്ലാ മുസ്ലിംകളും തൗഹീദിൽ ദൃഢചിത്തരായിത്തീരുന്നതിന് വേണ്ടി ഇതിൽ കൊടുത്തിട്ടുള്ള ആയത്തുകളും മററും ഹൃദിസ്ഥമാക്കുകയും അവയെ പൊതുജനങ്ങളുടെ ഇടയിൽ പ്രചരിപ്പിക്കുകയും ചെയ്യണമെന്നു സവിനയം അപേക്ഷിച്ചുകൊള്ളുന്നു. എന്നെ ഇതിൽ സഹായിച്ച എല്ലാ മനുഷ്യന്മാർക്കും ഇതിന്റെ പ്രസാധകന്മാർക്കും എന്റെ അകൈതവമായ നന്ദി പ്രകടിപ്പിച്ചുകൊള്ളുകയും ചെയ്യുന്നു.

ഇത്തരം പ്രവൃത്തിയിൽ എന്നെ എപ്പോഴും സഹായിച്ചുകൊണ്ടിരിക്കുന്ന എന്റെ ആത്മമിത്രം ജനാബ് പി. മുഹമ്മദ് മൈതീൻ സാഹിബ് (വക്കം)

അവർകഠംക്ക് ഹൃദയപൂർവ്വം നന്ദിപറയുകയും അദ്ദേഹത്തിന്റെ ആത്മാർത്ഥമായ സഹായത്തെ ഞാൻ സ്മരിക്കുകയും ചെയ്യുന്നു.

ഇത് എത്രയും ഭംഗിയായി അച്ചടിച്ചുതന്ന സി. എം. പ്രസ്സ് (ഇടവ) പ്രവർത്തകന്മാർക്ക് നിർവ്യാജം നന്ദിപറഞ്ഞുകൊള്ളുന്നു.

കണ്ണൂര്, } എന്ന്,
31-8-'44 } പി. അബ്ദുൽ ഖാദിർ

(N. B. മററുപതിപ്പുകളിലെ മുഖവുരകളും പ്രസ്താവനകളും പ്രസിദ്ധീകരിക്കേണ്ടതില്ലെന്ന തീരുമാനത്തിൽ അവ ഒഴിവാക്കിയിരിക്കുന്നു.)

## تقريظ (١)

(مدرسة دار الحديث)

(بمدينة النبى المرسل والمصلح الاكمل صلعم)

(المدينة المنوّرة فى محرّم) هـ: ١٣٦٧

بسم الله الرحمن الرحيم

(وبعد) فقد تصفّحت الكتاب الّذى الّفه الشيخ بى عبدالقادر مولوى الكناوورى المليبارى المسمى التّوحيد. وبعد تأمّل تامّ فى الآيات والاحاديث النّبوية واقوال علمآء السلف فيه وقراءة الاخ الفاضل محى الدين محمد عبد الرّؤف المليبارى علىّ شيئا من ترجمة هذه الآيات والا حاديث واقوال السّلف باللّغة المليباريّة وجدتّه متضمنا لتوحيد الرّبوبية والالوهيّة وهو مطابق لما دعت اليه الرّسل وينبغى لكلّ مسلم الاعتناء بهذا الكتاب الجليل وبالله التّوفيق.

ونشكر صاحب الكتاب الباذل عمره فى خدمة الدّين ونسئل الله الكريم ان يكثر امثاله للمسلمين (مهر المدرسة)

الشيخ عبد الله بن عبد الوهّاب بن زاحم رئيس العلماء والمدرسين والمحاكم الشرعية بالمدينة المنوّرة والمدرّس فى المسجد النبوىّ الشّريف (وقد اقرّه)

١) الشيخ عبد العزيزبن صالح نجدى سكرتيرى رئيس العلماء بالمدينة

٢) الشيخ عبد الرّحمن بن يوسف الافريقى المدرس بالمسجد النبوى وفى دار الحديث ايضا

٣) الشيخ احمد الدّهلوى، مدير مدرسة دار الحديث

(ബഹുമാന്യനായ പി. അബ്ദുൽ ഖാദിർമൗലവി (കണ്ണൂർ) എഴുതിയ 'അത്തൗഹീദ്' ഞാൻ പരിശോധിച്ചു. അതിൽ ചേർത്തിട്ടുള്ള ഖുർആൻ വാക്യങ്ങളേയും നബി വചനങ്ങളേയും പൂർവ്വികന്മാരായ പണ്ഡിതന്മാരുടെ വാക്കുകളെ മലയാള പരിഭാഷകളിൽ ഏതാനും ഭാഗം മലയാളക്കാരനായ ജ : മുഹ്യിദ്ദീൻ മുഹമ്മദ് അബ്ദുറഊഫ് സാഹിബ് വായിച്ചത് അത്തൗഹീദുർ റുബൂബിയ്യത്തിനെയും തൗഹീദുൽ ഉലൂഹിയ്യത്തിനെയും ഉൾക്കൊള്ളിച്ചിട്ടുണ്ടെന്നു എനിക്കു ബോധ്യമായി. ദൈവദൂതന്മാർ ജനങ്ങളെ ക്ഷണിച്ചിട്ടുള്ള തൗഹീദിനോട് ഇതിലെ ഉള്ളടക്കം തികച്ചും യോജിച്ചിട്ടുണ്ട്. ഈ വിശിഷ്ട ഗ്രന്ഥത്തിൽ ശ്രദ്ധിക്കൽ ഓരോ മുസ്ലിമിന്റെയും കർത്തവ്യമാണ്.

ഗ്രന്ഥകാരനെ അഭിനന്ദിക്കുകയും താദൃശന്മാരെ മുസ്ലിംകളിൽ വർദ്ധിപ്പിക്കാൻ അല്ലാഹുവിനോട് പ്രാർത്ഥിക്കുകയും ചെയ്യുന്നു.

എന്ന്,

ശൈഖ് അബ്ദുല്ലാഹിബ്നു അബ്ദുൽവഹാബ്ബ്നുസാഹിം

(താഴെപറയുന്നവരും ഇതിൽ ഒപ്പുവെച്ചിട്ടുണ്ട്)

1. ശൈഖ് അബ്ദുൽ അസീസ്ബ്നുസാലിഹ് നജ്ദി
2. ശൈഖ് അബ്ദുർറഹ്മാൻബിൻയൂസുഫുൽ അഫ്രീഖി
3. ശൈഖ് അഹ്മദുദ്ദഹ്ലവി

## تقريظ (٢)

مدرسة دار الحديث بالمدينة المنوّرة

لبسم الله الرحمن الرحيم

الحمد لله ربّ العالمين، مالك يوم الدّين والصلوة والسلام على
هذا الرسول الكريم الامين. اشهد ان لا اله الا الله
وحده لاشريك له واشهد انّ محمدا عبده
ورسوله عليه افضل الصلوة والسلام

اما بعد، فمن محى الدّين محمد عبد الرؤف المليبارى الى صاحب الفضيلة الاستاذ الاديب المكرّم منشى العربية الشيخ بى عبد القادر المولوى الكنانورى المليبارى، السلام عليكم ورحمة الله وبركاته، ادام البارى علينا وعليكم نعمة الاسلام وثبتنا وثبتكم بالقول الثّابت فى الحياة الدّنيا وفى الآخرة

ايّها الفاضل، انّى بعدما اقدم لحضرتكم تحياتى واكرامى اعرفكم نفسى اوّلا، انّى من اهل مليبار بلدى بتن كديرم وبوسطتى جاوكاد، جئت المدينة المنوّرة عام تسع وخمسين بعدالف وثلاث مأة ه: وبعد ما سكنت فى هذه البقعة المباركة المقدسة هدانى ربّى الى التوحيد الذى هو

اساس دين الاسلام بعد ما كنت في شرك وضلالة، كما تعرفون في اهل بلادنا. فاخرجني ربّي من ظلمات الشرك والبدع الى نور العلم والتوحيد، ذلك من فضل الله علينا وعلى الناس. والله يدعو الى دار السلام ويهدى من يشاء الى صراط مستقيم. وانّنى الآن بصحة وعافية، وارجو من الله الكريم ان تكونوا حائزين تمام الصحة وكمال العافيه والسرور واسئل الله الّذى لا اله الا هو وابتهل اليه ان يردّ عنكم كيد الحاسدين والخائنين والظالمين — ونجعل الله في نحورهم ونعوذ بالله من شرورهم — وان يوفّقنا وايّاكم لما يحبّ ويرضى وان يجمعنا عن قريب في هذه البقعة الطاهرة انّه سميع الدّعاء وهو حسبنا ونعم الوكيل.

ولقد كنت اسمعكم منذ سنة كاملة حتى جائنى الاخ في الله الحاجّ سى. اچه. حسن من احبابكم فتلقيت منه اخباركم ممّا يسرّ فؤادى فاصبحت مشتاقا الى لقائكم فانّنا جميعا نحبكم في الله، ونحبّ من يحبّكم ونبغض من يبغضكم. انّما المؤمنون اخوة. ربّنا واحد ودينا واحد ونبينا واحد فلا نعبد الا الله ولا ندعو الا الله ولا نستغيث الا بالله ولا نستعين الا بالله ولا نلتجى الا الى الله ولا ننذر ولا نذبح الا لله ولا نتعبّد الله الا بما شرعه رسول الله صلعم هذا الّذى ندين الله به وندعو النّاس اليه وعليها نحيى وعليها نموت وعليها نبعث ان شاء الله انّه اكرم كريم وارحم رحيم.

ثمّ انّى اخبركم بانّى رأيت كتابكم المسمّى «التوحيد» ولقد سرّنى جدّاً وقرت عيونى حيث طالعته من اوّله الى آخره فعلمت انّ الشيخ مولوى صاحب قد حقّق فيه التوحيد وبيّن فيه للنّاس حقيقة الاسلام وطريقة السّلف فاحببت ان اعرضه على اجلاء العلماء الا فاضل فلا زلت اخبرهم حتى جمعتهم فى مجلس وقرأت عليهم هذا الكتاب — التوحيد. وقد حضر فى المجلس كبار علماء الحجاز ونجد مثل الشيخ عبدالرحمن بن يوسف الافريقى المدرس بالمسجد النبوى وفى دار الحديث ايضا، والشيخ احمد الدّهلوى مدير مدرسة دار الحديث، والشيخ عبدالله بن عبد الوهاب بن زاحم رئيس العلماء والمدرسين والمحاكم الشرعية السعوديّة، والشيخ عبد العزيز بن صالح قاضى المحكمة الصغر بالمدينة والشيخ محمدنور الهندى قاضى المحكمة الكبرى بالمدينة المنوّرة وغيرهم من المدرّسين بالمسجد النبوى

وعلى حسب طلبهم منى ترجمت لهم اللّغة المباركيّة الّتى هى تفسير الايات والاحاديث واقوال السلف فى كتابكم باللغة العربية ليفهموا تفسيركم وتقريركم فيه فقالوا ان هذا الكتاب نداء الناس الى حقيقة دين الاسلام وردّهم عن البدع والشرك الى التوحيد الّذى هو حقيقة دين الاسلام. ولم يجدوا فيه شيئا يخالف الدّين بل كلّه ولله الحمد مطابق لكتاب الله العزيز والسنّة المطهّرة فاتفقوا على انه ينبغى للمسلمين الاعتناء بهذا الكتاب بل

يجب للمسلمين سكان مليبار قراءته وتعلمه ونشره والدعوة اليه لانه كتاب تفسير القرآن والحديث وانه احسن واسهل طريق للمسلمين الذين فى انحاء مليبار لمعرفتهم التوحيد الذى اتى به رسول الله صلعم ودعا اليه

هذا اقرارنا وشهادتنا لهذا الكتاب الجليل النفيس، وهذه نصيحتنا لاخواننا المسلمين المليباريين، والله الهادى الى الصراط المستقيم.

سنة ه: ١٣٦٥ محرم ١٩ يوم الخميس

.................................................................................

.........മാന്യരെ താങ്കൾക്ക് എൻ്റെ വിനീതമായ അഭിനന്ദനങ്ങളും ആദരവും സമർപ്പിച്ചുകൊണ്ട് ആദ്യമായി ഞാൻ സ്വയം പരിചയപ്പെടുത്തിക്കൊള്ളട്ടെ. എൻ്റെ സ്വദേശം മലബാറിൽ ചാവക്കാട് പുത്തങ്കടപ്പുറത്ത് തിരുവത്രയാണ്. ഹി ; വർഷം 1359-ൽ ഞാൻ മദീന : മുനവ്വറയിൽ വന്നു. ഈ പുണ്യഭൂമിയിൽ താമസം ഉറപ്പിച്ചതിന്നു ശേഷം നമ്മുടെ നാടുകളിൽ കാണാറുള്ള 'ശിർക്കി'ലും ദുർമ്മാർഗ്ഗത്തിലുമായിരുന്ന, എനിക്ക് അല്ലാഹു, ഇസ്ലാമിൻെറ അടിത്തറയായ 'തൗഹീദി'ലേക്ക് വഴി കാണിച്ചുതന്നു, അതെ, ശിർക്കും ദുരാചാരവുമാകുന്ന അന്ധകാരത്തിൽ നിന്നും വിജ്ഞാനവും 'തൗഹീദു'മാകുന്ന പ്രഭയിലേക്ക് അല്ലാഹു എന്നെ കൊണ്ടുവന്നു. അത് അല്ലാഹുവിൻെറ അനുഗ്രഹമാകുന്നു. അവൻ രക്ഷയുടെ വേദത്തിലേക്ക് ക്ഷണിക്കുകയും അവനിച്ഛിക്കുന്നവരെ നേരായ മാർഗ്ഗത്തിൽ ചേർക്കുകയും ചെയ്യുന്നു.................................. ..

തികഞ്ഞ ഒരു വർഷമായി, നിങ്ങളെപ്പററി ഞാൻ കേട്ടിട്ട്. അങ്ങനെ, നിങ്ങളുടെ സ്നേഹിതനായ സി. എച്ച്. ഹസ്സൻ അബ്ദുല്ലാ സാഹിബ് ഇവിടെ വന്നപ്പോൾ നിങ്ങളെ സംബന്ധിച്ച് ആഹ്ലാദകരമായ വാർത്ത ലഭിച്ചു. അതു മുതൽ നി

# ഏകത്വം

تَوْحِيدٌ فِى الرُّبُوبِيَّةِ (രക്ഷാകർതൃത്വത്തിലുള്ള ഏകത്വം) എന്നും تَوْحِيدٌ فِى الاُلُوهِيَّةِ وَالعِبَادَةِ (ദൈവത്വത്തിലും, ആരാധനയിലുമുള്ള ഏകത്വം) എന്നും تَوحِيد രണ്ട് വിഭാഗമാകുന്നു. രക്ഷാകർതൃത്വത്തിലുള്ള ഏകത്വമെന്നത് ലോകനിയന്ത്രണത്തിലും, ആഹാരാദി വിഭവങ്ങൾ നൽകുന്നതിലും, സൃഷ്ടിസംഹാരങ്ങളിലും മററുമുള്ള അധികാരത്തെസംബന്ധിച്ച ഏകത്വം. മറെറാരു പ്രകാരത്തിൽ പറഞ്ഞാൽ ലോകത്തിന്റെ സ്രഷ്ടാവും, അതിനെ പരിപാലിക്കുന്നവനും, ആഹാരം നൽകുന്നവനും അല്ലാഹുമാത്രമാകുന്നു. ഈ ഏകത്വത്തെ ബഹുദേവാരാധകന്മാർനിഷേധിച്ചിരുന്നില്ല. ഈ ഏകത്വത്തിൽ അവർ അല്ലാഹുവിന്നു സമന്മാരെ ഉണ്ടാക്കിയതുമല്ല. നേരെമറിച്ച് അവരും ഈ ഏകത്വത്തിൽ വിശ്വസിക്കുകയാണ് ചെയ്തത്. ആരാധനയിലുള്ള ഏകത്വമെന്നാൽ സർവ്വവിധേനയുള്ള ആരാധനകളേയും അല്ലാഹുവിന്നായി ചെയ്യുകയും, അവയിൽ മററുയാതൊന്നിനും പങ്കോ സമത്വമോ കൽപ്പിക്കാതിരിക്കുകയും ചെയ്യുക എന്നതാകുന്നു. ഈ ഏകത്വത്തെയാകുന്നു ബഹുദേവാരാധകന്മാർ നിഷേധിച്ചിരുന്നത്. ഇതിലത്രെ അവർ ഇതര വസ്തുക്കളെ ദൈവത്തോടു സമപ്പെടുത്തിയത്.

أَجَعَلَ الآلِهَةَ إِلَٰهًا وَاحِدًا إِنَّ هَٰذَا لَشَيْءٌ عُجَابٌ

(سورة ص)

(എന്ത്!, അദ്ദേഹം ദൈവങ്ങളെയെല്ലാം ഒരൊററ ദൈവമാക്കിയോ? ഇത് ആശ്ചര്യകരമായ ഒരു കാര്യം തന്നെ) ഇങ്ങനെയാണ് പരിശുദ്ധ നബി(സ) യെക്കുറിച്ചു ആദ്യകാലത്തുബഹുദേവാരാധകന്മാർ പറഞ്ഞിരുന്നതെന്നു ഖുർആനിൽവന്നിരിക്കുന്നു. ബഹുദേവാരാധകന്മാർ നിഷേധിക്കാതിരുന്നിട്ടുള്ള ഒന്നാമത് പറഞ്ഞ തൌഹീദിനെ ബലപ്പെടുത്തുന്നതിന്നും, രണ്ടാമത് പറഞ്ഞ ആരാധനാവിഷയകമായ തൌഹീദിലേക്ക് അവരെക്ഷണിക്കുന്നതിനുമായിട്ടായിരുന്നു ദൈവദൂതന്മാർ വന്നിരുന്നത്. ആദ്യം തൊട്ട് അവസാനം വരെ വന്നിട്ടുള്ള ഓരോ ദൈവദൂതനും ആരാധനയിലുള്ള ഏകത്വം ദൈവത്തിന്നു മാത്രമാണെന്ന് ജനങ്ങാംക്ക് പ്രബോധനം ചെയ്യുന്നതിന്നായി നിയോഗിക്കപ്പെട്ടവരാകുന്നു. ഓരോ നബിമാരും അവരവരുടെ ജനങ്ങളുടെ ചെവികളിൽ ഒന്നാമതായി എത്തിച്ചിരുന്ന ശബ്ദം ഇതാകുന്നു:

يَاقَومِ اعْبُدُوا اللهَ مَالَكُمْ مِنْ إِلَهٍ غَيْرُهُ

(سورة المؤمنون)

(എൻെറ ജനങ്ങളെ! നിങ്ങാം അല്ലാഹുവിനെ ആരാധിക്കുവിൻ, അവനല്ലാതെ നിങ്ങാംക്ക് യാതൊരു ദൈവവുമില്ല)

(احقاف) أَلَّا تَعْبُدُوا إِلَّا اللهَ (നിശ്ചയമായും നിങ്ങാം അല്ലാഹുവിനെയല്ലാതെ ആരാധിക്കരുത്)

أَنِ اعْبُدُوا اللهَ وَاتَّقُوهُ وَأَطِيعُونِ (نوح)

(നിശ്ചയമായും അല്ലാഹുവിനെ നിങ്ങാംആരാധിക്കുവിൻ, അവൻെറനേരെ നിങ്ങാം ഭയഭക്തിയുള്ളവരായിരിക്കുവിൻ, എന്നെ നിങ്ങാം അനുസരിക്കുവിൻ) എന്നിങ്ങനെ ജനങ്ങളെ അല്ലാഹുവിന്നുമാത്രം ആരാധനചെയ്യുവാൻ ക്ഷണിക്കുന്ന വാക്യങ്ങാം പരിശുദ്ധ ഖുർആനിൽനിരവധിയായികാണാം. لا إله إلا الله എന്ന്

ഓരോ മുസ്ലിമും ഹൃദയപൂർവ്വം ഉച്ചരിക്കുന്ന كَلِمَة യിൽ അന്തർ ഭേവിച്ചിരിക്കുന്ന അർത്ഥം ഇത്തന്നെയാകുന്നു. ഈ വാക്കുകാം കേവലം നാവുകൊണ്ടു മൊഴിയുന്നതിനായിട്ടല്ല. അവയുടെ അർത്ഥം മനസ്സിൽ ദൃഢമായി ഉറപ്പിച്ചു അതനുസരിച്ച് ജനങ്ങാം പ്രവർത്തിക്കുന്നതിനായിരുന്നു ദൈവദൂതന്മാർ അവരോടാവശ്യപ്പെട്ടത്

## لا إله إلا الله എന്നതിൻെറ അർത്ഥം

فَاعْلَمْ أَنَّهُ لا إله إلا الله (محمد) (നിശ്ചയമായും അല്ലാഹുവല്ലാതെ ആരാധനക്കർഹനായി മററാരുംതന്നെ ഇല്ല എന്നു നീ അറിയുക) لا إله إلا الله എന്ന വാക്യത്തിൻെറ അർത്ഥം لا مَعْبُودَ فِي الْوُجُودِ بِحَقٍّ إِلاَّ الله (യഥാർത്ഥത്തിൽ അല്ലാഹു അല്ലാതെ പ്രപഞ്ചത്തിൽ ആരാധ്യനായി മററാരുംതന്നെ ഇല്ല) എന്നാകുന്നു. മനുഷ്യശക്തിക്ക് അധീനമല്ലാത്തതും, കാര്യകാരണ ബന്ധങ്ങാംക്ക് അതീതവുമായ കാര്യങ്ങാംക്കായി സർവ്വതിൻെറയും പ്രഥമകാരണമായ അല്ലാഹുവിനെ മാത്രമേ ആശ്രയിക്കാവു എന്നും, കാര്യകാരണബന്ധത്തിൻെറ പരിധിക്കപ്പുറമായി സ്ഥിതി ചെയ്യുന്ന കാര്യങ്ങാംക്ക്വേണ്ടി ആശ്രയിക്കുവാൻ അർഹതയുള്ളവൻ സാക്ഷാൽ ദൈവമായ അല്ലാഹുവല്ലാതെ മററുയാതൊന്നും തന്നെ ഇല്ല എന്നുമാണ് لا إله إلا الله എന്ന പരിശുദ്ധവാക്യം നമ്മെ പഠിപ്പിക്കുന്നത്. ഇലാഹ് എന്ന പദത്തിൽെറ അർത്ഥം معبود 'ആരാധ്യൻ' എന്ന് മാത്രമാകുന്നു. ഈ പദത്തിന് خالق 'സ്രഷ്ടാവ്' എന്നോ, رازق 'ആഹാരവിഭവങ്ങാം നൽകുന്നവൻ' എന്നോ, قيوم 'ജഗന്നിയന്താവ്' എന്നോ അർത്ഥമില്ലതന്നെ. ഇങ്ങിനെ ഒരു അർത്ഥം ആ പദത്തിനുള്ളതായി അറബികാം മനസ്സിലാക്കിയതുമില്ല. വിഗ്രഹാരാധകന്മാരായ പ്രാചീന അറബികാം അവ

രുടെ ആരാധ്യവസ്തുക്കൾക്ക് സാക്ഷാൽ ദൈവത്തിന്റെ അധികാരത്തിൽ വല്ല പങ്കുമുണ്ടെന്നോ, ലോക നിയന്ത്രണത്തിലും സൃഷ്ടി സംഹാരങ്ങളിലും സാക്ഷാൽ ദൈവത്തിനുള്ള ശക്തിയോടുകൂടിമററുവല്ലദൈവങ്ങൾക്കും അതിൽ പങ്കുണ്ടെന്നോ വിശ്വസിക്കുന്നവരായിരുന്നില്ല. എന്നാൽ അല്ലാഹുവിനു പുറമെ തങ്ങൾ ആരാധിച്ചിരുന്ന വസ്തുക്കൾ സാക്ഷാൽ ദൈവത്തോടു തങ്ങളെ സമീപിപ്പിക്കുമെന്നും അവ തങ്ങളുടേയും അല്ലാഹുവിന്റേയുമിടയിലുള്ള ശുപാർശക്കാരാണെന്നും വിശ്വസിച്ചുകൊണ്ട് മാത്രമാണ് അവർ അവയെ ആരാധിച്ചിരുന്നത്. അപ്പോൾ തങ്ങളുടെ ശക്തിക്കതീതമായ സംഗതികളെ സാക്ഷാൽ ദൈവത്തോട് അർത്ഥിച്ചു വാങ്ങിക്കുന്നതിന്നും, അതിന്നായി ദൈവത്തെ പ്രേരിപ്പിക്കുന്നതിന്നും, അവങ്കലേക്കു തങ്ങളെ അടുപ്പിക്കുന്നതിന്നുമുള്ള മാദ്ധ്യസ്ഥപദവിയും ശക്തിയും അവർ യാതൊന്നിനുണ്ടെന്നു സങ്കല്പിച്ചിരുന്നുവോ, അതിനെയത്രെ പ്രസ്തുത വാക്യം ബലമായിനിഷേധിക്കുന്നത്. ഈ സങ്കല്പം മലക്കുകൾ. നബിമാർ, ഔലിയാക്കൾ, ശയ്ഖന്മാർ, കല്ലുകൾ മരങ്ങൾ, കൊടികൾ ഇത്യാദി ഏതൊന്നിൽ ആരോപിക്കുന്നുവോ അത് ഇലാഹ് [ദൈവം] ആണെന്നും അതിന്നുനേരെ കാണിക്കുന്ന അത്യധികമായ കീഴ്‌വണക്കം 'ഇബാദത്തു' [ആരാധന] ആണെന്നും നാം നല്ലവണ്ണം അറിയേണ്ടതാകുന്നു. ഈ മാതിരി ദൈവത്വ സങ്കല്പത്തെയും ആരാധനകളെയും നിഷേധിക്കുകയാണ് لا إله إلا الله എന്നവാക്യം ചെയ്യുന്നത്. വിഗ്രഹാരാധകന്മാർ അവരുടെ ആരാധ്യ വസ്തുക്കൾക്ക് സാക്ഷാൽ ദൈവത്തിനുള്ള ഗുണങ്ങളിൽനിന്നും ഒന്നുംതന്നെ നൽകിയിരുന്നില്ല. പ്രവാചകന്മാരുടെയും, മഹാത്മാക്കളുടെയും പ്രതിമകളാണെന്ന് കരുതിയും, സാക്ഷാൽദൈവത്തിന്റെ സന്നിധിയെ സമീപിക്കാനുള്ള മാർഗ്ഗങ്ങളാണെന്നുധരിച്ചും വന്ദനത്തിന്റെയും വണക്കത്തിന്റെയുംരൂപത്തിൽ അവർ അവരെ ആരാധിക്കുകമാത്രമായിരുന്നു ചെയ്തിരുന്നത്. അത്കൊണ്ട് ഇങ്ങനെയുള്ള സകല ആരാധനകളേയും നിഷേധിച്ച് അവ ഏകദൈവത്തിന്നു മാത്രമെ ആകാവൂ എന്നാണ് لا إله إلا الله (ആരാധ്യൻ അല്ലാഹു അല്ലാതെ മററാരും

തന്നെയില്ല) എന്ന അതിശ്രേഷ്ഠവാക്യം നമ്മെ പഠിപ്പിക്കുന്നത്. അതിനാൽ സഹായാപേക്ഷയുടെ രൂപത്തിലോ പ്രാർത്ഥനാ രൂപത്തിലോ ഏത് പ്രകാരത്തിലുള്ള ആരാധനയും അല്ലാഹുവിന്നായിട്ടല്ലാതെ അരുതാത്തതാകുന്നു എന്നു ഖണ്ഡിതമായ നിലയിൽ സമർത്ഥിക്കുകയാണ് لا إله إلا الله നിർവ്വഹിക്കുന്ന അതിമഹത്തായ കൃത്യമെന്നു നാം നല്ലവണ്ണം ഗ്രഹിക്കേണ്ടതാകുന്നു. ഇതുകൊണ്ടത്രെ വിശുദ്ധനബി [സ: അ] ഈ വാക്യത്തിന്നു ഈമാൻകാര്യങ്ങളിൽ പ്രഥമസ്ഥാനം നൽകി നമ്മെ ഉണർത്തിയത്.

لَمَّا بَعَثَ صلعم مُعَاذًا إِلَى الْيَمَنِ قَالَ لَهُ إِنَّكَ تَأْتِى قَوْمًا مِنْ أَهْلِ الْكِتَابِ فَلْيَكُنْ أَوَّلُ مَا تَدْعُوهُمْ إِلَيْهِ شَهَادَةَ أَنْ لَا إِلَهَ إِلَّا اللهُ

'നബികരീം (സ) മുആദി[റ] നെ യമനിലേക്കയച്ചപ്പോൾ അദ്ദേഹത്തോട് ഇങ്ങിനെപറഞ്ഞു: ഗ്രന്ഥം നൽകപ്പെട്ട ഒരു ജനതയുടെ അടുത്താണ് നീ പോകുന്നത്, അതിനാൽഅവരെ ഒന്നാമതായി ക്ഷണിക്കേണ്ടത് لا إله إلا الله 'ആരാധ്യൻ അല്ലാഹുവല്ലാതെ മററാരുംതന്നെയുല്ല' എന്നു സാക്ഷ്യം വഹിക്കുന്നതിനാകുന്നു.

الإِيمَانُ بِضْعٌ وَسَبْعُونَ شُعْبَةً أَعْلَاهَا شَهَادَةُ أَن لَا إِلَهَ إِلَّا اللهُ وَأَدْنَاهَا إِمَاطَةُ الأَذَى عَنِ الطَّرِيقِ

'യഥാർത്ഥവിശ്വാസം 70- ൽപരം അംശങ്ങൾചേർന്നുള്ളതാകുന്നു. അവയിൽ ഏററവും ഉയർന്നഭാഗം അല്ലാഹുവല്ലാതെ മററു ആരാധ്യനേ ഇല്ല എന്ന് സാക്ഷ്യംവഹിക്കലും അവയിൽ ഇങ്ങേ അററം നിൽക്കുന്നത് വഴിയിൽനിന്നും ഉപദ്രവം നീക്കം ചെയ്യലുമാകുന്നു' لا إله إلا الله എന്നവാക്യത്തിൻെറ ഉള്ളടക്കത്തെപ്പററി

യും യഥാർത്ഥമായ അതിന്റെ സാരാംശത്തെ സംബന്ധിച്ചും നല്ലപോലെ പരിചിന്തനം ചെയ്യുന്നതായാൽ ഈമാൻകാര്യങ്ങളിൽ അതിന്നു സിദ്ധിച്ചുകാണുന്ന പ്രഥമസ്ഥാനവും, വ്യക്തിപരമായും സമഷ്ടിപരമായുമുള്ള പല ആശയങ്ങളേയും നമ്മിൽ ഉൽപാദിപ്പിക്കുന്നതിന്ന് അത് പര്യാപ്തമാണെന്ന വാസ്തവവും എളുപ്പത്തിൽ ഗ്രഹിക്കാവുന്നതാന്നു. മനുഷ്യൻ ആരാധിക്കേണ്ടത് അവന്റെ അധിനാഥനായ അല്ലാഹുവിന്റെ തിരുമുമ്പിൽ മാത്രമാണെന്നും അവന്നുപുറമെ മറ്റെല്ലാ ദൈവങ്ങളേയും നിരാകരിക്കേണ്ടതാണെന്നുമാണല്ലോ لا إله إلا الله മാനവസമുദായത്തെ ഉൽബോധിപ്പിക്കുന്നതു. യഥാർത്ഥത്തിൽ ഈ ആദർശം മനുഷ്യനിലുണ്ടാക്കിത്തീർക്കുന്ന പരിവർത്തനങ്ങൾ അപാരവും, അവർണ്ണനീയവും പരിപാവനവും. പരമാർത്ഥവും ആയിരിക്കുമെന്നതിൽ യാതൊരു സന്ദേഹവുമില്ല. എന്തുകൊണ്ടെന്നാൽ മനുഷ്യന്ന് അവന്റെ ജന്മസിദ്ധവും സ്വാഭാവികവുമായ അവകാശങ്ങൾ തികച്ചും لا إله إلا الله വകവെച്ചുകൊടുക്കുന്നു. തൻ മൂലം അവന്റെ ഐഹികവും. പാരത്രികവുമായ അഭിവൃദ്ധിക്കു പ്രസ്തുതവാക്യം പ്രേരകമായിത്തന്നെ പരിണമിക്കുകയും ചെയ്യുന്നു. ഇത്കൊണ്ടാണ് വിശുദ്ധ നബി [സ. അ.] ഇങ്ങിനെ പ്രഖ്യാപിച്ചത്,

يَا أَيُّهَا النَّاسُ قُولُوا لا اله الا الله تُفْلِحُوا وَتَمْلِكُوا بِهَا الْعَرَبَ وَتَدِينُ لَكُمْ بِهَا الْعَجَمُ

'ജനങ്ങളെ! ആരാധ്യൻ അല്ലാഹുവല്ലാതെ മററാരും തന്നെയില്ല എന്ന് നിങ്ങൾ പറയുവിൻ' നിങ്ങൾ വിജയികളായിത്തീരും; അത്മൂലം നിങ്ങൾക്ക് അറബ് അധീനപ്പെടുത്തുവാൻ കഴിയും. നിങ്ങൾക്ക് അത്മൂലം അജമ് (അനറബ്) കീഴ്പ്പെടുകയും ചെയ്യും. 'ലോകത്തെ അങ്ങനെത്തന്നെ കീഴ്പ്പെടുത്തി അതിൽ ദൈവരാജ്യം സ്ഥാപിക്കുവാനുള്ള ഏററവും വമ്പിച്ച ഒരു അഭൌതിക ഉപകരണമാണ് لا إله إلا الله എന്നാണല്ലോ ഈ

വിശുദ്ധ നബിവാക്യത്തിൽനിന്ന് ഗ്രഹിക്കാവുന്നത്. ഇങ്ങനെയുള്ള ഒരു മഹാശക്തിഅതിൽനിഗൂഢമായികിടപ്പുള്ളത് കൊണ്ടാണ് ആകാശങ്ങളേക്കാളും ഭൂമിയേക്കാളും അത് ഘനം കൂടിയതായി കാണുന്നതും.

قالَ صلعم قال مُوسى يارَبِّ عَلِّمْنى شيئا أذكُرُكَ وأدعوُ بهِ قال قُلْ مُوسى لا اله الا الله قال يارَبِّ كُلُّ عِبادِكَ يَقولُونَ هذا قال يا مُوسى لَوْأنَّ السَّمٰواتِ السَّبْعَ وعامِرَهُنَّ غَيْرِى والارضين السَّبْعَ فى كفَّةٍ ولا اله الا اللهُ فى كفَّةٍ مالَتْ بِهِن لا اله الا الله

'അവിടുന്ന് പറഞ്ഞു: നാഥാ നിന്നെസ്മരിക്കുവാനും നിന്നോട് പ്രാർത്ഥിക്കുവാനുമായി വല്ലതും നീ എനിക്ക് പഠിപ്പിച്ചുതരേണമേ എന്ന് മൂസാ (ദൈവത്തോട്) അപേക്ഷിച്ചു. മൂസാ, لا اله الا الله എന്ന് നീ പറയുക എന്ന് അവൻ [ദൈവം] പറഞ്ഞു. മൂസാ (അ) ചോദിച്ചു. നാഥാ ഇത് നിന്റെ എല്ലാ ദാസന്മാരും പറഞ്ഞുകൊണ്ടിരിക്കുന്നതാണല്ലൊ. അവൻ പറഞ്ഞു: മൂസാ! ഏഴ് ആകാശങ്ങളും എനിക്ക് പുറമെ അവയിൽ വസിക്കുന്നവരും ഏഴ് ഭൂമികളും (തുലാസിന്റെ) ഒരു തട്ടിലും, لا اله الا الله മറ്റൊരു തട്ടിലുമായിരിക്കയാണെങ്കിൽ لا اله الا الله അവയെക്കാളെല്ലാം ഇടകൂടിയതായിത്തന്നെയിരിക്കും.' ഇത് കൊണ്ടത്രെ വിശുദ്ധ നബി [സ: അ] അതിന്ന് ഏറ്റവും ശ്രേഷ്ഠവാക്യമെന്നു നാമകരണം ചെയ്തതു.

أفضَلُ ما قُلْتُ أنا والنَّبِيُّونَ مِنْ قبلِى لا اله الا الله

''ഞാനും എനിക്ക് മുമ്പുള്ള എല്ലാ പ്രവാചകന്മാരും പറഞ്ഞതിൽനിന്ന് ഏറ്റവും ശ്രേഷ്ഠമായ വാക്യം لا اله الا الله 'ആരാധ്യ

ൻ അല്ലാഹു അല്ലാതെ മററാരും തന്നെ ഇല്ല' എന്ന വാക്യമാകുന്നു.'' ഇമാം അഹ്മദി (റ) ന്റെ ഒരു നിവേദനമനുസരിച്ച് ഒരു ലക്ഷത്തി ഇരുപത്തിനാലായിരം നബിമാർ ഈ ഭൂമിയിൽ അവതരിച്ചിട്ടുണ്ട്. അവരുടെയെല്ലാം പ്രബോധനങ്ങളുടെ രത്നച്ചുരുക്കം لا اله الا الله എന്ന വാക്യമാണെങ്കിൽ നിശ്ചയമായും അത് ഏററവും ശ്രേഷ്ഠമായിട്ടുള്ളത് തന്നെയാകുന്നു. ഒരു മനുഷ്യൻ ആരാധ്യനായി തന്റെ അധിനാഥനായ അല്ലാഹു അല്ലാതെ മററാരും തന്നെ ഇല്ല എന്ന ദൃഢവിശ്വാസത്തോട് കൂടി മനസാ, വാചാ, കർമ്മണാ പരിശീലിച്ച് അവന്റെ അന്ത്യശ്വാസം അതിൽ തന്നെ ലയിക്കുന്നതായാൽ അവൻ അനശ്വരവും സ്വർഗ്ഗീയവുമായ ജീവിതത്തിന്നുള്ള പക്വതയും സന്നദ്ധതയും സമ്പാദിച്ചവനായി പരിണമിക്കുമെന്നതിൽ യാതൊരു സംശയവുമില്ല.

قالَ (ص) منْ كانَ آخرُ كلامِهِ لا اله الا الله دخل الجنّةَ

'ആരുടെ അന്ത്യവാക്യം لا اله الا الله ആയിത്തീരുന്നുവോ അവൻ സ്വർഗ്ഗത്തിൽ പ്രവേശിച്ചവനായി' എന്ന് പരിശുദ്ധനബി അരുളിയിരിക്കുന്നു.

## നബിമാരുടെ പ്രബോധനൈക്യം

എല്ലാനബിമാരും തങ്ങളുടെ സമുദായങ്ങൾക്ക് ആദ്യം പഠിപ്പിച്ചിരുന്നതും ഈ വാക്യം തന്നെയാകുന്നു.

وَلقَدْ أرْسَلْنا نوحا اِلىَ قَوْمِهِ فَقالَ يٰقَومِ اعْبُدُوا الله مالكُم مِنْ الهٍ غيْرُهُ (مؤمنون)

'നിശ്ചയമായും നാം നൂഹി (അ) നെ അദ്ദേഹത്തിന്റെ ജനതയിൽ നിയോഗിച്ചു. എന്റെ ജനങ്ങളേ! നിങ്ങൾ അല്ലാഹുവിനെ

മാത്രം ആരാധിക്കുവിൻ. അവന്നുപുറമെ നിങ്ങാംക്ക് ആരാധ്യനേ ഇല്ല എന്ന് അദ്ദേഹം (തന്റെ ജനതയോട്) പറഞ്ഞു.

وما أرسلنا مِن قبلك مِن رسولٍ إلا نوحى اليه أنه لا اله الا أنا فاعبدون (الانبياء)

'നിശ്ചയമായും ഞാൻ അല്ലാതെ ആരാധ്യനേ ഇല്ല. അതിനാൽ നിങ്ങാം എന്നെമാത്രം ആരാധിക്കുവിൻ എന്ന് ബോധനം നൽകാതെ നിനക്ക് മുമ്പ് നാം ഒരൊററ ദൂതനേയും നിയോഗിച്ചിട്ടില്ല.'

إنني أنا الله لا إله الا أنا فاعبدني (طه)

'നിശ്ചയമായും ഞാൻതന്നെയാകുന്നുഅല്ലാഹു. ഞാനല്ലാതെ ആരാധ്യനേ ഇല്ല. അതിനാൽ നീ എന്നെ മാത്രം ആരാധിക്കുക' إنما إلهكم الله الذى لا اله الا هو (طه) 'നിശ്ചയമായും നിങ്ങളുടെ ആരാധ്യൻ അല്ലാഹു മാത്രമാകുന്നു. അവനല്ലാതെ മററു ആരാധ്യനേ ഇല്ല وما مِن إلهٍ إلا الله الواحد القهار (ص) 'സർവ്വാധിപതിയും ഏകനുമായ അല്ലാഹുവല്ലാതെ മററു ആരാധ്യനേ ഇല്ല.' وما مِن إلهٍ إلا إله واحد (مائدة) 'ഒരൊററ ആരാധ്യനല്ലാതെ മററു ആരാധ്യനേ ഇല്ല.' لا اله الا هو خالق كل شيئٍ 'അവനല്ലാതെ ആരാധ്യനേ ഇല്ല' (അവൻ) സർവ്വത്തിന്റെയും സ്രഷ്ടാവാകുന്നു.' (حم سجدة) انما الهكم اله واحد 'നിശ്ചയമായും നിങ്ങളുടെ ആരാധ്യൻ ഒരൊററ ആരാധ്യൻ മാത്രമാകുന്നു

أم لهم اله غير الله سبحان الله عما يشركون (الطور)

'അല്ലാഹുവിന്ന് പുറമെ അവർക്ക് വല്ല ആരാധ്യനുമുണ്ടോ?

അവർ പങ്ക് ചേർക്കുന്നതിൽ നിന്ന് അല്ലാഹു സർവ്വോപരി പരിശുദ്ധനത്രെ.

(التغابن) الله لا اله الا هو 'അല്ലാഹു; അവനല്ലാതെ മററ് ആരാധ്യനേ ഇല്ല.'

## യുക്തിസമർത്ഥമായ ഖുർആൻ പ്രബോധനരീതി

ഇങ്ങനെ لا اله الا الله ദൈവത്വത്തെ അല്ലാഹുവിൽ മാത്രം സ്ഥാപിക്കുകയും മററുസർവ്വ വസ്തുക്കളിൽ നിന്നും അതിനെ നിഷേധിക്കുകയും ചെയ്യുന്നു. ഈ ഉൽകൃഷ്ട സിദ്ധാന്തത്തെയിണ് لا اله الا الله ലോകസമക്ഷംസമർപ്പിച്ചിരിക്കുന്നത്. ഈ വിഷയത്തെ എത്രയും യുക്തി യുക്തമാംവിധം ജ്ഞാനപൂർണ്ണമായ ഖുർആൻ സമർത്ഥിക്കുകയും ചെയ്യുന്നു.

قُلْ أَرَأَيْتُمْ إِنْ أَخَذَ اللهُ سَمْعَكُمْ وَأَبْصَارَكُمْ وَخَتَمَ عَلَى قُلُوبِكُمْ مَنْ إِلَهٌ غَيْرُ اللهِ يَأْتِيكُمْ بِهِ - انعام

('നീ ചോദിക്കുക; നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ? നിങ്ങളുടെ ശ്രവണശക്തിയേയും, നിങ്ങളുടെ കാഴ്ചകളേയും അല്ലാഹു എടുത്തുകളയുകയും നിങ്ങളുടെ ഹൃദയങ്ങൾക്ക് അവൻ മുദ്രവെയ്ക്കുകയും ചെയ്കയാണെങ്കിൽ അല്ലാഹുവിന്ന് പുറമെ മറേറത് ദൈവമാണ് അവ നിങ്ങൾക്ക് തിരിച്ചു തരിക?) ജ്ഞാനശക്തികൾകൊണ്ടുള്ള പ്രയോജനങ്ങളും, അവ നഷ്ടപ്പെട്ടാലുണ്ടാകുന്ന ദുരിതങ്ങളും ആരെയും പറഞ്ഞറിയിക്കേണമെന്ന് തോന്നുന്നില്ല. എന്നാൽ അവ പ്രദാനം ചെയ്യുന്നതിന്നുള്ള ശക്തി അല്ലാഹുവിൽ മാത്രമാണ് സ്ഥിതിചെയ്യുന്നതെന്നും അവ നഷ്ടപ്പെടുകയാണെങ്കിൽ അവയെ തിരിച്ചുതരുന്നതിന്നുഅല്ലാഹുവിന്നുപുറമെ മററാരാലും സാധ്യമല്ലെന്നും അതിന്ന് കഴിവില്ലാത്തവർ പ്രാർത്ഥനയ്ക്കും ആരാധനയ്ക്കും അർഹരല്ലെന്നും അതിന്ന്

കഴിവും, പ്രാപ്തിയുമുള്ള അല്ലാഹു മാത്രമാണ് ആരാധനക്കാർഹനെന്നും ഈ ഖുർആൻ വാക്യം വ്യക്തമാക്കുന്നു.

قُلْ أَرَأَيْتُمْ إِنْ جَعَلَ اللهُ عَلَيْكُمُ اللَّيْلَ سَرْمَدًا إِلَى يَوْمِ
الْقِيٰمَةِ مَنْ إِلٰهٌ غَيْرُ اللهِ يَأْتِيكُمْ بِضِيَاءٍ أَفَلَا تَسْمَعُونَ
قُلْ أَرَأَيْتُمْ إِنْ جَعَلَ اللهُ عَلَيْكُمُ النَّهَارَ سَرْمَدًا إِلَى يَوْمِ
الْقِيٰمَةِ مَنْ إِلٰهٌ غَيْرُ اللهِ يَأْتِيكُمْ بِلَيْلٍ تَسْكُنُونَ
فِيهِ أَفَلَا تُبْصِرُونَ ؟ (القصص)

(നീ ചോദിക്കുക: നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ? നിങ്ങളിൽ അന്ത്യനാൾവരെയും നിരന്തരമായി രാവു തന്നെ അല്ലാഹു നിശ്ചയിക്കയാണെങ്കിൽ അല്ലാഹുവിന്ന് പുറമെ മറ്റേത് ദൈവമാണ് നിങ്ങൾക്ക് പ്രകാശം പ്രദാനം ചെയ്യുക? നിങ്ങൾ ശ്രദ്ധിക്കുന്നില്ലയോ? നീ ചോദിക്കുക: നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ? നിങ്ങളിൽ അന്ത്യനാൾവരെയും പകൽതന്നെ നിരന്തരമായി അല്ലാഹു നിശ്ചയിക്കയാണെങ്കിൽ അല്ലാഹുവിന്നു പുറമെ മറ്റേത് ദൈവമാണ് വിശ്രമിക്കുന്നതിന്നായി നിങ്ങൾക്ക് രാവിനെ പ്രദാനം ചെയ്യുക? നിങ്ങൾ ചിന്തിക്കുന്നില്ലയോ?) രാവും പകലും കൊണ്ടുള്ള പ്രയോജനവും അവ വ്യവസ്ഥാപിതമായി മാറി വരുന്നതിനാൽ ഉളവാകുന്ന നന്മകളും അവർണ്ണനീയങ്ങളാകുന്നു. അവയിലേതെങ്കിലുമൊന്നു നിരന്തരമായി അന്ത്യനാൾവരെയും നീണ്ടുനിന്ന്പോവുകയാണെങ്കിൽ നിശ്ചയമായും നാം ഇന്നു കാണുന്ന എല്ലാ ചലനങ്ങളും പെട്ടെന്ന് സ്തംഭിച്ച് സാർവ്വത്രികമായ ഒരരാജകത്വം സ്ഥലം പിടിച്ചുപോകുമെന്നതിൽ സംശയലേശവുമില്ല. എന്നാൽ അതിന്നിടം കൊടുക്കാതെ എത്രയും ബലവത്തായ വ്യവസ്ഥയോടുകൂടി അവയെ കറക്കിക്കൊണ്ടിരിക്കുവാനുള്ള കെൽപും ത്രാണിയും അല്ലാഹുവിന്ന്മാത്രമേ ഉള്ളുവെന്നും അവന്ന് പുറമെ മററാർക്കും തന്നെ അതിന്നുള്ള ശക്തി തീരെ ഇല്ലെന്നും അതിനാൽ അവരാരും തന്നെ ആരാധന

ക്ക് അർഹരല്ലെന്നും സർവ്വശക്തനായ അല്ലാഹു മാത്രമാണ് അതിന്ന് അർഹനെന്നും ഈ ഖുർആൻ വാക്യം നമ്മെ പഠിപ്പിക്കുന്നു.

أمّن خلق السّموات والارض وأنزل لكم من السّماء ماءا فأنبتنا به حدائق ذات بهجة ما كان لكم أن تنبتوا شجرها أإله مع الله بل هم قوم يعدلون (النمل)

('ആകാശങ്ങളെയും ഭൂമിയെയും സൃഷ്ടിച്ചതാരാണ്? ആകാശത്തിൽനിന്നും നിങ്ങൾക്ക് വെള്ളത്തെ ഇറക്കിത്തന്നത് ആരാണ്? അങ്ങിനെ നാം (അല്ലാഹു) അത് മൂലം ഭംഗിയോടുകൂടിയ പല തോട്ടങ്ങളെയും മുളപ്പിച്ചു. നിങ്ങൾ അവയിലെ വൃക്ഷങ്ങളെ മുളപ്പിക്കുവാൻ ശക്തരല്ലതന്നെ. (വാസ്തവം ഇങ്ങിനെയിരിക്കെ) അല്ലാഹുവോടുകൂടി വല്ല ആരാധ്യനുമുണ്ടോ? പക്ഷെ അവർ പങ്കുചേർക്കുന്ന ഒരു ജനതയാകുന്നു') ആകാശങ്ങളെയും ഭൂമിയേയും അഭാവത്തിൽനിന്നും ഭാവത്തിലേക്ക് കൊണ്ട്‌വരുവാനും, ജീവജാലങ്ങൾക്കും സസ്യലതാദികൾക്കും അവശ്യം ആവശ്യമായിട്ടുള്ള വെള്ളത്തെ ഉപരിഭാഗത്തുനിന്നും കീഴ്പോട്ട് ഇറക്കുവാനും; അത്‌വഴി ലാവണ്യമേറിയ വിവിധ ആരാമങ്ങളെ ഉൽപ്പാദിപ്പിക്കുവാനുമുള്ള ശക്തി അല്ലാഹുവിന്ന് മാത്രമേ ഉള്ളുവെന്നും, അവയിൽ ഒരൊററ ചെടിയെങ്കിലും മുളപ്പിക്കുന്നതിനുള്ള ശക്തി അവന്ന് പുറമെ മററാർക്കും തന്നെ ഇല്ല എന്നും ഇതിന്നുകൂടി ത്രാണിയില്ലാത്തവർ ഒരുവിധേനയും ആരാധനയ്ക്ക് അർഹരല്ലെന്നും ഈ ഖുർആൻ വാക്യം സ്പഷ്ടമാക്കുന്നു, തന്നെയുമല്ല ഒരൊററ ചെടിയെപോലും സൃഷ്ടിക്കുന്നതിന്നു കഴിവില്ലാത്തവരെ ആരാധിക്കുന്നത് കേവലം അധമത്വമാണെന്ന വാസ്തവം ഗ്രഹിക്കാതെ മനുഷ്യർ ഇതര വസ്തുക്കളെ ദൈവത്തോട് സമപ്പെടുത്തുകയാണ് ചെയ്യുന്നതെന്ന് അത് പ്രത്യക്ഷപ്പെടുത്തുകയും ചെയ്യുന്നു.

أَمَّن جَعَلَ الأَرْضَ قَرَارًا وَجَعَلَ خِلَالَهَا أَنْهَارًا وَجَعَلَ
لَهَا رَوَاسِيَ وَجَعَلَ بَيْنَ الْبَحْرَيْنِ حَاجِزًا أَإِلَٰهٌ مَعَ اللهِ بَلْ
أَكْثَرُهُمْ لَا يَعْلَمُونَ - النمل

(ഭൂമിയെ വാസയോഗ്യമാക്കിയത് ആരാണ്? അതിൽ നദികളെ ഉൽപാദിപ്പിച്ചത് ആരാണ്? അതിന്ന് (പർവ്വതങ്ങൾ കൊണ്ടു) താങ്ങുകൾ നിശ്ചയിച്ചത് ആരാണ്? രണ്ടു സമുദ്രങ്ങളുടെ മധ്യത്തിൽ (അവ തമ്മിൽ ചേർന്നു കലർന്നുപോകാതിരിക്കുന്നതിന്ന്) തടസ്സം നിശ്ചയിച്ചതു ആരാണ്? അല്ലാഹുവിന്റെ കൂടെ വല്ല ആരാധ്യനുമുണ്ടോ? പക്ഷെ അവരിൽ അധികം പേരും (ഈ പരമാർത്ഥം) അറിയുന്നില്ല ) ഭൂമിയെ വാസയോഗ്യമായ ഒരവസ്ഥയിൽ സംരക്ഷിക്കുന്നതിന്നും എത്രയോ പ്രയോജനകരങ്ങളായ മഹാസമുദ്രങ്ങളെയും, വലിയ വലിയ നദികളേയും, ആറുകളേയും ഭൂമിയുടെ എല്ലാ ഭാഗങ്ങളിലും ഉണ്ടാക്കുവാനും, ഭൂമി അതിന്റെ ശീഘ്രമായ ചലനത്തിൽ വ്യതിചലിച്ചു പോകാതിരിക്കുവാനായി അതിൽ പർവ്വതങ്ങൾ സ്ഥാപിക്കുവാനും ശുദ്ധജലത്തെയും, ഉപ്പുവെള്ളത്തെയും വേർതിരിച്ചു നിർത്തുവാനുമുള്ള ശക്തി അല്ലാഹുവിന്ന് മാത്രമുള്ളതാണെന്നും ഇതിൽ ആരും തന്നെ അല്ലാഹുവോടുകൂടെ പങ്കുകാരല്ല' ഇല്ലെങ്കിൽ പിന്നെ ആരാധനയിൽ അവർ എങ്ങിനെ പങ്കുകാരാകുമെന്ന് ഈ ഖുർആൻ വാക്യം നമ്മോട് ചോദിക്കുന്നു. എന്നാൽ ബഹുഭൂരിപക്ഷം ജനങ്ങളും ഖുർആനിന്റെ ഈ ചോദ്യത്തിൽ അന്തർഭവിച്ചു കിടക്കുന്ന പരമാർത്ഥത്തെ ഗ്രഹിക്കാത്തവരാണെന്ന് അത് നമ്മെ ഉണർത്തുകയും ചെയ്യുന്നു.

أَمَّن يُجِيبُ الْمُضْطَرَّ إِذَا دَعَاهُ وَيَكْشِفُ السُّوءَ
وَيَجْعَلُكُمْ خُلَفَاءَ الارض أَإِلَٰهٌ مَعَ اللهِ قَلِيلًا مَا تَذَكَّرُونَ
— النمل

(ദുഃഖപരവശനന്ന് അവൻ ദൈവത്തെ വിളിച്ചു പ്രാർത്ഥി ക്കുമ്പോൾ സമാധാനം നൽകുകയും (അവന്ന് ആ) ക്ലേശത്തെ നീക്കം ചെയ്തുകൊടുക്കുകയും ചെയ്യുന്നത് ആരാണ്? നിങ്ങളെ ഭൂമിയിൽ അധികാരികളായി നിശ്ചയിക്കുന്നത് ആരാണ്? അല്ലാഹുവോടുകൂടി വല്ല ആരാധ്യനുമുണ്ടോ? നിങ്ങൾ ചിന്തിച്ചു നോക്കുന്നത് എത്രയോ ചുരുക്കം) ദുരിതങ്ങളും ക്ളേശങ്ങളും അനുഭവിച്ചു കൊണ്ടിരിക്കുന്ന ഒരാൾ അല്ലാഹുവിനെ വിളിച്ചു പ്രാർത്ഥിക്കുമ്പോൾ തൽസമയംതന്നെ അത് കേൾക്കുന്നതിന്നും, അവന്ന് ഉത്തരം നൽകുന്നതിന്നും പ്രസ്തുത ക്ലേശങ്ങൾ അവനിൽനിന്നു നീക്കം ചെയ്യുന്നതിന്നും, മനുഷ്യരെ ഭൂമിയിൽ പ്രതിനിധികളായും സ്വതന്ത്രരായും നിശ്ചയിക്കുന്നതിന്നുമുള്ള കഴിവ് അല്ലാഹുവിന്ന്മാത്രമേ ഉള്ളു. പ്രസ്തുത ജോലിയിൽ അല്ലാഹുവോടുകൂടി മററാർക്കുംതന്നെ പങ്കില്ലെങ്കിൽ പിന്നെ അവർ ആരാധനക്ക് അർഹരാണോ? അർഹരല്ലെങ്കിൽ അല്ലാഹുവോടുകൂടി മററു വല്ല ആരാധ്യനുമുണ്ടോ എന്നും ഈ ഖുർആൻവാക്യം നിഷേധരൂപത്തിൽ നമ്മോട് ചോദിക്കുന്നു. തന്നെയുമല്ല, ഇങ്ങിനെയുള്ള കാര്യങ്ങളിൽ തീരെ ചിന്തിക്കാതെ മററുള്ളവരെആരാധിക്കുവാൻ ഒരുങ്ങുന്നതു ചിന്താവൈമുഖ്യം കൊണ്ടാണെന്നും ഈ ഖുർആൻ വാക്യം നമ്മെ ഉൽബോധിപ്പിക്കയും ചെയ്യുന്നു. അതോടൊപ്പം തന്നെ ഈ വാക്യം ശ്രോതാവിൽ ദുരിതങ്ങളിലകപ്പെടുമ്പോൾ അല്ലാഹുവിനെമാത്രം വിളിച്ച് പ്രാർത്ഥിക്കുവാനുള്ള മോഹത്തെ ജനിപ്പിക്കുകയും ചെയ്യുന്നു.

أَمَّنْ يَهْدِيكُمْ فِي ظُلُمَاتِ الْبَرِّ وَالْبَحْرِ وَمَنْ يُرْسِلُ الرِّيَاحَ بُشْرًا بَيْنَ يَدَيْ رَحْمَتِهِ أَإِلَٰهٌ مَعَ اللَّهِ تَعَالَى اللَّهُ عَمَّا يُشْرِكُونَ (النمل)

(കടലിലും കരയിലുമുള്ള അന്ധകാരങ്ങളിൽ നിങ്ങളെ വഴികാണിക്കുന്നത് ആരാണ്? അവൻെറ കാരുണ്യത്തിൻെറ മുമ്പിൽ (മഴയുടെ) മുന്നറിയിപ്പായി കാററുകളെ അയക്കുന്നത് ആരാണ്? അല്ലാഹുവിൻെറ കൂടെ മററുവല്ല ആരാധ്യനുമുണ്ടോ?

അവർ സമപ്പെടുത്തുന്നതിൽനിന്നും അല്ലാഹു പരിശുദ്ധനത്രെ) അതിവിപുലമായ മരുഭൂമിയിലും മഹാസമുദ്രങ്ങളിലും എത്രയും ഭയാനകമായ നിലയിൽ പടർന്നു കിടക്കുന്ന അതിഘോരമായ അന്ധകാരത്തിൽ ജനങ്ങളെ വഴികാണിക്കുന്നതിന്ന് പല അടയാളങ്ങളും വിവിധങ്ങളായ ലക്ഷ്യങ്ങളും സ്ഥാപിച്ചു അവ മുഖേന അവരെ വഴികാണിക്കുന്നതിന്നുള്ള ശക്തിയും, അല്ലാഹുവിന്റെ കാരുണ്യമായ മഴയുടെമുന്നറിയിപ്പായി കാററുകളെ നിയോഗിക്കുന്നതിനുള്ള ശക്തിയും അല്ലാഹുവിന്ന് മാത്രമുള്ളതാകുന്നു എന്നും പ്രസ്തുതകാര്യങ്ങളിൽ അല്ലാഹുവിന്ന് പുറമെ മററാർക്കുംതന്നെ ഒരു കടുകിടകൂടി പങ്കില്ലെന്നും, ഇങ്ങനെ പങ്കില്ലാത്തവരെ ആരാധിച്ചു ഇതര വസ്തുക്കളെ അല്ലാഹുവോട് സമപ്പെടുത്തുന്നതിൽനിന്ന് അല്ലാഹു എത്രയും പരിശുദ്ധനാണെന്നും ഈ വാക്യം വ്യക്തമാക്കുന്നു.

أَمَّنْ يَبْدَءُ الْخَلْقَ ثُمَّ يُعِيدُهُ وَمَنْ يَرْزُقُكُمْ مِنَ السَّمَاءِ وَالْأَرْضِ أَإِلٰهٌ مَعَ اللهِ قُلْ هَاتُوا بُرْهَانَكُمْ إِنْ كُنْتُمْ صَادِقِينَ

( النمل )

(സൃഷ്ടിയെ ആരംഭിക്കയും വീണ്ടും ഉത്ഭവിപ്പിക്കുകയും ചെയ്യുന്നത് ആരാണ്? ആകാശത്തിൽനിന്നും ഭൂമിയിൽ നിന്നും നിങ്ങൾക്ക് ആഹാരവിഭവങ്ങൾ നൽകുന്നത് ആരാണ്? അല്ലാഹുവോട്കൂടി വല്ല ആരാധ്യനുമുണ്ടോ? നീ ചോദിക്കെ: (അല്ലാഹുവിന്ന് പുറമെയുള്ളവരോട് പ്രാർത്ഥിക്കാമെന്നുള്ള വിശ്വാസത്തിൽ) നിങ്ങൾ സത്യവാന്മാരാണെങ്കിൽ (അതിലേക്ക്) നിങ്ങളുടെ തെളിവെന്താണെന്നു നിങ്ങൾ കാണിക്കുവിൻ) സൃഷ്ടിക്കുവാനും നശിപ്പിക്കുവാനും വീണ്ടും അതിനെ തിരിച്ചുകൊണ്ടു വരുവാനും, അതിന്റെ നിലനിൽപിന്ന് ആവശ്യമായ ആഹാരവിഭവങ്ങൾ നൽകുവാനുമുള്ള ശക്തി അല്ലാഹുവിന്ന് മാത്രമുള്ളതാണെന്നും അതിനാൽ ആരാധനക്കർഹൻ അല്ലാഹുവല്ലാതെ മററാരുമില്ലെന്നും ഈ ശക്തിയില്ലാത്തവരെ ആരാധി

ക്കുന്നത് അധർമ്മവും അസത്യവുമാണെന്നും അസത്യത്തിന്ന് തെളിവുകളെ അന്വേഷിക്കുവാൻ ശ്രമിച്ചാൽതന്നെയും അത് ലഭിക്കുന്നതല്ലെന്നും ഈ വാക്യം തെളിയിക്കുന്നു.

وَاتَّخَذُوا مِن دُونِهِ آلِهَةً لَا يَخْلُقُونَ شَيْئًا وَهُمْ يُخْلَقُونَ وَلَا يَمْلِكُونَ لِأَنفُسِهِمْ ضَرًّا وَلَا نَفْعًا وَلَا يَمْلِكُونَ مَوْتًا وَلَا حَيَاةً وَلَا نُشُورًا (الفرقان)

(സൃഷ്ടിക്കപ്പെടുന്നവരും യാതൊന്നും സൃഷ്ടിക്കാത്തവരുമായ ദൈവങ്ങളെ അവന്ന് പുറമെ അവർ സ്വീകരിച്ചു; തങ്ങൾക്കുതന്നെയും ഗുണമോ ദോഷമോ അവർ അധീനമാക്കുന്നില്ല. മരണത്തെയോ ജീവിതത്തെയോ, മറുജീവിതത്തെയോ അവർ അധീനമാക്കുന്നില്ല)

أَمْ لَهُمْ آلِهَةٌ تَمْنَعُهُم مِّن دُونِنَا لَا يَسْتَطِيعُونَ نَصْرَ أَنفُسِهِمْ وَلَا هُم مِّنَّا يُصْحَبُونَ (الانبياء)

(നമുക്ക് പുറമെ (നമ്മിൽനിന്നും വല്ലശിക്ഷയും നേരിടുകയാണെങ്കിൽ അതിൽനിന്ന്) അവരെ രക്ഷിക്കുവാൻ കഴിയുന്ന ദൈവങ്ങൾ അവർക്കുണ്ടോ? (അത് സാദ്ധ്യമാകുന്നതെങ്ങിനെ) അവർക്കുതന്നെയും സഹായം ചെയ്യുന്നതിന്നു അവർ കഴിവുള്ളവരുമല്ല. അവർ നമ്മിൽനിന്ന് (നമ്മുടെശിക്ഷയിൽ നിന്ന്) മോചിപ്പിക്കപ്പെടുന്നതുമല്ല) ഈ രണ്ടു ഖുർആൻവാക്യങ്ങളും അന്യരെ സഹായിക്കുവാൻ കഴിയാത്തതിന്ന് പുറമെ തങ്ങളെത്തന്നെയും സഹായിക്കുവാൻ കഴിയാത്തവരെ ആരാധിക്കുന്നത് അധമത്വമാണെന്നും, ഗുണവും ദോഷവും ചെയ്യാനുള്ള ശക്തിസ്വാധീനത്തിലുള്ളവനും, മരിപ്പിക്കുവാനും ജീവിപ്പിക്കുവാനും ശക്തിയുള്ളവനും മാത്രമാണ് ആരാധനക്കർഹനെന്നും കാണിക്കുന്നു.

أَئِنَّكُمْ لَتَشْهَدُونَ أَنَّ مَعَ اللَّهِ آلِهَةً أُخْرَىٰ قُلْ لَا أَشْهَدُ
قُلْ إِنَّمَا هُوَ إِلَٰهٌ وَاحِدٌ (انعام)

(അല്ലാഹുവോടുകൂടി മററു ദൈവങ്ങളുണ്ടെന്നു നിങ്ങൾ സാക്ഷ്യം വഹിക്കുമോ? നീ പറയുക; ഞാൻ സാക്ഷ്യം വഹിക്കയില്ല. നിശ്ചയമായും അവൻ ഏകദൈവം മാത്രമാകുന്നു എന്ന് നീ പറയുക)

أَمِ اتَّخَذُوا مِنْ دُونِهِ آلِهَةً قُلْ هَاتُوا بُرْهَانَكُمْ هَٰذَا ذِكْرُ مَنْ
مَعِيَ وَذِكْرُ مَنْ قَبْلِي بَلْ أَكْثَرُهُمْ لَا يَعْلَمُونَ الْحَقَّ فَهُمْ
مُعْرِضُونَ (انبياء)

(അതല്ല; അവന്നു (ദൈവത്തിന്ന്) പുറമെ ഇതര ദൈവങ്ങളെ അവർ സ്വീകരിച്ചുവോ? (ഇങ്ങിനെ സ്വീകരിച്ചതിന്ന്) നിങ്ങളുടെ തെളിവെന്താണെന്ന് നിങ്ങൾ കൊണ്ടുവരുവിൻ, എന്ന് നീ പറയുക. എന്റെ കൂടെയുള്ളവരുടെ സന്ദേശവും എനിക്കുമുമ്പുള്ളവരുടെ സന്ദേശവും ഇതാ! (അവയിൽ നിങ്ങൾക്കു തെളിവുകൾ കാണാൻസാദ്ധ്യമല്ല) എന്നാൽ അവരിൽ അധികപേരും സത്യം അറിയുന്നില്ല. അങ്ങനെ അവർ (അതിന്റെനേരെ) വൈമുഖ്യം പ്രദർശിപ്പിക്കുന്നവരുമാകുന്നു) ഈ രണ്ട് ഖുർആൻ വാക്യങ്ങൾ അല്ലാഹുവിന്ന് പുറമെ മററു ആരാധ്യരെ സ്വീകരിക്കുന്നതിന്ന് പ്രമാണങ്ങൾ കാണിക്കുവാൻ സാദ്ധ്യമല്ലെന്നും നബി (സ) യുടെ സമുദായത്തിന്റെ സന്ദേശമായ പരിശുദ്ധ ഖുർആനിലും, ഇതര സമുദായങ്ങൾക്ക് സന്ദേശമായി സിദ്ധിച്ചിരിക്കുന്ന അവരുടെ മത ഗ്രന്ഥങ്ങളിലും അല്ലാഹുവിന്ന് പുറമെ ആരാധ്യരെ സ്വീകരിക്കുന്നതിന്ന് ദൃഷ്ടാന്തങ്ങൾ കാണാൻ ആരാലും സാദ്ധ്യമല്ലെന്നും എന്നാൽ ബഹുഭൂരിപക്ഷം ജനങ്ങളും സത്യത്തിന്റെ നേരെ വൈമുഖ്യം കാണിക്കുന്നത് കൊണ്ട് അവർക്ക് ഈ യാഥാർത്ഥ്യം ഗ്രഹിക്കുവാൻ പ്രയാസമായി

രിക്കുന്നുവെന്നും തെളിയിക്കുന്നു. ചുരുക്കത്തിൽ رُبُوبِيَّة (രക്ഷാകർത്തൃത്വം) സ്ഥിതിചെയ്യുന്നിടത്ത് മാത്രമേ الوُهِيَّة (ദിവ്യത്വം) ന്യായമാകൂ എന്നും രക്ഷാകർത്തൃത്വത്തിനുള്ള ത്രാണിയില്ലാത്തവരിൽ ദിവ്യത്വം സങ്കല്പിക്കുന്നത് അന്യായമാണെന്നുമാണ് പരിശുദ്ധഖുർആൻ ദൃഷ്ടാന്തസഹിതം സമർത്ഥിക്കുന്നത്. അത് കൊണ്ടത്രെ അല്ലാഹുവിന്ന് പുറമെ ആരാധ്യരെ അംഗീകരിക്കുന്നതിനെ അത് കഠിനമായി വിരോധിക്കുന്നതും.

لاَ تَجعَلْ مَعَ اللهِ إِلٰهًا آخَرَ فَتَقْعُدَ مذْمُوما مَخذُولا
(اسراء)

(അല്ലാഹുവിന്റെ കൂടെ മറ്റൊരു ദൈവത്തെ നീ സ്വീകരിക്കരുത്. (അങ്ങിനെ സ്വീകരിക്കുന്നപക്ഷം) അധിക്ഷേപിക്കപ്പെടുന്നവനും നിസ്സഹായനുമായി നീ ഇരുന്നു പോകും)

ولاَ تَجعَلْ مَعَ اللهِ إِلٰهًا آخَرَ فَتُلقَى فى جَهَنَّمَ مَلُوما مَدحُورًا (اسراء)

(അല്ലാഹുവോടുകൂടി മറ്റൊരു ദൈവത്തെ നീ സ്വീകരിക്കരുത്. അപ്പോൾ നീ ആക്ഷേപത്തിനർഹനും (ദൈവ കാരുണ്യത്തിൽ നിന്ന്) അകററപ്പെട്ടവനുമായി നരകത്തിൽ വീഴ്ത്തപ്പെടും)

## ജഗന്നിയന്താവ് അല്ലാഹു മാത്രമാണെന്നുള്ള പൊതു സമ്മതം

ലോക നിയന്ത്രണ വിഷയത്തിൽ ദൈവത്തിനുള്ള ഏകാധിപത്യത്തെ ജനങ്ങൾ സമ്മതിച്ചിരുന്നുവെന്ന് ആദ്യം സൂചിപ്പിച്ചിരുന്നുവല്ലൊ. ദൈവം സ്രഷ്ടാവാണെന്നും, നിയന്താവാണെ

ന്നും, സംരക്ഷകനാണെന്നുമുള്ള വസ്തുത യാതൊരു ജനസമുദായക്കാരും നിഷേധിച്ചിരുന്നില്ല. സൃഷ്ടിക്കുക, നിയന്ത്രിക്കുക, സംരക്ഷിക്കുക എന്നീ സംഗതികളിൽ അവന്ന് പങ്കുകാരായ യാതൊരുത്തരുമില്ലെന്ന് അവർ സമ്മതിച്ചു പറയുകയും ചെയ്തിരുന്നു. ഈ വാസ്തവത്തെ എടുത്തുകാണിക്കുന്നതായി ഖുർആനിൽ പല വാക്യങ്ങളും വന്നിട്ടുണ്ട് മുശ്രിക്കുകളെ അഭിമുഖീകരിച്ച്

لَئِن سَأَلْتَهُمْ مَنْ خَلَقَهُمْ لَيَقُولُنَّ اللهُ (الزخرف)

(അവരെ സൃഷ്ടിച്ചത് ആരാണെന്ന് നീ അവരോട് ചോദിച്ചാൽ അല്ലാഹുവാണെന്ന് നിശ്ചയമായും അവർ പറയും.)

لَئِنْ سَأَلْتَهُم مَنْ خَلَقَ السَّمٰوٰاتِ وَالأرْض لَيَقُولُنَّ خَلَقَهُنَّ العَزِيزُ العَلِيم (الزخرف)

(ആകാശങ്ങളെയും ഭൂമിയെയും സൃഷ്ടിച്ചത് ആരാണെന്ന് നീ അവരോട് ചോദിച്ചാൽ അവയെ സൃഷ്ടിച്ചത് ശ്രേഷ്ഠനും സർവ്വജ്ഞനുമാണെന്ന് നിശ്ചയമായും അവർ പറയും.)

وَلَئِنْ سَأَلْتَهُم مَنْ خَلَقَ السَّمٰوٰاتِ والارض وَسَخَّرَ الشَّمس والقَمَر لَيَقُولُنَّ اللهُ فَأَنّى يُؤْفَكُونَ (عنكبوت)

(ആകാശങ്ങളെയും ഭൂമിയെയും സൃഷ്ടിച്ചതും, സൂര്യനെയും ചന്ദ്രനെയും അധീനപ്പെടുത്തിത്തന്നതും ആരാണെന്ന് നീ അവരോട് ചോദിച്ചാൽ അല്ലാഹുവാണെന്ന് നിശ്ചയമായും അവർ പറയും, (ഇതൊക്കെ സമ്മതിച്ചിട്ടും അല്ലാഹുവിനെമാത്രം ആരാധിക്കുന്നതിൽനിന്ന്] അവർ എങ്ങിനെ തിരിക്കപ്പെടുന്നു?)

ولئن سألتهم من نزل من السماء ماء فأحيا به الأرض من بعد موتها ليقولن الله قل الحمد لله بل أكثرهم لا يعقلون (عنكبوت)

(ആകാശത്തിൽനിന്ന് വെള്ളത്തെ ഇറക്കി, തന്മൂലം അത് കൊണ്ട് ഭൂമിയെ, അത് നിർജ്ജീവമായിരുന്നശേഷം അതിനെ ജീവിപ്പിച്ചത് ആരാണെന്ന് നീ അവരോട് ചോദിച്ചാൽ അല്ലാഹുവാണെന്ന് നിശ്ചയമായും അവർ പറയും. സർവ്വസ്തുതിയും അല്ലാഹുവിനാണെന്ന് നീ പറയുക. പക്ഷെ അവരിൽ അധികം പേരും ചിന്തിച്ചു നോക്കുന്നില്ല.)

قل من يرزقكم من السماء والارض امن يملك السمع والابصار ومن يخرج الحي من الميت ويخرج الميت من الحي ومن يدبر الامر فسيقولون الله فقل افلا تتقون ( يونس )

(നീ ചോദിക്കുക; ഭൂമിയിലും ആകാശത്തിലും നിന്ന് നിങ്ങൾക്ക് ഉപജീവനമാർഗ്ഗത്തെ നൽകുന്നത് ആരാണ്? കേൾവിയേയും കാഴ്ചയേയും അധീനതയിൽ വെച്ചിരിക്കുന്നത് ആരാണ്? നിർജ്ജീവ വസ്തുക്കളിൽനിന്ന് ജീവവസ്തുക്കളേയും, ജീവനുള്ളതിൽനിന്ന് നിർജ്ജീവമായതിനെയും ഉത്പാദിപ്പിക്കുന്നത് ആരാണ്? കാര്യങ്ങളെ നിയന്ത്രിക്കുന്നത് ആരാണ്? അല്ലാഹുവാണെന്ന് അവർ പറയും. ചോദിക്കുക: നിങ്ങൾ ഭയഭക്തിയുള്ളവരാകുന്നില്ലയോ?)

قل لمن الارض ومن فيها إن كنتم تعلمون. سيقولون لله قل افلا تذكرون . قل من رب السموات السبع ورب العرش العظيم. سيقولون لله قل افلا تتقولون. قل من بيده ملكوت كل شيئ

وهو يُجيرُ ولا يُجارُ عليه ان كنتم تعلمون. سيقولون لله قل فأنّى تسحرون — مؤمنون

(നീ ചോദിക്കുക; നിങ്ങൾ അറിയുന്നുവെങ്കിൽ ഭൂമിയും അതിലുള്ളവയും ആർക്കുള്ളതാകുന്നു? അല്ലാഹുവിനുള്ളതാണെന്ന് അവർ പറയും. ചോദിക്കുക: നിങ്ങൾ ചിന്തിക്കുന്നില്ലയോ? ചോദിക്കുക: ഏഴ് ആകാശങ്ങളുടെ നാഥനും മഹിതസിംഹാസനത്തിന്റെ നാഥനും ആരാണ്? അല്ലാഹുവിന്നുള്ളതാകുന്നു, എന്നവർ പറയും. പറയുക, നിങ്ങൾ ഭയഭക്തി ഉള്ളവരായിരിക്കുന്നില്ലേ? നീ ചോദിക്കുക; 'നിങ്ങൾ അറിയുന്നുവെങ്കിൽ സർവ്വവസ്തുക്കളുടെയും മേധാവിത്വം ആരുടെ കയ്യിലാകുന്നു? അവൻ രക്ഷ നൽകുന്നു. അവന്നെതിരായി രക്ഷ നല്കപ്പെടുന്നതുമല്ല.? അല്ലാഹുവിനുള്ളതാകുന്നു എന്ന് അവർ പറയും. ചോദിക്കുക; നിങ്ങൾ എവിടേക്ക് തിരിക്കപ്പെടുന്നു?') തങ്ങളുടെയും ആകാശഭൂമികളുടേയും സ്രഷ്ടാവും നിയന്താവും അല്ലാഹുവാണെന്നും തങ്ങൾക്ക് ഉപജീവനമാർഗ്ഗം നൽകുന്നത് അവൻതന്നെയാണെന്നും മുശ്‌രിക്കുകളെല്ലാം സമ്മതിക്കുന്നു ഈ സംഗതി (رَبُوبِيَّة രക്ഷാകർതൃത്വം) യിൽ ദൈവത്തിന് ഏകത്വം ഇന്ന് മുശ്‌രിക്കുകളെന്നോ, വിഗ്രഹാരാധകന്മാരെന്നോ അറിയപ്പെടുന്ന ജനസമുദായങ്ങളും സമ്മതിച്ചു പറയുന്നതായി നമുക്ക് അനുഭവപ്പെട്ടിട്ടുള്ളതാകുന്നു. അതുകൊണ്ടാണ് അവർ സമ്മതിച്ചുപയുന്ന ഈ സംഗതിയെ അടിസ്ഥാനപ്പെടുത്തി നബിമാർ അവരോട് ഇങ്ങിനെ ചോദിക്കുന്നത്.

## മുശ്‌രിക്കുകളോടുള്ള ഖുർആനിന്റെ ഉൽബോധന രീതി

هل من خالقٍ غيرالله يرزقكم من السماء والارض — فاطر

ആകാശത്തിൽനിന്നും ഭൂമിയിൽനിന്നും നിങ്ങൾക്ക് ആഹാരം നൽകുന്നവനായി അല്ലാഹുവിന്ന് പുറമെ വല്ല സ്രഷ്ടാവുമുണ്ടോ?

افمن يخلق كمن لا يخلق — النحل

(സൃഷ്ടിക്കുന്നവൻ സൃഷ്ടിക്കാത്തവനെപ്പോലെയാണോ?)

افی الله شك فاطرالسموات والارض - ابراهيم

(ഭൂമിയുടെയും ആകാശങ്ങളുടെയും നിർമ്മാതാവായ അല്ലാഹുവിനെക്കുറിച്ച് വല്ല സന്ദേഹവുമുണ്ടോ)

فأرونی ماذا خلق الذین من دونه - لقمان

(അവനല്ലാതെയുള്ളവർ സൃഷ്ടിച്ചതിനെ നിങ്ങാം എനിക്ക് കാണിച്ചുതരുവിൻ)

ارونی ماذا خلقوا من الارض — احقف

(അവർ ഭൂമിയിൽ എന്തൊന്നിനെയാണ് സൃഷ്ടിച്ചതെന്ന് നിങ്ങാം എനിക്ക് കാണിച്ചുതരുവിൻ)

പരിശുദ്ധ ഖുർആൻ ഇങ്ങനെ അവരോട് ചോദ്യം ചെയ്യുന്നത് അവർക്ക് ദൈവത്തിൻെറ അധികാരത്തേയോ, ദൈവമാണ് സ്രഷ്ടാവ് എന്നും പരിപാലകനെന്നുമുള്ളതിനെയോ കുറിച്ച് സംശയമോ വിപരീതാഭിപ്രായമോ ഉള്ളതുകൊണ്ടല്ല, അവർക്ക് അവനോട് സർവ്വവിധേനയുള്ള ദാസ്യതയേയും കടപ്പാടിനേയും ഏതുവിധേന നോക്കിയാലും അവർ അവനെയാണ് ആശ്രയിക്കയും അവലംബിക്കയും ചെയ്യേണ്ടിയിരിക്കുന്നത് എന്നവസ്തുതയെയും അവർക്കു നല്ലവണ്ണം ബോദ്ധ്യപ്പെടുത്തിക്കൊടുക്കുന്നതിന്നായിട്ടാകുന്നു. മററൊരു പ്രകാരത്തിൽ പറഞ്ഞാൽ സൃഷ്ടി സംരക്ഷണത്തിലുള്ള അല്ലാഹുവിൻെറ ഏകത്വത്തെ അവർ നി

ഷേധിച്ചില്ല. അവന്റെ ആ ഏകത്വത്തെ സമ്മതിക്കുന്നതിന്നായി നബികരീം (സ) അവരോടാവശ്യപ്പെട്ടതുമില്ല. അപ്രകാരം അവർ നിഷേധിച്ചു പറഞ്ഞുവെന്ന അർത്ഥത്തിൽ അവരെ മുശ്രിക്കുകൾ എന്നു വിളിച്ചിട്ടുമില്ല. പിന്നെ അവരുടെ ശിർക്ക് എന്തായിരുന്നു? അഥവാ അവർ അല്ലാഹുവിന്റെ ഏകത്വത്തിൽ എന്തൊന്നിനെയായിരുന്നു നിഷേധിച്ചിരുന്നത്? ആരാധനയിൽ സാക്ഷാൽ ദൈവത്തിന് പുറമെ മററ്പലരെകൂടി അവന്ന് അവർ പങ്ക്ചേർക്കുകയും തൻമൂലം അവന്ന് ആ സംഗതിയിലുള്ള ഏകത്വത്തെ നിരസിക്കുകയുമാണ് ചെയ്തതെന്നത്രെ പരിശുദ്ധ ഖുർആൻ പറയുന്നത്.

قالوا أجئتنا لنعبد الله وحده ونذر ما كان يعبد آباؤنا - اعراف

(ഞങ്ങൾ അല്ലാഹുവിനെമാത്രം ആരാധിക്കുന്നതിനും ഞങ്ങളുടെ പൂർവ്വികന്മാർ ആരാധിച്ചുകൊണ്ടിരിക്കുന്നതിനെ ഞങ്ങൾ ഉപേക്ഷിക്കുന്നതിനുമായി (ക്ഷണിക്കുന്നതിനായി)ട്ടാണോ നീ ഞങ്ങളുടെ അടുക്കൽ വന്നത് എന്നവർ പറഞ്ഞു)

## മുശ്രിക്കുകൾ നിഷേധിക്കുന്ന ഏകത്വം

أتنهانا أن نعبد ما يعبد آباؤنا — هود

(ഞങ്ങളുടെ പൂർവ്വികന്മാർ ആരാധിച്ചതിനെ ഞങ്ങൾ ആരാധിക്കുന്നതിനെപ്പററി നീ ഞങ്ങളെ വിരോധിക്കുന്നുവോ?)

أراغب أنت عن آلهتي يا إبراهيم — مريم

ഇബ്രാഹീം! എന്റെ ദൈവങ്ങളെപ്പററി നീ വെറുക്കുകയാണോ?)

قالوا ياشعيب أصلوتك تأمرك أن نترك ما يعبد آباؤنا — هود

ശുഅയ്ബേ! ഞങ്ങളുടെ പൂർവ്വികന്മാർ ആരാധിച്ചിരുന്നതിനെ ഞങ്ങൾ ഉപേക്ഷിക്കണമെന്നാണോ നിന്റെ പ്രാർത്ഥന നിന്നോടാജ്ഞാപിക്കുന്നത്? എന്നവർ 'പറഞ്ഞു.)

ماهذا إلاّ رجلٌ يريد أن يصدّكم عمّا كان يعبد آباؤكم - سبأ

നിങ്ങളുടെ പൂർവ്വികന്മാർ ആരാധിച്ചിരുന്നതിൽ നിന്ന് നിങ്ങളെ അകററുവാൻ ഇച്ഛിക്കുന്ന ഒരു മനുഷ്യൻ മാത്രമാണിത്.)

قالوا إن أنتم إلاّ بشرٌ مثلنا تريدون أن تصدّونا عمّا كان يعبد آباؤنا – إبراهيم

(നിങ്ങൾ നമ്മെപ്പോലുള്ള മനുഷ്യർ മാത്രമാകുന്നു. ഞങ്ങളുടെ പൂർവ്വികന്മാർ ആരാധിച്ചിരുന്നതിൽ നിന്ന് ഞങ്ങളെ അകററുവാൻ നിങ്ങൾ ഇച്ഛിക്കുന്നു എന്നവർ പറഞ്ഞു)

قالوا أجئتنا لتأفكنا عن آلهتنا — احقاف

(ഞങ്ങളുടെ ദൈവങ്ങളിൽ നിന്ന് ഞങ്ങളെ തിരിച്ചുകളയുന്നതിന്നാണോ നീ ഞങ്ങളുടെ അടുക്കൽ വന്നത്? എന്നവർ പറഞ്ഞു)

ومانحن بتاركي آلهتنا عن قولك ومانحن لك بمؤمنين - هود

(നിന്റെ വാക്കിന്ന് വേണ്ടി ഞങ്ങളുടെ ദൈവങ്ങളെ ഞങ്ങൾ ഉപേക്ഷിക്കുന്നവരല്ല. ഞങ്ങൾ നിന്നിൽ വിശ്വസിക്കുന്നവരുമല്ല.)

والّذين اتّخذوا من دونه اولياء مانعبدهم إلاّ ليقرّبونا إلى الله زلفى — الزمر

(അവന്ന് പുറമെ നാഥന്മാരെ സ്വീകരിച്ചവർ (പ്രസ്തുത സ്വീകരണത്തിന്ന് അവർ പറയുന്ന ന്യായം ഇതാണ്.) ഞങ്ങളെ അല്ലാഹുവിങ്കലേക്ക് അവർ അടുപ്പിക്കുന്നതിന്ന് മാത്രമാണ് ഞങ്ങൾ അവരെ ആരാധിക്കുന്നത്)

ويعبدون من دون الله مالا يضرّهم ولا ينفعهم ويقولون هؤلاء شفعائنا عندالله قل أتنبّؤن الله بمالا يعلم فى السموات ولا فى الارض سبحانه وتعالى عمّا يشركون ـ يونس

(അല്ലാഹുവിന്ന് പുറമെ അവർക്ക് ദോഷമോ ഗുണമോ ചെയ്യുവാൻ കഴിയാത്തതിനെ അവർ ആരാധിക്കുന്നു. അല്ലാഹുവിന്റെ പക്കൽ ഇവർ ഞങ്ങളുടെ ശുപാർശക്കാരാണ് എന്നവർ പറയുകയും ചെയ്യുന്നു. നീ ചോദിക്കുക ഭൂമിയിലും ആകാശങ്ങളിലും അവൻ അറിയാതെയുള്ളതിനെക്കുറിച്ച് നിങ്ങൾ അല്ലാഹുവിന്ന് വിവരം നൽകുകയാണോ? അവൻ പരിശുദ്ധനത്രേ. അവർ സമപ്പെടുത്തുന്നതിൽനിന്ന് അവൻ എത്രയോ ഉൽകൃഷ്ടനാകുന്നു.)

## ആരാധനാപരമായ ഏകത്വത്തോടുള്ള മുശ്രിക്കുകളുടെ അഹംഭാവം

ഈ ഖുർആൻ വാക്യങ്ങളിൽനിന്നും അവർ നിഷേധിക്കുന്ന ഏകത്വം ആരാധനയിലുള്ള ഏകത്വമാണെന്ന് സ്പഷ്ടമാകുന്നു. അല്ലാഹുവിങ്കലേക്കടുക്കുവാനും, അല്ലാഹുവിന്റെ പക്കൽ ശുപാർശക്കാരെ ഉണ്ടാക്കുവാനും മാത്രമാണ് അവർ ഇതരവസ്തുക്കളെ ആരാധിക്കുന്നതെന്നും വ്യക്തമാകുന്നു. അതിനാൽ മുശ്രിക്കുകൾ എന്നവർ വിളിക്കപ്പെട്ടിട്ടുള്ളത് അവർ ആരാധനയിൽ ദൈവത്തിനുള്ള ഏകത്വത്തെ നിരസിച്ചത് കൊണ്ടാണെന്ന് ഓർക്കേണ്ടതാകുന്നു.

أجعل الآلهة الها واحدا ان هذا لشيئ عجاب ـ ص

(എന്ത്? അദ്ദേഹം ദൈവങ്ങളെയെല്ലാം ഒരൊററ ദൈവമാക്കിയോ? ഇതൊരു വല്ലാത്ത പുതുമതന്നെ)

إنّهم كانوا إذا قيل لهم لا اله الا الله يستكبرون ويقولون أإنّا لتاركوا آلهتنا لشاعر مّجنون ـ الصافات

(യഥാർത്ഥത്തിൽ അല്ലാഹുവല്ലാതെ ആരാധനക്കർഹനായി മററാരുംതന്നെ ഇല്ല എന്ന് അവരോട് പറയപ്പെടുമ്പോഠം നിശ്ചയമായും അവർ അഹംഭാവം കാണിക്കുകയും ഭ്രാന്തനായ ഒരു കവിക്കുവേണ്ടി നാം നമ്മുടെ ദൈവങ്ങളെ ഉപേക്ഷിക്കുകയോ? എന്നവർ പറയുകയും ചെയ്തിരുന്നു)

ذلكم بأنّه إذا دُعِيَ الله وحده كفرتم وان يشرك به تؤمنوا ـ غافر

'(നിങ്ങഠംക്കുള്ള ശിക്ഷയുടെ കാരണം) ഇതാണ്. അല്ലാഹു മാത്രം വിളിക്കപ്പെടുകയാണെങ്കിൽ നിങ്ങഠം അവിശ്വസിക്കുന്നു. അവനോട് (മററ്വല്ലതും) പങ്കുചേർക്കപ്പെടുകയാണെങ്കിൽ നിങ്ങഠം വിശ്വസിക്കുകയും ചെയ്യുന്നു.)

واذا ذكرت ربّك فى القرآن وحده ولوا على ادبارهم نفورا ـ اسراء

(ഖുർആനിൽ നിന്റെ നാഥനെപ്പററിമാത്രം നീ പറയുകയാണെങ്കിൽ വെറുപ്പ്കൊണ്ട് വിമുഖന്മാരായി അവർ പിൻവാങ്ങിക്കളയും.)

واذا ذكرالله وحده اشمأزت قلوب الذين لا يؤمنون بالآخرة واذا ذكر الذين من دونه اذاهم يستبشرون — الزمر

(അല്ലാഹുവിനെമാത്രം പറയപ്പെടുമ്പോഠം പരലോകത്തെക്കുറിച്ച് വിശ്വസിക്കാത്തവരുടെ ഹൃദയങ്ങഠം വെറുപ്പുകൊണ്ടു

അറയ്ക്കുന്നു. അവനല്ലാത്തവരെപ്പററി പറയപ്പെടുമ്പോഠം അവർ സന്തോഷം കാണിക്കയും ചെയ്യുന്നു.)

ഈ ഖുർആൻവാക്യങ്ങളിൽനിന്നും ബഹുദേവാരാധകന്മാരുടെ ആശ്ചര്യത്തിന്നും, അഹംഭാവത്തിന്നും, അവിശ്വാസത്തിന്നും, അവരുടെ അറപ്പിന്നും വെറുപ്പിന്നുമുള്ള ഏകകാരണം ആരാധനയിലുള്ള ഏകത്വത്തിലേക്ക് അവരെ ക്ഷണിക്കുന്നതാണെന്ന് തെളിയുന്നു. മുശ്രിക്കുകഠം നിഷേധിക്കാതിരുന്ന ഏകത്വവും, നബിമാർ അവരെ എന്തൊന്നിലേക്ക് ക്ഷണിച്ചിരുന്നുവോ ആ ഏകത്വവും തമ്മിലുള്ള അന്തരവും ഇവയിൽനിന്ന് നല്ല പോലെ പ്രത്യക്ഷമായി കാണുവാനും കഴിയുന്നു.

പ്രവാചകന്മാർ ലോകത്ത് അവതരിച്ചത് ലോകസ്രഷ്ടാവും നാഥനും അല്ലാഹുവാണെന്നുള്ളതിനെ പ്രബോധനം ചെയ്യുന്നതിനായിട്ടല്ല, നേരെമറിച്ച് ആരാധന ദൈവത്തിന്നുമാത്രമേ ആകാവൂ എന്ന് ജനങ്ങളെ ഉൽബോധിപ്പിക്കുവാനും അതിനെ സ്ഥാപിക്കാനുമായിട്ടായിരുന്നു. ഈ വസ്തുത ജനങ്ങഠംതന്നെ സമ്മതിച്ചിരുന്നുവെന്നുള്ളതു മേൽ കാണിച്ച ദൈവ വാക്യങ്ങഠം കൊണ്ട് അറിയാവുന്നതാണല്ലോ. ജനങ്ങളാകട്ടെ ദൈവത്തിനുള്ള ആരാധനയെ നിഷേധിച്ചു പറഞ്ഞില്ലെങ്കിലും ആരാധന ദൈവത്തിന് മാത്രമേ ആകാവൂ എന്നുള്ള പ്രവാചകന്മാരുടെ സന്ദേശത്തെ ധിക്കരിക്കുകയത്രെ ചെയ്തത്. അത്കൊണ്ടു ആ സംഗതിയിൽ അവരുടെ ശ്രദ്ധപതിയുവാനും, അതിലേക്ക് ജനങ്ങളെ ആനയിക്കുവാനുമായി പ്രവാചകന്മാർ വീണ്ടുംവീണ്ടും അവരെ ക്ഷണിക്കുകയും ഉൽബോധിപ്പിക്കയും ചെയ്യുന്നതായി നാം കാണുന്നു.

## ആരാധനാപരമായ ഏകത്വത്തിലേക്കുള്ള ഖുർആനിൻെറ ക്ഷണം

يا قوم اعبدوا الله مالكم من إله غيره — المؤمنون

(എന്റെ ജനങ്ങളേ! നിങ്ങൾ അല്ലാഹുവിനെ ആരാധിക്കുവിൻ. അവന്നു പുറമെ നിങ്ങൾക്കുയാതൊരു ദൈവവുമില്ല)

أَلاَّ تَعْبُدُوا إِلاَّ اللهَ — حم سجدة

(നിങ്ങൾ അല്ലാഹുവിനെ അല്ലാതെ ആരാധിക്കരുത്)

اُعْبُدُوا اللهَ وَاتَّقُوهُ — العنكبوت

(നിങ്ങൾ അല്ലാഹുവിനെ ആരാധിക്കുവിൻ. അവന്റെ നേരെ ഭയഭക്തിയുള്ളവരായിരിക്കുകയും ചെയ്യുവിൻ)

فَإِيَّايَ فَاعْبُدُونِ — العنكبوت

(എന്നാൽ നിങ്ങൾ എന്നെമാത്രം ആരാധിക്കുവിൻ)

فَإِيَّايَ فَارْهَبُونِ — النحل

(എന്നാൽ നിങ്ങൾ എന്നെമാത്രം ഭയപ്പെടുവിൻ)

وَإِيَّايَ فَاتَّقُونِ — البقرة

(എന്നാൽ നിങ്ങൾ എന്നോടുമാത്രം ഭയഭക്തിയുള്ളവരായിരിക്കുവിൻ)

فَلَا تَدْعُوا مَعَ اللهِ أَحَدًا — الجن

(എന്നാൽ നിങ്ങൾ അല്ലാഹുവോടുകൂടി മററാരോടും പ്രാർത്ഥിക്കരുത്)

لَهُ دَعْوَةُ الْحَقِّ وَالَّذِينَ يَدْعُونَ مِنْ دُونِهِ لَا يَسْتَجِيبُونَ لَهُمْ بِشَيْءٍ - الرعد

(സത്യപ്രാർത്ഥന അവന്നു മാത്രമുള്ളതാകുന്നു. ഇവർ അവന്നുപുറമെ മററാരോട് പ്രാർത്ഥിക്കുന്നുവോ അവർ ഇവർക്കു യാതൊരു സംഗതിയിലും ഉത്തരം നൽകുകയില്ല)

وَعَلَى اللهِ فَلْيَتَوَكَّلِ الْمُؤْمِنُونَ - التغابن

(യഥാർത്ഥ വിശ്വാസികൾ അല്ലാഹുവിനെമാത്രം അവലംബിച്ചുകൊള്ളട്ടെ)

وَعَلَى اللهِ فَتَوَكَّلُوا إِنْ كُنْتُمْ مُؤْمِنِينَ - مائدة

(നിങ്ങൾ യഥാർത്ഥ വിശ്വാസികളാണെങ്കിൽ അല്ലാഹുവിനെമാത്രം അവലംബിക്കുവിൻ)

وَاسْئَلْ مَنْ أَرْسَلْنَا مِنْ قَبْلِكَ مِنْ رُسُلِنَا أَجَعَلْنَا مِنْ دُونِ الرَّحْمَٰنِ آلِهَةً يُعْبَدُونَ — الزخرف

(പരമകാരുണികന്നു പുറമെ ആരാധിക്കപ്പെടാവുന്ന ദൈവങ്ങളെ നാം അവർക്ക് നിശ്ചയിച്ചു കൊടുത്തുവോ? എന്ന് നിനക്കുമുൻപ് നാം നിയോഗിച്ചിരുന്ന (എല്ലാ) ദൂതന്മാരോടും നീ ചോദിക്കുക)

وَمَا أُمِرُوا إِلَّا لِيَعْبُدُوا اللهَ مُخْلِصِينَ لَهُ الدِّينَ - البينة

(മതത്തെ അവനിൽതന്നെ അർപ്പിക്കുന്നവരായി അല്ലാഹുവിനെ ആരാധിക്കുന്നതിന്ന് മാത്രമാകുന്നു അവർ ആജ്ഞാപിക്കപ്പെട്ടത്)

وَمَا خَلَقْتُ الْجِنَّ وَالْإِنْسَ إِلَّا لِيَعْبُدُونِ - الذاريات

(എന്നെ ആരാധിക്കുവാനായിട്ടല്ലാതെ മനുഷ്യരേയും ജിന്നുകളേയും ഞാൻ സൃഷ്ടിച്ചിട്ടില്ല)

وَقضى رَبُّكَ اَلاَّ تَعبُدُوا اِلاَّ اِيَّاهُ ـ اسراء

(അവനെയല്ലാതെ നിങ്ങരം ആരെയും ആരാധിക്കരുതെന്നു നിൻെറ നാഥൻ വിധിച്ചിരിക്കുന്നു)

وَمَا اُمِرُوا اِلاَّ لِيَعبُدُوا اِلهًا وَاحدًا لااله الاهو ـ التوبه

(ഏകനായ ദൈവത്തെ ആരാധിക്കുവാനായിട്ടല്ലാതെ അവർ ആജ്ഞാപിക്കപ്പെട്ടിട്ടില്ല. അവനല്ലാതെ മററു ആരാധ്യനേ ഇല്ല)

اَمَرَ الاَّ تَعبُدُوا اِلاَّ اِيَّاهُ ذلكَ الدِّينُ القَيِّم ـ يوسف

(അവനെയല്ലാതെ നിങ്ങരം ആരെയും ആരാധിക്കരുത് എന്നു അവൻ (അല്ലാഹു) കൽപിച്ചിരിക്കുന്നു. അതത്രെ നേരായ മതം)

وَقال المَسيحُ يابَنِى اِسرائيل اعبُدُوا الله رَبِّى وَرَبَّكُم
— المائدة

(ഇസ്രായീൽ സന്തതികളെ ! എൻെറ നാഥനും നിങ്ങളുടെ നാഥനുമായ അല്ലാഹുവിനെ നിങ്ങരം ആരാധിക്കുവിൻ എന്ന് മസീഹ്'' പറഞ്ഞു)

وَيَعبُدُون مِن دُونِ الله مالاَ يَنفَعُكم وَلاَ يَضُرُّهُم
— الفرقان

(അല്ലാഹുവിന്നു പുറമെ യാതൊരുപകാരവും ഉപദ്രവവും ചെയ്യാത്തതിനെ അവർ ആരാധിക്കുന്നു)

قال أفتَعبُدُونَ من دُونِ الله مالاَ يَنفَعُكم شَيئًا ولاَ يَضُرُّكم
اُفٍّ لَكُم وَلِما تَعبُدونَ مِن دُونِ الله أفلاَ تَعقِلُونَ ـ الانبياء

(അദ്ദേഹം ചോദിച്ചു : അല്ലാഹുവിന്നു പുറമെ നിങ്ങാംക്ക് യാതൊരു ഗുണവും ദോഷവും ചെയ്യാത്തതിനെ നിങ്ങാം ആരാധിക്കുന്നുവോ? നിങ്ങാംക്കും, അല്ലാഹുവിന്നു പുറമെ നിങ്ങാം ആരാധിക്കുന്നതിന്നും ഇതെത്ര അധമത്വമാണ്? നിങ്ങാം ബുദ്ധി ഉപയോഗിക്കുന്നില്ലയോ?)

قُلْ أَتَعْبُدُونَ مِن دُونِ اللهِ مَا لَا يَمْلِكُ لَكُمْ ضَرًّا وَلَا نَفْعًا وَاللهُ هُوَ السَّمِيعُ العليم - المائدة

(അല്ലാഹുവിന്ന് പുറമെ നിങ്ങാംക്ക് ഗുണമോ ദോഷമോ അധീനതയിൽ വെക്കാത്തതിനെ നിങ്ങാം ആരാധിക്കുന്നുവോ? എന്ന് നീ ചോദിക്കുക. അല്ലുഹു (നിങ്ങളുടെ പ്രാർത്ഥനയെ) കോംക്കുന്നവനും (നിങ്ങളുടെ ക്ലേശങ്ങളെപ്പററി) അറിയുന്നവനുമാകുന്നു)

ഒടുവിലത്തെ ഈ ഖുർആൻവാക്യം ഈസാനബി(അ)യെ വിളിച്ചു പ്രാർത്ഥിച്ചു അദ്ദേഹത്തെ ആരാധിച്ചിരുന്ന ഒരു ജനസമുദായത്തോട് ചോദിക്കുവാനായി വിശുദ്ധ നബിയോടുള്ള ഒരാജ്ഞയാകുന്നു. 'എന്നെയും നിങ്ങളെയും പോററിരക്ഷിക്കുന്ന അല്ലാഹുവിനെ നിങ്ങാം ആരാധിക്കുവിൻ' എന്നുള്ള മസീഹിൻെറ ഉപദേശത്തെ തീരെ ഗ്രഹിക്കാതെയാണ് അദ്ദേഹത്തിൻെറ ജനത അദ്ദേഹത്തെ തന്നെ ആരാധിക്കുവാൻ ഒരുമ്പെടുന്നത് എന്ന സംഗതി പ്രത്യേകം ശ്രദ്ധേയമാകുന്നു. ഇങ്ങനെ മസീഹിനെതന്നെ ആരാധിക്കുന്നതിന് അവരെ പ്രേരിപ്പിച്ചസംഗതി മററൊന്നുമല്ല. ഗുണവും ദോഷവും ചെയ്യുവാനും, അല്ലാഹുവിനെക്കൊണ്ടു അത് ചെയ്യിക്കാനുമുള്ള ശക്തി മസീഹിനു അധീനമാണ് എന്നുള്ള വിശ്വാസം മാത്രമാകുന്നു എന്നാൽ. ഈ വിശ്വാസം അടിസ്ഥാന രഹിതമാണെന്നും ഗുണമോ ദോഷമോ അധീനതയിൽ വെക്കുവാനുള്ള അധികാരശക്തി മസീഹിനില്ലെന്നും ഈ ഖുർആൻവാക്യം സംശയത്തിന്നിടയില്ലാത്തവിധം സ്പഷ്ടമാക്കുന്നു. പരമാർത്ഥമിങ്ങിനെയിരിക്കെ ഗുണമോ ദോഷ

മോ ഉപകാരമോ ഉപദ്രവമോ ചെയ്യുവാനുള്ള അധികാരശക്തി ഔലിയാക്കന്മാർക്ക് അധീനമാക്കുവാൻ കഴിയുന്നതെങ്ങിനെ? ഔലിയാക്കളിൽ അഗ്രഗണ്യരായനബിമാരിൽ ഒരാളായി പരിശുദ്ധഖുർആൻ നമുക്കു കാണിച്ചുതരുന്ന മസീഹിന്നുതന്നെയും ഗുണവും ദോഷവും ചെയ്യാനുള്ളശക്തി അധീനമല്ലെന്നുവരുമ്പോഠം അങ്ങനെയുള്ള ഒരു ശക്തി മററു ഔലിയാക്കളിൽ ആരോപിക്കുന്നതെങ്ങിനെ? മസീഹിൻെറനുബൂവ്വത്തും(പ്രവാചകത്വം) അദ്ദേഹത്തിൻെറ മുഅ്ജിസത്തും (അത്ഭുതപ്രവൃത്തികഠം) യാതൊരു സന്ദേഹങ്ങഠംക്കും വഴിയില്ലാത്തവിധം എത്രയും ദൃഢമായിട്ടുള്ളതാകുന്നു. നേരെമറിച്ച് ഒരു ولي യുടെ ولاية ഉം അദ്ദേഹത്തിൻെറ കറാമതും അങ്ങിനെയുള്ളതല്ല. എന്നിരിക്കെ ഒരുനബിയെക്കൊണ്ടുതന്നെയും വഹിക്കുവാൻ കഴിയാത്ത ദിവ്യശക്തി ഔലിയാക്കഠംക്ക് വഹിക്കുവാൻ കഴിയുന്നതെങ്ങിനെ?

ഇവിടെ ഒരു വ്യത്യാസമുള്ളത് ഇതാണ്; ക്രിസ്ത്യാനികഠം അവരുടെ നബിയെ വിളിച്ചു പ്രാർത്ഥിക്കുന്നു. ഖബറാരാധകന്മാരായ മുസ്ലിംകഠം അവരുടെ നബിയേയോ നബിയുടെ അടുത്ത സഖാക്കളേയോ വിളിച്ചു പ്രാർത്ഥിക്കുന്നില്ല. പിന്നെയോ അവർ ഔലിയാക്കളോട് പ്രാർത്ഥിക്കുന്നു. ക്രിസ്ത്യാനികഠം അവരുടെ നബിയെ ആരാധിക്കുകയാണ് ചെയ്തതെന്ന് മേൽകാണിച്ച ഖുർആൻവാക്യം കൊണ്ട് കാണാം. ഖബർ ആരാധകന്മാർ ഔലിയാക്കളെ ആരാധിക്കുന്നില്ലല്ലോ? എന്നൊരു ചോദ്യം ഇവിടെ കിടപ്പുണ്ട്. അതിന്നുള്ള സമാധാനം ഇതാകുന്നു:- ഖബ്റുകഠംക്ക് സുജൂദ്തന്നെ ചെയ്യുന്ന എത്രയോ മുസ്ലിംകളുണ്ടെന്നുള്ളതിരിക്കട്ടെ. ഈ ഖുർആൻ വാക്യത്തിൽ കാണുന്ന ഇബാദത്ത് (ആരാധന) سجود - اعتدال ركوع - قيام എന്നു മാത്രമല്ല, ഗുണമോ ദോഷമോ ചെയ്വാനുള്ളഅധികാരശക്തി ഉണ്ടെന്നുള്ള വിശ്വാസത്തിൽനിന്നും ബഹിർഗമിക്കുന്ന ആത്യന്തികമായ വണക്കം എന്നാകുന്നു ആരാധനകൊണ്ട് ഇവിടെയുള്ള വിവക്ഷ. ഈ വണക്കം അല്ലാഹുവിൻെറ നേരെ മാത്രമെ ആകാവൂ. ഇതു മററുള്ളവരുടെ നേരെ കാണിക്കുന്നതായാൽ ഇവർ അവരെ ആരാധിച്ചവരായി ഗണിക്കപ്പെടുന്നതാകുന്നു.

## ഉപജീവനവിഭവം നൽകുന്നവനാണ് ആരാധനക്ക് അർഹൻ

وَيَعْبُدُونَ مِنْ دُونِ اللهِ مالاَ يَمْلِكُ لَهُمْ رِزْقًا مِنَ السَّمٰوٰتِ وَالأَرْضِ — النحل.

(ആകാശങ്ങളിൽനിന്നും ഭൂമിയിൽനിന്നും അവർക്കായി ആഹാരത്തെ അധീനതയിൽ വെക്കാത്തതിനെ അല്ലാഹുവിന്നു പുറമെ അവർ ആരാധിക്കുന്നു)

قل اغيرالله اتخذ وليا فاطرالسموات والارض وهو يطعم ولا يطعم — الانعام

(നീ പറയുക : ആകാശങ്ങളുടേയും ഭൂമിയുടേയും സ്രഷ്ടാവായ അല്ലാഹുവിന്നു പുറമെ ഞാൻ ഒരു നാഥനെ സ്വീകരിക്കുമോ? അവൻ ആഹാരം നൽകുന്നു. എന്നാൽ അവന്ന് ആഹാരം നൽകപ്പെടുന്നില്ല)

إنّ الّذين تعبدون من دون الله لا يملكون لكم رزقا فابتغوا عند الله الرّزق واعبدوه — العنكبوت

(നിശ്ചയമായും അല്ലാഹുവിന്ന് പുറമെ നിങ്ങൾ ആരെ ആരാധിക്കുന്നുവോ അവർ നിങ്ങൾക്കായി ആഹാരം അധീനതയിൽ വെക്കുന്നവരല്ല. അതിനാൽ നിങ്ങൾ അല്ലാഹുവിൻെറ പക്കൽനിന്നു ആഹാരത്തെ തേടുവിൻ. അവനെ നിങ്ങൾ ആരാധിക്കുകയും ചെയ്യുവിൻ) ഗുണമോ ദോഷമോ അധീനതയിൽ ഇല്ലാത്തവരെ ആരാധിക്കുന്നതു ഫല ശൂന്യമാണെന്ന് പറഞ്ഞു കാണിച്ചതുപോലെ ഈ ഖുർആൻ വാക്യങ്ങളിൽ ആഹാരം നൽകുന്നതിന്ന് കഴിവുള്ളവൻ മാത്രമാണ് ആരാധനക്കർഹനെന്നും മററുള്ളവർ അതിന്ന് കഴിവില്ലാത്തവരാകയാൽ അവർ ആരാധനക്ക് അർഹന്മാരല്ലെന്നും പഠിപ്പിക്കുന്നു.

ويعبدون من دون الله مالم ينزّل به سلطانا ومالیس لهم به علم - الحج

(അല്ലാഹുവിന്ന് പുറമെ അവൻ യാതൊരു ലക്ഷ്യവും ഇറക്കിയിട്ടില്ലാത്തതിനേയും, തങ്ങൾക്കുതന്നെയും യാതൊരു വിവരമില്ലാത്തതിനെയും അവർ ആരാധിക്കുന്നു.)

## ബഹുദൈവാരാധന ലക്ഷ്യപൂർവ്വകമല്ല

ما تعبدون من دونه إلاّ أسماء سمّيتموها انتم وآباؤكم ما أنزل الله بها من سلطان — يوسف

(അവന്നു പുറമെ നിങ്ങൾ ആരാധിക്കുന്നത്, നിങ്ങളും നിങ്ങളുടെ പൂർവ്വപിതാക്കളും കൃത്രിമമായി നിർമ്മിച്ചിട്ടുള്ള നാമങ്ങളെ മാത്രമാകുന്നു. അവയെപ്പററി അല്ലാഹു യാതൊരുലക്ഷ്യവും അവതരിപ്പിച്ചിട്ടില്ല)

فلاتك فى مرية مما يعبد هؤلاء ما يعبدون الا كما يعبد آباؤهم من قبل — هود

(ഇതിന്നുമുമ്പ് അവരുടെ പൂർവ്വ പിതാക്കൾ ആരാധിച്ചിരുന്നതുപോലെ മാത്രമാണ് ഇവരും ആരാധിക്കുന്നത്. അതിനാൽ നീ ഇവർ ആരാധിക്കുന്നതിനെക്കുറിച്ച് സംശയിക്കരുത്) ഈ ഖുർആൻ വാക്യങ്ങൾ കൊണ്ട് അല്ലാഹുവിന്ന് പുറമെയുള്ളവരെ ആരാധിക്കുന്നവർക്ക് അവരുടെ ഈ ആരാധനക്ക് ലക്ഷ്യമായി യാതൊന്നും തന്നെ എടുത്തുകാണിക്കുവാൻ കഴിയുന്നതല്ലെന്നും അങ്ങിനെ അല്ലാഹു ഭൂമിയിൽ യാതൊരു ലക്ഷ്യവും നിശ്ചയിച്ചിട്ടില്ലെന്നും അവർക്കുതന്നെയും അതിനെപ്പററി യാതൊരു വിവരവുമില്ലെന്നും വ്യക്തമാകുന്നു. തന്നെയുമല്ല, അന്ധമായ അനുകരണഭ്രമത്തിൻെറ ഫലമായിട്ടാണ് അവർ ഇങ്ങനെ അന്യരെ ആരാധിക്കുവാൻ തുനിയുന്നതെന്ന് നമ്മെ ഉണർത്തുകയും ചെയ്യുന്നു.

قل افغير الله تأمرونی اعبد ايها الجاهلون — الزمر

(അല്ലാഹുവിനെ മാത്രം ആരാധിക്കുന്നത് കൊണ്ടുള്ള ഗുണത്തെയും, അവനല്ലാത്തവരെ ആരാധിക്കുന്നത് കൊണ്ടുള്ള ദോഷഫലത്തെയും പററി വിവരമില്ലാത്തവരെ! അല്ലാഹുവല്ലാത്തതിനെ ആരാധിക്കുവാൻ നിങ്ങൾ എന്നോടു ആജ്ഞാപിക്കുന്നുവോ? എന്ന് നീ ചോദിക്കുക) അല്ലാഹുവിന്ന് പുറമെയുള്ളവരെ ആരാധിക്കുവാനും അതിന്നായി അന്യരെ ഉപദേശിക്കുവാനും ഒരുങ്ങുന്നത് യഥാർത്ഥജ്ഞാനത്തിൻെറ അഭാവംകൊണ്ടാണെന്ന് ഈ വാക്യം തെളിയിക്കുന്നു.

## മനുഷ്യ സമുദായൈക്യത്തിന്ന് ആരാധനൈക്യം ആവശ്യം

إنّ هذه امّتكم امّة واحدة وأنا ربّكم فاعبدون — الانبياء

നിശ്ചയമായും നിങ്ങളുടെ ഈ മതം ഒരേ ഒരു മതവും, ഞാൻ നിങ്ങളുടെ നാഥനുമാകുന്നു. അതിനാൽ നിങ്ങൾ എന്നെ മാത്രം ആരാധിക്കുവിൻ)

**അല്ലാഹു ഒന്ന്. മനുഷ്യൻെറ മതവും ഒന്ന്. അതിനാൽ അവരുടെ ആരാധ്യനും ഒന്നുതന്നെ ആയിരിക്കണമെന്നാണ് ഈ ഖുർആൻവാക്യം ചൂണ്ടിക്കാണിക്കുന്നത്. മനുഷ്യരുടെ മതവും അവരുടെ നാഥനും ഒന്നായിരിക്കുമ്പോൾ അവരുടെ ആരാധനയും ഒരുവന്നുതന്നെ ആയിരിക്കണമെന്ന് പരിശുദ്ധഖുർആൻ ആവശ്യപ്പെടുന്നത് വാസ്തവത്തിൽ ഉപകാരപ്രദവും, പ്രകൃതിക്ക് അനുയോജ്യവും തന്നെയാകുന്നു. വിഭിന്നരായ നാഥന്മാരെ സ്വീകരിച്ചു വിഭിന്നങ്ങളായ ആരാധനകൾ നടത്തുന്നതിനേക്കാൾ ഉത്തമം ഏകനായ അല്ലാഹുവിനെമാത്രം ആരാധിക്കുകയാണെന്ന് നിഷ്പക്ഷമായി നോക്കുകയാണെങ്കിൽ എളുപ്പത്തിൽ മനസ്സിലാക്കാവുന്നതാകുന്നു.**

أَأَرْبَابٌ مُتَفَرِّقُونَ خَيْرٌ أَمِ اللهُ الْوَاحِدُ الْقَهَّارُ — يوسف

'ഭിന്നരായ നാഥന്മാരോ നല്ലത്? അതോ സർവ്വാധിപതിയും ഏകനുമായ അല്ലാഹുവോ (നല്ലത്)'

ءَاللهُ خَيْرٌ أَمَّا يُشْرِكُونَ — النمل

'അല്ലാഹുവോ നല്ലത്? അതല്ല അവനോട് അവർ പങ്കുചേർക്കുന്നതോ? (നല്ലത്)'

പരിശുദ്ധഖുർആനിന്റെ ഈ മാതിരി ചോദ്യങ്ങൾ പരിശുദ്ധ ഹൃദയരായ ആളുകൾ ശ്രവിക്കുമ്പോൾ അവർ അറിയാതെ തന്നെ സാഷ്ടാംഗനമസ്കാരം ചെയ്തുപോകും.

وَاتَّخَذُوا مِنْ دُونِ اللهِ آلِهَةً لِيَكُونُوا لَهُمْ عِزًّا كَلَّا
سَيَكْفُرُونَ بِعِبَادَتِهِمْ وَيَكُونُونَ عَلَيْهِمْ ضِدًّا — مريم

(ഇവർക്കു സഹായികളായിരിക്കുവാൻ വേണ്ടി അല്ലാഹുവിന്ന് പുറമെയുള്ള ആരാധ്യരെ ഇവർ സ്വീകരിച്ചു. അങ്ങിനെയല്ല, (അതുതീരെ സാദ്ധ്യമല്ല, നേരെ മറിച്ചു) അവർ ഇവരുടെ ആരാധനയെ നിഷേധിച്ചു പറയുകയും അവർ ഇവർക്ക് വിരോധികളായിത്തീരുകയും ചെയ്യും)

അല്ലാഹുവിന്ന് പുറമെയുള്ളവരെ ആരാധിക്കുന്നതുകൊണ്ട് അവർ തങ്ങൾക്ക് സഹായികളായിത്തീരുമെന്നുള്ള ചിലരുടെ ധാരണ കേവലം അബദ്ധമാണെന്നും, ആ ധാരണ മാറാതെ അതിൽതന്നെ സ്ഥിരമായിരുന്നാൽ അതിന്റെ പരിണാമം നാശമാണെന്നും ആ ആരാധ്യർതന്നെ ഒടുവിൽ എതിരാളികളായിരിക്കുമെന്നും ഈ വാക്യം കുറിക്കുന്നു.

أَأَتَّخِذُ مِن دُونِهِ آلِهَةً اِن يُرِدْنِ الرَّحْمٰنُ بِضُرٍ لا تُغْنِ عَنِّى شَفَاعَتُهُمْ شَيْئًا وَلاَ يُنقِذُونِ اِنِّى اِذًا لَّفِى ضَلاَل مُّبِين — يٰس

അവന്ന്പുറമെ ആരാധ്യരെ ഞാൻ സ്വീകരിക്കുകയോ? പരമകാരുണികൻ എനിക്കു വല്ല ഉപദ്രവവും ഇച്ഛിക്കയാണെങ്കിൽ അവരുടെ ശുപാർശ എനിക്ക് യാതൊരു ഫലവും ചെയ്യില്ല. അവർ എന്നെ (ആ ഉപദ്രവത്തിൽ നിന്ന്) രക്ഷപ്പെടുത്തുകയുമില്ല. നിശ്ചയമായും ഞാൻ അപ്പോൾ (മററാരാധ്യരെ സ്വീകരിക്കുമ്പോൾ) പ്രത്യക്ഷമായ വഴികേടിലായിപ്പോകുകയും ചെയ്യും)

സ്രഷ്ടാവും നിയന്താവുമായ അല്ലാഹു ഏകനാണെന്ന് വിശ്വസിക്കുന്നവർ പ്രാർത്ഥിക്കുകയും, അവലംബിക്കുകയും, ഭയപ്പെടുകയും, കുററമോചനത്തിന്നായി അപേക്ഷകൾ ചെയ്കയും ചെയ്യുന്നതു അല്ലാഹുവിനോടുതന്നെ ആയിരിക്കണമെന്നുള്ളത് അവരുടെ ധർമ്മമാകുന്നു. ഈ സംഗത്യാകുന്നു മേൽ പറഞ്ഞ ദൈവവാക്യങ്ങളിൽനിന്നും നാം ഗ്രഹിക്കേണ്ടത്. എന്നാൽ നേരെ മറിച്ച് പ്രാർത്ഥന മുതലായ ആരാധനകൾ അന്യർക്കായി ചെയ്കയും സർവ്വലോക പരിപാലകൻ അല്ലാഹുവാണെന്ന് പറയുകയും ചെയ്യുന്നത്കൊണ്ട് അവൻെറ സർവ്വലോക പരിപാലകത്വത്തേയും നിയന്ത്രണാധികാരത്തേയും അവർ ഒരു വിധത്തിൽ നിഷേധിക്കുവാൻ ഇടയാകുന്നു വെന്നല്ലാതെ അതിന്ന് മററു യാതൊരു അർത്ഥവുമില്ലതന്നെ. ഇതുകൊണ്ടാകുന്നു അല്ലാഹു അവൻെറ ദാസന്മാരോട് إِيَّاكَ نعبد (ഞങ്ങൾ നിന്നെ മാത്രം ആരാധിക്കുന്നു) എന്നു പ്രാർത്ഥിക്കുവാൻ കൽപിച്ചത്.

## മററുള്ളവരെ ആരാധിക്കുന്നതിൻെറ ഉദ്ദേശം

മുശ്രിക്കുകൾ എന്ന് ഖുർആനിൽപറഞ്ഞിട്ടുള്ള പ്രാചീന അറബികൾ ദൈവത്തിൻെറ ആരാധനാപരമായ ഏകത്വത്തെ നി

ഷേധിക്കുന്നത്കൊണ്ടാണ് അവർക്ക് അങ്ങിനെ പേർ നൽകപ്പെട്ടതെന്ന് മേൽ ചെയ്ത പ്രസ്താവനകാംകൊണ്ട് ഗ്രഹിക്കാമല്ലോ. സൂക്ഷ്മം നോക്കുമ്പോാം ഇന്ന് നമ്മുടെ ഇടയിലുള്ള ഖബ്ർപൂജയിൽ അടങ്ങിയിരിക്കുന്ന വാസ്തവവും ഇത്തന്നെയാണെന്ന് പറയാതെ കഴിയുകയില്ല. എന്നാൽ ഖബ്ർപൂജയിൽ നടക്കുന്ന പ്രാർത്ഥനകളേയും നേർച്ചകളേയും കുറിച്ച് ആക്ഷേപിക്കുന്നവരോട് ചിലർ അവരുടെ ആക്ഷേപങ്ങളെ എതിർത്തുകൊണ്ടു ചില ന്യായങ്ങാം പറഞ്ഞു കാണുന്നുമുണ്ട് അല്ലാഹുവോട് നേരിട്ടു പ്രാർത്ഥിക്കുവാൻ ജനങ്ങാംക്കുള്ള ത്രാണിയില്ലായ്മയും ശേഷിക്കുറവും കൊണ്ടാണ് അവർ ഇങ്ങിനെ അല്ലാഹുവിൻെറയും അവരുടെയും ഇടയിൽ മദ്ധ്യസ്ഥന്മാരെ സ്വീകരിക്കുന്നത് എന്നത്രെ അവർ പറയുന്നത്. മുസ്ലിംകളെല്ലാം ദിനംപ്രതി അഞ്ചുനേരം നമസ്ക്കരിക്കുവാൻ നിർബ്ബന്ധിതരാണല്ലോ. ഖബറുകാംക്ക് നേർച്ചകളും വഴിപാടുകളും ചെയ്യുന്നവർ തന്നെ നമസ്കാരകർമ്മത്തെ അനുഷ്ഠിക്കുന്നവരാണ്. ആ അവസരങ്ങളിൽ അവർ അല്ലാഹുവോട് നേരിട്ടുതന്നെയാണല്ലോ അർത്ഥിക്കുന്നത്. നേരിട്ടർത്ഥിക്കുവാൻ ത്രാണിയില്ലാത്തവർ ഈ നമസ്കാരകർമ്മം ചെയ്യുന്നതെങ്ങനെ? അല്ലാഹുവോട് നേരിട്ടു പ്രാർത്ഥിക്കേണ്ടതായ എത്രയോ പ്രാർത്ഥനകാം അതിലടങ്ങിയിട്ടുണ്ടല്ലോ. എന്നുമാത്രമല്ല, നേരിട്ടു പ്രാർത്ഥിക്കുവാനുള്ള കഴിവും ത്രാണിയും ഓരോ മനുഷ്യനും സഹജമായിത്തന്നെ നല്കപ്പെട്ടിട്ടുള്ളതുകൊണ്ടാണ് സർവ്വജ്ഞനായ അല്ലാഹു അപ്രകാരം നമ്മോടാവശ്യപ്പെടുകയും അതിന്നായി നമസ്കാരകർമ്മങ്ങളെ മതവിധികളായി നമുക്ക് കല്പിച്ചു തരികയും ചെയ്തത് എന്ന് നാം ഊഹിക്കുകയല്ലേ വേണ്ടത്? പിന്നെ ത്രാണിക്കുറവിനെ പരിഹരിക്കാനാണ് മദ്ധ്യസ്ഥന്മാരെ സ്വീകരിച്ചതെന്ന് അവർ പറയുന്നു. എന്നാൽ ഇങ്ങിനെ യുള്ള മദ്ധ്യസ്ഥതയെ തന്നെയാണ് ഖുർആൻ ആക്ഷേപിച്ചു പറഞ്ഞതെന്ന് അവർ ഓർമ്മിക്കുന്നില്ല. ഈ വിധത്തിലുള്ള പ്രവൃത്തികളും അവയ്ക്കു പ്രേരകങ്ങളായി നിന്ന വിശ്വാസങ്ങളും മൂലമാണ് അറബികാം അല്ലാഹുവിൻെറ ഏകത്വത്തെ നിഷേധിച്ചിരുന്നത്. അവരെ ക്കുറിക്ക് ഖുർആൻ പറയുന്നത് കാണുക.

مانعبدهم إلا ليقربونا إلى الله زلفى — الزمر

ഞങ്ങളെ അല്ലാഹുവിനോട് അടുപ്പിക്കുവാനായി മാത്രമാകുന്നു ഞങ്ങൾ അവരെ ആരാധിക്കുന്നത്)

هؤلاء شفعاؤنا عند الله — يوسف (അല്ലാഹുവിന്റെ പക്കൽ ഇവർ ഞങ്ങളുടെ ശുപാർശക്കാരാകുന്നു)

## പ്രാർത്ഥന ആരാധനതന്നെയാകുന്നു

അറബികൾ സ്പഷ്ടമായി എടുത്തു പറഞ്ഞിരുന്ന ഈ ആരാധനാ സമ്പ്രദായത്തെതന്നെയാകുന്നു വിശുദ്ധ നബി (സ: അ) അവരോട് കഠിനമായിവിരോധിച്ചു പറഞ്ഞത് എന്നു ഓർക്കേണ്ടതാകുന്നു. എന്നാൽ തങ്ങൾ മദ്ധ്യസ്ഥരായി സ്വീകരിച്ചിരുന്നവയെ അറബികൾ ആരാധിക്കുകയാണ് ചെയ്തതെന്നും ഇന്നു മുസ്ലിംകളിൽ ആരുംതന്നെ ശുപാർശക്കാരെ ആരാധിക്കുന്നില്ലെന്നും അവർ അവിടെ ചില പ്രാർത്ഥനകളും വഴിപാടുകളും മാത്രമാണ് ചെയ്യുന്നതെന്നും ഇതിനു ചിലർ സമാധാനം പറഞ്ഞേക്കും. വാസ്തവത്തിൽ ഇതും ഒരു വലുതായ തെററിദ്ധരണയാണ്. നിരന്തരമായി അല്ലാഹുവോട്മാത്രം പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്ന ഒരാൾ തന്നെ മററാരോടെങ്കിലും പ്രാർത്ഥിക്കയാണെങ്കിൽ അയാൾ അല്ലാഹുവിന്നു സമത്വത്തെ ഭാവിച്ചുവെന്നുള്ളത് നിശ്ചയമാണ്. എന്തെന്നാൽ ഖുർആൻ കൊണ്ടും ഹദീസുകൾ കൊണ്ടും പ്രാർത്ഥന ആരാധനയാണെന്ന് സ്പഷ്ടമായി അറിയാവുന്നതാണ്.

حاكم، احمد، ابي شيبة، ابوداود، ترمذي، نسائي، ابن ماجه - (ر) عنهم

എന്നിവർ നബികരീം (സ : അ) ഇങ്ങിനെ പറഞ്ഞതായി രേഖപ്പെടുത്തിയിരിക്കുന്നു. ان الدعاء هو العبادة [നിശ്ചയമായും പ്രാർത്ഥന തന്നെയാണ് ആരാധന] മറെറാരു നിവേദന

ത്തിൽ الدّعاء مخّ العبادة [പ്രാർത്ഥന ആരാധനയുടെ മജ്ജയാകുന്നു.] ഇങ്ങനെ പറഞ്ഞതുകൊണ്ട് പ്രാർത്ഥന ആരാധനയാണെന്നുള്ളതിനു തെളിവായി.

ادعونی أستجب لكم انّ الّذين يستكبرون عن عبادتی سيدخلون جهنّم داخرين — المومن

(നിങ്ങൾ എന്നോട് പ്രാർത്ഥിക്കുവിൻ. ഞാൻ നിങ്ങൾക്ക് സമാധാനം തരും. എന്നെ ആരാധിക്കുന്നതിൽ ആർ അഹംഭാവം കാണിക്കുന്നുവോ അവർ നിന്ദ്യരായി നരകത്തിൽ പ്രവേശിക്കും) എന്നവാക്യം അവിടുന്നു ഓതികേൾപ്പിച്ചു എന്നു മേൽപ്പറഞ്ഞ നിവേദകന്മാർ പ്രസ്താവിക്കുന്നു. പ്രാർത്ഥന ആരാധനയാണെന്നുള്ളതിന്നു ഇതൊരു അനിഷേധ്യമായ രേഖയാണല്ലോ, തന്നോടല്ലാതെ യാതൊരുത്തരോടും പ്രാർത്ഥിക്കുവാൻ പാടില്ലെന്നു അല്ലാഹു നമ്മോട് കല്പിക്കുന്നതും ഈ കാരണം കൊണ്ടാകുന്നു.

إنّ الّذين تدعون من دون الله عباد أمثالكم - الاعراف

(അല്ലാഹുവിന്നു പുറമെ നിങ്ങൾ ആരോട് പ്രാർത്ഥിക്കുന്നുവോ നിശ്ചയമായും അവർ നിങ്ങളെപ്പോലുള്ള അടിമകളാകുന്നു)

فلا تدعوا مع الله أحدا — الجنّ

(അതിനാൽ അല്ലാഹുവോട് കൂടി നിങ്ങൾ മററാരോടും പ്രാർത്ഥിക്കരുത്)

له دعوة الحقّ والّذين يدعون من دونه لا يستجيبون لهم بشيء — الرعد

(യഥാർത്ഥമായ പ്രാർത്ഥന അവന്നു മാത്രമുള്ളതാകുന്നു. ഇവർ അവന്നുപുറമെ മററാരോട് പ്രാർത്ഥിക്കുന്നുവോ അവർ ഇവർക്കു യാതൊരു സംഗതിയിലും ഉത്തരം നൽകുകയില്ല)

പ്രാർത്ഥന ആരാധനതന്നെയാണെന്ന് വിശുദ്ധഖുർആനിൽ പലേടങ്ങളിലും സ്പഷ്ടമായി കാണാവുന്നതാണ്.

وَمَن اضَلّ مِمَّن يَدعُو مِن دُونِ اللهِ مَن لا يَستَجِيبُ لَهُ
الى يَوم القِيٰمةِ وَهُم عَن دُعَائِهِم غافِلُونَ. وَإذا حُشِرَ
النّاسُ كانُوا لَهُم أعدَاءً وَكانُوا بِعِبَادَتِهِم كافرين — احقاف

(അല്ലാവിന്നുപുറമെ അന്ത്യനാളംവരെ ഉത്തരം നൽകാത്തവരോട് പ്രാർത്ഥിക്കുന്നവരെക്കാൾ ഏററവും വഴി പിഴച്ചവർ മററാരുണ്ട്? അവരോ ഇവരുടെ പ്രാർത്ഥനയെപ്പററി ബോധരഹിതരുമാകുന്നു. ജനങ്ങൾ ഒരുമിച്ചു കൂട്ടപ്പെടുമ്പോൾ അവർ ഇവർക്കു ശത്രുക്കളായി മാറുകയും ഇവരുടെ ആരാധനയെ അവർ നിഷേധിക്കുന്നവരായിത്തീരുകയും ചെയ്യും)

ഈ ഖുർആൻ വാക്യം കൊണ്ടു അല്ലാഹുവല്ലാത്തവരെ വിളിച്ചു പ്രാർത്ഥിക്കുന്നവർ, മുസ്ലിംകളായിരുന്നാലും ശരി, കാനേഷുമാരി മുസ്ലിംകളായിരുന്നാലും ശരി അവരേക്കാൾ വഴിപിഴച്ചവർ മററാരും തന്നെ ഇല്ലെന്നും ഇവർ ആരെവിളിച്ചു പ്രാർത്ഥിക്കുന്നുവോ അവർ ഇവരുടെ ആരാധനയാകുന്ന പ്രാർത്ഥനയെപ്പററി തീരെ ബോധമില്ലാത്തവരാണെന്നും ഇവർ പ്രതീക്ഷിക്കുന്ന സമാധാനം അന്ത്യനാളംവരെയും ലഭിക്കുന്നതല്ലെന്നും ഓരോരുരുത്തരുടെയും പ്രവൃത്തികളുടെ ഫലം സ്പഷ്ടമായി പ്രത്യക്ഷപ്പെടുന്ന അവസരത്തിൽ ഇവരുടെ ആരാധനയാകുന്ന പ്രാർത്ഥനയെ അവർ നിഷേധിച്ചു പറയുമെന്നും ഈ ദുഷ്പ്രവൃത്തികാരണമായി ഉളവാകുന്ന വൈരം കൊണ്ട് അവർ ഇവരുടെ കഠിന ശത്രുക്കളായിത്തീരുമെന്നും വ്യക്തമാകു

ന്നു, തന്നെയുമല്ല مَن دعائهم 'ഇവരുടെ പ്രാർത്ഥനയെപ്പററി' എന്ന വാക്കിലെ പ്രാർത്ഥനയെ തന്നെയാണ്. بعبادتهم ഇവരുടെ ആരാധനയെന്ന് പറഞ്ഞുകാണുന്നത്. അതിനാൽ പ്രാർത്ഥനയും ആരാധനയും ഒന്നുതന്നെയാണെന്നും, പ്രാർത്ഥന ആരാധനയുടെ മജ്ജയാണെന്നും നല്ലപോലെ ഗ്രഹിക്കുവാൻ കഴിയുന്നു. പ്രാർത്ഥന ആരാധന അല്ലെങ്കിൽ بعبادتهم എന്നവാക്കിൻെറ സ്ഥാനത്തു بدعائهم എന്ന് ഉപയോഗിച്ചുകാണുമായിരുന്നു. ഇതിന്നും പുറമെ ഈ വാക്യത്തിൽ من 'ആർ' هم 'അവർ' എന്നീ സർവ്വനാമങ്ങരം ഉപയോഗിച്ചിരിക്കുന്നതു കൊണ്ട് ഇവർ പ്രാർത്ഥിച്ചിരുന്നത് ബിംബങ്ങളോട് മാത്രമല്ലെന്നും, തങ്ങളെപ്പോലെയുള്ള മനുഷ്യരോടാണെന്നും മനസ്സിലാക്കാവുന്നതാണ്. ഏതുവിധേനയായിരുന്നാലും അല്ലാഹുവിന്നു പുറമെയുള്ളവരോട് പ്രാർത്ഥിക്കുന്നത് കേവലം നിഷ്ഫലമാണെന്ന് കാണിക്കുവാനായി ഈ ഖുർആൻ വാക്യത്തിൽ الى يوم القيامة അന്ത്യനാരംവരേയും എന്നുള്ള പ്രയോഗം ശ്രദ്ധേയമാണ്. الى يوم القيامة 'അന്ത്യനാരംവരേയും' എന്നത് തീരെ സംഭവ്യമല്ലാത്ത സംഗതിയെ സൂചിപ്പിക്കുന്നതിന്നായി എല്ലാ കാലത്തും എല്ലാ ജനങ്ങളുടെ ഇടയിലും നടപ്പുള്ള ഒരു പ്രയോഗമാണ്.

فَقَالُوا رَبُّنَا رَبُّ السَّمٰوَاتِ وَالأَرْضِ لَنْ نَدْعُوَ مِنْ دُونِهِ إِلٰهًا لَقَدْ قُلْنَا إِذًا شَطَطًا. هٰؤُلَاءِ قَوْمُنَا اتَّخَذُوا مِنْ دُونِهِ آلِهَةً ......... وَإِذِ اعْتَزَلْتُمُوهُمْ وَمَا يَعْبُدُونَ إِلَّا اللهَ — الكهف

(അപ്പോൾ അവർ പറഞ്ഞു : ഞങ്ങളുടെ നാഥൻ ആകാശങ്ങളുടെയും ഭൂമിയുടെയും നാഥനാകുന്നു. നിശ്ചയമായും ഞങ്ങൾ അവന്നു പുറമെ മറ്റൊരു ദൈവത്തെ വിളിച്ചു പ്രാർത്ഥിക്കുകയില്ലതന്നെ, എങ്കിൽ (ഞങ്ങൾ മറ്റൊരു ദൈവത്തോട് പ്രാർത്ഥിക്കയാണെങ്കിൽ) ഞങ്ങൾ വല്ലുതായ ഒരബദ്ധം പറഞ്ഞവരായിപ്പോകും. ഞങ്ങളുടെ ജനതയായ ഈ കൂട്ടർ അവന്ന് പുറമെ മററു ദൈവങ്ങളെ സ്വീകരിച്ചു. (അവർ അന്യോന്യം പറയുന്നു) നിങ്ങൾ ഇവരെയും അല്ലാഹുവിന്ന് പുറമെ ഇവർ ആരാധിക്കുന്നതിനേയും വിട്ടുമാറിനിൽക്കുമ്പോൾ) ഈഖുർആൻ വാക്യത്തിൽ لن ندعو 'ഞങ്ങൾ പ്രാതർഥിക്കയില്ല' وما يعبدون 'അവർ ആരാധിക്കുന്നതിനെ' എന്നീ പ്രയോഗങ്ങൾകൊണ്ട് പ്രാർത്ഥന ആരാധനതന്നെയാണെന്നും പ്രാർത്ഥന ആരാധനയുടെ മുഖ്യഭാഗമാണെന്നും വ്യക്തമാണ്.

قُلْ إِنِّي نُهِيتُ أَنْ أَعْبُدَ الَّذِينَ تَدْعُونَ مِن دُونِ اللَّهِ ـ غافر

(നീ പറയുക: അല്ലാഹുവിന്ന് പുറമെ നിങ്ങൾ ആരെ വിളിച്ചു പ്രാർത്ഥിക്കുന്നുവോ അവരെ ഞാൻ ആരാധിക്കുന്നതിനെപ്പററി നിശ്ചയമായും ഞാൻ വിരോധിക്കപ്പെട്ടിരിക്കുന്നു.)

ഈ വാക്യത്തിൽ 'നിങ്ങൾ പ്രാർത്ഥിക്കുന്നവരെ ഞാൻ ആരാധിക്കുന്നതിനെ' എന്ന് പറഞ്ഞിരിക്കുന്നതുകൊണ്ടും പ്രാർത്ഥന ആരാധധതന്നെയാണെന്ന് വ്യക്തമാണ് ان اعبد ഞാൻ ആരാധിക്കുക تدعون (നിങ്ങൾ പ്രാർത്ഥിക്കുന്നു) എന്നിങ്ങനെ പ്രയോഗിച്ചു കൊണ്ട് പ്രാർത്ഥന ആരാധന തന്നെയാണെന്നും അവ തമ്മിൽ വ്യത്യാസമില്ലെന്നും നമുക്ക് ഉണർവു നൽകുന്നു. പ്രാർത്ഥന ആരാധന അല്ലെങ്കിൽ ان اعبد എന്ന സ്ഥാനത്ത് ان ادعو എന്നുള്ള പ്രയോഗം ഇവിടെ യോജിച്ച് കാണുമായിരുന്നു.

إذ قالَ لِأبِيهِ يَاأبَتِ لِمَ تَعبُدُ مالاَيَسمَعُ ولايُبصِرُ ولاَ يُغنِى عَنكَ شَيئًا...... وأعتَزِلُكُم وماتدعُونَ مِن دُونِاللهِ وأدعُو رَبِّى عَسَى أنْ لاَ أكُونَ بِدُعاءِ رَبِّى شَقِيًّا فَلَمَّا اعتَزَلَهُم وما يَعبُدُونَ مِن دُونِ اللهِ - مريم

(അദ്ദേഹം (ഇബ്രാഹിംനബി) (അ) തന്റെ പിതാവിനോട് പറഞ്ഞ സന്ദർഭത്തിൽ: പ്രിയപിതാവേ! കേൾക്കുകയോ കാണുകയോ നിങ്ങൾക്ക് വല്ല ഉപകാരവും ചെയ്യുവാൻ കഴിയുകയോ ചെയ്യാത്തതിനെ നിങ്ങൾ എന്തിന്ന് ആരാധിക്കുന്നു? ഞാൻ നിങ്ങളെയും അല്ലാഹുവിന്ന് പുറമെ നിങ്ങൾ വിളിച്ചു പ്രാർത്ഥിക്കുന്നതിനേയും വിട്ട് അകന്നുകൊള്ളാം. ഞാൻ എന്റെ നാഥനോട് പ്രാർത്ഥിക്കുന്നു. എന്റെ നാഥനോട് പ്രാർത്ഥിക്കുന്നതിൽ ഹതഭാഗ്യവാനാകയില്ലെന്ന് ഞാൻ ആശിക്കുകയും ചെയ്യുന്നു. എന്നാൽ അദ്ദേഹം അവരെയും അല്ലാഹുവിന്ന് പുറമെ അവർ ആരാധിക്കുതിനേയും വിട്ടകന്നപ്പോൾ) ഈ ഖുർആൻ വാക്യത്തിൽ تعبُدُونَ (നിങ്ങൾ ആരാധിക്കുന്നു.) تَدعُونَ നിങ്ങൾ പ്രാർത്ഥിക്കുന്നു.) أدعُو (ഞാൻ പ്രാർത്ഥിക്കുന്നു) دعاء (പ്രാർത്ഥന) يَعبُدُونَ (അവർ ആരാധിക്കുന്നു) എന്നീ പ്രയോഗങ്ങൾകൊണ്ട് പ്രാർത്ഥനയും ആരാധനയും ഒന്നു തന്നെയാണെന്നും ആരാധനയുടെ മുഖ്യഭാഗമാണ് പ്രാർത്ഥന എന്നും പ്രത്യക്ഷമാണ്.

إذ قال لابيه وقومه ما تعبدون قالوا نعبد اصنا ما فنظلّ لها عاكفين. قال هل يسمعونكم اذتدعون او ينفعونكم او يضرّون — الشعراء

(അദ്ദേഹം (ഇബ്രാഹിംനബി) (അ) തന്റെ പിതാവിനോടും തന്റെ ജനതയോടും (ഇങ്ങിനെ) പറഞ്ഞപ്പോൾ നിങ്ങൾ

എന്തിനെയാണ് ആരാധിക്കുന്നത്? ഞങ്ങൾ ബിംബങ്ങളെ ആരാധിക്കുന്നു. അങ്ങനെ ഞങ്ങൾ അവയെ ഭജിക്കുന്നവരായിതന്നെ ഇരിക്കുകയും ചെയ്യും എന്നവർ പറഞ്ഞു. അദ്ദേഹം ചോദിച്ചു: നിങ്ങൾ (അവരോട്) പ്രാർത്ഥിക്കുന്ന അവസരത്തിൽ അവർ നിങ്ങളുടെ (പ്രാർത്ഥനയെ) കേൾക്കുമോ? അവർ നിങ്ങൾക്ക് വല്ല ഉപകാരമോ ഉപദ്രവമോ ചെയ്യുമോ?)

ഈ വാക്യത്തിൽ تعبدون നിങ്ങൾ ആരാധിക്കുന്നു' എന്നും تدعون നിങ്ങൾ പ്രാർത്ഥിക്കുന്നു ' എന്നും പ്രയോഗിച്ചുകൊണ്ട് പ്രാത്ഥനയും ആരാധനയും ഒന്നുതന്നെയാണെന്ന് പഠിപ്പിക്കുന്നു.

وان المساجد لله فلا تدعوا مع الله احدا — الجن

(നിശ്ചയമായും ആരാധനാസ്ഥലങ്ങൾ അല്ലാഹുവിന്നുള്ളതാകുന്നു. അതിനാൽ നിങ്ങൾ (അവയിൽ വെച്ച്) അല്ലാഹുവോടു കൂടെ മററാരോടും പ്രാർത്ഥിക്കരുത്) ആരാധനാസ്ഥലങ്ങളെല്ലാം അല്ലാഹുവിന്ന്ഉള്ളതാണെന്നും അതുകൊണ്ട് അവനോട് കൂടിമററാരോടും പ്രാർത്ഥിക്കരുതെന്നും ഈ വാക്യം ആജ്ഞാപിക്കുന്നു. ഇതിൽ നിന്ന് പ്രാർത്ഥന ആരാധനതന്നെയാണെന്ന് നല്ലപോലെ തെളിഞ്ഞു കാണാവുന്നതാകുന്നു. പ്രാർത്ഥന ആരാധന അല്ലെങ്കിൽ فلا تدعوا (നിങ്ങൾ പ്രാർത്ഥിക്കരുത്) എന്ന ശാസനപ്രകാരം فلا تعبدوا (നിങ്ങൾ ആരാധിക്കരുത്) എന്ന് ഉപയോഗിക്കുമായിരുന്നുവല്ലോ. ചുരുക്കത്തിൽ പ്രസ്തുത ദൈവവാക്യങ്ങളുടെയെല്ലാം ശരിയായ ഒരു വ്യാഖ്യാനം തന്നെയാണ് വിശുദ്ധ നബിയുടെ انّ الدعاء هو العبادة (നിശ്ചയമായും പ്രാർത്ഥന ആരാധനതന്നെയാണ്) എന്ന തിരുവചനമെന്ന് നാം നല്ലപോലെ ഗ്രഹിക്കേണ്ടതാണ്.

## ഖുർആനും ഹദീസും അനുസരിച്ച് പ്രാർത്ഥന യുടെ താല്പര്യം

'ദുആ' എന്ന വാക്കിന് അറബി നിഘണ്ടുകളിൽ കാണുന്ന അർത്ഥങ്ങൾ എല്ലാം ഇവിടെ എടുത്തു കാണിക്കുന്നതിന്ന് ഞാൻ ഉദ്ദേശിക്കുന്നില്ല. അങ്ങനെയുള്ള ഒരു അർത്ഥവിവരണത്തിനും ഈ ഗ്രന്ഥത്തിലെ പ്രതിപാദ്യ വിഷയത്തിനും തമ്മിൽ പൊരുത്ത മില്ലെന്നുള്ളതോ പോകട്ടെ; പിന്നെ, തൗഹീദിന്റെ യഥാർത്ഥ നില മനസ്സിലാക്കുന്നതിന് അതിന്റെ ആവശ്യവുമില്ല. ആരാധനയുടെ ഒരു വകുപ്പായ പ്രാർത്ഥനയുടെ വിവക്ഷയിൽ ഖുർആനിലും ഹദീസിലും 'ദുആ' എന്ന പദം ഉപയോഗിച്ചിട്ടുണ്ടെന്നുള്ള സംഗതി വിശദമാക്കണമെന്ന് മാത്രമാണ് അതിനെ സംബന്ധിച്ചുള്ള പ്രതിപാദനംകൊണ്ടു ഇവിടെ ഉദ്ദേശിക്കുന്നത്! ആളുകൾ പരസ്പരം വിളിക്കുകയും സംബോധനം ചെയ്കയും ചെയ്യുന്നതിനെ ഉദ്ദേശിച്ച് അറബിഭാഷയിൽ 'ദുആ' എന്ന വാക്ക് ഉപയോഗിച്ച് വരുന്നുണ്ട്. അങ്ങനെയുള്ള 'ദുആ' അഥവാ വിളി അല്ലെങ്കിൽ സംബോധനം ആരാധനയാണെന്ന് ആരും പറയുമെന്ന് തോന്നുന്നില്ല. ഗുണസമ്പാദനത്തിനോ ദോഷനിവാരണത്തിനോ ആയി മനുഷ്യരുടെ കഴിവിന് അപ്പുറമുള്ള കാര്യങ്ങൾക്കുവേണ്ടി മരിച്ചവരോ ജീവിച്ചിരിക്കുന്നവരോ ആയ ആളുകളോട് 'ദുആ' (പ്രാർത്ഥന) ചെയ്യുന്നത് ആരാധനയാണെന്നും ആരാധനകളെല്ലാം അല്ലാഹുവിന് മാത്രമായിരിക്കേണ്ടതിനാൽ ഇത്തരത്തിലുള്ള 'ദുആ' യും അവനോടല്ലാതെ മററാരോടും ചെയ്യരുതാത്തതാണെന്നും സമർത്ഥിക്കുക മാത്രമാണ് ഇവിടെ ചെയ്തിട്ടുള്ളത്. ഈ സംഗതി വിശദപ്പെടുത്തുന്നതിന് അത് സംബന്ധിച്ചു ചില മഹാന്മാർ നൽകിയ വിവരണങ്ങളിൽ അല്പം ചിലത് ഇവിടെ ഉദ്ധരിക്കാം

وذكر الامام الرازى تحت قوله تعالى (ولا تدع من دون الله مالا ينفعك ولا يضرك فان فعلت فانك اذا من الظالمين) ما يقتضى

ان المراد بالدّعاء فى هذه الآية طلب المنفعة والمضرة ونصه هكذا يعنى لو اشتغلت بطلب المنفعة والمضرة من غير الله تعالى فانت من الظالمين، لأن الظلم عبارة عن وضع الشيئ فى غير موضعه، فاذا كان ماسوى الحق معزولا عن التصرف كانت اضافة التصرف الى ماسوى الحق وضعا للشيئ فى غير موضعه، فيكون ظلما (صيانة الانسان - ٤٥٩)

(അല്ലാഹുവിനു പുറമെ, നിനക്ക് ഉപകാരമോ ഉപദ്രവമോ ചെയ്യാത്തതിനെ നീ വിളിച്ചു അർത്ഥിക്കരുത്. അങ്ങനെ ചെയ്താൽ നിശ്ചയമായും നീ അധർമ്മകാരികളിൽപ്പെടുന്നതാണ്. എന്ന അർത്ഥത്തിലുള്ള പരിശുദ്ധനായ അല്ലാഹുവിന്റെ വചനത്തെ വിവരിച്ചുകൊണ്ട് ഇമാം റാസി പറയുന്നത് ഈ വാക്യത്തിൽ 'ദുആ' കൊണ്ടുള്ള ഉദ്ദേശ്യം ഉപകാരത്തെയും ഉപദ്രവത്തേയും സംബന്ധിച്ച അർത്ഥനയാണെന്നാണ്. അദ്ദേഹത്തിന്റെ വിശദീകരണം ഇങ്ങനെയാണ്. അതായത്, അല്ലാഹുവല്ലാതെ മറ്റാരിലെങ്കിലും ഉപകാരത്തെയോ ഉപദ്രവത്തെയോ തേടുന്നതിൽ നീ വ്യാപരിക്കുന്നതായാൽ നീ അധർമ്മകാരികളിൽപ്പെട്ടുപോകുന്നതാണ്. എന്തെന്നാൽ ഒരു വസ്തുവിനെ അതിനു അർഹമല്ലാത്ത സ്ഥാനത്ത് വെക്കുന്നതിനാണ് ظلم അല്ലെങ്കിൽ അധർമ്മം എന്ന് പറയുന്നത്. അല്ലാഹു അല്ലാതെയുള്ളതിനു കൈകാര്യകർതൃത്വത്തിനുള്ള അധികാരം തീരെ ഇല്ലെന്നുവരുമ്പോൾ ആ അധികാരരത്ത അല്ലാഹുവല്ലാത്തവരിൽ ആരോപിക്കുന്നത് ഒരു വസ്തുവിനെ അതിനു അർഹമല്ലാത്ത സ്ഥാനത്ത് വെക്കുകയായിരിക്കുമല്ലോ, അങ്ങനെ അത് അധർമ്മമായിരിക്കുകയും ചെയ്യും)

وعلى تقدير تسليم ان لفظ الدّعاء ليس بحسب اللّغة موضوعا للنداء المذكور يقال لا شك فى ان لفظ الدّعاء بحسب الشرع موضوع

للنداء المذكور، فانّ الله تعالى ورسوله جعل الدعاء من افراد العبادة قال الله تعالى ادعونى استجب لكم ان الّذين يستكبرون عن عبادتى سيدخلون جهنم داخرين، وقال رسوله صلعم، الدعاء هو العبادة، وايضاقال، الدعاء مخ العبادة، (صيانة الانسان - ٤٦٠)

'ദുആ' എന്ന പദം പ്രസ്തുത സംബോധനത്തിന് (സൃഷ്ടികളുടെ കഴിവിനു അപ്പുറമുള്ള സംഗതികൾക്ക് വേണ്ടി യുള്ള സംബോധനത്തിനു) ഭാഷയിൽ നിശ്ചയിച്ചിട്ടില്ല, എന്ന് സങ്കല്പിച്ചാൽതന്നെയും മതപരമായി നോക്കിയാൽ 'ദുആ' എന്ന പദം പ്രസ്തുതസംബോധനത്തിന്വേണ്ടി നിശ്ചയിച്ചി ട്ടുള്ളതാണെന്നതിൽ സംശയമില്ലെന്നു പറയാവുന്നതാണ്. എന്തെ ന്നാൽ, അല്ലാഹുവും അവൻെറ ദൂതനും 'ദുആ' എന്നതിനെ ആരാധനയുടെ ഇനങ്ങളിൽ ചേർക്കുകയാണ് ചെയ്തിരിക്കുന്ന ത്. 'നിങ്ങൾ എന്നോട് പ്രാർത്ഥിക്കുവിൻ ഞാൻ നിങ്ങൾക്ക് സമാധാനം തരും; എന്നെ ആരാധിക്കുന്നതിൽ ആർ ഗർവ്കാണി ക്കുന്നുവോ അവർ നിന്ദ്യരായി നരകത്തിൽ പ്രവേശിക്കും' എന്നി പ്രകാരം അല്ലാഹു പറയുന്നു. അവൻെറ റസൂൽ (സ) പറയുന്ന താണിത്: 'പ്രാർത്ഥന ആരാധന തന്നെയാണ്' വീണ്ടും അവിടു ന്ന് പറയുന്നു: 'പ്രാർത്ഥന ആരാധനയുടെ മജ്ജയാകുന്നു.'

وحيث تقرران الدعاء عبادة افتى الراسخون فى العلم بان دعاء من سوى الله كائنا من كان شرك وعبادة لذلك الغير. (صيانة الانسان - ٤٦١)

'പ്രാർത്ഥന അല്ലെങ്കിൽ 'ദു ആ' ആ രാ ധ ന യാ ണെ ന്ന് സ്ഥാപിതമാകയാൽ, അല്ലാഹുവിനു പുറമെയുള്ള പ്രാർത്ഥന, അവർ ആരായിരുന്നാലും ശരി, അതുശിർക്കും ആ അന്യർക്കു വേണ്ടി ചെയ്യുന്ന ആരാധനയുമാണെന്ന് അറിവിൽ നില ഉറച്ചി ട്ടുള്ളവർ തീരുമാനിച്ചിരിക്കുന്നു.

ايضا قال : واعلم ان الدعاء نوع من انواع العبادة وقال بل نقول الدعاء يفيد معرفة ذلة العبودية ويفيدعزة الربوبية، وهذا، هو المقصود الأشرف الا على من جميع العبادات، وبيانه ان الداعى لايقدم على الدعاء الا اذا عرف من نفسه كونه محتاجا الى دالك المطلوب وكونه عاجزا عن تحصيله وعرف من ربه والهه انه يسمع دعاءه ويعلم حاجته وهو قادر على دفع تلك الحاجة وهو رحيم تقتضى رحمته ازالة تلك الحاجة واذا كان كذلك فهو لا يقدم على الدعاء الااذاعرف كونه موصوفا بالحاجة وبالعجزو عرف كون الاله سبحانه موصوفا بكمال العلم والقدرة والرحمة فلا مقصود من جميع التكاليف الا معرفةذل العبودية وعزالربوبية، فاذا كان الدعاء مستجمعا لهذين المقامين لاجرم كان الدعاء اعظم انواع العبادات ،

(വീണ്ടും ഇമാം റാസി പറയുന്നു : 'അറിയുക : നിശ്ചയമായും പ്രാർത്ഥന ആരാധനയുടെ ഇനങ്ങളിൽ ഒരു ഇനമാകുന്നു. പ്രാർത്ഥന അടിമത്വത്തിന്റെ എളിമ സ്വഭാവത്തെയും യജമാനത്വത്തിന്റെ പ്രതാപനിലയെയും സംബന്ധിച്ച അറിവു നൽകുവാൻ പര്യാപ്തമായിരിക്കുന്നുവെന്നാണ് നമുക്കു പറയുവാനുള്ളത്. ഇതാകുന്നു എല്ലാ ആരാധനകളുടെയും ശ്രേഷ്ഠവും ഉൽകൃഷ്ടവുമായ ഉദ്ദേശം. അതായത് ഇതു വിശദപ്പെടുത്തിപ്പറഞ്ഞാൽ പ്രാർത്ഥനക്കു ഒരുമ്പെടുന്നവൻ താൻ ഏതു കാര്യത്തിനായി തേടുന്നുവോ അതിനു താൻ ആവശ്യക്കാരനാണെന്നും അതു സാധിക്കുന്ന വിഷയത്തിൽ താൻ അശക്തനാണെന്നും സ്വയമേവ ബോധവാനായിത്തീരുകയും തന്റെ റബ്ബും തന്റെ ഇലാഹും തന്റെ പ്രാർത്ഥന കേൾക്കുകയും തന്റെ

ആവശ്യത്തെ അറിയുകയും ചെയ്യുന്നവനാണെന്നും, ആ ആവശ്യം സാധിക്കുന്നതിനു അവൻ കഴിവുള്ളവനാണെന്നും അവൻ പരമ കാരുണികനാണെന്നും അവന്റെ കാരുണികത്വം ആ ആവശ്യത്തെ നിർവ്വഹിക്കുന്നതിനു നിയമേന പോരുന്നതാണെന്നും അറിയുകയും ചെയ്യുമ്പോഴല്ലാതെ പ്രാർത്ഥനക്കായി മുന്നിടുന്നില്ല. ഇങ്ങനെ ആയിരിക്കുമ്പോൾ താൻ ആവശ്യക്കാരനാണെന്നും ആവശ്യം സാധിക്കുന്നതിനു താൻ അശക്തനാണെന്നും, പരിശുദ്ധനായ അല്ലാഹു പൂർണ്ണമായ ജ്ഞാനവും കഴിവും കാരുണികത്വവും ഉള്ളവനാണെന്നും ഉള്ള അറിവിനു ശേഷമല്ലാതെ അവൻ പ്രാർത്ഥനയ്ക്കു മുന്നിടുന്നതല്ല എന്നു വ്യക്തമാണല്ലോ. അടിമത്വത്തിന്റെ എളിമയെയും യജമാനത്വത്തിന്റെ പ്രതാപ നിലയെയും അറിയുക എന്നുള്ളതാണ് എല്ലാ ശാസനകളുടെയും പരമോദ്ദേശ്യം. ഇപ്രകാരം പ്രാർത്ഥനയിൽ ഈ രണ്ടു നിലകളും ചേർന്നുവരണമെന്നിരിക്കുമ്പോൾ ആരാധനകളുടെ ഇനങ്ങളിൽ പ്രാർത്ഥന ഏററവും മഹത്തായിട്ടുള്ളതാണെന്നതിൽ സംശയമില്ല)

والتحقيق ان الدعاء فى اصل اللغة النداء والطلب وهو قسمان عادى وعبادى فما وجه الداعي الى مثله من طلب يقدر المدعو على اجابته بمقتضى الاسباب العادية فهو دعاء عادي وما وجهه الى من يعتقد انه له قدرة او سلطانا غيبيا فوق الاسباب العادية فهو العبادة سواء كان المدعو يستجيب له بقدرته الذاتية ام بتأثيره وشفاعته وواسطة عند ذى القدرة الذاتية والاول دعاء الموحدين لا يتوجهون فيه الا الى ربهم وحده والثانى دعاء المشركين الذين يتوجهون الى اثنين فاكثر واحد قادر بذاته وغيره قادر بشفاعته وواسطته عند القادر بذاته (حاشية صيانة الانسان 462 ഭാഗം

സൂക്ഷ്മമായി നിരൂപിച്ചാൽ 'ദുആ' എന്നതിന് (അറബി) ഭാഷാതത്വമനുസരിച്ചു, സംബോധന എന്നും അർത്ഥന എന്നും അർത്ഥമാകുന്നു. അതു സാധാരണ എന്നും ആരാധനാപരം എന്നും രണ്ടു തരമാണ്. യാതൊരുവനോടു പ്രാർത്ഥിക്കപ്പെടുന്നുവോ അയാൾക്ക് സാധാരണയായ കാര്യകാരണ ബന്ധമനുസരിച്ചു കാര്യം സാധിച്ചുകൊടുക്കാൻ കഴിയുന്നതരത്തിൽ ഒരു പ്രാർത്ഥനക്കാരൻ അവനെപ്പോലെയുള്ള ഒരുവനോടു ചെയ്യുന്ന അർത്ഥന സാധാരണയായ ദുആ ആകുന്നു. സാധാരണയായ കാര്യകാരണബന്ധത്തിന് ഉപരിയായ നിലയിൽ കഴിവും പരോക്ഷമായ അധികാരവും ഉള്ളവനാണെന്ന് അയാൾ വിശ്വസിക്കുന്ന ഒരുവൻെറ നേർക്കു അയാൾ ചെയ്യുന്ന അർത്ഥനയാകട്ടെ ആരാധനയാകുന്നു. ഇതിൽ പ്രാർത്ഥിക്കപ്പെടുന്നവൻ ഉത്തരം നൽകുന്നത് തൻെറ സ്വശക്തി കൊണ്ടായാലും സ്വന്തശക്തി ഉള്ളവൻെറ അടുക്കൽ തനിക്കുള്ള സ്വാധീനതയൊ ശുപാർശയൊ മദ്ധ്യസ്ഥതയൊ കൊണ്ടായാലും രണ്ടും ഒരു പോലെ തന്നെ. ഈ രണ്ടിൽ ആദ്യം പറഞ്ഞത് 'മുവഹ്ഹിദ്'' കളുടെ പ്രാർത്ഥന (ദുആ) ആകുന്നു; അവർ അവരുടെ റബ്ബിനോട് മാത്രമെ പ്രാർത്ഥിക്കുന്നുള്ളൂ. രണ്ടാമത്തേത് 'മുശ്രിക്കു'കളുടെ പ്രാർത്ഥനയാണ്. അവർ രണ്ടോ അതിലധികമോ പേരുടെ നേർക്ക് തിരിയുന്നു. ഒന്നു സ്വന്തമായ ശക്തിയുള്ളവൻ; മററവർ സ്വന്തമായ ശക്തിയുള്ളവൻെറ അടുക്കൽ ശുപാർശമൂലവും മദ്ധ്യസ്ഥതമൂലവും ശക്തിയുള്ളവർ.

## പ്രവൃത്തിപരമായ മാതൃക

قل إنما ادعو ربي ولا أشرك به احدا — الجن

''നീ പറയുക, നിശ്ചയമായും ഞാൻ എൻെറ നാഥനോട് മാത്രമാണ് പ്രാർത്ഥിക്കുന്നത്, (എൻെറ പ്രാർത്ഥനയിൽ ഞാൻ അവനോട് ആരെയും പങ്കുചേർക്കുന്നതല്ല). അല്ലാഹുവിനെ മാത്രം വിളിച്ചു പ്രാർത്ഥിക്കുന്നതിനും അതിൽ മററാരേയും പങ്ക് ചേർക്കാതിരിക്കുന്നതിനുമായുള്ള അല്ലാഹുവിൻെറ നബിയോടുള്ള ഒരു ആജ്ഞയാണിത്. ഈ ആജ്ഞയനുസരിച്ച്

വിശുദ്ധ നബി (സ) അല്ലാഹുവിന്ന് പുറമെ മററാരേയും വിളിച്ചു പ്രാർത്ഥിച്ചിട്ടില്ലെന്നും ഗ്രഹിക്കേണ്ടതാണ്. വാസ്തവത്തിൽ ഈ വാക്യം فلا تدعوا مع الله احدا (അല്ലാഹുവോട് കൂടി നിങ്ങൾ മററാരോടും പ്രാർത്ഥിക്കരുത്.) എന്ന വാക്യത്തിന്റെ പ്രവൃത്തിപരമായ ഒരു മാതൃക കൂടിയാകുന്നു. അതായത് അല്ലാഹുവിന്ന് പുറമെ നിങ്ങൾ മററാരേയും വിളിച്ചു പ്രാർത്ഥിക്കരുത് എന്ന നിരോധാജ്ഞക്ക് വിശുദ്ധ നബിയുടെ ജീവിതചര്യ ഒരു പ്രത്യക്ഷ ഉദാഹരണമാകുന്നു. അല്ലാഹുവോടുമാത്രം പ്രാർത്ഥിച്ചും അങ്ങനെ പ്രാർത്ഥിക്കുന്നതിന്നായി മററുള്ളവരെ ക്ഷണിച്ചും അതിനു തന്റെ ജീവിതത്തെ ഒരു മാതൃകയായിക്കാണിച്ചും അതുവഴി വിജയം നേടിയ ഒരു മഹാവ്യക്തിയാണ് വിശുദ്ധനബിയെന്ന് ആരെയും പറഞ്ഞറിയിക്കണമെന്ന് തോന്നുന്നില്ല. അല്ലാഹുവിന്ന് പുറമെ മഹാത്മാക്കളെ വിളിച്ചു പ്രാർത്ഥിക്കുന്നത് അബദ്ധമാണെന്നും അവനോടു മാത്രമെ പ്രാർത്ഥിക്കാവൂ എന്നും പറയുമ്പോൾ ഔലിയാക്കളിൽ നിന്നും ആപത്തുകൾ പിണഞ്ഞേക്കുമെന്ന് ഭയപ്പെടുന്നവർക്ക് ഈ ഖുർആൻ വാക്യം ശക്തിമത്തായ ഖണ്ഡനമാകുന്നു. മഹാത്മാക്കളെ വിളിച്ചു പ്രാർത്ഥിക്കുന്നത് നമുക്ക് എന്തെങ്കിലും വിധത്തിൽ ഗുണകരമാണെങ്കിൽ വിശുദ്ധ നബി (സ:അ) വിഷമഘട്ടങ്ങളിൽ തന്റെ പിതാമഹന്മാരായ ഇബ്രാഹീം (അ), ഇസ്മാഈൽ (അ) എന്നീ നബിമാരെ വിളിച്ചു പ്രാർത്ഥിച്ചു കൊണ്ട് ഇതിന് ഒരു മാതൃക കാണിക്കുമായിരുന്നു. എന്നാൽ നേരെ മറിച്ച് എത്രയോവലുതായ ആപത്തുകൾ നേരിട്ടിട്ടും അവിടുന്ന് അതിന്നൊരുങ്ങാതെ ഇരുന്നതും അതിനെ നിഷേധിച്ചു പറഞ്ഞതും അത് പ്രാർത്ഥനയിൽ മററുള്ളവരെ അല്ലാഹുവിൽ പങ്ക് ചേർക്കുന്നതായി പരിണമിക്കുമെന്ന് പ്രസ്തുത ദിവ്യബോധനം മുഖേന അവിടുത്തേയ്ക്കു അറിവു സിദ്ധിച്ചിരുന്നത് കൊണ്ടാകുന്നു. മനുഷ്യ സമുദായത്തിന്ന് ആകമാനം മാതൃകയായി അവതരിപ്പിക്കപ്പെട്ട വിശുദ്ധ നബിയുടെ ജീവിതചര്യയിൽ ഒരു വിധേനയും കാൺമാനില്ലാ

ത്ത ഒരു പ്രവൃത്തിയിൽ അഥവാ, അല്ലാഹുവിന്ന് പുറമെയുള്ള വരോടുള്ള പ്രാർത്ഥനയിൽ അവിടുത്തെ സമുദായം തന്നെ ശഠിച്ചുനിൽക്കുകയാണെങ്കിൽ നബിയുടെ സാർവ്വജനീനമായ മാതൃകയെ ഇതര സമുദായങ്ങൾക്ക് എടുത്തുകാണിക്കാൻ വളരെ വിഷമിക്കേണ്ടിവരുമെന്നുള്ളത് തീർച്ചയാണ്.

## സൃഷ്ടി പരിപാലനത്തിന് കഴിവുള്ളവനാണ് പ്രാർത്ഥനക്കർഹൻ

പ്രാർത്ഥനക്ക് അർഹമാക്കുന്ന ഗുണങ്ങൾ അല്ലാഹുവിന്നുള്ളതാകുന്നു. അവയാതൊന്നും തന്നെ മററുയാതൊരുവസ്തുവിനും ഇല്ല. പുണ്യാത്മാക്കളും മഹാത്മാക്കളും ആയ ആളുകളോട് ചെയ്യപ്പെടുന്ന പ്രാർത്ഥനയൊന്നും അവർ അർഹിക്കുന്നതല്ലെന്നും അവർതന്നെ ആ വാസ്തവത്തെ ദൈവ സമക്ഷത്തിൽവെച്ച് പറയുന്നതാണെന്നും മററും കാണിക്കുന്നതായി പ്രാർത്ഥനയെസംബന്ധിച്ച് വന്നിട്ടുള്ള ഒട്ടനേകം ഖുർആൻ വാക്യങ്ങളിൽ ചിലതാണ് ചുവടെ ചേർക്കുന്നത്.

فَإِنَّهُمْ عَدُوٌّ لِّي إِلَّا رَبَّ الْعَالَمِينَ الَّذِي خَلَقَنِي فَهُوَ
يَهْدِينِ وَالَّذِي هُوَ يُطْعِمُنِي وَيَسْقِينِ وَإِذَا مَرِضْتُ فَهُوَ
يَشْفِينِ وَالَّذِي يُمِيتُنِي ثُمَّ يُحْيِينِ وَالَّذِي أَطْمَعُ أَن يَغْفِرَ لِي
خَطِيئَتِي يَوْمَ الدِّينِ — الشعراء

(അല്ലാഹുവിന്നു പുറമെ നിങ്ങളും നിങ്ങളുടെ പൂർവ്വികൻമാരും ആരെ ആരാധിക്കുന്നുവോ) നിശ്ചയമായും അവരെല്ലാം എനിക്ക് ശത്രുക്കളാകുന്നു. സർവ്വലോക പരിപാലകൻ ഒഴികെ (അവനെ ഞാൻ ആരാധിക്കുന്നു. എന്തുകൊണ്ടെന്നാൽ) അവൻ എന്നെ സൃഷ്ടിച്ച് അവൻതന്നെ എന്നെ വഴികാണിക്കുകയും ചെയ്യുന്നു. അവൻ തന്നെ എനിക്ക് ഭക്ഷണം നൽകുകയും അവൻ എനിക്ക് കുടിക്കുവാൻ തരികയും ചെയ്യു

ന്നു. ഞാൻ രോഗത്തിലകപ്പെടുമ്പോൾ അവൻ എനിക്ക് ശമനം നൽകുന്നു. അവൻ എന്നെ മരിപ്പിക്കുകയും വീണ്ടും ജീവിപ്പിക്കുകയും ചെയ്യുന്നു. പ്രതിഫലം നൽകപ്പെടുന്ന ദിവസം ഞാൻ എന്റെ പാപം ക്ഷമിച്ച് തരുവാൻ അവനോടു തന്നെ യാചിക്കുകയും ചെയ്യുന്നു.)

അല്ലാഹുവിനെ മാത്രമേ ആരാധിക്കാവൂ എന്നതിന്ന് ഇബ്രാഹീം നബി (അ) എടുത്തുകാണിക്കുന്ന പ്രബലങ്ങളായ ന്യായങ്ങളിൽ . ചിലതാണ് ഈ ഖുർആൻ വാക്യങ്ങളിൽ നാം കാണുന്നത്. സർവ്വചരാചരങ്ങൾക്കും അവയ്ക്കാവശ്യമായി വരുന്ന സർവ്വവും നൽകി അവയെ പരിപാലിക്കുവാനുള്ള ശക്തി അധീനതയിൽ ഉണ്ടായിരിക്കുക, സൃഷ്ടിക്കുവാനും സൃഷ്ടികൾക്ക് ബാഹ്യവും ആന്തരവുമായ എല്ലാസാധനങ്ങളും നൽകി വഴികാണിക്കുവാനും കെൽപ്പുണ്ടായിരിക്കുക. ഭക്ഷണ പാനീയങ്ങൾ നൽകുവാനും രോഗങ്ങൾക്ക് ശമനം വരുത്തുവാനും മരിപ്പിക്കുവാനും വീണ്ടും ജീവിപ്പിക്കുവാനും പാപങ്ങൾ പൊറുത്ത് കൊടുക്കുവാനും ഉള്ള അധികാരവും ശക്തിയും ഉണ്ടായിരിക്കുക, ഇവയാണ് അല്ലാഹുവിനെ ആരാധനക്കർഹനാക്കിത്തീർക്കുന്നതായി ഇബ്രാഹീംനബി കാണുന്ന ഗുണങ്ങൾ. ഈ ഗുണങ്ങൾ ഇല്ലാത്തവർ പ്രാർത്ഥന അർഹിക്കുന്നവരായിരിക്കുകയില്ല. അവരോട് പ്രാർത്ഥിക്കുന്നവർ അദ്ദേഹത്തിന്റെ ശത്രുക്കളും ആണ്. ഇബ്രാഹീം നബിയുടെ ഇങ്ങിനെയുള്ള ന്യായ വാദങ്ങളെപ്പററി ചിന്തിച്ച്നോക്കിയാൽ അല്ലാഹുവിന് പുറമെ ഔലിയാക്കന്മാരോടും ശൈഖന്മാരോടും പ്രാർത്ഥിക്കുന്നതിന് സമയം കളയുന്നത് ഭോഷത്തമാണെന്നു മനസ്സിലാകും.

يا أيُّها النَّاسُ ضُرِبَ مَثَلٌ فاسْتَمِعُوا لهُ إنَّ الَّذين تَدعُونَ

مِن دُونِ اللهِ لَنْ يخْلقُوا ذبابًا ولو اجْتَمَعُوا لهُ وإن يَسلبْهُم

الذُّبابُ شَيئًا لا يَستَنقِذُوه مِنهُ ضَعُفَ الطالِبُ والمَطلوبُ

ماقَدَرُوا اللهَ حقَّ قدْرِه إن اللهَ لقَوِيٌّ عزيز — الحج

(ജനങ്ങളേ! ഒരു ഉദാഹരണം ഉദാഹരിക്കപ്പെട്ടിരിക്കുന്നു. നിങ്ങൾ അതിനെ നല്ലവണ്ണം ശ്രദ്ധിച്ച് കേൾക്കുവിൻ. അല്ലാഹുവിനെക്കൂടാതെ നിങ്ങൾ ആരോട് പ്രാർത്ഥിക്കുന്നുവോ അവരെല്ലാം ഒന്നായി ചേർന്നിരുന്നാലും ഒരു ഈച്ചയെപ്പോലും അവർ സൃഷ്ടിക്കയില്ല. എന്നാൽ ഈച്ച അവരുടെ പക്കൽനിന്ന് വല്ലതും തട്ടിയെടുക്കുകയാണെങ്കിൽ അവർക്ക് അതിനെ അതിന്റെ പക്കൽനിന്ന് തിരിച്ചെടുക്കുവാനും കഴിയുകയില്ല. അർത്ഥിക്കുന്നവനും അർത്ഥിക്കപ്പെടുന്നവനും ബലഹീനരത്രെ! അല്ലാഹുവിന്റെ നിലയെ അവർ വേണ്ടത് പോലെ പരിഗണിച്ചറിഞ്ഞില്ല. നിശ്ചയമായും അല്ലാഹു ബലവാനും ശ്രേഷ്ഠനുമാകുന്നു.

وَالَّذِينَ يَدْعُونَ مِنْ دُونِ اللّٰهِ لَا يَخْلُقُونَ شَيْئًا وَهُمْ يُخْلَقُونَ
أَمْوَاتٌ غَيْرُ أَحْيَاءٍ وَمَا يَشْعُرُونَ أَيَّانَ يُبْعَثُونَ – النحل

(അല്ലാഹുവിന്ന് പുറമെ അവർ വിളിച്ച് പ്രാർത്ഥിക്കുന്നവർ യാതൊന്നും സൃഷ്ടിക്കുന്നില്ല. (മാത്രമല്ലാ) അവർ സൃഷ്ടിക്കപ്പെടുന്നവരത്രെ, ജീവിച്ചിരിപ്പില്ലാത്ത മരിച്ചവരും തങ്ങൾ എപ്പോൾ എഴുന്നേൽപിക്കപ്പെടുമെന്ന് ബോധമില്ലാത്തവരും കുന്നു.)

اللّٰهُ الَّذِي خَلَقَكُمْ ثُمَّ رَزَقَكُمْ ثُمَّ يُمِيتُكُمْ ثُمَّ يُحْيِيكُمْ
هَلْ مِنْ شُرَكَائِكُمْ مَنْ يَفْعَلُ مِنْ ذٰلِكُمْ مِنْ شَيْءٍ سُبْحَانَهُ
وَتَعَالَىٰ عَمَّا يُشْرِكُونَ - الروم

(അല്ലാഹുവത്രെ നിങ്ങളെ സൃഷ്ടിച്ചത്. പിന്നെ അവൻ നിങ്ങൾക്ക് ആഹാരം നൽകുകയും. പിന്നീട് അവൻ നിങ്ങളെ മരിപ്പിക്കുകയും, വീണ്ടും ജീവിപ്പിക്കുകയാം ചെയ്യുന്നും. എന്നാൽ ഇവയിൽ വല്ലതും പ്രവർത്തിക്കുന്നതിന്ന് പ്രാപ്ത

രായി) നിങ്ങളുടെ പങ്കുകാരിൽ ആരെങ്കിലുമുണ്ടോ? അവർ സമപ്പെടുത്തുന്നതിൽനിന്ന് അവൻ എത്രയോ പരിശുദ്ധനാണ്.)

أمْ جَعَلُوا لِلّهِ شُرَكاءَ خَلَقُوا كَخَلْقِهِ فتَشابه الخَلْقُ
عَلَيْهِمْ — الرعد

(അല്ലാഹു സൃഷ്ടിച്ചത് പോലെ വല്ലതും സൃഷ്ടിച്ച പങ്കുകാരെയാണോ അവർ സ്ഥാപിച്ചിരിക്കുന്നത്? അങ്ങനെ ആ സൃഷ്ടി പരസ്പരം സാദൃശ്യപ്പെടുകയാൽ അവർക്ക് (അത്) വേർതിരിച്ചറിയാൻ പ്രയാസം നേരിട്ടുപോയോ?

قُلْ أرَأيْتُمْ ما تَدْعُونَ مِنْ دُونِ اللّهِ أرُونِي ماذا خَلَقُوا
مِنَ الأرْضِ أمْ لَهُمْ شِرْكٌ فِي السَّمٰوات ايْتُونِي بِكِتابٍ مِنْ
قَبْلِ هٰذا أو أثارَةٍ مِنْ عِلْمٍ إنْ كُنْتُمْ صادِقِينَ - احقاف

(പറയുക: അല്ലാഹുവിന്ന് പുറമെ നിങ്ങൾ യാതൊന്നിനെ പ്രാർത്ഥിക്കുന്നുവോ അതിനെപ്പറ്റി നിങ്ങൾ ചിന്തിച്ച്നോക്കീട്ടുണ്ടോ? അവർ ഭൂമിയിൽ എന്തൊരംശമാണ് സൃഷ്ടിച്ചതെന്ന് നിങ്ങൾ എനിക്ക് കാണിച്ച്തരുവിൻ. അതല്ല; ആകാശങ്ങളിൽ അവയെ (സൃഷ്ടിക്കുന്നതിൽ) അവർക്ക് വല്ല പങ്കും ഉണ്ടോ? (അല്ലാഹുവിന്ന് പുറമെയുള്ളവരെ വിളിച്ച് പ്രാർത്ഥിക്കാം എന്നുള്ള നിങ്ങളുടെ വാദത്തിൽ) നിങ്ങൾ സത്യവാന്മാരാണെങ്കിൽ (ആ വാദത്തിന്തെളിവായി) നിങ്ങൾ ഇതിനുമുമ്പുള്ള ഏതെങ്കിലും ഗ്രന്ഥമോ വല്ല വിജ്ഞാന ചിഹ്നമോ നിങ്ങൾ എന്റെ അടുക്കൽ കൊണ്ട്വരുവിൻ.)

قُلْ أرَأيْتُمْ شُرَكاءَكُمُ الَّذِينَ تَدْعُونَ مِنْ دُونِ اللّهِ أرُونِي ماذا
خَلَقُوا مِنَ الأرْضِ أمْ لَهُمْ شِرْكٌ فِي السَّمٰواتِ أمْ آتَيْناهُمْ
كِتابًا فَهُمْ عَلَى بَيِّنَةٍ مِنْهُ - فاطر

(നീ പറയുക: അല്ലാഹുവിന്ന് പുറമെ നിങ്ങൾ വിളിച്ച് പ്രാർത്ഥിക്കുന്ന നിങ്ങളുടെ പങ്കുകാരെ നിങ്ങൾ കാണുന്നുണ്ടോ? അവർ ഭൂമിയിൽ എന്തൊരംശമാണ് സൃഷ്ടിച്ചതെന്ന് നിങ്ങൾ എനിക്ക് കാണിച്ചുതരുവിൻ. അതല്ല അവർക്ക് ആകാശങ്ങളെ (സൃഷ്ടിക്കുന്നതിൽ) വല്ല പങ്കും ഉണ്ടോ, അതോ (നിങ്ങളുടെ ഈ ജൽപനക്ക് പ്രമാണമായി) നാം അവർക്ക് വല്ല ഗ്രന്ഥവും നൽകിയിട്ട് അതിൽ നിന്നും അവർ തെളിവുകിട്ടിയവരായിരിക്കുന്നുവോ?)

ذَٰلِكُمُ اللَّهُ رَبُّكُمْ لَهُ الْمُلْكُ وَالَّذِينَ تَدْعُونَ مِن دُونِهِ مَا
يَمْلِكُونَ مِن قِطْمِيرٍ إِن تَدْعُوهُمْ لَا يَسْمَعُوا دُعَاءَكُمْ وَلَوْ سَمِعُوا
مَا اسْتَجَابُوا لَكُمْ وَيَوْمَ الْقِيَامَةِ يَكْفُرُونَ بِشِرْكِكُمْ - فاطر

ആ അല്ലാഹുവാണ് നിങ്ങളുടെ നാഥൻ. ആധിപത്യം അവന്നുള്ളതാകുന്നു. അവന്നുപുറമെ നിങ്ങൾ ആരോട് പ്രാർത്ഥിക്കുന്നുവോ അവർ ഈത്തപ്പഴക്കുരുവിന്റെ പാട (ഒരു അണു അളവും) പോലും ഉടമയാക്കുന്നില്ല. അവരോട് നിങ്ങൾ പ്രാർത്ഥിച്ചാൽ അവർ നിങ്ങളുടെ പ്രാർത്ഥന കേൾക്കുകയില്ല. കേട്ടെന്നുവന്നാൽതന്നെയും നിങ്ങൾക്ക് അവർ ഉത്തരം തരുന്നതല്ല അന്ത്യദിവസത്തിൽ നിങ്ങൾ (അവരെ) പങ്കുചേർത്തതിനെ അവർ നിഷേധിക്കുകയും ചെയ്യും.)

പ്രസ്തുത ഖുർആൻ വാക്യങ്ങളെല്ലാം പ്രാർത്ഥനക്കർഹൻ സൃഷ്ടിക്കുവാനുള്ള അധികാരവും ശക്തിയും അധീനതയിൽ വെക്കുന്നവൻ മാത്രമാണെന്നും, അതിന്നു അർഹതയില്ലാത്തവരോട് പ്രാർത്ഥിക്കുന്നതു ഫല ശൂന്യമാണെന്നും ദൃഷ്ടാന്ത സഹിതം വ്യക്തമാക്കിത്തരുന്നു. തന്നെയുമല്ല അന്യരോടുള്ള പ്രാർത്ഥന ശുദ്ധശിർക്കാണെന്നും, ബിംബങ്ങളോട് പ്രാർത്ഥിച്ചാലും, മരിച്ചുപോയ മഹാത്മാക്കളെ വിളിച്ചു പ്രാർത്ഥിച്ചാലും, ഫലം ഒന്നുതന്നെയാണെന്നും അവയിൽനിന്നു

നമുക്കു ഗ്രഹിക്കുവാൻ കഴിയും. ബിംബങ്ങൾക്ക് പ്രാർത്ഥനകേൾക്കുവാൻ കഴിയാത്തതുപോലെത്തന്നെ മഹാത്മാക്കൾക്കും അതു കേൾക്കുവാൻ കഴിയുകയില്ലെന്നും ഇനി കേട്ടെന്നു വന്നാൽ തന്നെയും അതിന് സമാധാനം നൽകുന്നതിനു ബിംബങ്ങൾക്കു കഴിയാത്തതുപോലെ മഹാത്മാക്കൾക്കും കഴിയുകയില്ലെന്നും ബിംബങ്ങളെ വിളിച്ചു പ്രാർത്ഥിക്കുന്നവരെ എപ്രകാരം ആക്ഷേപിക്കുന്നുവോ അപ്രകാരംതന്നെ മഹാത്മാക്കളെ വിളിച്ചു പ്രാർത്ഥിക്കുന്നവരും ആക്ഷേപത്തിന്നു അർഹരാണെന്നും അവ നമ്മെ ഉണർത്തുകയും ചെയ്യുന്നു. ഇതിന്നു പുറമെ അല്ലാഹുവിനെ വിട്ട് മററുള്ളവരെ വിളിച്ചു പ്രാർത്ഥിക്കാമെന്നുള്ളതിന്നു പരിശുദ്ധ ഖുർആനിലോ അതുപോലെയുള്ള മററു ദിവ്യഗ്രന്ഥങ്ങളിലോ യാതൊരു തെളിവും കാൺമാൻ കഴിയുകയില്ലെന്നും ഇതുപോലെതന്നെ യഥാർത്ഥ ചരിത്രവും ഇവർക്ക് ഒരു വിധേനയും തെളിവുനൽകുന്നില്ലെന്നും മേൽകാണിച്ച ഖുർആൻ വാക്യങ്ങളിൽ നിന്ന് പകൽ പ്രകാശം പോലെ തെളിഞ്ഞു കാണാവുന്നതാകുന്നു.

## അല്ലാഹുവിന്നു പുറമെ പ്രാർത്ഥിക്കപ്പെടുന്നവർ മഹാത്മാക്കളായാലും സ്ഥൂല വസ്തുക്കളായാലും രണ്ടും ഫലം ഒന്നു തന്നെ

الذين تدعون من دون الله (അല്ലാഹുവിന്നുപുറമെ നിങ്ങൾ പ്രാർത്ഥിക്കുന്നവർ) എന്നവാക്യത്തിലെ من دون الله (ദൈവത്തിനുപുറമെ) എന്നവാക്കിൽ കല്ല്, മരം, കൊടി താഗൂത്ത് ഇത്യാദി സ്ഥൂലവസ്തുക്കൾ ഉൾപ്പെടുന്നതുപോലെതന്നെ ملك نبي ولي എന്നിവരും ഉൾപ്പെടുന്നുണ്ടെന്ന് നല്ലവണ്ണം ഓർക്കേണ്ടതാകുന്നു.

قل أفاتخذتم من دونه أولياء لا يملكون لأنفسهم
نفعا ولا ضرا — الرعد

(നീ ചോദിക്കുക; അവന്നുപുറമെ, അവർക്കുതന്നെയും ഗുണമോ ദോഷമോ അധീനതയിലില്ലാത്തവരെ നിങ്ങൾ നാഥൻമാരായി സ്വീകരിക്കുന്നുവോ)

ഈ വാക്യത്തിലെ 'അവന്നുപുറമെയുള്ള നാഥൻമാരെ' എന്ന് പറഞ്ഞത് വിഗ്രഹങ്ങളെ സംബന്ധിച്ചല്ല, അല്ലാഹുവിന്റെ ദാസൻമാരായ മഹാത്മാക്കളെ സംബന്ധിച്ചുതന്നെയാകുന്നു. ഈ സംഗതി താഴെ എഴുതുന്ന ഖുർആൻ വാക്യം വ്യക്തമാക്കുന്നുണ്ടെന്ന് കാണാം,

افحسب الّذين كفروا أن يتخذوا عبادى من دونى اولياء — الكهف

(എനിക്കുപുറമെ എന്റെ ദാസൻമാരെ നാഥൻമാരായി സ്വീകരിക്കാമെന്ന് അവിശ്വാസികൾ വിചാരിക്കുന്നുണ്ടോ?)

ഈ വാക്യത്തിൽ കാണുന്ന 'ഇബാദീ' (എന്റെ ദാസൻമാരെ) എന്ന വാക്കു ബിംബങ്ങളെപ്പററി അല്ലെന്നും മഹാത്മാക്കളെ സംബന്ധിച്ചു തന്നെയാണെന്നും പ്രത്യേകം എടുത്തു പറയണമെന്ന് തോന്നുന്നില്ല. ഇങ്ങനെയുള്ള ഖുർആൻവാക്യങ്ങളെല്ലാം നബിയുടെ കാലക്കാരും ബിംബാരാധകൻമാരും ആയ അറബികളെപ്പററി മാത്രം ഇറങ്ങിയിട്ടുള്ളതാണെന്ന് മതവിവരമില്ലാത്ത ചിലർ പറയുന്നത് വാസ്തവമാണെങ്കിൽ വ്യഭിചാരികൾക്കും മദ്യപാനികൾക്കും ചൂതുകളിക്കാർക്കും പലിശമേടിക്കുന്നവർക്കും ഇതേ ന്യായം തന്നെ എടുത്തു കാണിച്ചു തങ്ങളുടെ ദുഷ്പ്രവൃത്തികളെ പാലിച്ചു നിർത്താമായിരുന്നു. ഇവരുടെ അടിസ്ഥാനരഹിതമായ ഈ ന്യായം അനുസരിച്ചു പരിശുദ്ധഖുർആൻ നബിയുടെ കാലക്കാരായ അറബികൾക്ക് മാത്രമായി അവതരിച്ചിട്ടുള്ള ഒരു ഗ്രന്ഥമാണെന്നും വിശ്വസിക്കേണ്ടതായും വരുന്നു. മേൽ കാണിച്ച ആ ഖുർആൻ വാക്യത്തെ സംബന്ധിച്ച് تفسير الجلالين ഇങ്ങനെ എഴുതുന്നു.

اى ملائكتى وعيسى وعزيرا المعنى اظنّوا انّ الا تخاذ المذكور فى يغضبنى ولا اعاقبهم عليه كلا

'എന്റെ ദാസന്‌മാർ എന്ന ദൈവവാക്യത്തിന്റെ വിവക്‌ഷ എന്റെ മലക്കുകരം' ഉസൈർ (അ) ഈസാ (അ) എന്നിവരാകുന്നു, ഈ വാക്യത്തിന്റെ അർത്‌ഥം ഇതാണ്‌: പ്രസ്‌തുത സ്വീകരണം (അല്ലാഹുവിന്ന്‌ പുറമെ മലക്കുകളോടും നബിമാരോടും പ്രാർത്‌ഥിച്ചു അവരെ നാഥന്‌മാരായി) സ്വീകരിക്കൽ എന്നെ കോപിപ്പിക്കയില്ലെന്നും ഇതിനെ (ഈ അബദ്‌ധധാരണയെ അടിസ്‌ഥാനപ്പെടുത്തി) ഞാൻ അവരെ ശിക്‌ഷിക്കയില്ലെന്നും അവർ വിചാരിച്ചു പോയോ? അങ്ങിനെയല്ല' (നേരെമറിച്ച്‌ പ്രസ്‌തുത ധാരണ ദൈവ കോപത്തിനും അവന്റെ ശിക്‌ഷക്കും ഹേതുഭൂതമായിരിക്കുക തന്നെചെയ്യും)

والّذين يدعون من دونه لا يستجيبون لهم بشيئ الا كباسط كفّيه الى الماء ليبلغ فاه وما هو ببالغه — الرعد

ഇവർ അവന്നു പുറമെ മററാരോടു പ്രാർത്‌ഥിക്കുന്നുവോ അവർ ഇവർക്ക്‌ യാതൊരു സംഗതിയിലും സമാധാനം നൽകുകയില്ല. തന്റെ രണ്ടു കൈപ്പത്തികളും വെള്ളത്തിന്നുനേരെ (അതിൽനിന്ന്‌ കോരി എടുക്കാതെ തനിയെതന്നെ) അതുവായിൽ എത്തുന്നതിന്ന്‌വേണ്ടി വിരുത്തിയ വന്ന്‌ തുല്യമാകുന്നു. അവനോ അത്‌ (ഒരിക്കലും) പ്രാപിക്കുന്നവനുമല്ല.)

ഈ വാക്യത്തിൽ കാണുന്ന ഉദാഹരണം എത്രയും അർത്‌ഥവത്തായിട്ടുള്ളതാകുന്നു. ദാഹം പിടിപ്പെട്ട ഒരാരം കുടിക്കുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ അയാരം വെള്ളത്തിന്നു നേരെ തന്റെ കരങ്ങാരം വിടർത്തിവെച്ച്‌കൊണ്ട്‌ തനിയെത്തന്നെ വെള്ളം വായിൽ എത്തണമെന്നു ആഗ്രഹിക്കുന്നതായാൽ അതൊരിക്കലും സാദ്‌ധ്യമാകുന്നതല്ലല്ലോ? എന്ന്‌ മാത്രമല്ല അത്‌ ചിത്തഭ്രമത്തി

ൻെറ ഒരു വകഭേദമെന്നു വിചാരിക്കപ്പെടുവാനും വകയുണ്ട്. ഇതുപോലെത്തന്നെ അല്ലാഹുവിൻെറ പക്കൽ സ്ഥാനമാനങ്ങളോടു കൂടിയ മഹാത്മാക്കളുടെ ജീവിതചര്യകൾ ഒരു ജലാശയമായി വിചാരിക്കുകയാണെങ്കിൽ അതിന്നുനേരെ തങ്ങളുടെ കരങ്ങൾ ഉയർത്തി അവരുടെ മാഹാത്മ്യങ്ങളെ എടുത്തുപറഞ്ഞു കാണിക്കുന്നതുകൊണ്ടുമാത്രം രക്ഷ സിദ്ധിക്കുമെന്നുള്ള വിചാരവും ഫലശൂന്യമാണ്. ആ ജലാശയത്തിൽനിന്നും കുടിച്ചു ദാഹം തീർക്കണമെന്നുണ്ടെങ്കിൽ മഹാത്മാക്കളുടെ ചവിട്ടടിയെ പിന്തുടർന്ന് പ്രവൃത്തിക്കുകതന്നെ വേണ്ടിയിരിക്കുന്നു. വിശേഷിച്ചും പ്രാർത്ഥനപോലെയുള്ള ആരാധനകൾ നിർവ്വഹിക്കുന്നതിന്ന് അവർ നമ്മെ പഠിപ്പിച്ചുതന്ന മാർഗ്ഗത്തെ തന്നെ മുറുകെ പിടിക്കേണ്ടതുമാകുന്നു.)

## എനിക്ക് അല്ലാഹുമതി

قل افرأيتم ما تدعون من دون الله إن ارادني الله بضرّ هل هن كاشفات ضرّه او ارادني برحمة هل هن ممسكات رحمته قل حسبي الله عليه يتوكّل المتوكّلون ـ الزمر

(നീ പറയുക, അല്ലാഹുവിന്ന് പുറമെ നിങ്ങൾ ആരോട് പ്രാർത്ഥിക്കുന്നുവോ അവരെപ്പററി നിങ്ങൾ ചിന്തിച്ചുനോക്കീട്ടുണ്ടോ? അല്ലാഹു എനിക്കു വല്ല ഉപദ്രവത്തെ ഇഛിക്കുക യാണെങ്കിൽ അവർ അവൻെറ ഉപദ്രവത്തെനീക്കം ചെയ്യുന്നവരാണോ? അഥവാ അവൻ എനിക്കായി കാരുണ്യത്തെ ഇച്ഛിക്കയാണെങ്കിൽ അവർ അവൻെറ കാരുണ്യത്തെ തടുത്തുനിറുത്തിക്കളയുന്നവരാണോ? എനിക്ക് അല്ലാഹുമതി എന്ന് നീ പറയുക. ആശ്രയിക്കുന്നവർ അവനെ മാത്രം ആശ്രയിച്ചു കൊള്ളട്ടെ.)

قل اندعو من دون الله مالا ينفعنا ولا يضرّنا ونردّ على اعقابنا بعد إذ هدانا الله — انعام

(നീ പറയുക, അല്ലാഹുവിന്നുപുറമെ ഞങ്ങൾക്ക് വല്ല ഉപകാരമോ ഉപദ്രവമോ ചെയ്യാൻ കഴിയാത്തതിനെ ഞങ്ങൾ വിളിച്ചു പ്രാർത്ഥിക്കുമോ? അല്ലാഹു ഞങ്ങളെ നേർമാർഗ്ഗത്തിൽ ചേർത്തതിന്നുശേഷം ഞങ്ങൾ പിന്തിരിക്കപ്പെടുകയും ചെയ്യുമോ?)

فما اغنت عنهم آلهتهم التّي يدعون من دون الله من شيئ - هود

അല്ലാഹുവിന്ന് പുറമെ അവർ പ്രാർത്ഥിക്കുന്ന അവരുടെ ദൈവങ്ങൾ അവർക്ക് യാതൊരു പ്രയോജനവും ചെയ്തില്ല.) അല്ലാഹുവിൻെറ ശിക്ഷയിൽ നിന്നും ഒന്നും അവരെ തടുത്തില്ല,

## ഉപകാരമോ ഉപദ്രവമോ ചെയ്യാൻ കഴിയാത്തതിനോട് പ്രാർത്ഥിക്കുന്നത് വഴികേടാണ്

يدعو من دون الله مالا يضرّه ومالا ينفعه ذلك هو الضّلال البعيد — الحج

(അവൻ അല്ലാഹുവിന്നുപുറമെ അവന് ഉപദ്രവമോ ഉപകാരമോ ചെയ്യാത്തതിനെ വിളിച്ച് പ്രാർത്ഥിക്കുന്നു. ഇതത്രെ വിദൂരമായ വഴികേട്)

ولا تدع من دون الله مالا ينفعك ولا يضرّك فان فعلت فانّك إذا من الظالمين وان يمسسك الله بضر فلا كاشف له الاّ هو وان يردك بخير فلا رادّ لفضله — يونس

അല്ലാഹുവിന്ന് പുറമെ നിനക്ക് ഉപകാരമോ ഉപദ്രവമോ ചെയ്യാത്തതിനെ നീ വിളിച്ച് പ്രാർത്ഥിക്കരുത്. അങ്ങിനെ ചെയ്യുകയാണെങ്കിൽ നീ നിശ്ചയമായും ദ്രോഹികളിൽ ഉൾപ്പെടുന്നതാണ്. അല്ലാഹു നിനക്ക് വല്ല ദോഷവും തട്ടിക്കുകയാണെ

കിൽ അത് നീക്കം ചെയ്യുന്നതിന്ന് അവനല്ലാതെ മററാരും തന്നെയില്ല. അവൻ നിനക്ക് വല്ല ഗുണത്തെയും ഇച്ഛരിക്കയാണെങ്കിൽ അവൻെറ അനുഗ്രഹത്തെ തടയുവാനും ആരുമില്ല.)

മേൽകാണിച്ച ഖുർആൻ വാക്യങ്ങളെല്ലാം ഗുണമോ ദോഷമോ ഉപകാരമോ ഉപദ്രവമോ ചെയ്യുന്നതിനുള്ള അധികാരവും ശക്തിയും അധീനതയിൽ വെക്കുന്നവൻ മാത്രമാണ് പ്രാർത്ഥനക്ക് അർഹനെന്നും ഈ അധികാരം അല്ലാഹുവിന്നല്ലാതെ മററാർക്കും ഇല്ലെന്നും അതിനാൽ അല്ലാഹു മാത്രമാണ് പ്രാർത്ഥനക്ക് അർഹനെന്നും നമുക്ക് ഉണർവ് നൽകുന്നു. തന്നെയുമല്ല അല്ലാഹുവിന്ന് പുറമെയുള്ളവരോടുള്ള പ്രാർത്ഥന ഖുർആനിൻെറ ദൃഷ്ടിയിൽ വിദൂരമായ വഴികേടാണെന്നും അതിൽനിന്നും ഗ്രഹിക്കാവുന്നതുമാകുന്നു.

## നിങ്ങളെപ്പോലുള്ള അടിമകളാകുന്നു.

إن الّذين تدعون من دون الله عباد امثالكم فادعوهم فليستجيبوا لكم إن كنتم صادقين — الاعراف

നിശ്ചയമായും അല്ലാഹുവിന്ന്പുറമെ നിങ്ങൾ ആരോട് പ്രാർത്ഥിക്കുന്നുവോ അവർ നിങ്ങളെപ്പോലെയുള്ള അടിമകളാകുന്നു. എന്നാൽ (ദൈവത്തിന്ന് പുറമെയുള്ളവരോട് പ്രാർത്ഥിക്കാമെന്ന ധാരണയിൽ) നിങ്ങൾ സത്യവാന്മാരാണെങ്കിൽ നിങ്ങൾ അവരെ വിളിച്ച് പ്രാർത്ഥിക്കുവിൻ. അവർ നിങ്ങൾക്ക് സമാധാനം നൽകട്ടെ.)

والّذين تدعون من دونه لا يستطيعون نصركم ولا انفسهم ينصرون — الاعراف

(അവനെ വിട്ടുകൊണ്ട് നിങ്ങൾ ആരോട് പ്രാർത്ഥിക്കുന്നുവോ അവർക്ക് നിങ്ങളെ സഹായിക്കുവാൻ കഴിയുകയില്ല. അവർ അവരെത്തന്നെയും സഹായിക്കുന്നതുമല്ല.)

ഈ ഖുർആൻ വാക്യങ്ങൾ അല്ലാഹുവിന്ന്പുറമെ നാം വിളിച്ച് പ്രാർത്ഥിക്കുന്നവർ നമ്മെപ്പോലെയുള്ള അടിമകൾ തന്നെയാണെന്നും അടിമകളെന്ന നിലയിൽ മനുഷ്യശക്തിക്ക് അതീതമായ കഴിവും പ്രാപ്തിയും അവരിൽ ആരോപിക്കുന്നത് പരമാബദ്ധമാണെന്നും വാസ്തവത്തിൽ അവർ അവരെത്തന്നെയും സഹായിക്കുന്നതിന്ന് കഴിവുള്ളവരല്ലെന്നും സ്പഷ്ടമാം വിധം പ്രസ്താവിക്കുന്നു.

## ശരിയായ പ്രാർത്ഥനാരീതി

ومن يدع مع الله الها آخر لا برهان له به فانّما حسابه عند ربّه انّه لا يفلح الكافرون وقل ربّ اغفرو ارحم وانت خير الرّاحمين ـ المؤمنون

അല്ലാഹുവോട്കൂടി ഒരുവൻ മറ്റൊരു ദൈവത്തെ, അതിന് ഒരു തെളിവുമില്ലാത്ത നിലയിൽ വിളിച്ച് പ്രാർത്ഥിക്കുന്നതായാൽ അവന്റെ വിചാരണ അവന്റെ നാഥന്റെ പക്കലാണ്. യഥാർത്ഥത്തിൽ അവിശ്വാസികൾ വിജയിക്കയില്ല. നീ പറയുക, എന്റെ നാഥനായിട്ടുള്ളവനേ! നീ ക്ഷമിച്ച് തരേണമേ! നീ കരുണ ചെയ്യേണമേ! നീ കരുണകാണിക്കുന്നവരിൽ ഏററവും ഉത്തമനാകുന്നു.)

ഈ വാക്യത്തിൽ അല്ലാഹുവിന്ന് പുറമെയുള്ളവരോട് പ്രാർത്ഥിക്കുന്നവന്ന് അവന്റെ ആ പ്രവൃത്തിയെ സംബന്ധിച്ച് അവന്റെ പക്കൽ യാതൊരു തെളിവും ഇല്ലെന്നും അതിന്, പ്രേരകമായി നിൽക്കുന്നത് സത്യത്തോടുള്ള വൈരമാണെന്നും സത്യവൈരികൾക്ക് ഒരിക്കലും വിജയം ഉണ്ടാവുകയില്ലെന്നും പ്രത്യക്ഷമായി കാണാവുന്നതാകുന്നു. അതോടൊപ്പം തന്നെ അല്ലാഹുവിനെ മാത്രം വിളിച്ച് പ്രാർത്ഥിക്കുവാനായുള്ള ശരിയായ പ്രാർത്ഥനാരീതിയും ഈ വാക്യം നമ്മെ പഠിപ്പിക്കുന്നു. ഇത് കൊണ്ടാണ് യഥാർത്ഥ വിശ്വാസികളുടെ പ്രത്യേകമായുള്ള ഗുണം ഏകദൈവത്തോടുള്ള പ്രാർത്ഥനയായി

ഖുർആൻ ഗണിച്ചിട്ടുള്ളത്. والذين لا يدعون مع الله الها آخر - فرقان
(അല്ലാഹുവോട് കൂടി മററൊരു ദൈവത്തോട് വിളിച്ച് പ്രാർത്ഥിക്കാത്തവർ)

നേരെമറിച്ച് മുശ്രിക്കുകളെ സംബന്ധിച്ച് ഖുർആൻ ഇങ്ങനെ പറയുന്നു: الذين يجعلون مع الله الها آخر — الحجر
(അല്ലാഹുവോട്കൂടി മററൊരു ദൈവത്തെ സ്വീകരിക്കുന്നവർ)
അതിനാൽ പരിശുദ്ധഖുർആൻ മററൊരു ദൈവത്തെ സ്വീകരിച്ച് പ്രാർത്ഥിക്കുന്നതിനെ ഇപ്രകാരം വിരോധിക്കുന്നു,

فلا تدع مع الله الها آخر فتكون من المعذبين — الشعراء
(അതിനാൽ അല്ലാഹുവോട്കൂടി മററൊരു ദൈവത്തെ നീ വിളിച്ച് പ്രാർത്ഥിക്കരുത് (അങ്ങിനെ പ്രാർത്ഥിക്കുന്ന പക്ഷം) നീ ശിക്ഷിക്കപ്പെടുന്നവരുടെ കൂട്ടത്തിൽ ഉൾപ്പെടുന്നതാണ്.)
ولا تدع مع الله الها آخر لا اله الا هو - القصص (അല്ലാഹുവോട്കൂടി മററൊരു ദൈവത്തെ നീ വിളിച്ച് പ്രാർത്ഥിക്കരുത്, (എന്ത് കൊണ്ടെന്നാൽ) അവനല്ലാതെ പ്രാർത്ഥനക്കർഹൻ മററാരും തന്നെയില്ല.)

## മുശ്രിക്കുകൾ പ്രാർത്ഥിക്കുന്നവരിൽ ദൈവത്തോട് ഏററവും അടുത്തവർതന്നെ അവൻെറ സാമീപ്യത്തെ ആഗ്രഹിക്കുന്നവരാണ്

قل ادعوا الّذين زعمتم من دونه فلا يملكون كشف الضرّ عنكم ولا تحويلا اولئك الذين يدعون يبتغون الى ربّهم الوسيلة ايّهم اقرب ويرجون رحمته ويخافون عذابه ان عذاب ربّك كان محذورا — الاسراء

(നീ പറയുക: അവന്ന് പുറമെ നിങ്ങൾ (ഇലാഹുകളായി) സങ്കല്പിക്കുന്നവരെ നിങ്ങൾ വിളിച്ചു പ്രാർത്ഥിക്കുവിൻ.

അവരാകട്ടെ നിങ്ങൾക്ക് ഉപദ്രവങ്ങളെ നീക്കിത്തരുന്നതിനോ മാററുന്നതിനോ ശക്തിയുള്ളവരല്ല. അവർ ആരെ വിളിച്ചു പ്രാർത്ഥിക്കുന്നുവോ അവരിൽ ഏററവും അടുത്തവർതന്നെ, അവരുടെ രക്ഷിതാവിൻെറ സാമീപ്യത്തെ തേടുകയും, അവൻെറ കാരുണ്യത്തെ ആശിക്കുകയും അവൻെറ ശിക്ഷയെ ഭയപ്പെടുകയും ചെയ്യുന്നവരാകുന്നു. നിശ്ചയമായും നിൻെറ നാഥൻെറ ശിക്ഷ ഭയപ്പെടത്തക്കതത്രെ.)

ഈ വാക്യത്തെ വ്യാഖ്യാനിച്ചുകൊണ്ട് പൂർവ്വികന്മാരായ ചില പണ്ഡിതന്മാർ ഇപ്രകാരം പറയുന്നു. ഈസാ നബി (അ) യോടും, ഉസൈർനബി (അ) യോടും, മലക്കുകളോടും പ്രാർത്ഥിച്ച ഒരു കൂട്ടരെ സംബന്ധിച്ചാകുന്നു ഈ വാക്യം അവതരിച്ചത്. ഇതിൻെറ അർത്ഥം, നിങ്ങൾ ആരോട് പ്രാർത്ഥിക്കുന്നുവോ അവർ യാതൊന്നിനേയും അധീനയിൽ വെച്ചുകൊള്ളുവാൻ ശക്തരല്ല. അവരും നിങ്ങളെപ്പോലെതന്നെ എൻെറ അടിമകളാകുന്നു. എൻെറ കാരുണ്യത്തെ നിങ്ങൾ എങ്ങിനെ ആശിക്കുന്നുവോ അതുപ്രകാരം അവരും ആശിക്കുന്നു. എൻെറ ശിക്ഷയെ നിങ്ങൾ ഭയപ്പെടുന്നത്പോലെ അവരും ഭയപ്പെടുന്നു. നിങ്ങൾ എൻെറ സാമീപ്യത്തെ പ്രാപിക്കുവാൻ ആഗ്രഹിക്കുന്നതു പോലെ അവരും ആഗ്രഹിക്കുന്നു.'' നബിമാരേയും മലക്കുകളേയും വിളിച്ചു പ്രാർത്ഥിക്കുന്ന ഒരു കൂട്ടരുടെ സ്ഥിതി ഇതാണെങ്കിൽ അവരിൽ എത്രയോപടി താഴെ സ്ഥിതി ചെയ്യുന്നവരോടു പ്രാർത്ഥിക്കുന്നവരുടെ അവസ്ഥ എന്തായിരിക്കും? 'അവർ ബിംബങ്ങളോടു പ്രാർത്ഥിക്കുന്നു. ഞങ്ങൾ അല്ലാഹുവിൻെറ ഔലിയാക്കളോടു പ്രാർത്ഥിക്കുന്നു.' എന്നു പറയുന്നവർക്ക് ഈ ഖുർആൻ വാക്യം ഒരു ശക്തിമത്തായ ഖണ്ഡനമാകുന്നു.

قل ادعوا الّذين زعمتم من دون الله لا يملكون مثقال ذرّة فى السموات
ولا فى الارض وما لهم فيهما من شرك وماله منهم من ظهير ولا تنفع
الشفاعة عنده الا لمن اذن له — السبأ

(നീ പറയുക: അല്ലാഹുവിന്ന് പുറമെ നിങ്ങൾ (ദൈവങ്ങൾ എന്നു) ജൽപിക്കുന്നവരെ നിങ്ങൾ വിളിച്ചു പ്രാർത്ഥിക്കുവിൻ ആകാശങ്ങളിലോ ഭൂമിയിലോ അവർക്ക് ഉടമയായി ഒരു അണു അളവും ഇല്ല. അവർക്ക് അവയിൽ യാതൊരു പങ്കുമില്ല; അവന്നു അവരിൽനിന്ന് യാതൊരു സഹായിയും ഇല്ല. അവൻ അനുവദിച്ചു കൊടുത്തവർക്കല്ലാതെ അവന്റെ പക്കൽ ശുപാർശ ഫലം ചെയ്യുകയില്ല.)

ആരോടു പ്രാർത്ഥിക്കുന്നുവോ അവർ ഒന്നുകിൽ സ്വതന്ത്രശക്തിയുള്ളവരായിരിക്കണം; അല്ലെങ്കിൽ ശക്തിയുള്ളവനോട് അവർക്ക് ആ ശക്തിയിൽപങ്കുണ്ടായിരിക്കണം. അതുമല്ലെങ്കിൽ സ്വതന്ത്രശക്തിയുള്ള അല്ലാഹുവിന്റെഅനുവാദം കൂടാതെ തന്നെ അവനോട് ശുപാർശ ചെയ്യുവാൻ അവർ കഴിവുള്ളവരായിരിക്കണം. എന്നാൽ ഈ വക ശക്തിയോ കഴിവോ അവർക്ക് ഒന്നും തന്നെ ഇല്ലെന്നും ഈ ഖുർആൻ വാക്യ സ്പഷ്ടമായി അറിയിക്കുന്നു. ഈ നിലയിൽ അവർ എങ്ങിനെ പ്രാർത്ഥനക്കർഹന്മാരാകും? അവരോട് പ്രാർത്ഥിക്കുന്നതുകൊണ്ട് എന്ത് പ്രയോജനം ഉണ്ടാകും? എന്നും ആലോചിക്കേണ്ടതാകുന്നു.

## അല്ലാഹുവിന്ന് പുറമെയുള്ളവരോട് പ്രാർത്ഥിക്കുന്നതിന് നബിമാർ ഉപദേശിക്കയില്ല

ما كان لبشران يوتيه الله الكتاب والحكم والنّبوّة ثم يقول للنّاس كونوا عبادالى من دون الله ولكن كونوا ربّانيين بما كنتم تُعلّمون الكتاب وبما كنتم تدرسون ولايأمركم ان تتخذوا الملئكة والنبيّين اربابا أيأمركم بالكفر بعداذ انتم مسلمون ـ ال عمران

(ഒരു മനുഷ്യന്ന് അല്ലാഹു ഗ്രന്ഥവും, വിവേകവും പ്രവാചകത്വവും നൽകുകയും പിന്നെ അദ്ദേഹം ജനങ്ങളോട് 'അല്ലാഹുവിനെ വിട്ടിട്ട് നിങ്ങൾ എന്റെ അടിമകളായിരിക്കു

വീൻ' എന്ന് പറയുകയും ചെയ്യുന്നത് സംഭവിക്കാവുന്നതല്ല. എന്നാൽ നിങ്ങൾ ആ ഗ്രന്ഥത്തെ പഠിപ്പിച്ചും, പഠിച്ചും ദൈവജ്ഞാനികളായിരിക്കുവീൻ (എന്നദ്ദേഹം പറയും) മലക്കുകളെയും പ്രവാചകന്മാരെയും നാഥന്മാരായി സ്വീകരിക്കുവാൻ അവൻ (അല്ലാഹു) നിങ്ങളോട് കൽപിക്കുകയില്ല. നിങ്ങൾ മുസ്ലിംകളായ ശേഷം കുഫ്റിനെ അവൻ നിങ്ങൾക്കായി കല്പിക്കുമോ?) പ്രവാചകന്മാരോടൊ മലക്കുകളോടൊ അല്ലാഹുവിന്ന് പുറമെ മററു വല്ലവരോടുമോ വിളിച്ചു പ്രാർത്ഥിക്കുവാൻ യാതൊരു പ്രവാചകനും, യാതൊരുത്തനോടും കല്പിക്കുന്നതല്ലെന്നും അങ്ങിനെ കല്പിക്കുന്നത് ദൈവാജ്ഞകൾക്കും പ്രവാചകത്വത്തിന്നും, മനുഷ്യന്റെ ബുദ്ധിക്കും, വിവേകത്തിന്നും, അവന്റെ പ്രകൃതിക്കും വിരുദ്ധമാണെന്നും ഈ ആയത്ത് സ്പഷ്ടമാക്കുന്നു. അതുമല്ല അങ്ങനെയുള്ള പ്രവൃത്തികൾ കുഫ്റ് ആണെന്നും, പ്രവാചകന്മാരാകട്ടെ അല്ലാഹുവിലുള്ള വിശ്വാസത്തിലേക്ക് ജനങ്ങളെ ക്ഷണിക്കുവാനും അല്ലാഹുവിന്റെ ഏകത്വത്തെ സ്ഥാപിക്കുവാനുമാണ് വന്നിട്ടുള്ളതെന്നും അതിൽ നിന്ന് മനസ്സിലാക്കേണ്ടതാകുന്നു.

പ്രാർത്ഥന ആരാധനയല്ലെന്നുള്ള ധാരണയിലാണ് ഇന്ന് നമ്മുടെ ഇടയിൽ ചിലർ തങ്ങൾ ഇടയാളുകളായി സ്വീകരിച്ചിട്ടുള്ളവരോട് അർത്ഥിക്കയും കേണപേക്ഷിക്കയും ചെയ്യുന്നതെങ്കിൽ അത് പരമാബദ്ധമായ ഒരു ധാരണയാണെന്ന് അവർക്ക് ഇത്രയുംകൊണ്ട് വെളിവാകുമല്ലോ. മന:പൂർവ്വമായ ഉദ്ദേശത്തോട് കൂടിയല്ലാതെ കുഫ്റിനെ സൂചിപ്പിക്കുന്ന പദങ്ങൾ ഉപയോഗിച്ചിരുന്നാൽ തന്നെയും അങ്ങിനെയുള്ള പറച്ചിൽ മതഭ്രംശത്തിന്നു കാരണമായിത്തീരുമെന്ന് ഫുഖഹാക്കളിൽ ചിലർ പറഞ്ഞു കാണുന്നുണ്ട്. ആ നിലയ്ക്ക് അല്ലാഹുവിന്റെ ഏകത്വത്തെ നിഷേധിക്കുവാൻ ഇടയാകുന്നതും അല്ലാഹുവിന്റെയും റസൂലിന്റെയും ആജ്ഞകൾക്ക് പാടെവിരുദ്ധവുമായ നടപടികളിൽ ഏർപ്പെടുന്നവർ ആ വക നടപടികളെക്കുറിച്ചു ഗാഢമായി പരിചിന്തനം ചെയ്യേണ്ടകാലം എത്രയോ വൈകിപ്പോയിരിക്കുന്നു എന്നു പറയാതെ കഴിയുകയില്ല. ഈമാതിരി ഒരവസ്ഥ

നമുക്ക് വന്ന് പരായിട്ടുളളതിന്ന് കാരണം 'തൗഹീദ്' എന്നു വെച്ചാൽ എന്താണെന്നുള്ള അറിവോ, അതറിയുവാനുള്ള ആഗ്രഹമോ നമ്മിൽനിന്ന് നശിച്ചുകൊണ്ടിരിക്കുന്നുവെന്നുള്ളതുകൊണ്ടാണെന്ന് മാത്രമല്ല, സമുദായത്തെ നേർമാർഗ്ഗത്തിൽ നടത്തേണ്ടതിന്ന് മുഖ്യമായി ചുമതലപ്പെട്ടിരിക്കുന്ന ഉലമാക്കൾ അതിൽ തീരെ വൈമുഖ്യം കാണിക്കുന്നതു കൊണ്ടുകൂടിയാണെന്ന് വ്യസനസമേതം പറയേണ്ടിയിരിക്കുന്നു. അതിനാൽ നജ്ദിലെ മുജദ്ദിദ് എന്നു പ്രസിദ്ധി സമ്പാദിച്ചിട്ടുള്ള മുഹമ്മദുബ്നു അബ്ദിൽ വഹ്ഹാബ് (റ) ഈ വിഷയത്തെ സംബന്ധിച്ച് എഴുതിട്ടുള്ള ഒരു പ്രബന്ധത്തിൽ നിന്ന് ജനങ്ങളുടെ അറിവിന്നായി കുറച്ചു ഭാഗം ഉദ്ധരിക്കുന്നത് ഉചിതമായിരിക്കുമെന്നു വിചാരിക്കുന്നു. അദ്ദേഹം പറയുന്നതാണിത്: ''അല്ലാഹു നിനക്ക് കരുണചെയ്യട്ടെ. അറിയുക, 'തൗഹീദ്' എന്നുവെച്ചാൽ അല്ലാഹുവിന്നായി മാത്രം ആരാധനയെ അർപ്പിക്കുക എന്നതാകുന്നു. അല്ലാഹു അവൻെറ ദാസന്മാരുടെ ഇടയിൽ അയച്ച അവൻെറ എല്ലാ ദൂതന്മാരുടെയും മതം ഇത്തന്നെയാകുന്നു, വദ്ദു,നസ്റു, യഊഖ്, യഗൂസ് സുവാഉ് എന്നീ സദ്വൃത്തന്മാരായ ആളുകളെ ജനങ്ങൾ ആരാധിച്ചു തുടങ്ങിയപ്പോഴായിരുന്നു അല്ലാഹു നൂഹ്നബി (അ) യെ അവരുടെ ഇടയിലയച്ചത്. ഈ സദ്വൃത്തന്മാരുടെ ബിംബങ്ങളെ അന്ത്യപ്രവാചകനായ മുഹമ്മദ് നബി (സ) ആയിരുന്നു ഒടുവിൽ നശിപ്പിച്ചത്. അല്ലാഹുവെ ഓർമ്മിക്കുകയും, ഹജ്ജ് കർമ്മം ചെയ്കയും ആരാധനകൾ നടത്തുകയും പുണ്യകർമ്മങ്ങൾ അനുഷ്ഠിക്കുകയും ചെയ്തിരുന്ന ഒരു ജനസമുദായത്തിലേക്ക് വിശുദ്ധനബിയെ അല്ലാഹു നിയോഗിച്ചു. എന്നാൽ അവർ അല്ലാഹുവിൻെറയും അവരുടെയുമിടയിൽ ചില സൃഷ്ടികളെ മദ്ധ്യവർത്തികളായി സ്വീകരിക്കുകയും 'അവർ മുഖേന ഞങ്ങൾ ദൈവത്തോടടുക്കുകയും ഞങ്ങൾക്ക്വേണ്ടി അവരെകൊണ്ട് ദൈവത്തോട് ശുപാർശ ചെയ്യിക്കയും ചെയ്യുകയാണ് അവരെകൊണ്ട് ഞങ്ങൾ ഉദ്ദേശിക്കുന്നത് എന്നവർ പറയുകയും ചെയ്തിരുന്നു. അതിനാൽ അവരുടെ പൂർവ്വപിതാവായ ഇബ്രാഹീംനബി (അ) യുടെ മതത്തെ പുനർജീവിപ്പിക്കുന്നതി

ന്നും, അവരുടെ ഈ വിശ്വാസവും അടുപ്പവും അല്ലാഹുവിനെ ഉദ്ദേശിച്ചുമാത്രം കൈക്കൊള്ളേണ്ട അവന്റെ അവകാശമാണെന്നും മലക്കിന്നോ നബിമാർക്കോ, മററു വല്ലവർക്കുമോ അങ്ങിനെയുള്ള അവകാശമില്ലെന്നും അവരെ അറിയിക്കുന്നതിനായി അല്ലാഹു നബികരീം (സ) മിനെ അയച്ചു. ഈ വിശ്വാസമൊഴികെ അല്ലാഹുമാത്രമാണ് സൃഷ്ടികർത്താവെന്നും, അവൻ ഏകനാണെന്നും, അവന്ന് ഒരു പങ്കുകാരുമില്ലെന്നും, ആഹാരം നൽകുന്നത് അവൻ മാത്രമാണെന്നുമുള്ള അല്ലാഹുവിന്റെ ഏകത്വം സംബന്ധിച്ച കാര്യങ്ങളൊക്കെ ഈ ബഹുദൈവാരാധകന്മാർ സമ്മതിച്ചിരുന്നു. ജീവിപ്പിക്കുന്നവനും മരിപ്പിക്കുന്നവനും കാര്യങ്ങളെ നിയന്ത്രിക്കുന്നവനും അവൻ തന്നെയെന്നും അവർ വിശ്വസിച്ചിരുന്നു. ആകാശഭൂമികളും അവയിലുള്ളവയുമെല്ലാം അവന്നധീനമാണെന്നും അവന്റെ ശക്തിയിലും അധികാരത്തിലും ഉള്ളതാണെന്നും അവർ ധരിച്ചിരുന്നു.

قل من يرزقكم من السماء والارض امن يملك السمع والابصار ومن يخرج الحيّ من الميّت ويخرج الميّت من الحيّ ومن يدبر الامر فسيقولون الله فقل افلا تتّقون — يونس

(നീ പറയുക: ആകാശത്തിലും ഭൂമിയിലും നിന്ന് നിങ്ങൾക്ക് ജീവനവിഭവങ്ങളെ നൽകുന്നത് ആരാകുന്നു? കേൾവിയേയും കാഴ്ചകളേയും അധീനതയിൽ വെച്ചിട്ടുള്ളത് ആരാണ്? നിർജ്ജീവമായതിൽ നിന്ന് ജീവനുള്ളതിനെയും. ജീവനുള്ളതിൽ നിന്ന് നിർജ്ജീവമായതിനെയും ഉത്ഭവിപ്പിക്കുന്നത് ആരാണ്? കാര്യങ്ങൾ നിയന്ത്രിക്കുന്നത് ആരാണ്? അപ്പോൾ അവർ അല്ലാഹുവാണെന്നുപറയും. നീ ചോദിക്കുക. നിങ്ങൾ ഭയഭക്തിയുള്ളവരായിരിക്കുന്നില്ലെ)

قل لمن الارض ومن فيها ان كنتم تعلمون سيقولون لله قل افلا تذكرون قل من ربّ السموات السبع وربّ العرش العظيم سيقولون لله

قل افلا تتقون قل من بيده ملكوت كل شئ وهو يجير ولا يجار عليه ان كنتم تعلمون سيقولون لله قل فأنى تسحرون

(നീ പറയുക: നിങ്ങൾ അറിയുന്നവരാണെങ്കിൽ ഭൂമിയും അതിലുള്ളവയും ആർക്കുള്ളവയാകുന്നു? അല്ലാഹുവിന്നുള്ളതാണെന്ന് അവർ പറയും. നീ പറയുക; നിങ്ങൾ ചിന്തിക്കുന്നില്ലയോ? പറയുക, ഏഴ് ആകാശങ്ങളുടെയും, മഹിതസിംഹാസനത്തിൻെറയും നാഥൻ ആരാകുന്നു? അല്ലാഹുവിന്നുള്ളതാണെന്ന് അവർ പറയും. നീ പറയുക: നിങ്ങൾ ഭയഭക്തിയുള്ളവരായിരിക്കുന്നില്ലേ' നീ പറയുക: നിങ്ങൾ അറിയുന്നവരാണെങ്കിൽ സർവ്വകാര്യങ്ങളുടെയും പരമാധികാരം ആരുടെ കയ്യിലാകുന്നു? അവൻ രക്ഷനൽകുന്നു. അവന്നെതിരായി രക്ഷനൽകപ്പെടുന്നതുമല്ല. അല്ലാഹുവിൻെറ (കയ്യിലാണെന്ന്) അവർ പറയും. നീ പറയുക: നിങ്ങൾ എവിടേക്ക് തിരിക്കപ്പെടുന്നു.) ഇതിന്ന് തെളിവായി ഇനിയും അനവധി ആയത്തുകൾ കാണിക്കാവുന്നതാകുന്നു.

ഈ കാര്യങ്ങളെല്ലാം ബഹുദേവാരാധകന്മാർ സമ്മതിക്കുന്നുണ്ടെന്നും നബികരീം (സ) ഏതൊരു തൗഹീദിലേക്ക് അവരെ ക്ഷണിച്ചുവോ അതിൽ ഈ സംഗതികൾക്ക് ബന്ധമില്ലെന്നും മേലുദ്ധരിച്ച ദൈവവാക്യങ്ങൾമൂലം നിനക്ക് ബോധ്യപ്പെട്ടുവെങ്കിൽ, അവർ നിഷേധിച്ചുപറഞ്ഞ ഏകത്വം ആരാധനയെ സംബന്ധിച്ച ഏകത്വമാണെന്ന് നിനക്ക് എളുപ്പത്തിൽ മനസ്സിലാക്കാൻ കഴിയുന്നതാകുന്നു. മലക്കുകൾ അല്ലാഹുവോട് ഏററവും അടുപ്പമുള്ളവരാകയാൽ തങ്ങൾക്ക് അവർ അല്ലാഹുവിൻെറ അടുക്കൽ ശുപാർശ ചെയ്യുമെന്ന് വിചാരിച്ച് ബഹുദൈവാരാധകന്മാർ അവരോടും ഈസാനബി (അ)യെപ്പോലുള്ള പ്രവാചകന്മാരോടും അത്പോലെയുള്ള സദ്വൃത്തന്മാരോടും പ്രാർത്ഥനകൾ ചെയ്തിരുന്നു. നബികരീം (സ) ഈ ശിർക്കിനെയാണ് വിരോധിച്ചു പറഞ്ഞതെന്നും, ആരാധനയെ അല്ലാഹുവിന്നായിമാത്രം സമർപ്പിക്കുന്നതിന്നാണ് അവരെ

ക്ഷണിച്ചതെന്നും നീ അറിയേണ്ടതാകുന്നു. അല്ലാഹു പറയുന്നതാണിത്: وان المساجد لله فلا تدعوا مع الله احدا
(നിശ്ചയമായും ആരാധനസ്ഥലങ്ങൾ അല്ലാഹുവിന്നുള്ളതാകുന്നു. അതിനാൽ അല്ലാഹുവോടൊന്നിച്ച് നിങ്ങൾ ആരോടും പ്രാർത്ഥിക്കരുത്.)

له دعوة الحق والذين يدعون من دونه لايستجيبون لهم بشيئ

(സത്യപ്രാർത്ഥന അവന്നുമാത്രമുള്ളതാകുന്നു. അവന്ന് പുറമെ ഇവർ ആരോട് പ്രാർത്ഥിക്കുന്നുവോ അവർ ഇവർക്ക് യാതൊരു സമാധാനവും നൽകുന്നതല്ല.) എല്ലാ പ്രാർത്ഥനകളും, എല്ലാ നേർച്ചകളും, എല്ലാ ബലികളും, എല്ലാ സഹായാർത്ഥനകളും എന്ന്വേണ്ട എല്ലാ ആരാധനകളും അവർ അല്ലാഹുവിന്നായിമാത്രം ചെയ്യുന്നതിന്നാകുന്നു വിശുദ്ധ നബി അവരോട് പൊരുതിയത് എന്ന് നിനക്ക് ബോധ്യപ്പെട്ടുവല്ലോ. അല്ലാഹുവിന്ന് ഭരണാധികർത്തൃത്വത്തിലുള്ള ഏകത്വത്തെക്കുറിച്ച് വിശ്വസിച്ചിരുന്നത് കൊണ്ട്മാത്രം അവർക്ക് ഇസ്ലാമിൽ പ്രവേശനം ലഭിച്ചില്ലെന്നും ഔലിയാക്കൾ, നബിമാർ, മലക്കുകൾ ഇവരുടെ ശുപാർശയെയും അത്വഴി തങ്ങൾക്കുണ്ടാകുമെന്ന് കരുതിയ ദൈവസാമീപ്യത്തെയും കുറിച്ചുള്ള അവരുടെ വിശ്വാസത്തെയാണ് നബി (സ) എതിർത്തതെന്നും നീ മനസ്സിലാക്കിയാൽ ദൈവദൂതന്മാർ ജനങ്ങളോട് ആവശ്യപ്പെട്ടതും ബഹുദൈവാരാധകന്മാർ നിരസിച്ചതുമായ തൗഹീദ് ഇന്നതാണെന്ന് നിനക്ക് ഗ്രഹിക്കുവാൻ കഴിയും. ഈ ഏകത്വമാകുന്നു لا اله الا الله എന്നതിൽ അന്തർഭവിച്ചിരിക്കുന്നതു. എന്തെന്നാൽ മേൽപറഞ്ഞ ആരാധനകൾ ആർക്കായി ചെയ്യുന്നുവോ അത് മലക്കായിരിക്കട്ടെ, നബിയായിരിക്കട്ടെ, വലിയ്യോ, ഖബ്റോ, ജിന്നോ ആയിരിക്കട്ടെ. അതിന്നായിരുന്നു ഇവർ ഇലാഹ് എന്ന് പറഞ്ഞത്. ഇലാഹ് എന്നത്കൊണ്ട് സ്രഷ്ടാവ്, സംരക്ഷകൻ, നിയന്താവ് എന്നിവയെ അവർ ഉദ്ദേശിച്ചിരുന്നില്ല. ഈ ഗുണങ്ങളെല്ലാം ഏകനായ അല്ലാഹുവിന്നുള്ളതാ

ണെന്ന് അവരും അറിഞ്ഞിരിക്കുന്നു. ഈ നിലയിലാണ് തൌഹീദിൻെറ 'കലിമ' ആയ لا إله إلا الله (അല്ലാഹുവല്ലാതെ മററു ആരാധ്യനേഇല്ല) എന്നതിലേക്ക് നബികരീം (സ)അവരെ ക്ഷണിച്ചത്. വെറും ഉച്ചാരണമല്ല. അതിൻെറ അർത്ഥമാണ് അതുകൊണ്ടുദ്ദേശിച്ചിട്ടുള്ളത്. ഈ കലിമത്ത് കൊണ്ടുദ്ദേശിച്ചിരുന്നത് അല്ലാഹുവാണ് ആരാധനക്കർഹനെന്നും അതിൽ മററു യാതൊരുത്തർക്കും പങ്കില്ലെന്നുമുള്ളതാണെന്നും അജ്ഞരായ ആ വിഗ്രഹാരാധകന്മാർ പോലും മനസ്സിലാക്കിയിരുന്നു. لا إله إلا الله എന്ന് പറയുന്നതിന്ന് നബികരീം (സ) അവരോടാവശ്യപ്പെട്ടപ്പോൾ

أجعل الآلهة إلها واحدا إن هذا لشيء عجاب

(അദ്ദേഹം ഇലാഹുകളെ എല്ലാം കൂടി ഒരു ഇലാഹ് ആക്കിയോ ഇത് ആശ്ചര്യകരമായ സംഗതിതന്നെ.) എന്നവർ അദ്ദേഹത്തോട് പ്രത്യുത്തരം ചെയ്തത് അവർ പ്രസ്തുത സംഗതി നല്ലപോലെ ഗ്രഹിച്ചതുകൊണ്ടാകുന്നു. എന്നാൽ ആ അജ്ഞന്മാരായിരുന്ന അറബികൾ തന്നെയുമറിഞ്ഞിരുന്ന സംഗതികൾ ഇന്ന് മുസ്ലിംകളാണെന്നു വാദിക്കുന്ന ചിലർ അറിയാതിരിക്കുന്നതിൽ അത്ഭുതപ്പെടേണ്ടിയിരിക്കുന്നു.

ഞാൻ നിന്നോടു പറഞ്ഞതിനെ ഹൃദയപൂർവ്വം നീ മനസ്സിലാക്കുകയും إن الله لا يغفر أن يشرك به (തന്നോട് (ഇതരരെ) സമപ്പെടുത്തുന്നത് അല്ലാഹു പൊറുക്കുകയില്ല) എന്ന് അല്ലാഹു പറഞ്ഞിരിക്കുന്ന ശിർക്കിനെക്കുറിച്ച് നീ അറിഞ്ഞിരിക്കുകയും അല്ലാഹു ഏത്മതത്തോട് കൂടി നബിമാരെ അയച്ചുവോ അത് ഈ മതമാണെന്നും അധികമാളുകളും ഇതിനെക്കുറിച്ച് അജ്ഞന്മാരായിരിക്കുന്നുവെന്നും നീ ഗ്രഹിക്കയും ചെയ്താൽ നിനക്ക് അത്മൂലം രണ്ട്വിധത്തി

ലുള്ള ഉപകാരങ്ങൾ സിദ്ധിക്കുന്നതാണ്. അവയിൽ ഒന്ന് അല്ലാഹുവിൻെറ കാരുണ്യവും അനുഗ്രഹവും മൂലമുള്ള സന്തോഷമാകുന്നു. അല്ലാഹു ഇപ്രകാരം പറയുന്നു:-

قل بفضل الله وبرحمته فبذلك فليفرحوا هو خيرمما يجمعون

(നീ പറയുക: അല്ലാഹുവിൻെറ അനുഗ്രഹം കൊണ്ടും കാരുണ്യം കൊണ്ടുമാണ് (സദുപദേശം വന്നിട്ടുള്ളത്) അതിനാൽ അതുകൊണ്ട് അവർ സന്തോഷിച്ചുകൊള്ളട്ടെ. അതു അവർ സമ്പാദിക്കുന്നവയിൽവെച്ച് ഏററവും ഉത്തമമായിട്ടുള്ളതാകുന്നു.) രണ്ടാമത്തെ ഉപകാരം ഒരു വലുതായഭയം നിനക്ക് ഉണ്ടാകുന്നു എന്നതാണ്. തൻെറ അജ്ഞത കൊണ്ട് തന്നെയായിരുന്നാലും ഒരാളുടെ വായിൽനിന്ന് കുഫ്റിൻെറ വാക്കുകൾ പുറപ്പെട്ടാൽ അതയാളുടെ അജ്ഞതകൊണ്ടാണെന്നുള്ള ഒഴികഴിവ് സ്വീകരിക്കുന്നതല്ല. അവിശ്വാസികൾ ചെയ്തുകാണുന്നത്പോലെ ചില അവസരങ്ങളിൽ ഇങ്ങനെ പറയുന്നത് ഒരു നല്ലകാര്യമാണെന്ന് വിചാരിച്ചിട്ടുമായിരിക്കും. ഈ കാര്യത്തെക്കുറിച്ചു നിനക്ക് എപ്പോഴും ഭയമുണ്ടായിരിക്കുമെന്നതത്രെ നിനക്ക് ലഭിക്കുന്ന രണ്ടാമത്തെ ഗുണം. അറിയുക. അല്ലാഹു അവൻെറ തൗഹിദിനെക്കുറിച്ചു പ്രബോധനം ചെയ്യുവാൻ നബിമാരെ അയക്കുമ്പോൾ അവർക്ക് ചില ശത്രുക്കളുണ്ടായിവരുമെന്നുള്ളത് പ്രകൃത്യായുള്ള ഒരു നിയമമത്രെ. ഖുർആൻ ഇപ്രകാരം പറയുന്നു.

## നബിമാർക്ക് ശത്രുക്കൾ ഉണ്ടായിരിക്കുന്നത് സ്വാഭാവികമാണ്

وكذلك جعلنا لكل نبى عدوّا شياطين الانس والجنّ يوحى بعضهم الى بعض زخرف القول غرورا

(അപ്രകാരം കമനീയങ്ങളായ വാക്കുകളെ ഗൂഢമായി പറയുന്ന പിശ്ചാചുക്കളെ നാം മനുഷ്യരുടെയും ജിന്നുകളു

ടെയും ഇടയിൽനിന്ന് എല്ലാനബിമാർക്കും ശത്രുക്കളായിവെക്കുന്നു.) ചിലപ്പോൾ തൗഹീദിൻെറ ശത്രുക്കൾക്ക് പല വിധത്തിലുള്ള അറിവുകളും ഗ്രന്ഥങ്ങളും യുക്തിവാദങ്ങളും ഉണ്ടായിരിക്കാം. അല്ലാഹു പറയുന്നു:

فلما جاءتهم رسلهم بالبينات فرحوا بما عندهم من العلم

(അവരുടെ ഇടയിൽ (നിയോഗിക്കപ്പെട്ട) ദൂതന്മാർ അവർക്കായി തെളിവുകൾ കൊണ്ടുവന്നപ്പോൾ അവർ തങ്ങളുടെ പക്കലുണ്ടായിരുന്ന ജ്ഞാനംകൊണ്ട് സന്തോഷിക്കയാണ് ചെയ്തത്)

അതിനാൽ അല്ലാഹുവിങ്കലേക്കുള്ള നേർവഴിയിൽ ശത്രുക്കളായ പണ്ഡിതന്മാരും വാചാലന്മാരും, ചില യുക്തിവാദികളും പ്രതിബന്ധമായി നിൽപുണ്ടെന്ന് നീ അറിഞ്ഞാൽ ഈ പിശാചുക്കളോട് നേരിടേണ്ടതിന്നുള്ള ആയുധസാമഗ്രികൾ അല്ലാഹുവിൻെറ ഗ്രന്ഥത്തിൽ നിന്ന് സമ്പാദിച്ചിരിക്കേണ്ടത് നിൻെറ കടമയാണ്. ഈ പിശാചുക്കളുടെ നേതാവും അവരുടെ മുമ്പനും നിൻെറ റബ്ബിനോട് ഇങ്ങിനെയാണ് പറഞ്ഞത്:

لا قعدن لهم صراطك المستقيم ثم لآتينهم من بين أيديهم ومن خلفهم وعن أيمانهم وعن شمائلهم ولا تجد أكثرهم شاكرين

(നിൻെറ നേരായമാർഗ്ഗത്തിൽ ഞാൻ അവർക്ക് പ്രതിബന്ധമായി നിശ്ചയമായും കാത്തിരിക്കും, പിന്നെ അവരുടെ മുമ്പിലും പിമ്പിലും ഇടത്ഭാഗത്തും വലത്ഭാഗത്തുമായി ഞാൻ നിശ്ചയമായും അവരുടെ അടുത്തുചെല്ലും. അവരിൽ അധികം പേരേയും നന്ദിയുള്ളവരായി നീ കാണുകയുമില്ല.)

എന്നാൽ നീ അല്ലാഹുവിന്റെ നേരെ തിരിയുകയും അവന്റെ ദൃഷ്ടാന്തങ്ങളെയും തെളിവുകളെയും ശ്രദ്ധിക്കുകയും ചെയ്താൽ നിനക്ക് യാതൊന്നും ഭയപ്പെടാനില്ല. إِنَّ كَيْدَ الشَّيْطَانِ كَانَ ضَعِيفًا (നിശ്ചയമായും പിശാചിന്റെ ചതി ദുർബ്ബലമത്രെ.) എന്ന് അല്ലാഹു പറയുന്നു; തൗഹീദിൽ വിശ്വസിക്കുന്ന സാമാന്യനായ ഒരാൾക്ക്, മദ്ധ്യസ്ഥതയിൽ വിശ്വസിക്കുന്നവരായ ആയിരം പണ്ഡിതന്മാരോട് നേരിട്ടു നിന്ന് അവരെ ജയിക്കുവാൻ കഴിയും وَإِنَّ جُندَنَا لَهُمُ الْغَالِبُونَ (നമ്മുടെ സേനയത്രെ ജയിക്കുന്നവർ) എന്ന് അല്ലാഹു പറയുന്നു. അതിനാൽ അല്ലാഹുവിന്റെ ഭടന്മാർ തന്നെയാകുന്നു ന്യായത്തിലും, വാക്ക് സാമർത്ഥ്യത്തിലും എന്നുവേണ്ട സർവ്വ കാര്യത്തിലും, വിജയികൾ. എന്നാൽ ആയുധസാമഗ്രികൾ ഒന്നും കൂടാതെ ഇവരെ എതിർക്കുവാൻ പുറപ്പെടുന്ന ഒരു ഏകത്വവിശ്വാസിയെക്കുറിച്ച് ഭയപ്പെടേണ്ടതായി ഭാവിക്കുന്നത്. അല്ലാഹു അവന് നമ്മുടെമേലുള്ള പരമകാരുണികത്വത്തിന്റെ ഫലമായി നമുക്കൊരു ഗ്രന്ഥം നൽകിയിട്ടുണ്ട്. സർവ്വ കാര്യങ്ങൾക്കും തെളിവായും സത്യമാർഗ്ഗത്തെ കാണിച്ചുതരുന്നതായും കാരുണ്യമായും മുസ്ലിംകൾക്ക് സന്തോഷവാർത്തയെ നൽകുന്നതായും അവൻ അതിനെ തന്നിരിക്കുന്നു. അതിനാൽ ഒരു അസത്യവാദി കാണിക്കുന്ന ന്യായങ്ങളെ ഉടച്ചു തകർത്തു അവയുടെ അബദ്ധഭാഗങ്ങളെ പ്രത്യക്ഷപ്പെടുത്തിക്കൊടുക്കുന്നതിനുള്ള തെളിവുകൾ ഖുർആനിൽ കാണാവുന്നതാകുന്നു. അല്ലാഹു പറയുന്നതാണിത്

## സത്യവിരുദ്ധമായ വാദങ്ങളെ ശിഥിലമാക്കുവാൻ തക്ക ന്യായങ്ങൾ എന്നും ഖുർആനിൽ നിന്നും ലഭിക്കും

وَلَا يَأْتُونَكَ بِمَثَلٍ إِلَّا جِئْنَاكَ بِالْحَقِّ وَأَحْسَنَ تَفْسِيرًا

ഏതൊരു പ്രശ്നവുമായി അവർ നിന്റെയടുത്തുവരികയാണെങ്കിലും (അതുസംബന്ധിച്ച) സത്യവും ഏററവും ഉത്തമമായ

വിശദീകരണവും നിനക്ക് നാം കൊണ്ടു വന്നു തരാതിരിക്കയില്ല.) അസത്യവാദികളായ ആളുകൾ കൊണ്ടുവരുന്ന ഏതു ന്യായത്തെയും, ശിഥിലമാക്കിക്കളയത്തക്കവണ്ണമുള്ള എതിർന്യായം ലോകാവസാനം വരെയും നമുക്ക് ഖുർആനിൽനിന്ന് ലഭിക്കുന്നുവെന്നുള്ളതിന്ന് ഈ വാക്യം സാക്ഷ്യമാണെന്ന് ഇതിന്റെ ഭാഷ്യകാരന്മാരിൽ ചിലർ പറയുന്നു.

നമ്മുടെ കാലത്തുള്ള ഖബ്ർ ആരാധകന്മാർ നമുക്കെതിരായി കാണിക്കുന്ന ചില രേഖകൾക്കുള്ള സമാധാനങ്ങൾ അല്ലാഹുവിന്റെ ഗ്രന്ഥത്തിൽ പ്രസ്താവിക്കപ്പെട്ടിട്ടുള്ളതിൽ കുറഞ്ഞൊരു ഭാഗം ഞാൻ ഇവിടെ എടുത്തു കാണിക്കാം: ഇവർക്കുള്ള സമാധാനം സംക്ഷിപ്തം, വിസ്തൃതം, ഇങ്ങിനെ രണ്ടു വിധത്തിലാണുള്ളത്. സംക്ഷിപ്തമെന്നത് അതിനെക്കുറിച്ച് സൂക്ഷ്മമായി ചിന്തിച്ചു അതിനെ ഗ്രഹിക്കുന്നവർക്ക് വളരെ പ്രയോജനകരവും വളരെ മഹത്തായിട്ടുള്ളതുമാകുന്നു. അല്ലാഹുവിന്റെ ഈ വചനമാകുന്നു അതിന്നുദാഹരണം.

هُوَ الَّذِى أَنزَلَ عَلَيْكَ الْكِتَابَ مِنْهُ آيَاتٌ مُّحْكَمَاتٌ
هُنَّ أُمُّ الْكِتَابِ وَأُخَرُ مُتَشَابِهَاتٌ فَأَمَّا الَّذِينَ فِى قُلُوبِهِمْ
زَيْغٌ فَيَتَّبِعُونَ مَا تَشَابَهَ مِنْهُ ابْتِغَاءَ الْفِتْنَةِ وَابْتِغَاءَ تَأْوِيلِهِ
وَمَا يَعْلَمُ تَأْوِيلَهُ إِلَّا اللَّهُ وَالرَّاسِخُونَ فِى الْعِلْمِ يَقُولُونَ آمَنَّا بِهِ
كُلٌّ مِّنْ عِندِ رَبِّنَا وَمَا يَذَّكَّرُ إِلَّا أُولُو الْأَلْبَابِ

(അവനാകുന്നു നിനക്ക് ഗ്രന്ഥം അവതരിപ്പിച്ചുതന്നത്. അതിൽ ചിലവാക്യങ്ങൾ സുവ്യക്തങ്ങളാകുന്നു. അവ ഗ്രന്ഥത്തിന്റെ മുഖ്യഭാഗങ്ങളാകുന്നു. മററു ചിലത് അവ്യക്തങ്ങളത്രെ. ഹൃദയങ്ങളിൽ പിഴവുള്ളവർ കുഴപ്പമുണ്ടാക്കാൻ ആഗ്രഹിച്ചും ആന്തരാർത്ഥത്തെ അറിയുവാൻ ആഗ്രഹിച്ചും അവ്യക്തങ്ങ

ളായിട്ടുള്ളവയുടെ പിറകെപോകുന്നു. അവയുടെ ആന്തരാർത്ഥ ത്തെ അല്ലാഹുവല്ലാതെ ആരും അറിയുകയില്ല. അറിവിൽ നില ഉറച്ചിട്ടുള്ളവർ 'അവയെ ഞങ്ങൾ വിശ്വസിക്കുന്നു എല്ലാം ഞങ്ങ ളുടെ നാഥന്റെ പക്കൽനിന്നുള്ളതാകുന്നു' എന്നുപറയും. ബു ദ്ധിമാന്മാർ അല്ലാതെ ചിന്തിച്ചു നോക്കുന്നില്ല.) നബികരീം [സ] ഇങ്ങനെ പറഞ്ഞതായ് പ്രബലമായി രേഖപ്പെടുത്തിട്ടുണ്ട്.

## ഖുർആനിലെ സുവ്യക്തഭാഗങ്ങളെവിട്ട് അവ്യക്ത മായതിനെ തുടരുന്നവരെ ഭയപ്പെടണം

إذا رَأيْتُم الّذينَ يَتّبعُونَ ماتَشابَهَ مِنْهُ فأولٰئِكَ الّذينَ سَمّى اللهُ فاحْذرُوهُم

(അവ്യക്തങ്ങളായിട്ടുള്ളതിന്റെ പിറകെ പോകുന്നവരെ നി ങ്ങൾ കണ്ടാൽ അവരെക്കുറിച്ചാണ് (ഹൃദയങ്ങളിൽ പിഴവുള്ളവർ എന്ന്) അല്ലാഹുപറഞ്ഞിട്ടുള്ളതെന്ന് നിങ്ങൾ അറിയണം. അവരെ നിങ്ങൾ ഭയപ്പെടുവാൻ.)

ഇതിന്ന് ഞാൻ ഒരു ഉദാഹരണം പറയാം.

ألا إنّ أوْلِياءَ اللهِ لا خَوْفٌ عَلَيْهِمْ وَلا هُمْ يَحْزَنُون

(നിശ്ചയമായും അല്ലാഹുവിന്റെ ഔലിയാക്കൾക്കാകട്ടെ, അവർക്ക് യാതൊന്നും ഭയപ്പെടാനില്ല. അവർക്ക് വ്യസ നിക്കുവാനുമില്ല.) നിശ്ചയമായും 'ശഫാഅത്ത്' വാസ്തവമായിട്ടുള്ളതാണ്. നബിമാർക്ക് അല്ലാഹുവി ന്റെ പക്കൽ വലുതായ സ്ഥാനമുണ്ട്. എന്നിങ്ങനെ വല്ല ഖബ്ർ പൂജകനും നിന്നോട് പറഞ്ഞാൽ നീ അവനോട് ഇപ്രകാരം വേണം സമാധാനം പറയുവാൻ: ഹൃദയങ്ങളിൽ കറയുള്ളവർ ഖുർആനിൽ സ്പഷ്ടമായികാണുന്നവയെ ഉപേക്ഷിച്ച് അവ്യ ക്തമായി കാണുന്നതിനെ പിന്തുടരും എന്നു അല്ലാഹു പറഞ്ഞി രിക്കുന്നു. ബഹുദൈവാരാധകന്മാർ സൃഷ്ടി കർത്തൃത്വം ദൈ

വത്തിന്ന് മാത്രമാണെന്ന് സമ്മതിച്ചിരുന്നു. 'അവർ അല്ലാഹുവിൻെറ പക്കൽ ഞങ്ങളുടെ ശുപാർശക്കാർ മാത്രമാണ്' എന്നാണ് അവർ പറഞ്ഞിരുന്നത്. ഈ വാക്കുകളെ ആധാരമാക്കിയാണ് അവർ പ്രവാചകന്മാരെയും, മലക്കുകളെയും, ഔലിയാക്കളെയും ആശ്രയിച്ചത് എന്നീ സംഗതികാം യാതൊരാംക്കും എതിർത്തു പറയുവാൻ കഴിയാത്തവണ്ണം ഖുർആനിൽ സുവ്യക്തമായി വന്നിട്ടുള്ളവയാകുന്നു അല്ലാഹുവിൻെറ വചനങ്ങാം പരസ്പരം വിരുദ്ധങ്ങളായിരിക്കുകയോ, നബികരീം (സ) മിൻെറ വാക്കുകാം അല്ലാഹുവിൻെറ വചനങ്ങാംക്ക് എതിരായി വരികയോ ചെയ്യുന്നതല്ലെന്നു ഞാൻ ദൃഢമായി വിശ്വസിക്കുകയും ചെയ്യുന്നു.

വിസ്തൃതം എന്നതാകട്ടെ താഴെ പറയുന്നതുപോലെയാകുന്നു. അല്ലാഹുവിൻെറ ശത്രുക്കാംക്ക് ജനങ്ങളെ വഴിതെററിക്കുന്നതിന് ചില എതിർന്യായങ്ങളുണ്ടായിരിക്കും. അവയിലൊന്നാകുന്നു ഇത്. 'ഞങ്ങാം അല്ലാഹുവിനോട് ആരെയും സമപ്പെടുത്തുന്നില്ല. സൃഷ്ടിക്കുന്നവനും, ജീവനമാർഗ്ഗങ്ങാം നൽകുന്നവനും, ഉപദ്രവങ്ങളെ തടുക്കുന്നവനും ഉപകാരം ചെയ്യുന്നവനും അല്ലാഹുവല്ലാതെ മററാരുമില്ല. അവൻ പങ്കുകാരനില്ലാത്തനിലയിൽ ഏകനാണെന്നും ഞങ്ങാം സാക്ഷ്യം വഹിക്കുന്നു. നബികരീ (സ) മിന്നുതന്നെയും ദോഷം ചെയ്യുന്നതിന്നും ഗുണം ചെയ്യുന്നതിന്നുമുള്ള ശക്തിയില്ലെന്നും ഞങ്ങാം വിശ്വസിക്കുന്നു. പിന്നെ മുഹയിദ്ദീൻശൈഖ് (റ) നെക്കുറിച്ചു ഞങ്ങാംക്കു അങ്ങിനെയുള്ള വിശ്വാസമില്ലെന്ന് വിശേഷിച്ചും പറയേണ്ടതില്ലല്ലോ. എന്നാൽ 'ഞങ്ങാം പാപികളാണ്. അവരോ സജ്ജനങ്ങളും അല്ലാഹുവിൻെറ പക്കൽ സ്ഥാനവും പദവിയുമുള്ളവരുമാകുന്നു. അവർ മുഖേന ഞങ്ങാം അല്ലാഹുവോട് തന്നെയാണല്ലോ പ്രാർത്ഥിക്കുന്നത്.' ഇവരുടെ ഈ ന്യായത്തിന്ന് നീ പറയേണ്ട സമാധാനം ഇതാണ്. വിശുദ്ധനബി ഏതൊരു സംഘത്തെ എതിർത്തിരുന്നുവോ, അവരും നിങ്ങാം ഈ പറഞ്ഞതുപോലെ പറഞ്ഞിട്ടുള്ളവരാണ്. അവരുടെ വിഗ്രഹങ്ങാംക്ക് യാതൊരു ശക്തിയുമില്ലെന്ന് അവർക്ക് പൂർണ്ണ

ബോധ്യമുണ്ടായിരുന്നു. അവരും ഇങ്ങിനെയുള്ള ശുപാർശയെയും മദ്ധ്യസ്ഥതയെയും മാത്രമെ വിചാരിച്ചിരുന്നുള്ളു. ഇത്രയും പറഞ്ഞതിന്ന് ദൃഷ്ടാന്തങ്ങളായി ഖുർആനിൽ വന്നിട്ടുള്ള ആയത്തുകളെ ഓതിക്കേൾപ്പിച്ചു വിവരിച്ചു പറഞ്ഞുകൊടുക്കുക. അപ്പോൾ 'ഈ ദൈവവാക്യങ്ങളെല്ലാം ബിംബാരാധകന്മാരെ സംബന്ധിച്ചുള്ളതാണ്' സജ്ജനങ്ങളെ നീ ബിംബമായി കരുതുന്നതു അബദ്ധമാകുന്നു; എന്നവർ സമാധാനം പറഞ്ഞേക്കാം. അതിന്ന് മേൽ പറഞ്ഞിട്ടുള്ള സമാധാനം തന്നെയാകുന്നു നീ പറയേണ്ടത്. അത് കേൾക്കുമ്പോൾ ലോകത്തിന്റെ സൃഷ്ടികർത്തൃത്വവും അധികാരവുമെല്ലാം അല്ലാഹുവിന്ന് തന്നെയാണെന്നും തങ്ങൾക്ക് സദ്വൃത്തന്മാരെ ഇടക്കു നിർത്താനുള്ള മോഹമാണ് അന്യരെ ആരാധിക്കുന്നതിന്ന് കാരണമായിത്തീർന്നതെന്നും ബിംബാരാധകന്മാർ സമ്മതിച്ചിരിക്കുന്നതായി അവർ സമ്മതിക്കുന്നതാണ്. പിന്നെ പ്രാചീന അറബികൾ ബിംബങ്ങളെയാണ് ആരാധനാവിഷയമാക്കിയത് എന്നൊരു വ്യത്യാസം മാത്രമെ അവർക്ക് എടുത്തു കാണിക്കുവാനുള്ളു. എന്നാൽ ഈ വ്യത്യാസത്തിന്നും വകയില്ല. അന്നത്തെ അവിശ്വാസികളിൽ ചിലർ നബിമാരോടും, മലക്കുകളോടും, സാലിഹ്കളോടും പ്രാർത്ഥിച്ചിരുന്നു. ഈ ആരാധ്യരെക്കുറിച്ച് ഖുർആൻ പറയുന്നത് കാണുക.

أولٰئكَ الّذينَ يدعون يبتغون إلى ربّهم الوسيلة أيّهم أقرب

അവർ ആരോട് പ്രാർത്ഥിക്കുന്നുവോ അവരിൽ ഏററവും അടുത്തവർതന്നെയും അവരുടെ നാഥങ്കലേക്ക് സമീപിക്കുവാനുള്ള മാർഗ്ഗങ്ങളെ ആഗ്രഹിക്കുന്നവരാകുന്നു.)

قلْ أتعبُدُونَ مِن دُونِ اللهِ مالا يَملِكُ لكم ضرًّا ولا نفعًا
واللهُ هوَ السّميعُ العَليمُ

(നബിയേ ചോദിക്കുക: അല്ലാഹുവിന്നുപുറമെ നിങ്ങൾക്ക് ഉപദ്രവത്തെയോ ഉപകാരത്തെയോ അധീനതയിൽ വെക്കാത്തവരെ നിങ്ങൾ ആരാധിക്കുന്നുവോ? അല്ലാഹു ആണ് കേൾക്കുന്നവനും അറിയുന്നവനും)

وَيَوْمَ يَحْشُرُهُمْ جَمِيعًا ثُمَّ يَقُولُ لِلْمَلَٰئِكَةِ أَهَٰؤُلَاءِ إِيَّاكُمْ كَانُوا يَعْبُدُونَ قَالُوا سُبْحَانَكَ أَنتَ وَلِيُّنَا مِن دُونِهِم بَلْ كَانُوا يَعْبُدُونَ الْجِنَّ أَكْثَرُهُم بِهِم مُّؤْمِنُونَ .

(അവരെയെല്ലാം അവൻ (അല്ലാഹു) ഒരുമിച്ചു കൂട്ടുന്ന ദിവസം, ഇവരാണോ നിങ്ങളെ ആരാധിച്ചത്? എന്ന് അവൻ മലക്കുകളോട് ചോദിക്കും. അപ്പോൾ അവർ പറയും നീ പരിശുദ്ധനത്രെ. നീ മാത്രമാകുന്നു ഞങ്ങളുടെ നാഥൻ, അവരല്ല. എന്നാൽ ഇവർ ജിന്നുകളെ ആരാധിച്ചിരുന്നു. ഇവരിൽ അധികപേരും അവരിൽ വിശ്വസിക്കുന്നവരുമാകുന്നു.) ഈ ദൈവ വാക്യങ്ങൾ പറഞ്ഞതിന്നുശേഷം വിഗ്രഹങ്ങളെ ഉദ്ദേശിച്ചും, സജ്ജനങ്ങളെ ഉദ്ദേശിച്ചും, ആരാധന നടത്തിയിരുന്നവരെ അല്ലാഹു ഒരേ നിലയിൽ തന്നെയാണ് ഗണിച്ചതെന്നും ആ വിധത്തിൽ ഉദ്ദേശിച്ചു ആരാധനകൾ ചെയ്തവരോടുതന്നെയാണ് വിശുദ്ധ നബി (സ) എതിരിട്ടതെന്നും ബോധ്യപ്പെട്ടുവോ? എന്ന് നിങ്ങൾക്ക് അവരോട് ചോദിക്കാമല്ലോ. ഒരു പക്ഷെ അവർ വീണ്ടും ഇങ്ങിനെ പറഞ്ഞേക്കാം: 'ആ അവിശ്വാസികൾ അവർ ആരാധിച്ചിരുന്നവരിൽനിന്ന്തന്നെ തങ്ങളുടെ കാര്യങ്ങൾ സാധിക്കുമെന്ന് വിശ്വസിച്ചിരുന്നു. ഞങ്ങളാകട്ടെ അവരിൽനിന്ന് അങ്ങനെയുള്ള പ്രയോജനങ്ങളുണ്ടാകുമെന്ന് വിചാരിക്കുന്നില്ല. സജ്ജനങ്ങൾക്ക് യാതൊരധികാരവും ശക്തിയുമില്ലെന്ന് ഞങ്ങൾക്ക് നല്ലവണ്ണം അറിയാവുന്നതാണ്. എന്നാൽ ഞങ്ങൾ അവരെ ഉദ്ദേശിക്കുന്നത് അല്ലാഹു അവരുടെ ശുപാർശയെ സ്വീകരിക്കുമെന്നുള്ള ഞങ്ങളുടെ ആശകൊണ്ടാകുന്നു.' ഇതിന്നുള്ള സമാധാനം ഇതാകുന്നു: ഇത്തന്നെയായിരുന്നു ബിംബാരാധകന്മാരായിരുന്ന അറബികളും പറഞ്ഞിരുന്നത്. ഈ രണ്ട് ഖുർആൻവാക്യങ്ങൾ ഇതിന്ന് തെളിവുകളാകുന്നു:

وَالَّذِينَ اتَّخَذُوا مِن دُونِهِ أَوْلِيَاءَ مَا نَعْبُدُهُمْ إِلَّا لِيُقَرِّبُونَا إِلَى اللَّهِ زُلْفَىٰ

(അവന്ന് പുറമെ സഹായികളെ സ്വീകരിച്ചവർ (ഈ സ്വീകരണത്തിന്ന് അവരുടെ ന്യായം ഇതാണ്) അല്ലാഹുവിങ്കലേക്ക് ഞങ്ങളെ അടുപ്പിക്കുവാനായിട്ടല്ലാതെ ഞങ്ങൾ അവരെ ആരാധിക്കുന്നില്ല.)

ويقولون هؤلاء شفعاؤنا عند الله (ഇവർ അല്ലാഹുവിൻെറ പക്കൽ ഞങ്ങളുടെ ശുപാർശക്കാരാകുന്നു) എന്നവർ പറയുന്നു.

## നബി(സ)ക്ക് ശഫാഅത്തുണ്ട് എന്നുള്ളതിനെ ആരും നിഷേധിക്കുന്നതല്ല.

മേൽ വിവരിച്ചതിൽ വന്നിട്ടുള്ള മൂന്ന് സന്ദേഹങ്ങളാണ് ഇവരുടെ സന്ദേഹങ്ങളിൽവെച്ച് ഏററവും പ്രധാനപ്പെട്ടവയെന്നും അവയെക്കുറിച്ച് അല്ലാഹു അവൻെറ ഗ്രന്ഥത്തിൽ വിശദപ്പെടുത്തി കാണിച്ചിട്ടുണ്ടെന്നും നീ ഗ്രഹിച്ചുകഴിഞ്ഞാൽ ഇവരുടെ മററ് അഭിപ്രായങ്ങളും സന്ദേഹങ്ങളും വളരെ നിസ്സാരങ്ങളാണെന്നും എളുപ്പത്തിൽ ചിന്നിച്ചിതറിപ്പോകുന്നതാണെന്നും നിനക്ക് നിഷ്പ്രയാസം മനസ്സിലാക്കാവുന്നതാകുന്നു. 'ഞങ്ങൾ അല്ലാഹുവിനെയല്ലാതെ ആരെയും ആരാധിക്കുന്നില്ല. സജ്ജനങ്ങളെ ആശ്രയിക്കുന്നതും അവരോട് പ്രാർത്ഥിക്കുന്നതും ആരാധനയല്ല' എന്ന് ഇക്കൂട്ടർക്ക് ഒരു ന്യായമുണ്ട്. അതിന്ന് അവരോട് സമാധാനമായി പറയുവാനുള്ളത് ഇത്രമാത്രമാണ്. ആരാധനയിൽ നിഷ്കളങ്കതവേണമെന്നുള്ളതു ഖുർആൻ മുഖേന അല്ലാഹു എല്ലാവർക്കും കടമയാക്കിയിരിക്കുന്നു എന്നുള്ളത് നിങ്ങളും സമ്മതിക്കുമല്ലൊ. അത് നമ്മിൽ അവന്നുള്ള അവകാശവുമാണ്. അപ്പോൾ അങ്ങിനെ നിഷ്കളങ്കമായി ചെയ്യേണ്ട ആരാധന ഏതാണ്? നിങ്ങൾക്ക് അത് വ്യക്തമായി പറഞ്ഞുതരുവാൻ കഴിയുന്നില്ലെങ്കിൽ ഇതാ ഈ ഖുർആൻവാക്യം കേൾക്കുക.

ادعوا ربكم تضرعا وخفية انه لا يحب المعتدين

(നിങ്ങൾ നിങ്ങളുടെ നാഥനോട് രഹസ്യമായും വണക്കത്തോട് കൂടിയും പ്രാർത്ഥിക്കുവിൻ, അതിരുലംഘിക്കുന്ന

വരെ നിശ്ചയമായും അവൻ ഇഷ്ടപ്പെടുകയില്ല.) ഇതവരെ അറിയിച്ചതിന്ന് ശേഷം പ്രാർത്ഥന ആരാധനയാണെന്ന് നിങ്ങൾക്ക് ബോദ്ധ്യപ്പെട്ടുവോ എന്ന് ചോദിക്കുക. ഇതിൻെറ സമാധാനത്തിൽ പ്രാർത്ഥന ആരാധനയുടെ മജ്ജയാകുന്നു എന്ന നബിവചനമുദ്ധരിച്ചുകൊണ്ട് പ്രാർത്ഥന ആരാധനതന്നെ എന്നവർ സമ്മതിക്കും. അനന്തരം നീ അവരോട് ഇങ്ങിനെ തുടർന്നു ചോദിക്കുക, നിൻെറ ചോദ്യങ്ങൾക്കെല്ലാം അവർ സമ്മതിച്ചുകൊണ്ട് തന്നെ മറുപടിതരുമെന്നുള്ളത് നിശ്ചയമാണ്, പിന്നെ ഇങ്ങിനെ അന്യരോട് പ്രാർത്ഥിച്ചാൽ നിങ്ങൾ അല്ലാഹുവോട് മററുള്ളവരെ സമപ്പെടുത്തിയവരാവില്ലേ?

فصل لربك وانحر (നിൻെറ നാഥനോട് പ്രാർത്ഥിക്കുക അവന്നായി നീ ബലിയർപ്പിക്കുക.) എന്ന് അല്ലാഹു ഖുർആനിൽ പറയുകയും ചെയ്തിരിക്കുന്നു. ഈ നിലക്ക് അല്ലാഹുവിൻെറ സൃഷ്ടികളായ നബിമാർക്കോ, സദ്‌വൃത്തന്മാർക്കോ ആയി പ്രാർത്ഥിക്കയും ബലിയർപ്പിക്കുകയും ചെയ്യുന്നത് കൊണ്ട് നിങ്ങൾ അല്ലാഹുവോട് അവൻെറ സൃഷ്ടികളെ സമപ്പെടുത്തുകയാണല്ലോ ചെയ്യുന്നത് നബി (സ) ആഗതനായകാലത്ത് അറബികൾ നബിമാരെയും മലക്കുകളേയും സദ്‌വൃത്തന്മാരെയും 'ലാത്ത' മുതലായ വിഗ്രഹങ്ങളെയും ആരാധിക്കുന്നവരായിരുന്നില്ലേ? അവരുടെ ആരാധനകളാകട്ടെ അവരോട് പ്രാർത്ഥിക്കയും അവരെ ആശ്രയിക്കുകയും അവർക്കായി ബലികൾ അർപ്പിക്കുകയും ചെയ്യുന്നതായിരുന്നില്ലേ? തങ്ങളുടെ ആരാധ്യപുരുഷന്മാർതന്നെ അല്ലാഹുവിൻെറ ദാസന്മാരാണെന്ന് അവർ വിശ്വസിച്ചിരുന്നില്ലേ? അവർ ദൈവത്തിങ്കൽ സ്ഥാനമഹിമയും പദവിയുമുള്ളവരാണെന്ന് തങ്ങൾ വിശ്വസിച്ചതുകൊണ്ട് തങ്ങൾക്ക് ദൈവസമക്ഷത്തിൽ ശുപാർശ ചെയ്യുന്നതിനായിട്ടായിരുന്നല്ലോ അവർ അവരെ ആരാധിച്ചിരുന്നത്. അപ്പോൾ അവർക്ക് അതിനുണ്ടായ ആവശ്യംകൊണ്ട് അവരുടെ പ്രവൃത്തികൾ ആരാധനകളാണെന്ന് വ്യക്തമാകുന്നില്ലേ? എന്നാൽ നബികരീം (സ) മിൻെറ ശഫാഅത്തിനെ നിഷേധിച്ചുകൊണ്ട് അതിൽനിന്ന് അകലുവാൻ ഉദ്ദേശിക്കു

കയാണോ എന്നാണ് പിന്നീടവർ നിന്നോട് ചോദിക്കുക. അതിന്ന് നിന്റെ സമാധാനം ഇതായിരിക്കട്ടെ, ഞാനതുദ്ദേശിക്കുന്നില്ല അതിൽനിന്നൊഴിയുവാൻ എനിക്കൊട്ട് ഒരുക്കവുമില്ല. എന്നല്ല, നബികരീം (സ) ശുപാർശചെയ്യുമെന്നും അല്ലാഹു അത് സ്വീകരിക്കുമെന്നും ഞാൻ ദൃഢമായി വിശ്വസിക്കയും അവിടുത്തെശുപാർശയെ ഞാൻ ആശിക്കയും ചെയ്യുന്നു. പക്ഷെ ശഫാഅത്ത് മുഴുവനും അല്ലാഹുവിന്നുള്ളതാകുന്നു. ഖുർആൻ പറയുന്നത് കാണുക: قل لله الشفاعة جميعا (നീ പറയുക; ശഫാഅത്തുകളെല്ലാം അല്ലാഹുവിന്നുള്ളതാകുന്നു.) അത് അല്ലാഹുവിന്റെ അനുമതിക്ക്ശേഷമല്ലാതെ ഉണ്ടാകയില്ലെന്നും ഖുർആൻ പറയുന്നു. من ذا الذى يشفع عنده الا باذنه (അവന്റെ അനുവാദം കൂടാതെ ആരാണ് അവന്റെ അടുക്കൽ ശുപാർശചെയ്യുന്നത്?) അനുവാദം ലഭിച്ചാൽതന്നെയും ആർക്കായി ശുപാർശ ചെയ്യുവാൻ അനുവദിക്കുന്നുവോ അവർക്ക് മാത്രമേ അത് ബാധകമാവുകയുള്ളൂ എന്നും ഖുർആൻ വ്യക്തമാക്കുന്നു. ولا يشفعون الا لمن ارتضى (ദൈവം തൃപ്തിപ്പെട്ടവർക്കല്ലാതെ അവർ ശുപാർശ ചെയ്കയില്ല) അല്ലാഹു തൗഹീദിനെ അല്ലാതെ തൃപ്തിപ്പെടുകയില്ലെന്നും ഖുർആൻ അറിയിക്കുന്നു. ومن يبتغ غير الاسلام دينا فلن يقبل منه (ഇസ്ലാമല്ലാത്തതിനെ മതമായി ഒരുവൻ ആഗ്രഹിച്ചാൽ അത് അവനിൽനിന്നും സ്വീകരിക്കപ്പെടുന്നതല്ല.) അതിനാൽ ശുപാർശമുഴുവനും അല്ലാഹുവിന്റെ അധീനതയിലാണെന്നും അതവന്റെ അനുവാദത്തിന്നു ശേഷമല്ലാതെ ഉണ്ടാകുന്നതല്ലെന്നും വിശുദ്ധനബിയും മററുള്ളവരും അവന്റെ അനുവാദ ലഭിച്ചശേഷമല്ലാതെ ശുപാർശചെയ്കയില്ലെന്നും ഏകത്വവിശ്വാസികൾക്ക് മാത്രമെ അത് അല്ലാഹു അനുവദിക്കയുള്ളുവെന്നും തെളിഞ്ഞാൽ ശഫാഅത്ത് മുഴുവനും അല്ലാഹുവിന്നുള്ളതാണെന്ന് തെളിഞ്ഞുവല്ലോ. ആ 'ശഫാഅത്ത്' ദൈവത്തിങ്കൽനിന്ന് ലഭിക്കുന്നതിനായി ഞാൻ ഇങ്ങിനെ പ്രാർത്ഥിക്കും. 'അല്ലാഹുവേ!

എനിക്ക് നീ നബികരീമിന്റെ ശഫാഅത്ത് വിരോധിക്കാതിരിക്കേണമേ; എനിക്കായി അവിടുന്ന് ശഫാഅത്ത് ചെയ്യുന്നതിനെ നീ അനുവദിക്കയും സ്വീകരിക്കയും ചെയ്യേണമേ.' ഇതാണ് എന്റെ പ്രാർത്ഥന.

'നബികരീം (സ) മിന്ന് അല്ലാഹു ശഫാഅത്തിനായി അവകാശം നല്കിയിട്ടുണ്ട്; അങ്ങിനെ നല്കിയിട്ടുള്ളതിനെ ഞങ്ങൾ നബികരീം (സ) മിനോട് അർത്ഥിക്കുകയാണ്'' എന്ന് അവർ പറയുകയാണെങ്കിൽ, അതിന് പറയുവാനുള്ളത് ഇപ്രകാരമാകുന്നു. 'അല്ലാഹു അതിനായി നബികരീമിന്ന് അവകാശം നൽകിയത് പോലെതന്നെ അവിടുത്തോട് അതിനായി പ്രാർത്ഥിക്കുന്നതിനെ വിരോധിക്കയും ചെയ്തിട്ടുണ്ട്. എന്ന്മാത്രമല്ല ശഫാഅത്ത് മററുള്ളവർക്കും ചെയ്യാവുന്നതാകുന്നു. അങ്ങിനെ മററുള്ളവർക്കും ശഫാഅത്തുള്ളതിനാൽ നിന്റെ വാക്കുകൊണ്ട് അവരോട് അതിനായി അപേക്ഷിക്കാമെന്നും വരുന്നു; അതിന്റെ ഫലം മുമ്പ് പറഞ്ഞത്പോലെ, അവരെ ആരാധിക്കുവാൻ ഇടയാക്കുന്നത്തന്നെയാണല്ലോ. അത് സമ്മതിക്കാത്തപക്ഷം നബി (സ) ക്ക് ശഫാഅത്ത് ചെയ്യുവാൻ അനുവാദമുണ്ടെന്നും അതിന്നായിട്ട് അദ്ദേഹത്തോട് പ്രാർത്ഥിക്കാമെന്നും നിങ്ങൾ പറഞ്ഞതിന് അർത്ഥമില്ലതന്നെ.

'ഞങ്ങൾ അല്ലാഹുവിനോട് യാതൊന്നിനെയും സമപ്പെടുത്തുകയില്ല. അവൻ അതിൽനിന്ന് പരിശുദ്ധനുമാകുന്നു. പക്ഷെ, പുണ്യാത്മാക്കളായ ആളുകളെ ആശ്രയിക്കുന്നത് ശിർക്കാണെന്ന് പറയുന്നത് ശരിയല്ല.' എന്ന് അവർ പറഞ്ഞാൽ അതിന്ന് അവരോട് ഇതേപ്രകാരത്തിലാണ് മറുപടി പറയേണ്ടത്. ശിർക്കിനെ അല്ലാഹു എത്രയും കഠിനമായി വിരോധിച്ചിട്ടുണ്ടെന്നും അതിനെ അവൻ പൊറുത്തുകൊടുക്കുന്നതല്ലെന്നും നിങ്ങൾ സമ്മതിക്കുമല്ലോ. എന്നാൽ അവൻ ശിർക്കിനെ ഇത്രകഠിനമായ ഒരു പാപമായി പറയുകയും, അതിനെ ആർക്കും ക്ഷമിച്ച്കൊടുക്കുകയില്ലെന്ന് അറിയിക്കുകയും ചെയ്തിട്ടുള്ളത് എന്ത്കൊണ്ടാണെന്ന് ഒരു പക്ഷെ. നിങ്ങൾ

ആലോചിച്ചു നോക്കിയിട്ടില്ലായിരിക്കാം. ശിർക്ക് എന്താണെന്ന് അറിയാതെയിരുന്നാൽ അതിൽനിന്ന് രക്ഷപ്രാപിക്കുന്നതിന്ന് നിങ്ങൾക്ക് എങ്ങിനെയാണ് സാധിക്കുക. ഇത്ര കഠിനമായ ഒരധർമ്മത്തെ, അല്ലാഹു പൊറുത്തുകൊടുക്കുകയില്ലെന്ന് പറഞ്ഞിട്ടുള്ള ഒരു പാപത്തെക്കുറിച്ച് നിങ്ങൾ അറിയുവാൻ ശ്രമിക്കാതിരിക്കുന്നതിന്റെ രഹസ്യമെന്ത്? അല്ലാഹു ഒരുകാര്യം നമ്മോട് വിരോധിക്കയും, അതെന്താണെന്ന് നമുക്ക് വിവരിച്ചുതരാതിരിക്കയും ചെയ്യുമെന്നാണോ നിങ്ങൾ വിചാരിക്കുന്നത്?

ശിർക്ക് എന്നുവെച്ചാൽ ബിംബാരാധനയാകുന്നു. 'ഞങ്ങൾ ബിംബങ്ങളെ ആരാധിക്കുന്നില്ല' എന്നൊരു ന്യായം അവർ പറയുമായിരിക്കാം. എന്നാൽ അവരോട് ചോദിക്കുക, ബിംബാരാധന എന്ന് പറഞ്ഞതിന്റെ അർത്ഥമെന്താണ്? കല്ലുകൾക്കും മരങ്ങൾക്കും സൃഷ്ടിചെയ്യുവാനും, ജീവിതവിഭവങ്ങൾ നൽകുവാനും കഴിയുമെന്നും അവയെ ആരാധിച്ചിരുന്നവരുടെ കാര്യങ്ങളെ അവ നിയന്ത്രിച്ചിരുന്നുവെന്നുമാണോ ആ ആരാധകൻമാർ പറഞ്ഞിരുന്നത്? അവയെക്കുറിച്ച് അവർ ഇങ്ങിനെ വിശ്വസിച്ചിട്ടില്ലെന്നാണ് ഖുർആൻ അറിയിക്കുന്നത്. അതല്ല, കല്ലിനോടും മരത്തോടും അവർ പ്രാർത്ഥിച്ചിരുന്നതും അവയ്ക്ക് നേർച്ചകൾ നേർന്നതും അവ അവരെ അല്ലാഹുവിങ്കലേക്ക് അടുപ്പിക്കയും അവയുടെ 'ബർക്കത്ത്' കൊണ്ട് ദോഷങ്ങൾ നീങ്ങിക്കിട്ടുകയും ചെയ്യുമെന്നുള്ള വിശ്വാസത്താലല്ലേ? നിങ്ങൾക്ക് അവ ശരിതന്നെ എന്ന് പറയാതെ നിവൃത്തിയില്ലല്ലോ. അപ്പോൾ ഖബ്ർകളുടെ അരികത്തുള്ള കല്ലുകളേയും കെട്ടിടങ്ങളേയും സംബന്ധിച്ച് നിങ്ങൾചെയ്യുന്ന പ്രവൃത്തികളും ബിംബാരാധനയിൽപ്പെട്ടതാണെന്ന് നിങ്ങൾക്ക് സമ്മതിക്കാതെ ഗത്യന്തരമില്ല. ശിർക്ക് ബിംബാരാധനയാണെന്നു പറഞ്ഞതിൽനിന്ന് സദ്വൃത്തൻമാരോടും മററും ചെയ്യുന്ന പ്രാർത്ഥനകളും, നേർച്ചകളും അതിലുൾപ്പെടുകയില്ലെന്നും ശിർക്ക് എന്നത് ബിംബാരാധനക്ക് പറയുന്ന മറെറാരു പേരാണെന്നും മനസ്സിലാക്കണമെന്നാണ് നിങ്ങൾ ഉദ്ദേശിക്കുന്നതെങ്കിൽ അത് പരമാബദ്ധ

മാകുന്നു. എന്തെന്നാൽ സാലിഹുകളേയും, ഈസാ (അ) യെപ്പോലുള്ള നബിമാരെയും, മലക്കുകളെയും ആശ്രയിച്ച് ആരാധിച്ചവരെ അവിശ്വാസികൾ എന്ന് അല്ലാഹു അവൻെറ ഗ്രന്ഥത്തിൽ പറഞ്ഞിരിക്കുന്നു. അതിനാൽ അല്ലാഹുവിനായി ചെയ്യുവാനുള്ള ആരാധനയിൽ പുണ്യാത്മാക്കളായുള്ള ആളുകൾക്കുകൂടി പങ്കുകൊടുക്കുന്നത് ഖുർആനിൽ പ്രസ്താവിച്ചിട്ടുള്ളതുപോലെ ശിർക്ക് ആണെന്നും നിങ്ങൾ സമ്മതിക്കേണ്ടതായിത്തന്നെയിരിക്കുന്നു.

ഈ പ്രശ്നത്തിൻെറ മർമ്മം ഇവിടെയാണ് കിടക്കുന്നത്; 'ഞങ്ങൾ അല്ലാഹുവിനോട് യാതൊന്നിനേയും സമപ്പെടുത്തുന്നില്ല' എന്നവർ പറയുമ്പോൾ അല്ലാഹുവിനോട് സമപ്പെടുത്തുക എന്നുവെച്ചാൽ എന്താണെന്നു വിവരിച്ചു തരുന്നതിന്ന് അവരോട് ആവശ്യപ്പെടുക. അതുബിംബാരാധനയെന്നാണ് അവർ പറയുന്നതെങ്കിൽ ബിംബാരാധന എന്ന് പറയുന്നതിൻെറ അർത്ഥവും ഉദ്ദേശവും വിശദപ്പെടുത്തിത്തരേണമെന്ന് വേണം അവരോട് ചോദിക്കുവാൻ. ഞങ്ങൾ അല്ലാഹുവിനെ മാത്രമാണ് ആരാധിക്കുന്നത് എന്നവർ പറയുന്നപക്ഷം അല്ലാഹുവിനെമാത്രം ആരാധിക്കുക എന്നു പറയുന്നതിൻെറ സാരം ഒന്നു വിശദപ്പെടുത്തിക്കിട്ടേണമെന്ന് അവരോട് ആവശ്യപ്പെടുകയാണ് വേണ്ടത്. അവർ അതിനെ സംബന്ധിച്ച് ചെയ്യുന്നവിവരണം ഖുർആനിൽ അതിനെപ്പററി പറയുന്നതിന്നനുസരിച്ചാണെങ്കിൽ അത് തന്നെയാണല്ലോ നാമും ഉദ്ദേശിക്കുന്നത്. എന്നാൽ ഖുർആനിൽ അതിനെക്കുറിച്ച് പറഞ്ഞിട്ടുള്ളതനുസരിച്ച് അവർക്ക് വിവരിച്ചു തരുവാൻ അറിഞ്ഞുകൂടെങ്കിൽ അറിവില്ലാത്ത സംഗതിയെപ്പററി വാദിക്കുന്നതെങ്ങനെ? അതല്ലാ, ഖുർആനിൽ പറഞ്ഞിട്ടുള്ളതിൽ നിന്ന് വ്യത്യസ്തമായ ഒരു വ്യാഖ്യാനമാണ് അവർ ചെയ്യുന്നതെങ്കിൽ ശിർക്കിനെയും ബിംബാരാധനയെയും കുറിച്ച് പ്രതിപാദിക്കുന്ന ഖുർആൻവാക്യങ്ങൾ അവർക്ക് ഓതിക്കേൾപ്പിച്ചുവിവരിച്ചുകൊടുക്കുകയത്രെ വേണ്ടത്. ഇപ്രകാരം പ്രാചീന അറബികളുടെ ശിർക്ക് തന്നെയാണ് ഇക്കാലത്ത് കാണപ്പെടുന്നതെന്നും അതിനാൽ അതിനെ ദൂരീകരിച്ചു അല്ലാഹുവിന്നായുള്ള ആരാധ

നയിൽ അവനോട് മററു യാതൊന്നിനേയും സമപ്പെടുത്താതിരിക്കയാണ് വേണ്ടതെന്നും അവനെ മാത്രമാണ് ആരാധിക്കേണ്ടതെന്നും പറയുമ്പോഴാകുന്നു അവർ നമ്മുടെ നേരെ ക്ഷോഭിച്ചിളകി, ഇതിന്നുമുമ്പ് അവരുടെ സഹോദരൻമാർ നിലവിളിച്ചതുപോലെ أجعل الآلهة إلها واحدا إن هذا لشيئ عجاب (അല്ല, അദ്ദേഹം ദൈവങ്ങളെയെല്ലാം ഒന്നാക്കിയോ!. ഇതൊരു പുതുമയായ കാര്യംതന്നെ) എന്ന് നിലവിളികൂട്ടുന്നത്.

ഖുർആനിൽ പറഞ്ഞിട്ടുള്ളതും നബികരീം (സ) എതിർത്തു നശിപ്പിച്ചതുമായ ശിർക്കുതന്നെയാണ് നമ്മുടെ കാലത്തുള്ള ഖബ്ർ ആരാധകൻമാർ ബർക്കത്ത് എന്ന് നാമകരണം ചെയ്തിരിക്കുന്നതും. എന്നാൽ പ്രാചീന അറബികളുടെ ശിർക്ക് നമ്മുടെ കാലത്തുള്ള ശിർക്കിനേക്കാൾ രണ്ട് വിധത്തിൽ കുറവുള്ളതാണെന്ന് അറിയേണ്ടതാണ്. അതിലൊന്ന് മലക്കുകളേയും പുണ്യപുരുഷൻമാരേയും മററും ബിംബങ്ങളാക്കി വെച്ച് അവരെ അറബികൾ ആരാധിച്ചിരുന്നത് സന്തോഷാവസരങ്ങളിൽ മാത്രമായിരുന്നുവെന്നുള്ളതാണ്. ആപത്തുണ്ടാകുന്ന സന്ദർഭങ്ങളിലാകട്ടെ, അവർ നിഷ്കളങ്കതയോടെ സാക്ഷാൽ ദൈവത്തോട് മാത്രം പ്രാർത്ഥിക്കുകയാണ് ചെയ്തിരുന്നത്. അല്ലാഹു പറയുന്നതാണിത് :-

## വിപൽ ഘട്ടങ്ങളിൽ മുശ്രികുകൾ അല്ലാഹുവിനെ മാത്രമാണ് വിളിച്ചു പ്രാർത്ഥിച്ചിരുന്നത്

وَإذا مَسَّكمُ الضُرُّ فى البَحر ضَلَّ مَن تَدعونَ إلا إيّاهُ فلمّا نَجّاكم إلى البرّ أعرضتم وكان الانسان كفورا

(നിങ്ങൾക്ക് സമുദ്രത്തിൽ വെച്ച് ആപത്ത് ബാധിച്ചാൽ അവനൊഴികെ നിങ്ങൾ ആരെ വിളിച്ചു പ്രാർത്ഥിക്കുന്നുവോ അവർ ഒഴിഞ്ഞുപോകുന്നു. (നിങ്ങളുടെ ഹൃദയങ്ങളിൽ നിന്നും

മറഞ്ഞു പോകുന്നു) അവൻ നിങ്ങളെ കരയിലേക്കു രക്ഷപ്പെടുത്തിയാൽ നിങ്ങൾ വിമുഖതകാണിക്കുന്നു. മനുഷ്യൻ നന്ദിയില്ലാത്തവനത്രെ.

قل ارأيتكم ان أتاكم عذاب الله أو أتتكم السّاعة اغيرالله تدعون إن كنتم صٰدقين. بل إيّاه تدعون فيكشف ماتدعون إليه إن شاء وتنسون ما تشركون

(നീ പറയുക: നിങ്ങൾ എന്നെ അറയിക്കുവിൻ; ദൈവശിക്ഷ നിങ്ങൾക്ക് വരികയോ അഥവാ നിങ്ങൾക്ക് അന്ത്യഘട്ടം എത്തുകയോ ചെയ്താൽ നിങ്ങൾ സത്യവാന്മാരാണെങ്കിൽ അല്ലാഹുവിനോടല്ലാതെ നിങ്ങൾ പ്രാർത്ഥിക്കുമോ? അങ്ങിനെയല്ല, (നേരെമറിച്ചു) അവനോട് മാത്രമായിരിക്കും നിങ്ങൾ പ്രാർത്ഥിക്കുക. അപ്പോൾ അവൻ ഇച്ഛിക്കയാണെങ്കിൽ നിങ്ങൾ എന്തൊന്നിന്നായി പ്രാർത്ഥിക്കുന്നുവോ അതിനെ അവൻ നീക്കം ചെയ്തുതരും നിങ്ങൾ എന്തിനെ അവനോട് സമപ്പെടുത്തിയോ അതിനെ നിങ്ങൾ മറക്കുകയും ചെയ്യും)

واذا مسّ الانسان ضرّ دعا ربّه منيبا اليه (മനുഷ്യന്ന് വല്ല ഉപദ്രവവും ബാധിക്കുമ്പോൾ അവന്റെ നാഥങ്കലേക്ക് തിരിഞ്ഞുകൊണ്ട് അവനോട് പ്രാർത്ഥിക്കുന്നു.)

وإذا غشيهم موج كالظّلل دعوا الله مخلصين له الدين

(മേഘങ്ങൾ പോലെയുള്ള തിരമാല അവരെ പൊതിയുമ്പോൾ കീഴ്വണക്കത്തെ അല്ലാഹുവിന് മാത്രമാക്കി കൊണ്ട് അവർ അവനോട് പ്രാർത്ഥിക്കുന്നു) ഈ ദൈവ വാക്യങ്ങളെ സൂക്ഷ്മമായി ഗ്രഹിക്കുന്നവർക്ക് അറബികളുടെയും ഇക്കാലക്കാരുടെയും ശിർക്കുകൾ തമ്മിലുള്ള വ്യത്യാസം നല്ലപോലെ കാണാവുന്നതാകുന്നു. എന്നാൽ ഈ സംഗതിയെ ഹൃദയപൂർവ്വം മനസ്സിലാക്കാൻ ശ്രമിക്കുന്നവർ എവിടെ? അതിൽ മനസ്സിരുത്തി ചിന്തിച്ചു നോക്കുന്നവരെവിടെ? പരമകാരുണികനായ അല്ലാഹു നമ്മെ രക്ഷിക്കട്ടെ.

രണ്ടാമത്തെ വ്യത്യാസം ഇതാണ്. പ്രാചീന ബഹുദൈവാരാധകന്മാർ അല്ലാഹുവിന്ന് പുറമെ ആരാധിച്ചിരുന്നത് നബിമാരെയും, മലക്കുകളേയും, പുണ്യാത്മാക്കളായ സദ്‌വൃത്തന്മാരെയും ദൈവത്തോട് അനുസരണക്കേട് കാണിക്കാൻ കഴിയാത്ത അചേതന വസ്തുക്കളേയുമായിരുന്നു, നമ്മുടെ കാലത്തുള്ളവർ ആരാധിക്കുന്നതാകട്ടെ * ദുർമ്മാർഗ്ഗികളും, ദുഷ്കർമ്മകാരികളും നമസ്കാരിക്കാത്തവരും കള്ളന്മാരുമായ ആളുകളെയാകുന്നു. മതവിരുദ്ധങ്ങളായ ദുർവൃത്തികളിൽ ഏർപ്പെടുന്നവരെയും ഗുണമോ ദോഷമോ ചെയ്യുവാൻ കഴിയാത്ത നിർജ്ജീവ വസ്തുക്കളെയും തമ്മിൽ തുലനം ചെയ്തു നോക്കിയാൽ മനുഷ്യനെ അധികം ദുഷിപ്പിക്കുവാൻ പര്യാപ്തമായതും, നീചമായുള്ളതും ഏതായിരിക്കുമെന്ന് ചിന്തിച്ചുനോക്കുന്നതാണ് നല്ലത്.

ഇനി ഖബ്ർ ആരാധകന്മാർ ചെയ്യുന്ന ഒരു വലിയ എതിർവാദം ഇതാണ്. നബികരീം (സ) ആരോട് നേരിട്ടുപൊരുതിയോ അവർ لا إله إلا الله എന്ന കലിമത്ത് പറഞ്ഞിരുന്നവരല്ലെന്നും റസൂലി (സ) ന്റെ ദൗത്യത്തെ അസത്യമാണെന്ന് പറയുകയും, പരലോകത്തെ നിഷേധിക്കയും ഖുർആൻ അസത്യവും ഒരു മായാമന്ത്രവുമാണെന്നു പറഞ്ഞു ആക്ഷേപിക്കയും ചെയ്തിരുന്നുവെന്നുള്ളതാണ്, ഇക്കൂട്ടർ അന്നത്തെ അറബികളെക്കുറിച്ച് പറയുന്ന ആക്ഷേപം. എന്നാൽ, ഞങ്ങളാകട്ടെ ആ മുദ്രാവാക്യത്തെ ഹൃദയപൂർവ്വം ചൊല്ലുകയും നബികരീം (സ) അല്ലാവിന്റെ ദൂ

---

*ഈ പ്രസ്താവനയെ മറിച്ചുവ്യാഖ്യാനിച്ചും അതിനു ദുരർത്ഥംകൊടുത്തും പൊതുജനങ്ങളുടെ ഇടയിൽ ക്ഷോഭം ഉണ്ടാക്കുവാൻ ചിലർ ശ്രമിക്കുന്നു. മതത്തിന്റെ പ്രത്യക്ഷമായ വിധികളെ അവഗണിച്ചും നമസ്കാരാദി അനുഷ്ഠാന കർമ്മങ്ങളെ ഉപേക്ഷിച്ചും وحدة الوجود 'അദ്വൈതസിദ്ധാന്ത'ത്തിന് പ്രചാരമുണ്ടാക്കിയും മുസ്ലിം പൊതുജനങ്ങളെ വഴിപിഴപ്പിക്കാൻ ഇടയാക്കുന്നതരത്തിൽ ജീവിച്ചിരുന്നവരും– ജീവിക്കുന്നവരുമായ കപടവാദികളായ ശൈഖന്മാരെപ്പോലെയുള്ളവരെ ഉദ്ദേശിച്ചാണ് ഇങ്ങനെ പ്രസ്താവിച്ചിട്ടുള്ളത്. ഇത്തരക്കാർ ഇസ്ലാമിന്നും മുസ്ലിംകൾക്കും വരുത്തികൂട്ടിയിട്ടുള്ളതും വരുത്തികൂട്ടികൊണ്ടിരിക്കുന്നതുമായ നാശങ്ങൾക്ക് കയ്യും കണക്കുമില്ല. അത് കാണുവാൻ കണ്ണുള്ളവർക്ക് ഈ പ്രസ്താവനയുടെ ഉദ്ദേശം മനസ്സിലാക്കുവാൻ പ്രയാസമില്ല.

തനാണെന്നും ഖുർആൻ സത്യമാണെന്നും, പരലോകമുണ്ടെന്നും ദൃഢമായി വിശ്വസിക്കയും ചെയ്യുന്നവരാണ്. അതുമല്ല,നോമ്പ്നോല്ക്കുകയും നമസ്കരിക്കയും ചെയ്യുന്നുമുണ്ട്. പിന്നെ അന്നത്തെ അറബികളും ഇന്നത്തെ ആളുകളും ഒരുപോലെ യുള്ള വരാണെന്നുതന്നെ പറയുവാൻ കഴിയുമോ? എന്നാണ് അവർ ചോദിക്കുന്നത്. ഇതിന്ന് എനിക്കുപറയുവാനുള്ളത് ഇത്രമാത്രമാണ്. ഒരാൾ അല്ലാഹുവിൻെറ റസൂലിനെ ചില കാര്യങ്ങളിൽ അനുസരിക്കയും മററു ചിലതിൽ അനുസരിക്കാതിരിക്കയും ചെയ്താൽ അയാൾക്ക് ഇസ്ലാമിൽ സ്ഥാനമില്ലെന്നുള്ളത് പണ്ഡിതന്മാരുടെ ഇടയിൽ തർക്കമററ സംഗതിയാണ്. ഖുർആനിൻെറ ചില ഭാഗങ്ങളെ വിശ്വസിക്കയും ചിലഭാഗങ്ങളെ വിശ്വസിക്കാതിരിക്കയും ചെയ്യുന്ന ഒരാളുടെ സ്ഥിതിയും ഇതുതന്നെയാണ്. ഉദാഹരണമായി ഒരാൾ 'തൗഹീദ്' നെ സമ്മതിക്കയും നമസ്കാരം നിർബ്ബന്ധമാണെന്നുള്ളതിനെ നിഷേധിക്കയും 'ചെയ്യുകയോ, അല്ലെങ്കിൽ അവ രണ്ടിനെയും സമ്മതിച്ചിട്ടു സക്കാത്തിനെ നിഷേധിക്കയോ, അതുമല്ല, ഇവയെല്ലാം സമ്മതിച്ചശേഷം ഹജ്ജ്കർമ്മത്തെ തള്ളിക്കളയുകയോ ചെയ്തിരുന്നാലും മുമ്പ് പറഞ്ഞതുപോലെ അയാൾ ഇസ്ലാമിൽനിന്നും വ്യതിചലിച്ചു പോകുന്നു. നബികരീമി (സ) ൻെറ കാലത്ത് ഒരുകൂട്ടർ ഹജ്ജ്കർമ്മത്തെ നിഷേധിച്ചപ്പോൾ അവരെ സംബന്ധിച്ചവതരിച്ച ഖുർആൻവാക്യമാണിത്:

ولله على الناس حج البيت من استطاع اليه سبيلا ومن كفر فان الله غني عن العالمين.

(യാത്രയ്ക്കു കഴിവുള്ളവർ ഹജ്ജകർമ്മം ചെയ്യേണ്ടത് ജനങ്ങളുടെമേൽ അല്ലാഹുവിന്നുള്ള ഒരവകാശമാണ്. ആരെങ്കിലും അവിശ്വസിക്കുന്നതായാൽ നിശ്ചയമായും അല്ലാഹു ലോകരോട് ആശ്രയഭാവമില്ലാത്തവനത്രെ.) ഇനി മേൽപറഞ്ഞ കാര്യങ്ങളെയെല്ലാം വിശ്വസിച്ചുകൊണ്ട് ഒരുവൻ പരലോകത്തെക്കുറി

ച്ച് അവിശ്വസിക്കുകയാണെങ്കിൽ അവൻ അവിശ്വാസിയായിത്തീരുമെന്നുള്ളതും ഐകകണ്ഠ്യേന സമ്മതിക്കപ്പെട്ടിട്ടുള്ളതാകുന്നു.

## ഖുർആനിന്റെ ചില ഭാഗങ്ങളെ സ്വീകരിക്കയും ചിലഭാഗം ഉപേക്ഷിക്കയും ചെയ്യുന്നത് അവിശ്വാസമാകുന്നു

إنّ الّذين يكفرون بالله ورسله ويريدون ان يفرّقوا بين الله ورسله ويقولون نؤمن ببعض ونكفر ببعض ويريدون ان يتخذوا بين ذلك سبيلا اولئك هم الكافرون حقا.

(നിശ്ചയമായും അല്ലാഹുവിലും അവന്റെ ദൂതന്മാരിലും അവിശ്വസിക്കുന്നവരും, അല്ലാഹുവിന്റെയും അവന്റെ ദൂതന്മാരുടെയുമിടയിൽ ഭിന്നത ഉണ്ടാക്കുന്നതിന്ന് ഉദ്ദേശിക്കുന്നവരും, ഞങ്ങൾ കുറെ വിശ്വസിക്കയും കുറെ അവിശ്വസിക്കയും ചെയ്യുന്നുവെന്ന് പറയുന്നവരും ഇതിനു മദ്ധ്യേ മറ്റൊരു മാർഗ്ഗത്തെ സ്വീകരിക്കുന്നതിന്ന് വിചാരിക്കുന്നവരുമത്രെ വാസ്തവത്തിൽ അവിശ്വാസികൾ) കുറെ വിശ്വസിച്ചു കുറെ അവിശ്വസിക്കുന്നവർ അവിശ്വാസികളാണെന്ന് മേൽ ഉദ്ധരിച്ച ഖുർആൻവാക്യങ്ങൾകൊണ്ട് വ്യക്തമായി കാണാമെന്നിരിക്കെ ഇവരുടെ പ്രസ്തുത അക്ഷേപങ്ങൾക്ക് വിലയും നിലയുമില്ലെന്ന് വിശേഷിച്ചു പറയേണ്ടതില്ലല്ലോ.

ഒരുവൻ എല്ലാ കാര്യങ്ങളിലും റസൂൽ (സ) പറയുന്നത് സത്യമായി ഗണിക്കയും അതിൽ നമസ്കാരത്തെ മാത്രം നിഷേധിച്ചു പറയുകയും ചെയ്താൽ അവൻ അവിശ്വാസിയായിരിക്കുമെന്ന് എല്ലാവരും ഏകോപിച്ച് സമ്മതിക്കുന്ന സ്ഥിതിക്ക് നമസ്കാരം, വ്രതം, സകാത്ത്, ഹജ്ജ്കർമ്മം ഇവയെക്കാൾ എത്രയോ മഹത്തായിരിക്കുന്ന 'തൗഹീദി'നെ നിരസിച്ചാൽ

അവന്റെ നില എന്തായിരിക്കുമെന്നും അവന്ന് മതം കൽപിച്ചു കൊടുക്കുന്ന സ്ഥാനമെന്താണെന്നും ആലോചിച്ചുനോക്കാത്തതാണ് കഷ്ടം.

റസൂൽകരീമി (സ) ന്റെ കാലത്ത്തന്നെ ഇസ്ലാംമതത്തിൽ ചേരുകയും നമസ്കാര-വ്രതങ്ങൾ ശരിയായി അനുഷ്ഠിക്കയും ചെയ്തിരുന്ന ബനൂഹനീഫാ ഗോത്രത്തോട് മതകല്പനകളിൽ ചിലത് അനുസരിക്കുന്നതിൽ അവർ വൈമുഖ്യം പ്രദർശിപ്പിച്ചത്കൊണ്ട് സഹാബാക്കൾ എതിർക്കുകയും അവരോട് പടവെട്ടുകയും ചെയ്തകഥ ഇക്കൂട്ടരോട് പറയുകയാണെങ്കിൽ ബനൂഹനീഫാഗോത്രം മുസൈലിമത്തിനെ നബിയാണെന്ന് പറയുവാൻ തുടങ്ങിയത് കൊണ്ടാണ് സഹാബാക്കൾ അവരെ എതിർത്തതെന്ന് സമാധാനം പറയുമായിരിക്കാം. ശരിതന്നെ എന്നാൽ ഈ ന്യായത്തെ സമ്മതിച്ച് കൊണ്ടു ഇവരോട് ഇത്രയുമാണ് ചോദിക്കാനുള്ളത്: നമസ്കാരകർമ്മങ്ങളും മററും മുറയ്ക്ക് അനുഷ്ഠിച്ച്കൊണ്ടിരുന്നാലും ഒരാൾ മറെറാരാളെ നബിയാണെന്ന് പറഞ്ഞുതുടങ്ങിയാൽ തന്നെഅയാൾ ഇസ്ലാമിൽ നിന്നും വ്യതിചലിക്കുന്നുവെന്നും അയാളോട് എതിർക്കാമെന്നും വരുമ്പോൾ ജഗന്നിയന്താവിന്റെ സ്ഥാനത്ത് ഒരു നബിയെയോ, ഒരു വലിയെയോ ഉയർത്തിവെക്കുന്നവരുടെ അവസ്ഥ എന്തായിരിക്കുമെന്ന് ചിന്തിച്ച് നോക്കേണ്ടതാകുന്നു. كذلك يطبع الله على قلوب الذين لا يعلمون (ഈ വിധത്തിലത്രെ വിവരമില്ലാത്ത ആളുകളുടെ ഹൃദയങ്ങളിൽ അല്ലാഹു മുദ്രവെക്കുന്നത്)

അന്ത്യനാളിൽ ആദം, നൂഹ്, മൂസാ, ഈസാ (അ) ഈ നബിമാരോട് ജനങ്ങൾ സഹായത്തിന്നപേക്ഷിക്കയും അവരെല്ലാം ഒഴികഴിവുകൾ പറഞ്ഞു മാറുകയും ചെയ്യുമ്പോൾ ഒടുവിൽ നബി (സ) യെ അവർ അഭയം പ്രാപിക്കുമെന്ന് പറഞ്ഞിരിക്കുന്നതിൽനിന്ന് അല്ലാഹുവിന്ന് പുറമെ മററുള്ളവരോട് സഹായത്തിന്നപേക്ഷിക്കാമെന്നും അത് ശിർക്ക്

അല്ലെന്നും ഉള്ളതിന്ന്തെറ്റ വാണെന്നും ഇക്കൂട്ടർജല്പിക്കുന്നു. എന്നാൽ സൃഷ്ടികളോട് അവർക്ക് കഴിവുള്ള സംഗതികളിൽ സാഹായത്തിന്നപേക്ഷിക്കാമെന്നതിനെ ആരുംതന്നെ നിഷേധി ക്കുന്നില്ല. മൂസാ [അ] യെ സംബന്ധിച്ച് ഖുർആനിൽ ഇപ്ര കാരം പറയുന്നുണ്ട്:

## മനുഷ്യന്റെ കഴിവിൽപ്പെട്ട കാര്യങ്ങളിൽ പരസ്പര സഹായാപേക്ഷ ചെയ്യുന്നതിനെ ആരും നിഷേധി ക്കുന്നില്ല

فاستغاثه الّذى من شيعته على الّذى من عدوّه (അദ്ദേഹത്തിന്റെ (മൂസാനബിയുടെ) കക്ഷിയിൽപെട്ടവൻ തന്റെ ശത്രുക്കളിൽ പ്പെട്ടവന്നെതിരായി അദ്ദേഹത്തോട് (മൂസാ: അ:) സഹായമ പേക്ഷിച്ചു.) ·നുഷ്യർക്ക് – അവർക്കുകഴിവുള്ള ഐഹിക ങ്ങളായ കാര്യങ്ങളിൽ (യുദ്ധം മുതലായവപോലെ) അന്യോന്യം സഹായം അർത്ഥിക്കാവുന്നതാകുന്നു അല്ലാഹു വിന്നല്ലാതെ കഴിയാത്ത കാര്യങ്ങളിൽ ഔലിയാക്കളെ ആരാധി ക്കുന്ന രൂപത്തിൽ അവരോട് അർത്ഥനചെയ്യുന്നതിനെയത്രെ നാം നിഷേധിക്കുന്നത്. അന്ത്യദിവസത്തിൽ നബിമാരോട് ജന ങ്ങൾസഹായത്തിന്നപേക്ഷിക്കുന്നതാകട്ടെ അപ്പോൾ വിചാരണ നടക്കുന്നതിന്ന് മുമ്പായുള്ള വിഷമതകളിൽ നിന്ന് സ്വർഗ്ഗാ വകാശികളായ ആളുകൾക്ക് ഒഴിവ് കിട്ടുന്നതിന്ന്വേണ്ടി വിചാ രണ നടത്തിക്കിട്ടണമെന്ന് അല്ലാഹുവോട് നബിമാർ പ്രാർത്ഥി ക്കണമെന്നുള്ള ഒരുസഹായാപേക്ഷയത്രെ, ഈസഹായാപേക്ഷ യാകട്ടെ ഇഹത്തിലും പരത്തിലും വെച്ച് ആകാമെന്ന് അനു വദിച്ചിട്ടുള്ളതുമാകുന്നു. ഭക്തനും, സദ്വൃത്തനുമായ ഒരാളോ ട് 'നിങ്ങൾ എനിക്ക്വേണ്ടി പ്രാർത്ഥിക്കണേ' എന്ന് ഒരാൾ പറഞ്ഞാൽ അതിലെന്താണ് വിരോധം? നബികരീമി (സ) ന്റെ അനുചരന്മാർ അവിടുത്തെ ജീവിതകാലത്ത് ഈ വിധത്തിൽ അവിടുത്തോട് അപേക്ഷിക്കയും ചെയ്തിട്ടുണ്ട്. എന്നാൽ അവിടുത്തെ ചരമത്തിന്ശേഷമാകട്ടെ അവർ അങ്ങനെ ചെയ്തി ട്ടുമില്ല. അവർ നേരെ മറിച്ച് അവിടുത്തെ ഖബറിനു അരികെ വെച്ച് അല്ലാഹുവോടുള്ള പ്രാർത്ഥനയെപ്പോലും നിഷേധിച്ച് പറയുകയാണ് ചെയ്തതു. ഈ നിലക്ക് നബിയോട്തന്നെ പ്രാർത്ഥിക്കുന്നത് എത്രകണ്ടു ശരിയായിരിക്കും?'

ഈ ഉദ്ധരണിയിൽ ശൈഖ്മുഹമ്മദ്ബിൻ അബ്ദിൽവഹാബ് 'തൗഹീദി'നെ സംബന്ധിച്ച് ചെയ്തിരിക്കുന്ന എത്രയും സ്പഷ്ടമായവിവരണം കൊണ്ട് അദ്ദേഹത്തിന്റെ മേൽ ഇന്നുണ്ടായിക്കാണുന്ന തെറ്റിദ്ധാരണകൾക്ക് അല്പമെങ്കിലും കുറവുണ്ടാകുന്നപക്ഷം അതിൽ അനല്പമായ കൃതാർത്ഥതക്ക് വകയുണ്ട്. മാന്യസഹോദരങ്ങളെ! നാം എത്രയും സന്തോഷത്തോടുകൂടി ആരാധനയിലുള്ള ഏകത്വം അല്ലാഹുവിൽമാത്രം സമർപ്പിച്ചുകൊണ്ട് അവനോട് മാത്രം പ്രാർത്ഥിക്കേണ്ടതാകുന്നു. ഈ ഏകത്വവിശ്വാസമാകുന്നു സത്യമായുള്ളത്. മറ്റെല്ലാം മിഥ്യയത്രെ. ആജീവനാന്തം ഈ ഏകത്വവിശ്വാസം നമ്മിൽനിന്ന് വിട്ടുപിരിയാതെ നമ്മിൽ എപ്പോഴും പരിലസിച്ചുകൊണ്ടിരിക്കുവാൻ നാം അവനോട് പ്രാർത്ഥിക്കുക തന്നെ. അല്ലാഹു അല്ലാതെ നാം മററു യാതൊന്നിനെയും ഭയപ്പെടുകയോ, മററുയാതൊന്നിനോടും പ്രാർത്ഥിക്കയോ അരുതാത്തതാകുന്നു. പരിശുദ്ധവും പരിപൂർണ്ണവുമായ ഏകത്വവിശ്വാസത്തിൽ നാം ദൃഢചിത്തതയോടു കൂടി ജീവിക്കണം. ഖബ്ർആരാധനയെയും അല്ലാഹുവിഹുവിന്ന് പുറമെ മഹാത്മാക്കളെ വിളിച്ചുള്ള പ്രാർത്ഥനയെയും ആട്ടിപ്പായിച്ചുകൊണ്ടു നാം ഏതൊരുകാര്യത്തിന്നായി ഉദ്യമിച്ചിറങ്ങിയിരിക്കുന്നുവോ അതിനെ നാം മുറുകെപിടിക്കണം. എത്രതന്നെ പ്രതിബന്ധങ്ങളും വിഘ്നങ്ങളും നേരിട്ടാലും 'തൗഹീദി'ൽനിന്ന് ഒരടിയെങ്കിലും നാം പിന്മാററരുത . യഥാർത്ഥമായ 'തൗഹീദി'ന്ന് അതിവിസ്മയകരങ്ങളായ പല ശക്തികളുമുണ്ടെന്ന് ചരിത്രം നമ്മെ പഠിപ്പിക്കുന്നു. അല്ലാഹുവോട് മാത്രം പ്രാർത്ഥിക്കുന്നവരത്രെ യഥാർത്ഥത്തിൽ പുണ്യപുമാൻമാർ, അവർതന്നെയാകുന്നു ഭാഗ്യവന്മാർ. 'തൗഹീദും' അതിൽനിന്നുളവാകുന്ന ആരാധനാചാരങ്ങളും മോക്ഷസമ്പാദനത്തിന്ന് ഒഴിച്ചുകൂടുവാൻ പാടില്ലാത്ത ഉപകരണങ്ങളത്രെ. നിഷ്കളങ്കവും നിർമ്മലവുമായഹൃദയങ്ങൾക്ക് മാത്രമെ 'തൗഹീദു'കൊണ്ടുള്ള പരമാനന്ദത്തെ അനുഭവിക്കാൻ പ്രാപ്തിയുള്ളു. അല്ലാഹുവോടുമാത്രം പ്രാത്ഥനചെയ്യുന്നവർക്കാകുന്നുഅവസാനവിജയം. അല്ലാഹുവിന്റെ ദയാപുരസ്സരമായ സ്നേഹത്തിന്നും കാരുണ്യത്തിന്നും മനുഷ്യനെ പാത്രമാക്കിത്തീർക്കുന്നതും അതൊന്നുമാത്രമാകുന്നു.

ومن يتق الله يجعل له مخرجا ويرزقه من حيث لا يحتسب ومن يتوكل على الله فهو حسبه

(ഏതൊരുവൻ അല്ലാഹുവോട് ഭയഭക്തിയുള്ളവനായിരിക്കുന്നുവോ അവന്ന് അല്ലാഹു രക്ഷാമാർഗ്ഗത്തെ ഉണ്ടാക്കിക്കൊടുക്കും. അവൻ വിചാരിക്കാത്തനിലയിൽ അവൻ അവന്ന് ആഹാരം നൽകുകയും ചെയ്യും. ആർ അല്ലാഹുവെ ആശ്രയിക്കുന്നുവോ അവന്ന് അവൻ (അല്ലാഹു) മതിയാകും.) അല്ലാഹുവിനെമാത്രം ആശ്രയിക്കാനുള്ള മോഹം ജനിക്കാത്ത ഹൃദയങ്ങൾ ഫലമുണ്ടാകാത്ത മരങ്ങൾ പോലെയാകുന്ന . അതിനാൽ ദൃഢചിത്തതയോടുകൂടി 'തൗഹീദി'ന്റെ പരിശുദ്ധമായ പദവിയെ സമ്പാദിക്കുന്നതത്രെ നമുക്ക് കർത്തവ്യമായുള്ളത്.

## ബിംബങ്ങൾ മഹാത്മാക്കളുടെ പ്രതിമകൾ ആകുന്നു

മഹാത്മക്കളാണെന്നറിയപ്പെടുന്ന ആളുകളുടെ ശ്മശാനസ്ഥലങ്ങളിൽ കെട്ടിടങ്ങൾ പണിതും, ഖബ്റ കളിന്മേൽ താബൂത്തു എന്നപേരിൽ പത്തായങ്ങൾ, പെട്ടികൾ നിർമ്മിച്ചും, അവിടെ വിളക്കുകൾ കത്തിച്ചും, ചന്ദനത്തിരികളും മററു സുഗന്ധദ്രവ്യങ്ങളുമുപയോഗിച്ചും, അവിടെ നേർച്ചകൾനേർന്നും, ആ സ്ഥലങ്ങളെപ്പററി ഒരു പ്രത്യേകതരം ശ്രദ്ധചെയ്തുകാണുന്നത് അവരോടുള്ള ബഹുമാനംകൊണ്ടും, അവരെ വന്ദിക്കുന്നതിനായിട്ടുമാണെങ്കിൽ, അവരുടെ പ്രതിമകളുണ്ടാക്കിവെച്ചു അവയെ നോക്കി അവരുടെ മാഹാത്മ്യങ്ങൾഓർത്ത് അവയെ ഭജിക്കുന്നതും മഹാത്മാക്കളോടുള്ള ബഹുമാനംതന്നെയാകുന്നു. അല്ലാഹുവിനോട് നേരിട്ടുപ്രാർത്ഥിക്കുവാനുള്ള ത്രാണിക്കുറവും അസന്നദ്ധതയും കൊണ്ട് മഹാത്മാക്കളുടെ ബിംബങ്ങൾ മുഖേന തങ്ങൾ ഏകദൈവത്തോട് തന്നെയാണ് പ്രാർത്ഥിക്കുന്നത് എന്ന ബിംബാരാധകന്മാരുടെ ന്യായമനുസരിച്ചു അത്

മഹാത്മാക്കളോടുള്ള ബഹുമാനം തന്നെയാകുന്നു. എന്തുകൊണ്ടെന്നാൽ മഹാത്മാക്കളുടെ പ്രതിമകൾ വഴിയായി കാലക്രമത്തിൽ അവർക്ക് ഏകദൈവത്തോട് പ്രാർത്ഥിക്കുവാൻ കഴിയുമത്രെ! ഇങ്ങിനെനോക്കുമ്പോൾ മഹാത്മാക്കളെ ബഹുമാനിക്കുന്നതിന്നും വന്ദിക്കുന്നതിന്നും ഒരതിര് കാണാതിരുന്നാൽ ബിംബാരാധനയും മഹാത്മാക്കളോടുള്ള ബഹുമാനത്തിൻെറ ഫലമാണെന്ന് വിചാരിക്കാവുന്നതാണല്ലോ. എന്നാൽ ഇതുകേവലം അബദ്ധമാണ്. അതിനാൽ, മഹാത്മാക്കളെ ബഹുമാനിക്കുന്നതിന്ന് ഒരതിര് നിർണ്ണയിച്ചു കൊടുക്കുവാനുള്ള അധികാരവും അവകാശവും ഇന്ന് പരിശുദ്ധഖുർആനിന്നും, വിശുദ്ധനബിയുടെചര്യക്കും മാത്രമേ ഉള്ളുവെന്ന പരമാർത്ഥത്തെ നാം ദൃഢമായി വിശ്വസിക്കേണ്ടതാകുന്നു. അവ നിർദ്ദേശിച്ചുകാണുന്ന പരിധിയിൽ നിന്നും നാം വ്യതിചലിക്കാതിരിക്കേണ്ടതു നമ്മുടെ കടമയാകുന്നു. മഹാത്മാക്കൾ അല്ലാഹുവിൻെറ അടുക്കൽ നമുക്ക് ശുപാർശക്കാരായിത്തീരുമെന്നും അവർ നമ്മെ അല്ലാഹുവോട് അടുപ്പിക്കുമെന്നുമുള്ള വിശ്വാസത്തോടുകൂടി അവരുടെ ശ്മശാനസ്ഥലങ്ങളും അവിടെയുള്ള ചിഹ്നങ്ങളും ആത്യന്തികമായ വണക്കത്തോട് കൂടി ബഹുമാനിക്കുന്നത്, യഥാർത്ഥത്തിൽ അവരോടുള്ള ബഹുമാനമല്ല നേരെമറിച്ചു, പരിശുദ്ധഖുർആനും വിശുദ്ധനബിവചനങ്ങളും കഠിനമായി ആക്ഷേപിക്കുന്ന ശിർക്കുപരമായ ഒരു അബദ്ധസമ്പ്രദായമാണ്. മഹാത്മാക്കളുടെ മാഹാത്മ്യത്തിന്നു ഹേതുഭൂതമായിരിക്കുന്നത് അവരുടെ യഥാർത്ഥജ്ഞാനവും, സൽപ്രവൃത്തിയുമാകുന്നു. അവരുടെ ഉപദേശങ്ങളെയും അവരുടെ മാർഗ്ഗദർശനത്തെയും പിടിച്ചു പ്രവൃത്തിക്കുക എന്നുള്ളതാണ് പരമാർത്ഥത്തിൽ അവരോട് നാം കാണിക്കേണ്ട ബഹുമാനം. ഇതാണ് മഹാത്മാക്കളെ ബഹുമാനിക്കുന്ന വിഷയത്തിൽ ഖുർആനും നബിയുടെസുന്നത്തും നമുക്ക് നിർദ്ദേശിച്ചുതരുന്ന അതിർത്തി. ദൃഢവിശ്വാസം മൂലവും യഥാർത്ഥജ്ഞാനവും അതനുസരിച്ചുള്ള സൽപ്രവൃത്തികളും മൂലവുംരക്ഷപ്രാപിക്കുവാൻ ശ്രമിക്കുന്നതാണ് നമ്മുടെ കർത്തവ്യം. ഈ വിശ്വാസം കൈക്കൊള്ളാത്തവർ പരിശുദ്ധഖുർആനിലും നബിവാക്യത്തിലും വിശ്വാസമില്ലാത്തവരും പിഴച്ചവരുമാ

കുന്നു. ഈമാനും സൽകർമ്മവുമാണ് യഥാർത്ഥവിജയത്തിന്ന് നിദാനം. വിശ്വസിച്ചു സൽകർമ്മങ്ങൾ അനുഷ്ഠിച്ചിട്ടുള്ള മഹാത്മാക്കപ്പററി ഖുർആൻ പറയുന്നതാണിത്:—

ألا إن أولياء الله لا خوف عليهم ولاهم يحزنون الذين آمنوا وكانوا يتقون لهم البشرى فى الحيوة الدنيا وفى الآخرة — يونس

അറിയുക! നിശ്ചയമായും അല്ലാഹുവിന്റെ ബന്ധുക്കൾ (ഔലിയാഅ്) അവർക്ക് യാതൊന്നും ഭയപ്പെടുവാനില്ല അവർ ദു:ഖിക്കുവാനുമില്ല. അവർ വിശ്വസിക്കയും ദോഷബാധയെ സൂക്ഷിച്ചുകൊണ്ടിരിക്കയും ചെയ്തവരാകുന്നു. അവർക്ക് ഇഹലോക ജീവിതത്തിലും പരത്തിലും സന്തോഷവാർത്തയുണ്ടു.

ഈ ഖുർആൻവാക്യത്തിൽ യഥാർത്ഥവിശ്വാസമുള്ളവരും ദോഷബാധയെ തടുത്തുകൊണ്ട് സല്ക്കർമ്മങ്ങൾ അനുഷ്ഠിക്കുന്നവരുമാണ് അല്ലാഹുവിന്റെ ഔലിയാക്കൾ എന്നും, അവർക്ക് ഭയപ്പെടുവാനോ, ദു:ഖിക്കുവാനോ ഇല്ലെന്നും ഇഹത്തിലും പരത്തിലും അവർക്ക് സന്തോഷസൂചകമായ അറിയിപ്പുകളുണ്ടെന്നും അല്ലാഹു നമുക്ക് അറിയിച്ചുതരുന്നു. സൂക്ഷിച്ചുനോക്കുന്നതായാൽ ഇതവർക്കു ലഭിക്കുന്ന ഏററവും വലിയ സ്ഥാനമാണെന്ന് മനസ്സിലാക്കാവുന്നതാണ്; തന്നെയുമല്ല, ഇഹത്തിലും പരത്തിലുമുള്ള എല്ലാ സൗഭാഗ്യങ്ങൾക്കും ഇതൊരു അസ്ഥിവാരവുമാകുന്നു.

## അഹ്ലുസ്സുന്നത്ത് ഔലിയാക്കളുടെ കറാമത്തിനെ നിഷേധിക്കുന്നവരല്ല

എന്നാൽ അത്ഭുതപ്രവൃത്തികൾ ചെയ്യുന്നവർ എന്നൊരു അർത്ഥം ഔലിയാ എന്ന പദത്തിന് ഉള്ളതായി ഒരു ധാരണയുണ്ട്. ഇങ്ങിനെ ഒരർത്ഥം ആ പദത്തിന്ന് ഇല്ലെന്നു മാത്രമല്ല പൂർവ്വമുസ്ലിംകൾ ഇങ്ങിനെ ഒരർത്ഥം അതിന്ന് നൽകിയിട്ടുള്ളതാ

യി കാണുന്നില്ല. എന്നാൽ ഒരു വലിയ്യിൽനിന്ന് എന്തെങ്കിലും ഒരു കറാമത്തു വെളിപ്പെട്ടാൽ അത് അസംഭവ്യമാണെന്നു പറഞ്ഞ് ആരും തന്നെ അതിനെ നിഷേധിച്ചേക്കുമെന്ന് തോന്നുന്നില്ല. അഹ്ലുസ്സുന്നത്തു സംഘം ഔലിയാക്കൾക്കു കറാമത്തുണ്ടെന്ന് വിശ്വസിക്കുന്നവരാകുന്നു. അവരുടെ ഈ വിശ്വാസത്തെ എതിർക്കുന്ന ഒരു സംഘക്കാർ ഉണ്ട് എന്നൊരു ധാരണ ചിലരിൽ കടന്നുകൂടിയിട്ടുള്ളത് ശരിയല്ല. എന്തെങ്കിലുമൊരു പ്രത്യേക വ്യക്തിയിൽനിന്ന് ഒരു പ്രത്യേക കറാമത്ത് ഉണ്ടായതായി വിശ്വസിച്ചേതീരു എന്ന നിർബന്ധം ഒരു മുസ്ലിമിന്നില്ലതന്നെ. അതുമല്ല, ആ പ്രത്യേക 'കറാമത്തി'നെ മത്'ഷക്തിയേയും നിഷ്പക്ഷമായ അന്വേഷണത്തെയും മുൻനിർത്തി തീരെ നിഷേധിച്ചു പറയുകയാണെങ്കിൽതന്നെയും ഈ പറച്ചിൽകൊണ്ട് ആ മുസ്ലിമിന്റെ മ പരമായ വിശ്വാസത്തിന് യാതൊരു വാട്ടമോ കോട്ടമോ ബാധിക്കുന്നതുമല്ല. നേരെമറിച്ച് ഒരു മുസ്ലിമിന്റെ യഥാർത്ഥമായ വിജയത്തിന്ന് പ്രധാനകാരണമായ ഈമാനും അമലുസ്സാലിഹും സമ്പാദിക്കാതെ ഒരു ശൈഖിന്റെയോ വലിയ്യുടെയോ കറാമത്തിനെമാത്രം ആസ്പദമാക്കി വിജയിച്ചുകളയാമെന്നുള്ള ധാരണ പരമാബദ്ധവും നിഷ്കളങ്കമായ (തൗബത്ത്) പശ്ചാത്താപത്തിന് ശേഷമല്ലാതെ ക്ഷമിച്ചുകിട്ടാത്ത പാപവും കൂടിയാകുന്നു. ഇങ്ങനെയുള്ള ധാരണയാണ് ഔലിയാക്കന്മാരെപ്പറ്റി നാം വെച്ചുകൊണ്ടിരിക്കുന്നതെങ്കിൽ നാം അവർക്ക് നൽകുന്ന സ്ഥാനം, ബിംബാരാധകന്മാർ ബിംബത്തിന് നൽകുന്ന സ്ഥാനത്തിന്ന് തുല്യമാണെന്ന് തീർത്തുപറയാം. ഈ വിധത്തിലാണ് ഔലിയാക്കന്മാരുടെ പേരും രൂപങ്ങളും ബിംബങ്ങളായി മാറിലോകത്ത് പ്രചാരപ്പെട്ടുതുടങ്ങിയത്. ഇതിലേക്ക് താഴെ ഉദ്ധരിക്കുന്ന ഖുർആൻ വാക്യങ്ങളും നബിവചനങ്ങളും മഹാന്മാരുടെ വ്യാഖ്യാനവും അനിഷേധ്യങ്ങളായ തെളിവുകളാകുന്നു.

وَقَالُوا لَا تَذَرُنَّ آلِهَتَكُمْ وَلَا تَذَرُنَّ وَدًّا وَلَا سُوَاعًا وَلَا يَغُوثَ
وَيَعُوقَ وَنَسْرًا — سورة نوح

(അവർ പറഞ്ഞു: നിശ്ചയമായും നിങ്ങൾ നിങ്ങളുടെ ദൈവങ്ങളെ ഉപേക്ഷിക്കരുത്. വദ്ദിനെയും, സുവാഇനെയും, യഗൂസിനെയും, യഊഖിനെയും, നസ്റിനെയും നിശ്ചയമായും നിങ്ങൾ ഉപേക്ഷിക്കരുത്.'

## നൂഹ്നബി (അ) യുടെ ക്ഷണവും അദ്ദേഹത്തിന്ന് മുമ്പുണ്ടായിരുന്ന ഔലിയാക്കളും

നൂഹ്നബി (അ) മിന്റെ ജനതയിൽപെട്ട പ്രമാണികൾ മാറുള്ളവരെ ഉപദേശിച്ചതായി ഖുർആനിൽ വന്നിട്ടുള്ള ഒരു വാക്യമാണിത്. ഇതിൽ കാണുന്ന 'വദ്ദ്' തുടങ്ങി 'നസ്റ്'വരെയുള്ള അഞ്ചു നാമങ്ങൾ നൂഹ്നബി (അ)യുടെ ജനതയിലുണ്ടായിരുന്ന സജ്ജനങ്ങളുടെ നാമങ്ങളാകുന്നു. അഥവാ, നൂഹ് നബിയുടെ സമുദായത്തിലുള്ള അന്നത്തെ ഔലിയാക്കളുടെ പേരുകളാകുന്നു. അതായത് നമ്മുടെ ഇടയിൽ ശെയ്ഖ് മുഹ്യിദ്ദീൻ, ശെയ്ഖ് രിഫായി, ശെയ്ഖ് ശാദുലി എന്നീ മഹാത്മാക്കളെപ്പോലെയാണ് നൂഹ്നബിയുടെ ജനതയിൽ നസ്റ്, യഊഖ്, യഗൂസ്, സുവാഉ്, വദ്ദ് എന്നീ മഹാത്മാക്കൾ. എന്നാൽ അന്നത്തെ ജനങ്ങൾ ഇവരുടെ ഭക്തിയും സദാചാരനിഷ്ഠയും കണ്ടു അവരെ അതിയായി സ്നേഹിക്കയും ബഹുമാനിക്കയും ചെയ്തിരുന്നു. ഇവരുടെ മരണാനന്തരം ആളുകൾ ഇവരുടെ ഖബ്റുകളിൽ ഭജനമിരിക്കുകയും, ഇവരുടെ ഓർമ്മക്കായി അവർ ഇവരുടെ രൂപങ്ങൾ നിർമ്മിച്ച് അവയെ നോക്കി ആശ്വസിക്കയും ചെയ്തുവന്നു. കാലക്രമത്തിൽ ഭജനം മൂത്ത് ശരിക്കുള്ള ആരാധനയായി കലാശിക്കയാണ് ചെയ്തത്. ബിംബാരാധനയുടെ പ്രഥമകാരണവും ഉല്പത്തിസ്ഥാനവും പ്രസ്തുത നാമങ്ങളും രൂപങ്ങളുമാണെന്ന് പറയപ്പെടുന്നു.

മേൽ പറഞ്ഞ വദ്ദ്, സുവാഉ് എന്നീ മഹാത്മാക്കളെ ജനങ്ങൾ അതിരുകവിഞ്ഞു വന്ദിച്ചും ബഹുമാനിച്ചും അവരോടും അവർ മുഖേനയും പ്രാർത്ഥനകൾ നടത്തിയും അവരെ ആശ്രയിച്ചും ആരാധിച്ചുമുള്ള ദുസ്ഥിതി അതിന്റെ മൂർദ്ധ

ന്യദശയെ പ്രാപിച്ചു സർവ്വത്ര വ്യാപിച്ചു തുടങ്ങിയപ്പോഴാണ് കരുണാവാരിധിയായ അല്ലാഹു നൂഹ്നബി (അ)യെ അവരിൽ നിയോഗിച്ചത്. അദ്ദേഹം അല്ലാഹുവിൻെറ ആജ്ഞയനുസരി ച്ച് يٰقَوم اعبدوا الله مالكم من اله غيره — المؤمنون (എൻെറ ജനങ്ങളേ, നിങ്ങൾ അല്ലാഹുവിനെ ആരാധിക്കുവിൻ. അവനന്പുറമെ നിങ്ങൾക്ക് മററു ആരാധ്യനേ ഇല്ല) എന്നവരെ ഉപദേശിക്കുകയും ചെയ്തു.

ഇങ്ങനെമഹാത്മാക്കളുടെ പേരും അവരുടെ രൂപങ്ങളും ബിംബങ്ങളായും ബിംബരാധനയുടെ ഉറവിടമായും കലാശി ക്കുവാനുള്ള ഏകകാരണം ജനങ്ങൾ അവരുടെനേരെ കാണിക്കു ന്ന അതിരുകവിഞ്ഞ ഭക്തി ബഹുമാനങ്ങളാകുന്നു. ഈ അതിരു കവിഞ്ഞ ഭക്തിബഹുമാനങ്ങളെ സമുദായത്തിൽനിന്നും നിർ മ്മാജ്ജനം ചെയ്യണം എന്ന്പറയുന്നത് മഹാത്മാക്കളെക്കുറിച്ചു ള്ള പുച്ഛം കൊണ്ടാണെന്ന് വിചാരിക്കുന്നത് കേവലം അബ ദ്ധമാണ്. അത് ബിംബാരാധകന്മാർ പറഞ്ഞുകാണുന്ന സമാ ധാനത്തിന് അക്ഷരം പ്രതി തുല്യവുമാകുന്നു. വദ്ദ്, സുവാഉ് പോലെയുള്ള മഹ ത്മാക്കൾ അവരുടെ ജനങ്ങളോട് തങ്ങളെ അതിരുകവിഞ്ഞു മാനിക്കണമെന്നോ, തങ്ങളുടെ മരണശേഷം അവരുടെ ഖബ്റുകളിൽ ഭജനമിരിക്കണമെന്നോ, ഒടുവിൽ അവരുടെ രൂപങ്ങളുണ്ടാക്കിവെച്ച് അവയെ പൂജിക്കണമെന്നോ ഉപദേശിച്ചിരുന്നില്ല; അങ്ങനെ മഹാത്മാക്കൾ ഒരിക്കലും ഉപ ദേശിക്കുകയുമില്ല. അതല്ല, മഹത്മാക്കൾ തന്നെ തങ്ങളെ ആരാ ധിക്കുവാൻ ജനങ്ങളോട് ഉപദേശിച്ച്വെന്ന് ആരെങ്കിലും പറ യുന്നുവെങ്കിൽ അതാണ് വാസ്തവത്തിൽ മഹാത്മാക്കളുടെ സ്ഥാനമാനങ്ങളെ ഇടിച്ച്താഴ്ത്തൽ എന്ന് ഓർക്കേണ്ടതാകുന്നു. നേരെമറിച്ച് തൗഹീദിന് വിപരീതമായി ജനങ്ങൾ കാട്ടിക്കൂട്ടുന്ന നടപടികളെയും വിശ്വാസങ്ങളെയും നിഷേധിച്ചു പറയുന്നത് മഹാത്മാക്കളെ നിന്ദിക്കലാണെന്ന് വിചാരിക്കുന്നത് കേവലം അബദ്ധവും അറിവില്ലായ്മയുടെ ഫലവുമാകുന്നു.

## ഹസ്രത്ത് ഇബ്നു അബ്ബാസി (റ) ൻെറ വിശദീകരണം

മേൽ കാണിച്ച ഖുർആൻ വാക്യത്തിന്ന് ഖുർആൻ ഭാഷ്യകാരന്മാരിൽ അഗ്രഗണ്യനായ ഹസ്രത്ത് ഇബ്നു അബ്ബാസ് (റ) കൊടുത്തിട്ടുള്ള വ്യാഖ്യാനത്തെ ഇമാം ബുഖാരി (റ) തൻെറ സഹീഹിൽ 'ബാബു വദ്ദൻ വ സുവാഅൻ' എന്ന തലക്കെട്ടിൽ ഇങ്ങനെ എടുത്തു പറയുന്നു:

وقال عطاء عن ابن عبّاس رضى الله عنهما صارت الاوثان التى كانت فى قوم نوح فى العرب بعد أما ودفكانت لكلب بدومة الجندل وامّا سواع فكانت لهذيل واما يغوث فكانت لمراد ثم لبنى غطيف بالجرف عند سبا واما يعوق فكانت لهمدان واما نسر فكانت لحمير آل ذى الكلاع اسماء رجال صالحين من قوم نوح فلمّا هلكوا اوحى الشّيطان الى قومهم ان انصبوا الى مجالسهم الّتى كانوا يجلسون انصابا وسمّوها باسمائهم ففعلوا فلم تعبد حتى إذا هلك اولئك وتنسّخ العلم عبدت

(ഇബ്നു അബ്ബാസ് (റ) പറഞ്ഞിട്ടുള്ളതായി അതാഅ് പറയുന്നു: നൂഹ്നബി (അ) യുടെ സമുദായക്കാരുടെ ഇടയിലുണ്ടായിരുന്ന ബിംബങ്ങളാണ് പിന്നീട് അറബികളുടെ ഇടയിലുണ്ടായിരുന്നത് (പിന്നീട് അദ്ദേഹം ഈ വിഗ്രഹങ്ങൾ സ്വീകരിച്ചിരുന്ന ഓരോ ഗോത്രക്കാരെയും, അവ സ്ഥിതിചെയ്തിരുന്ന സ്ഥലങ്ങളെയും വിവരിച്ചതിന്ന് ശേഷം ഇങ്ങിനെ തുടരുന്നു:) നൂഹ്നബിയുടെ ജനതയിൽപെട്ട സജ്ജനങ്ങളുടെ നാമങ്ങളാണ് ഇവ. അവർ കാലഗതിയടഞ്ഞപ്പോൾ അവർ ഇരുന്നിരുന്ന സ്ഥലങ്ങളിൽ അവരുടെ പ്രതിമകൾ സ്ഥാപിക്കുവാനും അവർക്ക് അവരുടെ നാമങ്ങൾ നൽകുവാനും പിശാച് അവർക്ക് തോന്നിപ്പിക്കുകയും അപ്രകാരം അവർ ചെയ്യുകയും ചെയ്തു. ഇക്കൂട്ടർനശിക്കയും, ഈ വിവരം തേഞ്ഞുമാഞ്ഞുപോ

കുകയും ചെയ്തതുവരെ അവ ആരാധിക്കപ്പെട്ടിരുന്നില്ല. (ഇ ക്കൂട്ടർ നശിച്ച് യഥാർത്ഥ വിവരം ക്ഷയിച്ചു തുടങ്ങിയതി നോട് കൂടി) അവ ആരാധിക്കപ്പെട്ടു. ഹസ്രത്ത് ഇബ്നുഅബ്ബാ സി (റ) ന്റെ ഈ പ്രസ്താവനക്ക് സഹീഹുൽ ബുഖാരിയുടെ വ്യാഖ്യാനഗ്രന്ഥമായ ഫത്ഹുൽ ബാരിയിൽ ഹാഫിസ് ഇബ്നുഹജറുൽ അസ്ഖലാനി (റ) ഇത് സംബന്ധിച്ചെഴുതു ന്നത് ഇങ്ങിനെയാകുന്നു.

## ഹാഫിസ് അസ്ഖലാനിയുടെ വ്യാഖ്യാനം

وذكر السهيلىّ فى التعريف انّ يغوث هو ابن شيث بن آدم فيما قيل وكذلك سواع وما بعده وكانوا يتبرّكون بدعائهم فلمّا مات منهم احد مثلوا صورته وتمسّحوا بها الى زمن مهلاييل فعبدوها بتدريج للشيطان لهم ثم صارت سنّةً فى العرب فى الجاهليّةِ ولا ادرى من اين سرت لهم تلك الاسماء من قبل الهند فقد قيل إنّهم كانوا المبدأ فى عبادة الاصنام بعد نوح ام الشيطان الهم العرب ذلك ......... إنّ تلك الاسماء وقعت الى الهند فسمّوا بها اصنامهم ثم ادخلها الى ارض العرب عمروبن لحى ......... وكانو اُعبّادً افمات رجل منهم فحزنوا عليه فجاء الشيطان فصوّره لهم فعبدوها حتى بعث الله نوحا ......... وقال بعض الشرّاح محصّل ما قيل فى هذه الاصنام قولان احدهما انّها كانت من قوم نوح والثّانى انّها اسماء رجال صالحين الى آخر القصة (قلت) بل مرجع ذلك الى قول واحد وقصّة الصّالحين كانت مبتدا عبادة قوم نوح هذه الاصنام ثم تبعهم من بعد هم على ذلك ......... وحكى الواقدىّ قال كان ودعلى صورة رجل وسواع

على صورة امرأة ويعوث على صورةاسد ويعوق على صورة فرس ونسر
على صورة طائر وهذا شاذ والمشهور أنهم كانوا على صورة البشر وهو
مقتضى.ما تقدّم من الآثار فى سبب عبادتها والله اعلم

(സുഹൈലി തൻെറ തഅ്‌രീഫ്‌ എന്ന ഗ്രന്ഥത്തിൽ ഇങ്ങനെ പറയുന്നു: യഗൂസ്‌ ആദംനബി (അ)യുടെ മകൻ ശീസിൻെറ മകനാണെന്ന്‌ പറയപ്പെടുന്നു. ഇപ്രകാരം തന്നെസുവാഉം അദ്ദേഹത്തിന്ന്‌ശേഷമുള്ളവരും (ശീസിൻെറ സന്താനങ്ങളാകുന്നു). അവർ (അന്നത്തെ ജനങ്ങൾ) ഇവരുടെ (യഗൂസ്‌ തുടങ്ങി അഞ്ച്‌പേരുടെ) പ്രാർത്ഥനകൊണ്ട്‌ ശുഭത്വം സമ്പാദിച്ചിരുന്നു. മഹ്‌ലായീലിൻെറ കാലം വരെയും ഇവരിൽ ഒരാൾ മരിച്ചാൽ ഇവർ അയാളുടെ രൂപത്തെ ഉണ്ടാക്കി (പുണ്യലബ്ധിക്കായി) അത്‌ തൊട്ട്‌ തടവുകയും ചെയ്‌തിരുന്നു. തദനന്തരം അവർ അവയെ പൂജിച്ചും, പിശാചിൻെറ അനുക്രമമായ പ്രേരണയോട്‌ കൂടി അവർ അവരെ ആരാധിച്ചു. പിന്നീട്‌ അജ്ഞാന കാലത്തെ അറബികളിൽ ഇത്‌ ഒരു സമ്പ്രദായമായിത്തീരുകയും ചെയ്‌തു. എവിടെനിന്ന്‌ ഈ പേരുകൾ അവർക്ക്‌ വന്നുകിട്ടി എന്നുള്ളത്‌ ഞാൻ അറിയുന്നില്ല. ഇന്ത്യയുടെ ഭാഗത്ത്‌ നിന്നോ...... നൂഹ്‌നബിക്ക്‌ശേഷം വിഗ്രഹാരാധനക്കുള്ള ആരംഭം ഇവരായിരുന്നുവെന്നു പറയപ്പെടുന്നു. അതല്ല ഈ പേരുകൾ പിശാച്‌ അറബികൾക്ക്‌ തോന്നിച്ചുകൊടുത്തതായിരിക്കുമോ? ....... .. .... ഈ നാമങ്ങൾ ഇന്ത്യയിൽ വന്നെത്തുകയും ഇന്ത്യക്കാർ അവരുടെ ബിംബങ്ങൾക്ക്‌ ഈ പേരുകൾ കൊടുക്കുകയും പിന്നീട്‌ അംറിബ്‌നുലിഹാ അറബിദേശത്ത്‌ ഈ നാമങ്ങളെ പ്രചാരപ്പെടുത്തുകയും ചെയ്‌തു... . ... എന്നാൽ ഇവർ (വദ്ദ്‌ തുടങ്ങിയ അഞ്ചുപേർ) ഭക്തന്മാരായിരുന്നു. അങ്ങിനെയിരിക്കെ അവരിൽ ഒരാൾ മരിച്ചു. അപ്പോൾ അദ്ദേഹത്തിൻെറ മരണത്തിൽ അവർ വ്യസനാക്രാന്തരായി. ഈ തക്കം നോക്കി പിശാച്‌ വരികയും അദ്ദേഹത്തെ അവർക്ക്‌ ഒരു മൂർത്തിയായി കാണിച്ചുകൊടുക്കുകയും ചെയ്‌തു............ ഇങ്ങനെ

അവർ അവയെ ആരാധിച്ചു, ഒടുവിൽ അല്ലാഹു നൂഹ്നബി യെ അയച്ചു ............... ഈ വിഗ്രഹങ്ങളെപ്പററി പറയപ്പെട്ടിട്ടു ള്ള കാര്യങ്ങളുടെ ചുരുക്കം രണ്ട് അഭിപ്രായങ്ങളാണെന്ന് ചില വ്യാഖ്യാതാക്കൾ പറയുന്നു. അവയിൽ ഒന്ന് അവ നൂഹ്നബി യുടെ ജനതയിൽ പെട്ടതാണ് എന്നുള്ളതാണ്. രണ്ടാമത്തേത് അവ സദ്വൃത്തന്മാരായ ആളുകളുടെ പേരുകളാണെന്നുള്ളതാ കുന്നു .................. എന്നാൽ എനിക്ക് പറയുവാനുള്ളത്, ഇതിൻെറ അവസാനം ഒരൊററ അഭിപ്രായത്തിൽ തന്നെയാണെ ന്നാകുന്നു. സജ്ജനങ്ങളെ സംബന്ധിച്ച കഥ നൂഹ്നബിയു ടെ ജനങ്ങൾ ഈ വിഗ്രഹങ്ങളെ ആരാധിക്കുവാൻ തുടങ്ങിയ തിൻെറ പ്രാരംഭമാണ്. പിന്നെ അവർക്ക് ശേഷമുള്ളവർ ഈ സംഗതിയിൽ അവരെ തുടരുകയാണുണ്ടായത് ............... വാഖിദിഇങ്ങിനെ പറയുന്നു; വദ്ദ് പുരുഷ രൂപത്തിലും സുവാഅ് സ്ത്രീ രൂപത്തിലും യഗൂസ് സിംഹത്തിൻെറ രൂപ ത്തിലും യഊഖ് കുതിരയുടെ രൂപത്തിലും നസ്ർ പക്ഷി യുടെ രൂപത്തിലുമാണ്. എന്നാൽ ഈ അഭിപ്രായത്തിന് പ്രാ ബല്യമില്ല. അവർ മനുഷ്യരുടെ രൂപങ്ങളിലായിരുന്നുവെന്നുള്ള താണ് പ്രസിദ്ധമായ അഭിപ്രായം. ഇതാണ് അവയെ ആരാ ധിക്കുന്നതിനുണ്ടായ കാരണത്തെ സംബന്ധിച്ചുള്ള തെളിവു കളിൽനിന്നും ന്യായമായി മനസ്സിലാകുന്നത് )

(ഫത്ഹുൽബാരി 8_ാംവാല്യം പേജ് 542, 543)

وقال ابن القيم: قال غير واحد من السلف لما ماتوا عكفوا على قبورهم ثم صوروا تماثيلهم ثم طال عليهم الأمد فعبدوهم.

(മേൽകാണിച്ച ഖുർആൻവാക്യത്തിലെ സദ്വൃത്തന്മാരെ പ്പററി) ഇബ്നുൽഖയ്യിം ഇപ്രകാരം പറയുന്നു: ''ഇവർമരിച്ച പ്പോൾ ഇവരുടെ ഖബ്റുകളിൽ അവർ ഭജനമിരിക്കുകയും പി ന്നീട് അവർ ഇവരുടെ പ്രതിമകൾ ഉണ്ടാക്കുകയും, കാലക്രമ ത്തിൽ അവർ ഇവരെ ആരാധിക്കുകയും ചെയ്തുവെന്ന് പ്രാചീ

നമുസ്ലിംകളിൽ ഒന്നിലധികം പേർ പറഞ്ഞുകാണുന്നു'' ഈ സദ്‌വൃത്തന്മാരെപ്പറ്റി ഇമാം റാസി ഇങ്ങിനെ എഴുതിയിരിക്കുന്നു:

## ഇമാം റാസിയുടെ വിവരണം

انه كان يموت اقوام صالحون فكانوا يتخذون تماثيل على صورهم ويشتغلون بتعظيمها وغرضهم تعظيم اولئك الاقوام الذين ماتوا حتى يكونوا شافعين لهم عندالله وهو المراد من قولهم ما نعبدهم الا ليقربونا الى الله زلفى. انه ربما مات ملك عظيم او شخص عظيم فكانوا يتخذون تمثالا على صورته وينظرون اليه فالذين جاؤوا بعد ذلك ظنوا ان آبائهم كانوا يعبدونها فاشتغلوا بعبادتها لتقليد الآباء او لعل هذه الاسماء الخمسة وهى ودوسواع ويغوث ويعوق ونسرا سماء خمسة من اولاد آدم فلما ماتوا قال ابليس لمن بعدهم لوصورتم صورهم فكنتم تنظرون اليهم ففعلوا فلما مات اولئك قال لمن بعدهم انهم كانوا يعبدونهم فعبدوهم ولهذا السبب نهى الرسول عليه السلام عن زيارة القبور اولا ثم اذن فيها على مايروى انه عليه السلام قال كنت نهيتكم عن زيارة القبور الافزوروها فان فى زيارتها تذكرة - هذه الاصنام الخمسة كانت اكبر اصنامهم ثم انها نقلت عن قوم نوح الى العرب فكان ودلكلب وسواع لهمذان ويغوث لمذحج ويعوق لمراد

(സദ്‌വൃത്തന്മാരായ ആളുകൾ മരിച്ചിരുന്ന അവസരങ്ങളിൽ അവരുടെ രൂപങ്ങളിൽ അവർ പ്രതിമകൾ ഉണ്ടാക്കുകയും അവ

യെ വന്ദിക്കുന്നതിൽ വ്യാപൃതരായി കഴിയുകയും ചെയ്തിരുന്നു തങ്ങൾക്ക് ഈ മരിച്ചുപോയ ആളുകൾ അല്ലാഹുവിൻെറ പക്കൽ ശുപാർശക്കാരായിരിന്നതിന്ന് വേണ്ടിയായിരുന്നു അവർ അവരെ വന്ദിച്ചുപോന്നത്. 'നമ്മെ അവർ അല്ലാഹുവിങ്കൽ അടുപ്പിക്കുന്നതിനായിമാത്രമാകുന്നു ഞങ്ങൾ അവരെ ആരാധിക്കുന്നത്.' എന്ന അവരുടെ (മുശ്രിക്കുകളുടെ) വാക്കിൻെറ അർത്ഥം ഇതാണ്. ഒരു മഹാനായരാജാവ് അല്ലെങ്കിൽ വലിയ ഒരാൾ മരിച്ചുവെന്നുവരുമ്പോൾ അവർ അയാളുടെ രൂപത്തിൽ പ്രതിമ ഉണ്ടാക്കുകയും, അതിൽ നോക്കിക്കൊണ്ടിരിക്കുകയും ചെയ്യുക പതിവായിരുന്നു. അവരുടെ പിൻഗാമികളായി വന്നവരാകട്ടെ തങ്ങളുടെ പൂർവ്വപിതാക്കൻമാർ അവയെ ആരാധിക്കയാണ് ചെയ്തിരുന്നത് എന്നു വിചാരിച്ചു അങ്ങനെ പൂർവ്വപിതാക്കളെ അനുകരിച്ച് അവർ അവയെ ആരാധിക്കുന്നതിൽ ഏർപ്പെട്ടു. അല്ലെങ്കിൽ വദ്ദ്, സുവാഅ്, യഗൂസ് യഊഖ്, നസ്ർ എന്നീപേരുകൾ ആദമിൻെറ മക്കളിൽ അഞ്ചുപേരുടെ നാമങ്ങളായിരിക്കാം. അവർമരിച്ചപ്പോൾ അവർക്ക് ശേഷമുള്ളവരോട് ഇബ്‌ലീസ് പറഞ്ഞു: 'നിങ്ങൾ അവരുടെ രൂപങ്ങൾ ഉണ്ടാക്കുകയും അവയിൽ നോക്കിക്കൊണ്ടിരിക്കുകയും ചെയ്തുവെങ്കിലോ!' അങ്ങനെ അവർ അപ്രകാരം ചെയ്തു. ആ ആളുകൾ മരിച്ചപ്പോൾ അവർക്ക്ശേഷമുള്ളവരോടും 'അവർ അവരെ ആരാധിക്കുകയാണ് ചെയ്തിരുന്നത്' എന്ന് അവൻ (ഇബ്‌ലീസ്) പറഞ്ഞു കേൾപ്പിച്ചു. അങ്ങനെ അവർ അവരെ ആരാധിച്ചു. ഇത് കാരണത്താൽ ഖബ്റുകളെ സന്ദർശിക്കുന്നതിനെ റസൂൽ (സ) ആദ്യം വിരോധിച്ചിരുന്നു. പിന്നെ 'ഖബ്ർ സന്ദർശിക്കുന്നതിനെ ഞാൻ നിങ്ങളോട് വിരോധിച്ചിരുന്നു; എന്നാൽ നിങ്ങൾ അവയെ സന്ദർശിച്ചുകൊൾവിൻ നിശ്ചയമായും അവ സന്ദർശിക്കുന്നതിൽ നിങ്ങൾക്ക് ഒരു ഉണർത്തൽഉണ്ട്.' എന്നു പറഞ്ഞിട്ടുള്ളതായി കാണുന്ന നിവേദനം അനുസരിച്ചു........ഈ അഞ്ചുബിംബങ്ങളും അവരുടെ ബിംബങ്ങളിൽ വെച്ച് ഏററവും വലുതായിരുന്നു. പിന്നീട് അവ നൂഹുനബിയുടെ ജനതയിൽനിന്നും അറബികളുടെ ഇടയിലേക്ക് മാറുകയും ചെയ്തു. – തഫ്സീറുൽ കബീർ—232:8)

انهم وضعوا هذه الاصنام والاوثان على صور انبيائهم وا كابرهم وزعموا انهم متى اشتغلوا بعبادة هذه التماثيل فان اولئك الا كابر يكونون شفعاء لهم عنداالله تعالى ونظيره فى هذا الزمان اشتغال كثير من الخلق بتعظيم قبور الا كابر على اعتقاد انهم اذا عظموا قبورهم فانهم يكونون شفعاء لهم عنداالله

(അവർ ഈ പ്രതിമകളെയും ബിംബങ്ങളെയും അവരുടെ നബിമാരുടെയും മഹാപുരുഷന്മാരുടെയും രൂപത്തിലാണ് നിർമ്മിച്ചിട്ടുള്ളത്.. അവർ ഈ പ്രതിമകളെ ആരാധിച്ചാൽ ആ മഹാപുരുഷന്മാർ അല്ലാഹുവിങ്കൽ അവർക്ക് ശുപാർശക്കാരാകുമെന്ന് അവർ ജല്പിക്കുന്നു. മഹാത്മാക്കളുടെ ഖബ്റുകളെ വന്ദിച്ചാൽ അവർ തങ്ങൾക്ക് അല്ലാഹുവിന്റെ അടുക്കൽ ശുപാർശക്കാരാകുമെന്ന വിശ്വാസത്തിൽ അവരുടെ ഖബ്റുകളെ വന്ദിക്കുന്നതിൽ അനേകമാളുകൾ വ്യാപൃതരായിരിക്കുന്നത് ഇക്കാലത്ത് അതിനോട് സമമായിട്ടുള്ളതാകുന്നു.' (തഫ്സീറുൽ കബീർ-572:4)

പ്രബലന്മാരായമതപണ്ഡിതന്മാരുടെ മേൽകാണിച്ച ഉദ്ധരണികളിൽനിന്നും നമുക്ക് മനസ്സിലാകുന്നത്, ഖുർആനിൽ സൂറത്ത് നൂഹിൽ കാണുന്ന നസ്റ്, യഊഖ്, യഗൂസ്, സുവാഅ്,വദ്ദ് എന്നീ അഞ്ചുപേരുകൾ നൂഹ്നബിയുടെ സമുദായത്തിൽപെട്ട ഔലിയാക്കളുടെ പേരുകളാണെന്നും ഇവരുടെ പേരും രൂപങ്ങളുമാണ് പിന്നീടു വലിയ വലിയ ബിംബങ്ങളായി മാറിയതെന്നും ബിംബാരാധനയുടെ ഉത്ഭവംതന്നെ ഈമാററം ഉണ്ടായ ഘട്ടത്തോടുകൂടിയാണെന്നുമാണ്. പ്രിയപ്പെട്ട വായനക്കാരെ! സൂക്ഷ്മമായും നിഷ്പക്ഷമായും ചിന്തിച്ചുനോക്കുവിൻ. മഹാത്മാക്കളായ പുണ്യപുരുഷന്മാരുടെ പേരും അവരുടെ രൂപവും അവരോടുള്ള അതിരുകവിഞ്ഞ ബഹുമാനത്തിന്റെ

ഫലമായി ലോകത്ത്വെച്ചും പ്രസിദ്ധമേറിയ മഹാബിംബങ്ങളായി മാറിയിരിക്കയാണെന്നുള്ള സംഗതി പരമാർത്ഥമാണെങ്കിൽ മഹാത്മാവെന്നൊ പുണ്യവാനെന്നൊ അറിയപ്പെടുന്ന ഒരാളുടെ ഖബ്റിൽ ചെയ്യപ്പെടുന്ന അതിരുകവിഞ്ഞ വന്ദനം മൂലശിർക്ക് വ്യാപിക്കുന്നതാണ് എന്ന് പറഞ്ഞാൽ അതിൽ എന്താണംബദ്ധം? സദ്വൃത്തന്മാരായ ആളുകളുടെ പേരുകളും രൂപങ്ങളുമാണ് കാലാന്തരത്തിൽ മഹാവിഗ്രഹങ്ങളായി തീർന്നതെന്ന് പറയുകയും അപ്രകാരം വിശ്വസിക്കയും ചെയ്യുന്നവരാണ് ഹസ്രത്ത് ഇബ്നു അബ്ബാസ് തുടങ്ങിയമഹാന്മാർ എന്ന് മേൽകാണിച്ച ഉദ്ധരണികൾകൊണ്ട് സ്പഷ്ടമാണല്ലോ. അനാചാരപരമായ വന്ദനങ്ങൾ വഴിയായി ശിർക്ക് പടർന്നുപിടിക്കും എന്ന് പറയുമ്പോൾ മഹാത്മാക്കളെ പരിഹസിക്കുവാനൊ മുസ്ലിംകളെ മുശ്രിക്കുകളായി അകററിനിർത്തുവാനൊ ആണ് അങ്ങനെ പറയുന്നതെന്ന് ചിലർ വിചാരിച്ചുകൊള്ളുന്നത് ആശ്ചര്യം തന്നെ. ഇത്തരം ആപൽക്കരമായ വിശ്വാസങ്ങളിൽനിന്നും മുസ്ലിംകൾ മാറിക്കാണണമെന്നുള്ള ആശകൊണ്ടാണ് ഈ വിധമൊക്കെ പറഞ്ഞുപോകുന്നതെന്ന് അവർ അറിയാത്തതല്ല. 'മഹാത്മാക്കളുടെ ഖബ്റുകൾ വന്ദിക്കുന്നത് ബിംബാരാധനയോട് തുല്യമാണെന്നഇമാം റാസിയുടെ പ്രസ്താവനയും നമ്മുടെ ചില ഉലമാക്കളുടെ സ്ഥിതിയും തമ്മിൽ കാണാവുന്ന അന്തരം വിശേഷിച്ച് എടുത്തുപറയണമെന്ന് തോന്നുന്നില്ല. മഹാത്മാക്കളുടെ ഖബ്റുവഴി ശിർക്ക് വ്യാപിക്കുംപോലും എന്നിപ്രകാരം മുമ്പും പിമ്പും നോക്കാതെ, മതവിവരമില്ലാത്ത സാധാരണക്കാരെപ്പോലെ ചില ആലിമുകൾ തന്നെത്താൻ കറങ്ങുകയും മററുള്ളവരെ കറക്കുകയും അവരെ ക്ഷോഭിപ്പിക്കുകയും സ്വയം ക്ഷോഭിക്കുകയും ചെയ്തുകൊണ്ടുന്നത് വലിയൊരു കഷ്ടം തന്നെ. ആയത്തുകളുടെയും ഹദീസുകളുടെയും ശരിയായ അർത്ഥം ഗ്രഹിക്കുന്നതിന് ശ്രമിക്കാതെ, ഇഷ്ടംപോലുള്ള അർത്ഥം ഊഹിച്ചെടുത്തു സ്വയം ആശ്വസിക്കുകയും മററുള്ളവരെ അത്പറഞ്ഞുകേൾപ്പിച്ചു ഇളക്കുകയും ചെയ്യുന്ന ഒരു നയമാണ് ഇത്തരം ആളുകളെക്കുറിച്ചു ചിന്തിക്കുമ്പോൾ നമ്മുടെ ഓർമ്മയിൽവരുന്നത്. ഹസ്രത്ത് ഇബ്നു അബ്ബാസ്,

ഇമാംബുഖാരി, ഹാഫിസ് ഇബ്നുഹജറുൽ അസഖലാനി,ഇമാം ഇബ്നുൽഖയ്യിം, ഇമാംറാസി (റ) മുതലായ മഹാന്മാർ മേലു ക്കാണിച്ചഖുർആൻ വാക്യത്തെ വ്യാഖ്യാനിക്കുന്നേടത്ത് മഹാത്മാ ക്കളുടെ രൂപങ്ങളും നാമങ്ങളുമാണ് കാലാന്തരത്തിൽ മഹാബിം ബങ്ങളായും വിഗ്രഹങ്ങളായും മാറുവാൻ ഇടയായിട്ടുള്ളത് എ ന്ന് രേഖപ്പെടുത്തിയിരിക്കുന്നത് ഇവരുടെ ശ്രദ്ധയ്ക്ക് വി ഷയമാകേണ്ടതാണ്. ഈ ഉലമാക്കളുടെ അഭിപ്രായം ശരിയാണെ ന്നുവെക്കുകയാണെങ്കിൽ ഈ മഹാന്മാരുടെ വാക്കുകൾക്ക് എ ന്തർത്ഥമാണുള്ളത് എന്ന് ഇവർ ചിന്തിച്ചുനോക്കട്ടെ. ഈ വി ഷയകമായി മഹാന്മാരായ ആളുകൾ ചെയ്തിട്ടുള്ള പ്രസ്താ വനകളെപ്പററി ഇവർ ചിന്തിച്ചുനോക്കുവാൻ ശ്രമിക്കാതിരുന്നി ട്ടുള്ളതിൽ ഞങ്ങൾ നിർവ്യാജം വ്യസനിക്കുന്നു.

أفرأيتم اللات وَالعزى ''ലാത്തയേയും ഉസ്സയേയും നിങ്ങൾ കാണുന്നുണ്ടോ? (ഈ വിഗ്രഹങ്ങൾ ഗുണമോ ദോഷമോ ചെയ്യുന്നതിന്ന് പ്രാപ്തമല്ലെന്നുള്ള സംഗതിയെപ്പററി നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ?) ഈ ഖുർആൻ വാക്യത്തിൻെറ വ്യാഖ്യാനത്തിൽ ഹസ്രത്ത് ഇബ്നു അബ്ബാസ് പറഞ്ഞിട്ടുള്ളതായി ഇമാം ബുഖാരി തൻെറ സഹീഹിൽ ഇങ്ങനെ എഴുതുന്നു:

« كان اللات رجلا يلت السويق للحاج » (ലാത്ത ഹാജി മാർക്ക് സമ്മിശ്രപാനീയം ഒരുക്കം ചെയ്തിരുന്ന ഒരു പുരുഷനായി രുന്നു.) ഇത് സംബന്ധിച്ചു ബുഖാരിയുടെ വ്യാഖ്യാനഗ്രന്ഥ മായ ഫത്ഹുൽബാരിയിൽ ഹാഫിസ് ഇങ്ങനെ എഴുതുന്നു:

كان اللات رجلا يلت سويق الحاج ...... واخرج ابن ابى حاتم من طريق عمرو بن مالك عن ابى الجوزاء عن ابن عباس ...... كان يلت السويق على الحجر فلا يشرب منه احد الاسمن فعبدوه واختلف فى اسم هذا الرجل فروى الفاكهى من طريق المجاهد قال كان رجل فى الجاهلية على صخرة بالطايف

وعليهاله غنم فكان يسلو من رسلها ويأخذمن زيب الطائف والاقط فيجعل منه حيسا ويطعم من يمربه من النّاس فلما مات عبدوه ...... فقد اخرج الفاكهى من وجه آخر عن ابن عباس ان اللات لما مات قال لهم عمروبن لحى إنهلم يمت ولكنه دخل الصخرة فعبدوها وبنوا عليها بيتا ...... وحكى ابن الكلبى ان اسمه صومة ابن غنم وكانت اللات بالطائف وقيل بنخلة وقيل بعكاظ والاول اصحّ وقد اخرجه الفاكهى ايضا من طريق مقسم عن ابن عباس قال هشام ابن الكلبى كانت مناة اقدم من اللات فهدمها على عام الفتح بأمر النبى (ص) وكانت اللات احدث من مناة فهدمها المغيرة بن شعبة بأمر النبى (ص) لما اسلمت ثقيف وكانت العزى احدث من اللات فهدمها خالد بن الوليد بأمر النبى (ص) عام الفتح

(ലാത്ത് ഹാജിമാർക്ക് സമ്മിശ്രപാനീയം ഒരുക്കം ചെയ്തിരുന്ന ഒരാളായിരുന്നു. ഇബ്നു അബ്ബാസിനെപ്പററി ഇബ്നു അബീഹാത്തം ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു. അദ്ദേഹം (ലാത്ത്) ഒരു കല്ലിൻമേൽവെച്ചായിരുന്നു ഈ സമ്മിശ്രപാനീയം പാകപ്പെടുത്തിയിരുന്നത്. അതിൽ നിന്നും കുടിച്ചിരുന്നവർക്കെല്ലാം നല്ലപോഷണം സിദ്ധിച്ചിരുന്നു, അതിനാൽ അദ്ദേഹത്തെ അവർ ആരാധിച്ചു. അദ്ദേഹത്തിന്റെ പേരിനെപ്പററി അഭിപ്രായവ്യത്യാസമുണ്ട്. മുജാഹിദ് മുഖേന ഫാക്കിഹി ഇങ്ങനെ നിവേദനം ചെയ്യുന്നു. മുജാഹിദ് പറയുന്നു: അജ്ഞാനകാലത്ത് തായിഫിലെ ഒരു പാറയുടെ മുകളിൽ താമസിച്ചിരുന്ന ഒരാളാണ് ലാത്ത്. അവിടെ അദ്ദേഹത്തിന്ന് ആടുകളും ഉണ്ടായിരുന്നു. അദ്ദേഹം അവയുടെ പാൽ സംഭരിച്ചു മുന്തിരി

പ്പഴവും പാൽകട്ടിയും ചേർത്ത് ഒരുതരം ആഹാരം ഉണ്ടാക്കി ആ വഴിയെ സഞ്ചരിച്ചിരുന്ന ആളുകാംക്ക് നൽകിവന്നിരുന്നു. അദ്ദേഹം മരിച്ചപ്പോാം അവർ അദ്ദേഹത്തെ ആരാധിച്ചു. ഇബ്നു അബ്ബാസ് പറഞ്ഞതായി മറെറാരു വഴിയിൽകൂടി ഇങ്ങനെയും നിവേദനം ചെയ്തിരിക്കുന്നു. ലാത്ത് മരിച്ചപ്പോാം അദ്ദേഹം മരിച്ചിട്ടില്ലെന്നും, അദ്ദേഹം പാറയിൽ കടന്നിരിക്കയാണെന്നും അംറിബ്നുലിഹാ അവരോട് പറയുകയുണ്ടായി. അങ്ങനെ അവർ അദ്ദേഹത്തെ ആരാധിക്കുകയും അതിന്മേൽ കെട്ടിടം പണിതീർക്കുകയും ചെയ്തു. അദ്ദേഹത്തിൻെറ പേര് സർമത്ത് ഇബ്നുഗനം എന്നാണെന്ന് ഇബ്നുകൽബികാണിക്കുന്നു. ലാത്ത് തായിഫ് നിവാസിയായിരുന്നു. നഖ്ലത്തിലായിരുന്നുവെന്നും ഉക്കാസിലായിരുന്നുവെന്നും പറയപ്പെടുന്നുമുണ്ട്. എന്നാൽ ആദ്യം പറഞ്ഞതിനാണ് പ്രാബല്യം. ഇബ്നു അബ്ബാസിൽനിന്നു മഖ്സം വഴിയായി ഫാക്കിഹിയും ഈ സംഗതി രേഖപ്പെടുത്തീട്ടുണ്ട്. ഹിശംഇബ്നുൽ കൽബി പറയുന്നു: മനാത്ത് വിഗ്രഹം ലാത്തിനേക്കാാം അധികം പഴക്കമുള്ളതാണ്. മക്കാവിജയവർഷം നബി (സ) യുടെ കല്പന പ്രകാരം അലി അത് പൊളിച്ചു. ലാത്ത് മനാത്തിനെക്കാാം പുതുക്കമുള്ളതായിരുന്നു. സഖീഫ് ഗോത്രക്കാർ ഇസ്ലാം മതം സ്വീകരിച്ച അവസരത്തിലാണ് നബി (സ) യുടെ കല്പന പ്രകാരം അതിനെ മുഗീറത്തുബ്നു ശൂഉബാ നശിപ്പിച്ചത്. ഉസ്സാവിഗ്രഹം ലാത്തിനേക്കാാം വളരെ പുതുക്കമുള്ളതായിരുന്നു. മക്കാവിജയ വർഷത്തിൽ നബി (സ)യുടെ ആജ്ഞയനുസരിച്ചു ഖാലിദുബ്നുവലീദ് അതിനെ പൊളിച്ച് നശിപ്പിച്ചു.) (ഫത്തുഹുൽബാരി - 612)

قال الامام الشوكانى فى الدرّ النضيد ولابن خزيمة عن مجاهد (افرأيتم اللات والعزى) قال كان يلت له السويق فمات فعكفوا على قبره

'ഇമാംശൗക്കാനി അദ്ദേഹത്തിൻെറ അദ്ദുർറുന്നദീദ് എന്ന ഗ്രന്ഥത്തിൽ ഇങ്ങനെപ്പറയുന്നു: ഹാജിമാർക്കു സമ്മിശ്രപാനീ

യം നൽകിയിരുന്ന ഒരു പുരുഷനാണീ ലാത്ത്. അദ്ദേഹം മരിച്ചപ്പോൾ അവർ അദ്ദേഹത്തിൻെറ ഖബ്റിങ്കൽ ഭജനമിരുന്നു എന്നു മുജാഹിദ് പറഞ്ഞതായി ഇബ്നുഖുസൈമാ നിവേദനം ചെയ്യുന്നു.'

«رجل كان يلت السمن بالزيت ويطعمه الحاج وقيل كان يلت السويق بالطائف ويطعمه الحاج فلما مات عكفوا على قبره يعبدونه» — تفسير ابى السعود

(നെയ്യും ഒലീവ്വൃക്ഷത്തിൻെറ എണ്ണയുംചേർത്തു ആഹാരമുണ്ടാക്കി ഹാജിമാർക്ക് കൊടുത്തിരുന്ന ഒരാളായിരുന്നുലാത്ത്. തായിഫിൽവെച്ച് അദ്ദേഹം മാവുകൊണ്ടുളള ആഹാരം ഉണ്ടാക്കി ഹാജിമാർക്ക് കൊടുത്തിരുന്നുവെന്നും പറയപ്പെടുന്നു. അദ്ദേഹം മരിച്ചപ്പോൾ അവർ അദ്ദേഹത്തെ ആരാധിച്ചുകൊണ്ട് അദ്ദേഹത്തിൻെറ ഖബറിങ്കൽ ഭജനമിരുന്നു.)

ലോകപ്രസിദ്ധിനേടിയ ഒരു ബിംബമാണ് ലാത്ത് എന്നത് എല്ലാവർക്കും അറിയാവുന്നതാണ്. ഈ വിഗ്രഹാരാധനയിൽ മുഴുകി കഴിഞ്ഞിരുന്ന അജ്ഞാനകാലത്തെ അറബികളുടെ എത്രയും പ്രിയപ്പെട്ട ഒരു ദൈവമായിരുന്നു. ഇതാകട്ടെ ഒരു പുണ്യപുരുഷൻെറ പ്രതിമയാണെന്ന് മേൽകാണിച്ച ഉദ്ധരണികൾ കൊണ്ട് സ്പഷ്ടമാണല്ലൊ. അന്ധമായ വിശ്വാസത്തോടുകൂടി പുണ്യപുരുഷൻമാരെ ബഹുമാനിക്കുവാനും വന്ദിക്കുവാനും തുടങ്ങിയാൽ മേല്പറഞ്ഞതുപോലെ, കാലക്രമേണ അത് വിഗ്രഹാരാധനയായി കലാശിക്കുമെന്ന് വിശേഷിച്ചു പറയേണ്ടതില്ലല്ലോ. നമ്മുടെ ചില ഉലമാക്കൾക്ക് ഇങ്ങനെ പറയുന്നത് അത്ര പിടിക്കുമെന്ന് തോന്നുന്നില്ല. കണ്ണൂരിൽ 'ഹയാത്തുൽ മുഅ്മിനീൻ' എന്ന 'വലി' യെപ്പററി ചില ആളുകൾ പറഞ്ഞുവരാറുളളതുപോലെയാണ് 'ലാത്ത്' മരിച്ചിട്ടില്ല, അദ്ദേഹംപാറയുടെ ഉളളിൽ കടന്നിരിക്കയാണ് എന്ന് അന്നത്തെ അറബികൾ

പുണ്യവാനായ ലാത്തിനെപ്പററി പറഞ്ഞിരുന്നത്. പുണ്യവാന്മാരുടെയും മഹാത്മാക്കളുടെയും ഖബ്ർവഴിയായി ശ ർക്ക് പരക്കുവാൻ ഇടയാവുന്നുണ്ടെന്നു മാത്രമല്ല, അവരുടെ നാമങ്ങളും രൂപങ്ങളും എല്ലാം കാലക്രമേണ 'ശിർക്കി' ൻെറ ഉറവിടമായ ബിംബങ്ങളായി മാറുകകൂടി ചെയ്തേക്കുമെന്നുള്ള സംഗതി ഈ ഉലമാക്കൾ ഒന്ന് മനസ്സിലാക്കുവാൻ ശ്രമിച്ചിരുന്നുവെങ്കിൽ എത്ര നന്നായിരുന്നു. നബിമാരുടെയും വലിമാരുടെയും നാമങ്ങളും രൂപങ്ങളും ശിർക്കിൻെറ ഉറവിടമായ വിഗ്രഹങ്ങളായി പരിണമിച്ചേക്കുമെന്നുള്ളതിന് ഹസ്രത്തുഇബ്നു അബ്ബാസിനെ സംബന്ധിച്ചു വന്നുകാണുന്ന ഈ നിവേദനം മറെറാരു തെളിവാണ്.

## ഇബ്രാഹീം നബിയുടെയും ഇസ്മായീൽ നബി (അ) യുടെയും പ്രതിമകൾ

عن ابن عباس رضى الله عنهما ان رسول الله (ص) لما قدم مكة ابى ان يدخل البيت وفيه الآلهة فامر بها فأخرجت فأخرج صورة ابراهيم واسماعيل فى ايديهما من الازلام فقال النبى (ص) قاتلهم الله لقد علموا ما استقسمابها قط ثم دخل البيت

(ഇബ്നു അബ്ബാസ് (റ) പറഞ്ഞതായി ഇപ്രകാരം നിവേദനം ചെയ്യപ്പെട്ടിരിക്കുന്നു: നബി (സ) മക്കായിൽവന്നുചേർന്ന അവസരത്തിൽ,കഅ്ബായിൽ ദൈവങ്ങൾ ഉണ്ടായിരിക്കവെ അത്വൽ പ്രവേശിക്കുന്നതിനു വിസമ്മതം കാണിച്ചു. അങ്ങനെ അവിടുന്നു കല്പിച്ചതനുസരിച്ച് അവ പുറത്തു എടുക്കപ്പെട്ടു. അക്കൂട്ടത്തിൽ ഇബ്രാഹീമിൻെറയും ഇസ്മായീലിൻെറയും രൂപങ്ങളും പുറത്തു എടുക്കപ്പെട്ടു. (ഗുണത്തെയും ദോഷത്തെയും വേർതിരിച്ചു കാണിച്ചുകൊടുക്കുന്നതു എന്നു വിചാരിക്കപ്പെട്ടിരുന്ന) അമ്പുകൾ അവർ രണ്ടുപേരുടെയും കയ്യിൽ ഉണ്ടായിരു

ന്നു. അപ്പോൾ നബി (സ) പറഞ്ഞു: അല്ലാഹു അവരെ നശിപ്പിക്കട്ടെ! അവകൊണ്ട് അവർ രണ്ടുപേരും ഗുണത്തെയും ദോഷത്തെയും നിശ്ചയിച്ചിരുന്നില്ലെന്നു അവർക്ക് അറിയാമായിരുന്നു. പിന്നെ നബി (സ)കഅ്ബായിൽ കടന്നു.

(صحيح البخارى باب اين ركز النبى الراية يوم الفتح)

ഇബ്രാഹീംനബി (അ)യുടെയും ഇസ്മായിൽനബി (അ)യുടേയും വിഗ്രഹങ്ങൾ കഅ്ബായിൽ സൂക്ഷിക്കപ്പെട്ടിരുന്നുവെന്നുള്ള സംഗതി ഈ ഹദീസുകൊണ്ട് അറിയാവുന്നതാണല്ലോ. വിഗ്രഹങ്ങളുടെ ധ്വംസകൻ എന്ന അപരനാമത്താൽ പ്രസിദ്ധനായ ഇബ്രാഹീം നബിയുടെ രൂപത്തെ, تالله لاكيدن أصنامكم എന്നു പറഞ്ഞുകൊണ്ട് അന്ന് അവിടെ ഉണ്ടായിരുന്ന വിഗ്രഹങ്ങളെ തകർത്തുനശിപ്പിച്ച ഇബ്രാഹീംനബിയുടെ രൂപത്തെ, واجنبنى وبنى ان نعبد الاصنام എന്റെ നാഥനായിട്ടുള്ളവനെ (എന്നെയും എന്റെ സന്താനങ്ങളെയും വിഗ്രഹാരധനയിൽ നിന്നുംഅകറ്റേണമേ.) എന്നു പ്രാർത്ഥിച്ച ഇബ്രാഹീം നബിയുടെ സ്വരൂപത്തെവിഗ്രഹമാക്കിവെച്ച് പൂജിക്കുന്നതിന് ജനങ്ങൾക്ക് ഒരു സങ്കോചവുമുണ്ടായില്ല! ഏകനായ അല്ലാഹുവിനെ വണങ്ങുന്നതിനായി ഭൂമുഖത്ത് ആദ്യമായിഉണ്ടായ ദൈവാലയത്തിന്റെ പുനർനിർമ്മാതക്കളായിരുന്ന ഇബ്രാഹീംനബിയുടെയും ഇസ്മായീൽ (അ) നബിയുടെയും വിഗ്രഹങ്ങൾ ആ ദൈവാലയത്തിനുള്ളിൽ തന്നെവെച്ച് പൂജിക്കപ്പെടുവാൻ ഇടയായല്ലോ! ഈ സ്ഥിതിക്ക് പുണ്യപുരുഷന്മാരെന്ന് വിചാരിക്കപ്പെടുന്നവരുടെ ഖബ്റുകളിൽചെന്ന് അവരെ വന്ദിക്കുകയും മറ്റും ചെയ്യുന്നത് എത്ര സൂക്ഷിച്ചുവേണമെന്ന് ഈ ഉലമാക്കൾ ഒന്ന് ഓർത്തു നോക്കട്ടെ. എന്നാൽ ഇത്തരക്കാർ ഇങ്ങനെയുള്ള അതിരുകവിഞ്ഞ വന്ദനങ്ങളെ ഒരു പുണ്യകർമ്മമായിട്ടുകൂടി വിചാരിച്ചു വരുന്നതാണ് കഷ്ടാൽകഷ്ടതരം. ഇബ്രാഹീംനബിയുടെയും, ഇസ്മായീൽനബി (അ) യുടെയും, വിഗ്രഹങ്ങളെ ധ്വംസിക്കുവാൻ ജീ

വിതാർപ്പണംചെയ്ത പുണ്യാത്മാക്കളായ ഈ രണ്ടു നബിമാരുടെയും-രൂപങ്ങൾക്കുണ്ടായ സ്ഥിതിപരിണാമത്തെക്കുറിച്ച് ആലോചിക്കുന്നവർക്ക് നാഗൂർ,അജ്മീർ,ബഗ്ദാദ് മുതലായസ്ഥലങ്ങളിലെഖബ്റുകളും അവയുടെ മീതെ സ്ഥാപിക്കപ്പെട്ടിട്ടുള്ള താബൂത്തുകളും ബിംബങ്ങളായി ചമയുമെന്ന് പറയുന്നതിൽ എന്താണബദ്ധം? എന്നാൽ ഈ വക സംഗതികളൊന്നുംതന്നെ ചില ഉലമാക്കളുടെ ചിന്തയിൽകടക്കുന്നില്ല.

«والله يهدى من يشاء الى صراط مستقيم»

'പുണ്യവാന്മാരും മഹാത്മാക്കളുമായ ആളുകളുടെ രൂപങ്ങളും നാമങ്ങളും വിഗ്രഹളായി പരിണമിച്ചേക്കാമെന്നുള്ളതിന് ഈ ഹദീസ് മറ്റൊരു തെളിവാകുന്നു:

## സജ്ജനങ്ങളുടെ പ്രതിരൂപങ്ങൾ

وفى الصحيحين عن عائشة رضي‌الله عنها انام سلمة ذكرت لرسول‌الله (ص) كنيسة رأتها بأرض الحبشة وما فيها من الصور فقال « اولئك اذامات فيهم الرجل او العبد الصالح بنوا على قبره مسجدا وصوّروا فيه تلك الصور اولئك شرار الخلق عندالله

ആയിശ (റ) പറഞ്ഞതായി സഹീഹൈനിൽ ഇപ്രകാരം രിവായത്തുചെയ്യപ്പെട്ടിരിക്കുന്നു: അബ്സീനിയായിൽ താൻ കണ്ട ഒരു കനീസയും അതിൽ ഉണ്ടായിരുന്ന രുപങ്ങളെയും പററി റസൂലിനോട് ഒരിക്കൽ ഉമ്മുസലമ പറയുകയുണ്ടായി. അപ്പോൾ അവിടുന്നു പറഞ്ഞു അക്കൂട്ടർ അവരുടെ ഇടയിൽ സദ്വൃത്തനായ ഒരാൾ അല്ലെങ്കിൽ ഒരടിമ മരണം പ്രാപിച്ചാൽ അയാളുടെ ഖബ്റിൽ ഒരു ആരാധനാലയം കെട്ടിഉണ്ടാക്കുകയും അതിൽ ആ രൂപം ഉണ്ടാക്കിവെക്കുകയും ചെയ്യുന്നു. അക്കുട്ടർ അല്ലാഹുവി

ന്റെ അടുക്കൽ സൃഷ്ടികളിൽവെച്ച് ഏററവും ദുഷിച്ചവരാണ്.)

ഈ നബിവചനം മുമ്പ് എടുത്തുപറഞ്ഞ എല്ലാനിവേദനങ്ങൾക്കും ബലമായ താങ്ങാണെന്നുള്ളത് സ്വതഃസ്പഷ്ടമാണ്. നല്ല ആളുകളുടെയും പുണ്യാത്മാക്കളുടെയും ഖബ്റുകളിൽ കാണിക്കപ്പെടുന്ന അതിരുകവിഞ്ഞ ബഹുമാനവും ആ സ്ഥലങ്ങളിൽ ചെയ്യപ്പെടുന്ന അതിരുകവിഞ്ഞവന്ദനങ്ങളും മൂലം ശിർക്ക് അതിശീഘ്രം പരന്നുപിടിച്ചേക്കുമെന്നുള്ളതിന് ഇതു ശരിയായ ഒരു തെളിവാകുന്നു. ഖബ്റുകളിന്മേൽ ആരാധനാലയങ്ങൾ (പള്ളികൾ) നിർമ്മിക്കുന്നതിനും ഖബ്റിനായി വലിയ വലിയ കെട്ടിടങ്ങൾ ഉണ്ടാക്കി അതിന്മേൽ താബൂത്തുകൾ ഉണ്ടാക്കി വെക്കുന്നതിനും തമ്മിൽ വലിയ വ്യത്യാസമൊന്നുമില്ല. ആയത്തുകളും ഹദീസുകളും തെളിവുകളായി കാണിച്ചു ഇത്തരം പ്രവൃത്തികൾ ദുഷിച്ച നടപടികളാണെന്നും അവയെ നാം ഉപേക്ഷിക്കേണ്ടതുണ്ടെന്നും പറയുമ്പോൾ ഇതുകൊണ്ടൊക്കെ നാം ഔലിയാക്കളെ നിന്ദിക്കുകയാണ് ചെയ്യുന്നതെന്നോ അവരുടെ സ്ഥാനമാനങ്ങളെ ഇടിച്ചുതാഴ്ത്തുകയാണെന്നോ പറഞ്ഞു നമ്മുടെ ചില ആലിമുകൾ ഒരുപക്ഷെ ക്ഷോഭിച്ചേക്കാം.

## വിശുദ്ധനബി (സ) യുടെ പ്രാർത്ഥന

എത്രയും പുണ്യാത്മാവായ ഒരാളുടെ ഖബ്റിങ്കൽതന്നെ ആയാലും അവിടെവെച്ച് ചെയ്യപ്പെടുന്ന അതിരുകവിഞ്ഞ വന്ദനങ്ങളും ബഹുമാനങ്ങളും മൂലം ശിർക്ക് പരന്നു പിടിക്കുമെന്നുള്ളത് കണ്ണുള്ളവർക്കൊക്കെ കാണുവാൻ കഴിയും.

اللهم لا تجعل قبری وثنا يعبد (അല്ലാഹുവെ, എന്റെ ഖബ്ർ ആരാധിക്കപ്പെടുന്ന വിഗ്രഹമാക്കരുതെ.) എന്നിങ്ങനെ നബി(സ) ചെയ്തിട്ടുള്ള പ്രാർത്ഥന ഇതിനു മറെറാരു തെളിവാണ്. നമ്മുടെ ചില ഉലമാക്കൾ ഇങ്ങനെയുള്ള ഹദീസുകളെപ്പററി അൽപ്പമെങ്കിലും ചിന്തിച്ചുനോക്കിട്ടുണ്ടോ? അതിനു അവർക്ക്

വൈമുഖ്യമുണ്ടോ? അതിരുകവിഞ്ഞ ബഹുമാനാദരങ്ങൾകൊണ്ട് ഖബ്റുകൾ വിഗ്രഹങ്ങളായി ഗണിക്കപ്പെടാൻ ഇടയുണ്ടെന്നുള്ളതിന് ഈ ഹദീസ് ഒരു ഉത്തമ സാക്ഷ്യമായിരിക്കുന്നില്ലേ? അതല്ല നബി (സ) യുടെ ഈ പ്രാർത്ഥനയെക്കുറിച്ച് അത്രയ്ക്കൊന്നും പറയുവാനില്ലെന്നും അത് അവിടുന്നു പ്രാർത്ഥിച്ചിട്ടുള്ള പ്രാർത്ഥനകളിൽപ്പെട്ട ഒരു പ്രാർത്ഥനയാണെന്നല്ലാതെ ശിർക്ക്പരമായ കാര്യങ്ങളെ സംബന്ധിച്ചേടത്തോളം അതിന് അത്രത്തോളം ഗൗരവം കൊടുക്കേണ്ടതില്ലെന്നും മററും ഇന്നത്തെ ഉലമാക്കളിൽ ആരെങ്കിലും പറഞ്ഞേക്കുമോ? എന്നാൽ അവർ ഒന്ന് അറിയാൻ ശ്രമിക്കണം. ഇന്ന് മുസ്ലിംകളുടെ ഇടയിൽ പരന്നുപിടിച്ചിരിക്കുന്നതായി കാണാവുന്ന ഖബ്റാരാധനയെപ്പററി നിരൂപിച്ചാൽ ഇപ്രകാരമുള്ള ഒരു ആപത്തിനെക്കുറിച്ച് തൻെറ സമുദായക്കാരെ താക്കീത് ചെയ്തുകൊണ്ടല്ലയോ അവിടുന്ന് ഇപ്രകാരം പ്രാർത്ഥിച്ചത് എന്ന് പറയേണ്ടിയിരിക്കുന്നു. വാസ്തവത്തിൽ ഈ നിലക്ക് ഈ ഹദീസ് അവിടുത്തെ ദീർഘദർശിത്വത്തിന് ഒരു തെളിവും കൂടിയാണെന്ന് നിർവ്വിശങ്കം പറയാവുന്നതാണ്.

## പരിശുദ്ധനബി (സ) യുടെ വിരോധാജ്ഞ

لا تجعلوا قبرى عيدا (എൻെറ ഖബർ നിങ്ങൾ ഉൽസവസ്ഥലമാക്കരുതെ!) എന്നിപ്രകാരം അബൂദാവൂദിൻെറ നിവേദനം അനുസരിച്ചു നമുക്ക് ലഭിച്ചിട്ടുള്ള ഹദീസ് നമ്മുടെ സവിശേഷമായ ശ്രദ്ധയിൽപ്പെടേണ്ട ഒന്നാണ്. എന്തെന്നാൽ ആദമിൻെറ സന്താനങ്ങളിൽവെച്ച് സർവ്വ പ്രകാരേണയും ഉൽകൃഷ്ടരും, യജമാനരും ആയ നബി (സ) തൻെറ ഖബ്റിനെക്കുറിച്ച് ഓർമ്മിപ്പിച്ചുകൊണ്ടു അവിടുന്നു ഈ സമ്പ്രദായത്തെ വിരോധിക്കുകയാണ് ചെയ്തിരുന്നത്. ഈ സ്ഥിതിക്ക് മററുമഹാത്മാക്കളുടെ ഖബ്ർ സ്ഥലങ്ങളിൽവെച്ച് നടത്തപ്പെടുന്ന ഉൽസവങ്ങൾക്ക് എന്തർത്ഥമാണുള്ളതെന്നു നാം ചിന്തിച്ചുനോക്കേണ്ടയോ? മനുഷ്യൻെറ ഐഹികമോ പാരത്രികമോ ആയ ഉൽക്കർഷത്തിന് ഒരു പ്രകാരത്തിലും ഉപകരിക്കാത്തതും. നേരെമറിച്ച്

അവന്റെ ആത്മോൽക്കർഷത്തിനും ആത്മസ്വാതന്ത്ര്യത്തിനും ഉടവുതട്ടിക്കുന്നതുമായ ഇത്തരം നടപടികളിൽനിന്നും മുസ്ലിം പൊതുജനങ്ങളെ തടുത്തു നിറുത്തേണ്ട ചുമതല ആർക്കും ഇല്ലയോ? അതല്ല; അങ്ങനെ പൊതുജനങ്ങൾക്ക് വഴി കാണിക്കുവാൻ ആരെങ്കിലും ഒരുങ്ങുന്നപക്ഷം അല്ലാഹുവും അവന്റെ റസൂലും തൃപ്തിപ്പെടാത്തതായ ഭിന്നത സമുദായത്തെ ബാധിക്കുന്നതിന് അത് ഇടയാക്കുമൊ?

لتتبعنّ سنن من كان قبلكم شبرا بشبر وذراعا بذراع حتى لو دخلوا جحر ضب لدخلتموه

(നിശ്ചയമായും നിങ്ങൾ നിങ്ങൾക്കുമുമ്പുള്ളവരുടെ മാർഗ്ഗങ്ങളെ ചാണിനു ചാണായും മുഴത്തിനുമുഴമായും തുടരുകതന്നെ ചെയ്യും. ഇങ്ങെയററം അവർ ഉടുമ്പിന്റെ മാളത്തിൽ കടന്നുവെങ്കിൽ നിങ്ങളും അതിൽ കടക്കും.) എന്നി പ്രകാരം നബി (സ) ചെയ്തിട്ടുള്ള ദീർഘദർശനത്തിന്റെ പുലർച്ച എത്രയും അർത്ഥവത്തായനിലയിൽ സമുദായത്തെ ബാധിച്ചു കഴിഞ്ഞു എന്നാണ് ഇന്നത്തെ മുസ്ലിംകളുടെ സ്ഥിതിയെകുറിച്ച് ഉററുനോക്കുന്ന ഒരാൾക്ക് കാണുവാൻ കഴിയുന്നത്?

## പൊന്തിനിൽക്കുന്ന ഖബറുകൾ സമനിരപ്പാക്കേണ്ട ആവശ്യം

عن ابى الهياج الاسدى قال قال لى علىّ بن ابى طالب إنى لابعثك على ما بعثنى رسول الله الا تدع تمثالا الاطمسته ولا قبرا مشرفا الاسويته

(അല്ലാഹുവിന്റെ റസൂൽ എന്നെ നിയോഗിച്ചയച്ച ഒരു കാര്യത്തിനായി ഞാൻനിങ്ങളെ നിയോഗിച്ചയക്കുന്നു; അതായത് യാതൊരു പ്രതിമയും നിങ്ങൾ നശിപ്പിക്കാതെ വിടരുത്. പൊന്തിനിൽക്കുന്ന യാതൊരു ഖബ്റും നിങ്ങൾ സമനിരപ്പാക്കാതെ

വിടുകയും അരുത്) എന്ന് തന്നോട് അലി പറഞ്ഞതായി അബുൽ ഹയ്യാജിൽ അസദിയെ സംബന്ധിച്ച് നിവേദനം ചെയ്യപ്പെട്ടിരിക്കുന്ന ഈ ഹദീസ് ഖബ്റുകളുടെ നേർക്ക് നബി (സ) യുടെ നടപടികൾക്ക് വിരുദ്ധമായ നിലയിൽ കാണിക്കപ്പെടുന്ന അതിരുകവിഞ്ഞ ആദരവും ബഹുമാനവും മൂലം ശിർക്ക് പരക്കുവാൻ ഇടയാകുമെന്ന സംഗതിക്ക് മറ്റൊരു തെളിവാണ്. കെട്ടിഉയർത്തപ്പെട്ട ഖബ്റുകൾ പൊളിക്കാതെ അങ്ങിനെതന്നെ നിറുത്തപ്പെടുന്നതായാൽ അതിന്റെ കാഴ്ച പലരിലും പലവിധേനയുള്ള ധാരണകൾ ഉണ്ടാക്കിത്തീർക്കുകയും അത് ക്രമേണ അവരിൽ ഉറച്ചുവരുന്നതോടുകൂടി അവർ അതിൽ അമാനുഷമായ ഒരു ശക്തിയെ ആരോപിച്ച് തുടങ്ങുകയും അചിരേണ അത് അന്ധവിശ്വാസങ്ങൾക്കും ശിർക്കിനും വഴിതെളിയുക്കയും ചെയ്യുന്നതായി നാം കാണുന്നത് ഒട്ടും അപൂർവ്വമല്ല. ഇതിനാലാകുന്നു യഥാർത്ഥ സമുദായ സേവകന്മാരായ മതപണ്ഡിതന്മാർ ഇത്തരം അനാചാരപരമായ പ്രവൃത്തികളെ സംബന്ധിച്ച് പൊതുജനങ്ങൾക്ക് ഉണർവു ഉണ്ടാക്കുകയും അവയിൽനിന്നും അവരെ തടഞ്ഞു നിറുത്തുകയും ചെയ്യുന്നതിന് ശ്രമിച്ചിട്ടുള്ളതായി നാം കാണുന്നത്.

## അധികൃതരുടെ ആജ്ഞയും ഇമാം ശാഫിഈ (റ) യുടെ കാഴ്ചയും

കെട്ടിഉയർത്തപ്പെട്ട ഖബ്റുകൾ പൊളിച്ചു സമനിരപ്പാക്കുവാൻ മക്കായിലെ അധികൃതർ കല്പിക്കുന്നത് താൻ കണ്ടതായി ഇമാം ശാഫിഈ (റ) തന്റെ 'ഉമ്മ്' എന്നകിതാബിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഈ സംഗതി ഇമാം നവവി (റ). സഹീഹ് മുസ്ലിമിന്റെ ശറഹിൽ ഇപ്രകാരം ഉദ്ധരിക്കുന്നു:

قال الامام الشافعى فى الام «ورأيت الائمة بمكة يأمرون بهدم ما

يبنى » ويؤيد الهدم قوله ولا قبرا مشرفا الاسويته - شرح مسلم

(കെട്ടി ഉയർത്തപ്പെട്ടിട്ടുള്ള ഖബ്റുകളെ പൊളിച്ച് നശിപ്പിക്കുന്നതിന് മക്കായിലെ അധികാരസ്ഥന്മാർ കല്പിക്കുന്ന

തായി ഞാൻ കണ്ടിട്ടുണ്ട് എന്ന് ശാഫിഈ ഇമാം ഉമ്മിൽ പറഞ്ഞിരിക്കുന്നു. ''പൊന്തിനിൽക്കുന്നയായൊരു ഖബ്റും സമനിരപ്പാക്കാതെ നിങ്ങൾ വിട്ടുകളയുകയും അരുത്''' എന്ന (നബിയുടെ) വാക്ക് 'പൊളിച്ചുനശിപ്പിക്കുക എന്നതിനെ ബലപ്പെടുത്തുന്നു.)

ഖബ്റ് പൊളിച്ച് നശിപ്പിക്കുന്നതിനെ സംബന്ധിച്ച് ഇങ്ങനെ ഇമാം ശാഫിഈ (റ) ചെയ്തിട്ടുള്ള പ്രസ്താവനയും, അത് സംബന്ധിച്ചു ഇമാം നവവി (റ) സഹീഹ്മുസ്ലിമിന്റെ വ്യാഖ്യാനത്തിൽ എടുത്ത്കാണിച്ചിരിക്കുന്ന പ്രസ്താവനയും മുസ്ലിംകളുടെ, വിശേഷിച്ചും 'ശാഫിഈ മദ്ഹബു' കാരുടെ പ്രത്യേക ശ്രദ്ധയ്ക്ക് വിഷയമാകേണ്ടതാണ്.

പ്രസ്തുത ഹദീസിനെ വ്യാഖ്യാനിച്ചുകൊണ്ട് ഇമാം ശൌകാനി തന്റെ 'നെയ്ലുൽഔത്താർ' എന്ന ഗ്രന്ഥത്തിൽ ഇപ്രകാരം എഴുതുന്നു:-

وقد لعن النبى صلى الله عليه واله وسلم فاعل ذلك كما سيأتى وكم قد سرى عن تشييدابنية القبور وتحسينها من مفاسد يبكى لها الاسلام منها اعتقاد الجهلة لها كاعتقاد الكفار للاصنام وعظم ذلك فظنوا انها قادرة على جلب النفع ودفع الضرر فجعلوها قصدا لطلب قضاء الحوائج وملجأ لنجاح المطالب وسألوا منها مايسأله العباد من ربهم وشدوا اليها الرّحال وتمسحوا بها واستغاثوا وبالجملة انهم لم يدعوا شيئا مما كانت الجاهلية تفعله بالاصنام الا فعلوه فانالله وانا اليه راجعون

പിറകെ വിവരണമായി കാണുംപ്രകാരം നിശ്ചയമായും നബി (സ)ഇങ്ങിനെ പ്രവർത്തിക്കുന്നവരെ ശപിച്ചിരിക്കുകയാകു

ന്നു. ഖബ്റുകളെ കെട്ടിഉയർത്തുന്നതിൽ നിന്നും അവയെ ഭംഗി പിടിപ്പിക്കുന്നതിൽ നിന്നും എത്ര ദോഷങ്ങളാണ് പടർന്നുപിടിക്കുന്നത്. അവയെക്കുറിച്ച് ഇസ്ലാം വിലപിച്ചു കൊണ്ടിരിക്കുക തന്നെ ചെയ്യുന്നു. അവിശ്വാസികൾ ബിംബങ്ങളെ സംബന്ധിച്ചു വിശ്വസിക്കുന്നപോലെ അജ്ഞന്മാർ അവയിൽ വിശ്വസിക്കുകയും വന്ദിക്കുകയും ചെയ്യുന്നുവെന്നത് ആ ദോഷങ്ങളിൽ ചിലതാകുന്നു. തന്മൂലം അവർക്ക് ഗുണത്തെ പ്രദാനം ചെയ്യുവാനും ദോഷത്തെ തടുക്കുവാനും കഴിയുമെന്നു വിചാരിച്ച് അവർ ആവശ്യനിർവ്വഹണത്തിന്നായും മററും അവയെ അഭയസ്ഥാനമായും രക്ഷാമാർഗ്ഗമായും സ്വീകരിക്കുകയും ജനങ്ങൾ അവരുടെ നാഥനോട് യാചിക്കുന്നത്പോലെ യാചിക്കുകയും അവിടങ്ങളിലേക്ക് തീർത്ഥാടനം ചെയ്യുകയും അവകൊണ്ട് ശുഭത്വം സമ്പാദിക്കുകയും അവയെ വിളിച്ച് സഹായത്തിന്നർത്ഥിക്കുകയും ചെയ്യുന്നു. ചുരുക്കത്തിൽ അജ്ഞാനകാലത്തുള്ളവർ ബിംബങ്ങളെകൊണ്ട് ചെയ്തതായ യാതൊന്നും തന്നെ ഇവർ ചെയ്യാതെ ഉപേക്ഷിച്ചില്ല.

ومع هذا المنكر الشنيع والكفر الفظيع لاتجدمن يغضب لله ويغار حمية الدين الحنيف لاعالما ولامتعلما ولا اميرا ولاوزيرا ولا ملكا وقد توارد الينا من الاخبار مالا يشك معه ان كثيرا من هؤلاء القبوريين او اكثرهم اذا توجّهت عليه يمين من جهة خصمه حلف بالله فاجرا فاذا قيل له بعد ذلك احلف بشيخك ومعتقدك الولى الفلانى تلعثم وتلكأ وأبى، وأعترف بالحق وهذا من ابين الادلة الدالة على ان شركهم قد بلغ فوق شرك من قال انه تعالى ثانى اثنين اوثالث ثلاثة

(എത്രയും നികൃഷ്ടമായ ഈ അവിശ്വാസത്തെയും, എത്രയും നീചമായ ഈ നിഷിദ്ധ നടപടിയെയും പററി അല്ലാഹുവി

ന്ന്‌വേണ്ടി കോപിക്കുന്നവരായും ഋജുവായ മതത്തിന്നുവേണ്ടി അഭിമാനം കാണിക്കുന്നവരായും നാം ആരേയും കാണുന്നില്ല. അറിവുള്ളവരെയൊ വിദ്യാർത്ഥികളെയൊ പ്രഭുക്കന്മാരെയൊ മന്ത്രിമാരെയൊ രാജാക്കന്മാരെയൊ (ഈ നീചകൃത്യത്തെ തടയുവാൻ മുമ്പോട്ടു വരുന്നതായി (കാൺമാനില്ലതന്നെ. ഖബർവേഴ്ചക്കാരിൽനിന്നും അഥവാ അവരിൽ അധികംപേരിൽനിന്നും യാതൊരു സന്ദേഹങ്ങൾക്കും ഇടയില്ലാത്തവിധം ഇങ്ങിനെയുള്ള വിവരങ്ങൾ കിട്ടിക്കൊണ്ടിരിക്കുന്നു. എതിർ കക്ഷിയിൽ നിന്നും സത്യം ചെയ്യുവാൻ ആവശ്യം നേരിടുകയാണെങ്കിൽ അല്ലാഹുവിനെക്കൊണ്ട് (ധൈര്യപൂർവ്വം) അയാൾ അസത്യമായി സത്യം ചെയ്യുവാനൊരുങ്ങുന്നു. അതിന് ശേഷം നിന്റെ ശൈഖിനേയോ വിശ്വാസമുള്ള വല്ല വലിയേയോ മുൻനിറുത്തി സത്യം ചെയ്യുവാൻ ആവശ്യപ്പെടുമ്പോൾ അയാൾ അമ്പരന്നു സ്തംഭിച്ചു നില്ക്കുകയും അതിനെ വിസമ്മതിച്ചുകൊണ്ട് പരമാർത്ഥം തുറന്നുപറയുകയും ചെയ്യുന്നു. (വാസ്തവത്തിൽ) ഈ അവസ്ഥ ഇവരുടെ ശിർക്ക് പരിശുദ്ധനായ അല്ലാഹു രണ്ട് ദൈങ്ങളിൽ ഒന്നാണെന്നൊ, അഥവാ മൂന്നു ദൈവങ്ങളിൽ ഒന്നാണെന്നോ പറയുന്നവരുടെ ശിർക്കിന്നും മീതെയുള്ള സ്ഥാനം പ്രാപിച്ചിരിക്കയാണെന്നതിന്ന് എത്രയും സ്പഷ്ടമായ ഒരു തെളിവാകുന്നു.)

## 'അല്ലയൊ മതപണ്ഡിതന്മാരെ'

فيا علماء الدين ويا ملوك المسلمين اى رزء للاسلام اشد من الكفر
واى بلاء لهذا الدين اضر عليه من عبادة غير الله واى مصيبة يصاب بها
المسلمون تعدل هذه المصيبة واى منكر يجب انكاره ان لم يكن انكار هذا
الشرك البين واجبا

(അതിനാൽ അല്ലയോ മതപണ്ഡിതന്മാരെ! മുസ്ലിം രാജാക്കന്മാരെ! ഇസ്ലാമിന്ന് (നേരിടുവാനുള്ള ദുരിതങ്ങളിൽ നിന്ന്)

കുഫ്റിനേക്കാരം ഏററവും കഠിനമായ ദുരിതം മറെറന്താണ്? ഈ മതത്തിന്ന് (നേരിടുവാനിരിക്കുന്ന വിപൽ സംഭവങ്ങളിൽനിന്ന്) അല്ലാഹുവിന്ന്പുറമെയുള്ളവരെ ആരാധിക്കപ്പെടുന്നതിനേക്കാരം ഏററവും വലിയ വിപത്തു മറെറന്താണ്? ഈ വിപത്തിന്ന് തുല്യമായി മറേറതു വിപത്താണ് മുസ്ലിംകളെ ബാധിച്ചിട്ടുള്ളത്? ഈ പ്രത്യക്ഷമായ ശിർക്കിനെ നിഷ്കാസനം ചെയ്യൽ കർത്തവ്യമല്ലെങ്കിൽ മറേറത് നിഷിദ്ധകാര്യമാണ് വിപാടനം ചെയ്യുവാൻ? കർത്തവ്യമായിട്ടുള്ളത്.

لقد اسمعت لوناديت حيا ٭ ولكن لاحياة لمن تنادى

ولو نارا نفخت بها اضاءت ٭ ولكن انت تنفخ فى رماد

(نيل الاوطار 4-ാം വാള്യം 131-ാം പേജ്)

(ജീവനുള്ളവരെയാണ് നീ സംബോധനം ചെയ്യുന്നതെങ്കിൽ നീ അവരെ കേരംപ്പിച്ചു വെന്ന് നിനക്ക് സമാധാനിക്കാമായിരുന്നു. പക്ഷെ നിന്റെ സംബോധനം ജീവനില്ലാത്തവരോടാകുന്നു. നീ അഗ്നിയെയാണ് ഊതുന്നതെങ്കിൽ അതു പ്രകാശിക്കുമെന്നുതന്നെ നിനക്ക് വിശ്വസിക്കാമായിരുന്നു. പക്ഷെ നീ ഊതുന്നതാകട്ടെ വെണ്ണീറിലായിപ്പോയി.)

ഔലിയാക്കളുടെ ഖബ്റുകളുടെ നേർക്ക് കാണിക്കപ്പെടുന്ന അനിസ്ലാമികമായ ബഹുമാനവും ആദരവും മൂലം ക്ഷണേന ശിർക്ക് പടർന്ന് പിടിക്കുമെന്നുള്ളതിന് നബി (സ) യുടെ ഈ വചനം മറെറാരു തെളിവാണ്.

قال (ص) لعن الله اليهود والنصارى اتخذوا قبور انبيائهم مساجد (يحذّر ما فعلوا)

''അവിടുന്നു പറഞ്ഞു: യഹൂദികളെയും ക്രിസ്ത്യാനികളെയും അല്ലാഹു ശപിച്ചിരിക്കുന്നു; അവർ അവരുടെ നബിമാരു

ടെ ഖബ്റുകളെ ആരാധനാസ്ഥലങ്ങളായി സ്വീകരിച്ചു (അവർ ചെയ്ത ഈ പ്രവൃത്തിയെക്കുറിച്ച് അവിടുന്ന് ഭയപ്പെടുത്തുകയാണ്.)''

രണ്ട് പ്രബലസമുദായക്കാരായ യഹൂദികളും ക്രിസ്ത്യാനികളും നബിമാരുടെ ഖബ്റുകളെ അതിരുകവിഞ്ഞ നിലയിൽ ആദരിക്കുവാനും വന്ദിക്കുവാനും പുറപ്പെട്ടത് കാരണത്താൽ അല്ലാഹു അവരെ അവൻെറ ശാപത്തിനു ലക്ഷ്യമാക്കുകയാണ് ഉണ്ടായതെന്നുള്ള വസ്തുതയാണ് നബി (സ) ഈ വചനം കൊണ്ട് നമ്മെഓർപ്പിക്കുന്നത്. അവിടുന്നു ഇപ്രകാരം നമ്മെ ഓർമ്മപ്പിക്കുന്നത് കേവലം ഒരു വസ്തുസ്ഥിതികഥനമായിട്ടോ അതൊ നമുക്ക് ഒരു ഗുണപാഠമായിരിക്കുന്നതിനൊ എന്തിനാണെന്നു നാം അല്പമൊന്നു ചിന്തിച്ച് നോക്കേണ്ടതാണ്. ഇതരസമുദായക്കാരെക്കാൾ മുസ്ലിംകളോട് പലവിധത്തിലും അടുത്തുനിൽക്കുന്ന രണ്ട് സമുദായക്കാരാണ് യഹൂദികളും ക്രിസ്ത്യാനികളും. അതിനാലാകുന്നു മഹാത്മാക്കളായ നബിമാരുടെയും മററും ഖബ്റുകളെ ആദരിക്കുന്ന വിഷയത്തിൽ അതിരുകടന്നു പ്രവർത്തിച്ചാൽ അതുമൂലം ശിർക്ക് സമുദായരംഗത്ത് എത്രയും വേഗത്തിൽ പരന്നുകയറും എന്നുള്ളതിനും അങ്ങിനെ സമുദായം ഒട്ടാകെ അല്ലാഹുവിൻെറ കോപത്തിനും ശാപത്തിനും ലക്ഷ്യമായിത്തീരും എന്നുള്ളതിനും ആ രണ്ട് സമുദായക്കാരുടെയും സ്ഥിതിയെ അവിടുന്നു എടുത്ത് ഉദാഹരിച്ചിട്ടുള്ളത്. തൌഹീദിൻെറ സമുദായത്തിൽതന്നെയും 'ഔലിയാക്കളെ ബഹുമാനിക്കൽ' എന്ന പേരാൽ ഖബ്ർപൂജ കടന്ന് കൂടിയ പരമാർത്ഥം ആലോചിച്ചാൽ നബിമാരുടെ യഥാർത്ഥമായ മാർഗ്ഗദർശനങ്ങളുടെ സ്ഥിതി ഇങ്ങിനെ കലാശിച്ചതിൽ സംശയിക്കാനും അവകാശമില്ലല്ലൊ. ചുരുക്കത്തിൽ ഈ നബിവാക്യത്തിൽ കാണപ്പെടുന്ന ഉപദേശരീതി എത്രയും സാരവത്തായിട്ടുള്ളതാകുന്നു.

## 'അതിനെ നിശ്ചയമായും ഞാൻ (നബി (സ)) നിങ്ങളോട് വിരോധിക്കുന്നു'

الا ان من كان قبلكم كانوا يتخذون قبور انبيائهم وصالحيهم مساجد فلا تتخذو القبور مساجد فانى انهاكم عن ذلك

(അറിയുക! നിങ്ങൾക്ക് മുമ്പുണ്ടായിരുന്നവർ അവരുടെ നബിമാരുടെയും അവരിൽ ഉണ്ടായിരുന്ന സദ്‌വൃത്തന്മാരുടെയും ഖബ്‌റുകളെ ആരാധനാസ്ഥലങ്ങളാക്കി വെച്ചിരുന്നു: എന്നാൽ നിങ്ങൾ ഖബ്‌റുകളെ ആരാധനാസ്ഥലങ്ങളാക്കി വെക്കരുത്; അതിനെ നിശ്ചയമായും ഞാൻ നിങ്ങളോട് വിരോധിക്കുന്നു.)

നബിമാരെയും സദ്‌വൃത്തന്മാരെയും പോലെയുള്ള പുണ്യാത്മാക്കളായ ആളുകളോട് തോന്നാവുന്ന അഗാധമായ ബഹുമാനവും ഭക്തിയും കൊണ്ട് അവരുടെ ഖബ്‌റുകളെ ആരാധനാസ്ഥലങ്ങളാക്കിവെച്ച് പോകരുത് എന്ന് എത്രയും സ്പഷ്ടമായ സ്വരത്തിൽ നബി (സ) മുസ്ലിംകളോടു വിരോധിച്ച് പറയുന്നതായി നമുക്ക് അറിവുതരുന്ന ഈ വചനം അവിടുന്നു പരലോകപ്രാപ്തനാകുന്നതിനു ഏതാനും ദിവസങ്ങൾക്കുമുമ്പ് പറഞ്ഞിട്ടുള്ള ഒന്നാണ്. ഇവിടെ ഖബ്‌റുകളെ ആരാധനാസ്ഥലങ്ങളാക്കരുത് എന്ന് പറഞ്ഞിട്ടുള്ളതിന്റെ വിവക്ഷ ഖബ്‌റുകൾക്ക് സുജൂദ് ചെയ്യരുത് എന്നല്ല; ഖബ്‌റുകളെ സുജൂദ് ചെയ്യുന്നത് എത്രയും ഗർഹണീയമായ ഒരു കാര്യമാണെന്ന് പറയേണ്ടതില്ലല്ലൊ. പിന്നെയൊ ഖബ്‌റുകളെ ആരാധനാസ്ഥലങ്ങളാക്കിവെച്ച്, അവിടെവെച്ച് അല്ലാഹുവിനെ ആരാധിക്കുന്നതിനുതന്നെയും ഒരുമ്പെടരുത് എന്നാകുന്നു ഈ നിരോധം കൊണ്ട് ഉദ്ദേശിച്ചിട്ടുള്ളത്. ഈ സ്ഥിതിക്ക് അല്ലാഹുവിനെ വിട്ടിട്ട് തങ്ങളുടെ ഓരോരോ ആവശ്യങ്ങൾക്കായി ഖബ്‌റുകളോടുതന്നെ നേരിട്ടു അർത്ഥന ചെയ്യുന്നവരുടെ സ്ഥിതിയെപ്പറ്റി പിന്നെ എന്ത് പറയട്ടെ! ഇത്തരം ദുഷ്പ്രവൃത്തികൾ സമുദായ

രംഗത്ത്നിന്നും പോയി മറഞ്ഞിരിക്കയാണെന്നും അങ്ങനെ ഖബ്റുകളോടുനേരിട്ട് പ്രാർത്ഥന ചെയ്യുന്നവരായി ഇപ്പോൾ ആരുമില്ലെന്നും ചിലർ പറയുന്നുണ്ട്. എന്നാൽ ജനസാമാന്യത്തിൽ കാണപ്പെടുന്ന ആചാര നടപടികളും ഖബ്റുകളുടെ രംഗങ്ങളിൽ നടന്നുവരുന്ന ഉത്സവങ്ങളും ആഘോഷങ്ങളും സൂക്ഷിച്ചു വീക്ഷിക്കുന്ന ഒരാൾക്ക് അവരുടെ ആ അഭിപ്രായം ശരിയാണെന്നു ഒരിക്കലും സമ്മതിക്കാൻ കഴിയുകയില്ല. എന്ന് മാത്രമല്ല 'മഹാത്മാവെ എന്നെ സഹായിക്കണമെ! എന്ന് പറയുന്നത് ശിർക്കാണെന്ന് പറഞ്ഞാൽ അങ്ങനെ പറയുന്നവരെ നോക്കി 'നിങ്ങൾ' അങ്ങനെ വിളിച്ചു അർത്ഥിക്കേണ്ട: അത് ഞങ്ങൾ ആയിക്കൊള്ളാം!' എന്ന് മറുപടി പറഞ്ഞു സമാധാനിക്കുന്നവരായി ഭേദപ്പെട്ടവരെന്നു ഗണിക്കപ്പെടുന്നവരുടെ കൂട്ടത്തിൽതന്നെയും പലരും ഉണ്ടെന്ന് വരുമ്പോൾ കേവലം പാമരന്മാരായി വിചാരിക്കപ്പെടുന്നവരുടെ സ്ഥിതിയെപ്പറ്റി പിന്നെ വിശേഷിച്ച് എന്താണ് പറയുന്നത്.

പള്ളികളിൽനിന്നും ഇറങ്ങിപ്പോകുന്നവർ ഖിബ്ലയുടെ നേർക്ക് പിന്തിരിഞ്ഞു ഇറങ്ങിപ്പോകുന്നതിനെ സംബന്ധിച്ചു ആർക്കും ഒരു വിരോധവുമില്ലല്ലോ. എന്നാൽ പുണ്യാത്മാക്കളുടെ ഖബ്റുകൾക്കായി പ്രത്യേകം കെട്ടപ്പെട്ടിട്ടുള്ള സ്ഥലങ്ങളിൽനിന്നും പുറത്തിറങ്ങുന്ന ആളുകളെ ഖബ്റുകളുടെ നേർക്ക് പിന്തിരിഞ്ഞു ഇറങ്ങുന്നതിന്ന് ചിലേടങ്ങളിൽ സമ്മതിക്കാറില്ലത്രെ. എന്നല്ല, അങ്ങനെ ഇറങ്ങുന്നവരെ കഠിനമായ ശാസനമൂലം അതിൽനിന്നും തടയാറുമുണ്ടത്രെ. ഈ വകഅനാചാരങ്ങളും നടപടി സമ്പ്രദായങ്ങളും സമുദായത്തിൽ നിലവിലുണ്ടായിരിക്കെ പിന്നെ എങ്ങനെയാണ് മേൽപറഞ്ഞതുപോലെയുള്ള അഭിപ്രായങ്ങൾ ശരിയാണെന്നു വിചാരിക്കുന്നത്. അല്ലാഹു ഈമാതിരി അനാചാരങ്ങളിൽ നിന്നും ദുർനടപടികളിൽ നിന്നും മുസ്ലിംകളെ വിടർത്തി രക്ഷിക്കുമാറാകട്ടെ എന്നു മാത്രമാണ് ഞങ്ങൾക്ക് ഇവിടെ പ്രാർത്ഥിക്കുവാനുള്ളത്. അകത്ത് ഖബ്റുകൾ ഉള്ളതായി നമ്മുടെ ഇടയിൽ പള്ളികൾ കാണ്മാനില്ലെങ്കിലും അവയിൽ മിക്കവയോടും ചേർത്ത് പുണ്യാത്മാക്കളുടെ ഖബ്റുകളിൽ

കെട്ടിടങ്ങാം ഉണ്ടാക്കപ്പെട്ടിട്ടുള്ളതായി കാണാം ഒരുപക്ഷെ അ ങ്ങിനെയുള്ള കെട്ടിടങ്ങാം ഇല്ലാതെ വല്ല പള്ളികളും ഉണ്ടായിരു ന്നാൽ ആ പള്ളികാം നിൽക്കുന്നസ്ഥലത്തെ നിവാസികാംക്ക് വിശ്വാസമുള്ള ഏതെങ്കിലും പുണ്യാത്മക്കളുടെപേരിൽ ഇരുമ്പ് പെട്ടിപോലെയും മററു മുള്ള ചില ചിഹ്നങ്ങാം അവയുടെ അക ത്ത്തന്നെ പ്രതിഷ്ടിച്ചതായും അതിനെ പട്ടുവസ്ത്രങ്ങാംകൊ ണ്ടും മററും പൊതിഞ്ഞതായും അതിനുമീതെ പുഷ്പങ്ങാം ചാർത്തിയതായും ചന്ദനത്തിരികളും മററു സുഗന്ധദ്രവ്യങ്ങ ളുംഅവയ്ക്ക് ചുററും വെച്ചിരിക്കുന്നതായും കാണുന്നത് ഒട്ടും അപൂർവ്വമല്ല.

فانى انها كم عن ذلك (നിശ്ചയമായും ഞാൻ നിങ്ങളോട് അ തിനെ വിരോധിക്കുന്നു.) എന്നി പ്രകാരം നബി (സ) ചെയ്തി ട്ടുള്ള വിരോധകല്പന എത്രത്തോളം ഗണനീയമായിട്ടുണ്ട് എ ന്നു പരിശോധിക്കുന്ന ഒരാാംക്ക് ഈ വക ആചാരങ്ങാംകൊണ്ട് എന്താണ് അനുമാനിക്കാൻ കഴിയുന്നതെന്ന് മുസ്ലിം പണ്ഡിത ജനങ്ങാം ചിന്തിച്ചു നോക്കട്ടെ. ആളുകാം നേർമാർഗ്ഗത്തിൽ നി ന്നും ഭ്രംശിച്ചുപോകുമെന്നു ഭയന്നു, മേൽപറഞ്ഞ കാര്യങ്ങളെ ക്കാം എത്രയോ തുച്ഛവും നിസ്സാരവുമായ കാര്യങ്ങളിൽ നിന്നുപോലും 'സഹാബാക്കാം ജനങ്ങളെ തടുത്തുനിറുത്തിയിട്ടു ണ്ടെന്നു പറഞ്ഞാൽ പിന്നെ ഈ വക കാര്യങ്ങാം എത്ര ഗൗരവമു ള്ളതാണെന്നു വിശേഷിച്ചു പറയേണ്ടതുണ്ടോ? ഉമർ ഫാറൂഖി (റ) നെ സംബന്ധിച്ച് നിവേദനം ചെയ്യപ്പെട്ടിട്ടുള്ള ഒരു സംഭവം ഈ വക കാര്യങ്ങളിൽ അവരുടെ നിഷ്ക്കർഷയ്ക്ക് ഒരു ഉദാഹരണ മാണ്.

عن المعر ور بن سويد ان عمر (ر) صلى صلاة الصبح فى طريق مكة فرأى الناس يذهبون مذاهب فقال اين يذهب هؤلاء فقيل مسجد صلى فيه رسول‌الله (ص) فهم يصلون فيه فقال انما هلك من كان قبلكم بمثل هذا

كانوا يتبعون آثار انبيائهم ويتخذونها كنائس وبيعا فمن أدركته الصلاة فى
هذه المساجد فليصلّها فيها ومن لا فليمض ولا يتعمدها وكذلك لما بلغه انّ
الناس ينتابون الشجرة التى بويع تحتها رسول الله (ص) ارسل اليها
فقطعها فاذا كان عمر فعل هذا بالشجرة التى بايع الصحابة تحتها رسول الله
ﷺ وذكرها الله فى القرآن حيث قال «لقد رضى الله عن المؤمنين اذ يبا
يعونك تحت الشجرة» فماذا يكون حكمه فيما عداها

## ഉമർ ഫാറൂഖി (റ) ന്റെ മുൻകരുതൽ

'മഅ്റൂർ ഇബ്നുസുവൈദി (റ) ൽനിന്ന് ഇപ്രകാരം രേഖപ്പെട്ടുകാണുന്നു: ഉമർ (റ) മക്കത്തേക്കുള്ള വഴിയിൽ വെച്ച് സുബ്ഹ്നമസ്കരിച്ചു. അനന്തരം ആളുകൾ പലവഴിക്കുപോകുന്നത് അദ്ദേഹം കണ്ടു. എവിടേക്കാണിവർ പോകുന്നത് എന്ന് അദ്ദേഹം ചോദിച്ചു. അപ്പോൾ റസൂൽ (സ) നമസ്കരിച്ച ഒരു പള്ളിയിലേക്ക് നമസ്കരിക്കുവാനായിട്ടാണ് ഇവർ പോകുന്നത് എന്ന് ആരോ മറുപടി പറഞ്ഞു. അപ്പോൾ അദ്ദേഹം പറഞ്ഞു: നിങ്ങൾക്ക് മുമ്പുകഴിഞ്ഞുപോയിട്ടുള്ളവർ ഇതുപോലെയുള്ള സംഗതികളെ കൊണ്ടത്രെ നാശപ്പെട്ടിട്ടുള്ളത്. അവർ അവരുടെ നബിമാരുടെ ചിഹ്നങ്ങളെതേടിപ്പിടിക്കുകയും അവയെ കനീസകളും യഹൂദപള്ളികളും ആക്കുകയും ചെയ്തിരുന്നു. അതിനാൽ ഈ പള്ളികളിലായിരിക്കുമ്പോൾ നമസ്കാരം ആസന്നമായാൽ അവിടെവെച്ചു നമസ്കരിച്ചുകൊള്ളട്ടെ,അല്ലാത്തപക്ഷം അവർപൊയ്ക്കളയണം. ഈ പള്ളികളെ പ്രത്യേകം കരുതിപ്പോകരുത്.' ഇപ്രകാരം തന്നെ റസൂലു (സ) മായി സഹാബികൾ ബൈഅത്തുചെയ്ത ആ വൃക്ഷത്തിന്റെ ചുവട്ടിൽ ജനങ്ങൾ പോയിവരുന്നുണ്ടെന്നു അദ്ദേഹം അറിഞ്ഞപ്പോൾ ആളെഅയച്ച് അതു മുറിപ്പിച്ചുകളഞ്ഞു. സഹാബികൾ റസൂലി (സ) നോട് ചുവട്ടിലിരുന്നു ബൈഅത്തു ചെയ്തതും, അല്ലാഹു ഖുർആനിൽ എടുത്തു പറഞ്ഞിട്ടുള്ളതുമായ ആ വൃക്ഷത്തെ –

لقد رضي الله عن المؤمنين اذ يبايعونك تحت الشجرة

(അല്ലാഹു മുഅ്മിനുകളെ സംബന്ധിച്ചു, അവർ ആ വൃക്ഷത്തിൻെറ ചുവട്ടിൽവെച്ച് നിന്നോട് ബൈഅത്തു ചെയ്ത സന്ദർഭത്തിൽ തൃപ്തിപ്പെട്ടിരിക്കുന്നു എന്നു അല്ലാഹു പറഞ്ഞിരിക്കുന്നു)സംബന്ധിച്ചു അദ്ദേഹം (ഉമർഫാറൂഖ്) (റ) ഇങ്ങനെ ചെയ്തിരിക്കെ മററു വിഷയങ്ങളിൽ അദ്ദേഹത്തിൻെറ വിധിഎന്തായിരിക്കും?* (العقد الثمين) (181)

ഇങ്ങനെയുള്ള യഥാർത്ഥമായ ചരിത്ര സംഭവങ്ങളെപ്പററി ചിന്തിക്കുമ്പോൾ നമ്മുടെ ഇന്നത്തെ എത്രയും പരിതാപകരമായ അവസ്ഥയെപ്പററി ചോദ്യം ചെയ്യുവാൻ നിർബ്ബന്ധിക്കപ്പെട്ടു പോകുകയില്ലേ? എവിടെയെങ്കിലും വല്ല ഖബ്റുകളുടെയും പുരാതന ചിഹ്നങ്ങളോ ജീർണ്ണാവശിഷ്ടങ്ങളോ വെളിപ്പെട്ടു പോയെങ്കിൽ അത് ഏതോ മഹാത്മാവിൻെറ ഖബ്റു ആണെന്നം പറഞ്ഞു ജനങ്ങൾ കൂട്ടം കൂട്ടമായി അവിടെ എത്തിച്ചേർന്നു തടിച്ചുകൂടുകയും ഉപയോഗ ശൂന്യമായി കിടന്നിരുന്നതും എത്രയോ കാലപ്പഴക്കമുള്ളതുമായ അവിടെയുള്ള കിണറുകളിലെ മലിനവെള്ളം സർവ്വരോഗവിനാശകരമായ സിദ്ധൗഷധമാണെന്ന വിശ്വാസത്തിൽ കൊണ്ടുപോകുകയും പേരുകേട്ട വലിയ വലിയ ആശുപത്രികളിൽ വളരെക്കാലം കിടന്നു ചികിൽസിച്ച് മാറാത്തതായ കഠിനരോഗങ്ങൾ ദിവ്യചൈതന്യമുള്ളതായി വിചാരിക്കുന്ന ഈ ജലപാനം കൊണ്ട് മാറികിട്ടുന്നു എന്ന് പറഞ്ഞു പരത്തുകയും ചെയ്യുന്നു. തന്നെയുമല്ല, അവിടെയുള്ള മരങ്ങളുടെ ഇലകളും തോലും, എന്തിന്ന് വേരുകൾ പോലും ബാക്കി വെക്കാൻ ജനങ്ങൾ ഒരുക്കമല്ലെന്ന് തോന്നുമാറ് അവ ഉപയോഗപ്പെടുത്തുകയും ചെയ്യുന്നു. ഇയ്യിടെ വടക്കേ മലബാറിൽ 'ധർമ്മടം' എന്ന സ്ഥലത്ത് നടന്ന സംഭവം ഇതിന്ന് എത്രയും പ്രകടമായ

*ഈ മരം മുറിച്ച സംഗതി സഹീഹ് ബുഖാരിയുടെ വ്യാഖ്യാനഗ്രന്ഥമായ ഫത്തുഹുൽബാരിയുടെ 7-ാം വാള്യം 361 ാം ഭാഗത്തിലും വിവരിച്ചിട്ടുണ്ട്.

ഒരു ഉദാഹരണമാണ്. ഒരു മഹാത്മാവിൻെറ ഖബ്റിന്നടുത്ത് സ്ഥിതിചെയ്യുന്ന കിണററിന്നും വൃക്ഷങ്ങൾക്കും ഇത്ര ഭീമമായ ചൈതന്യം അവയിൽ നിക്ഷിപ്തമാണെങ്കിൽ വലിയ മരുന്നു ശാലകളും ചികിത്സാലയങ്ങളും അത്ഭുതകരമായ ശസ്ത്രക്രിയകളും സമർത്ഥന്മാരായ ഭിഷഗ്വരന്മാരും എല്ലാം പ്രയോജനശൂന്യങ്ങളല്ലേ! ربنا ما خلقت هذا باطلا سبحانك - آل عمران

(നമ്മുടെ നാഥനായിട്ടുള്ളോനെ! നീ ഇത് (പ്രപഞ്ചം) പ്രയോജനശൂന്യമായി സൃഷ്ടിച്ചിട്ടില്ലതന്നെ. (പ്രയോജനശൂന്യമായ പ്രവൃത്തി നിന്നിൽനിന്ന് ഉണ്ടാകുന്നതിൽനിന്നു) നീ സർവ്വോപരിപരിശുദ്ധനത്രെ)

പ്രസ്തുത വിശ്വാസങ്ങളും പ്രവൃത്തികളും സമുദായത്തിന്ന് ആപൽകരമല്ലായിരുന്നുവെങ്കിൽ പരിശുദ്ധ നബിയും അനുചരന്മാരും ഏതൊരു വൃക്ഷത്തിൻെറ ചുവട്ടിൽ ഇരുന്ന് കരാറിലേർപ്പെടുകയും പരിശുദ്ധ ഖുർആനിൽ അത് പ്രസ്താവിക്കപ്പെടുകയും ചെയ്തുവോ ആവൃക്ഷത്തെ ഹസ്റത്ത്ഉമർ ഫാറൂഖ് (റ)വെട്ടി മുറിച്ച് നശിപ്പിക്കുകയില്ലായിരുന്നു എന്ന് തീർത്ത് പറയാം. എന്ത്കൊണ്ടെന്നാൽ വിശുദ്ധ നബി (സ) നമുക്ക് മാതൃകയായി നിശ്ചയിച്ചുതന്ന ഒരു മാതൃകാ പുരുഷനാണ് ഹസ്റത്തു ഉമർ ഫാറൂഖ്(റ) എന്ന് എല്ലാവർക്കും അറിവുള്ളതാണല്ലൊ. വാസ്തവത്തിൽ ഉമർഫാറൂഖ് (റ) അന്ന് ആ കൃത്യം നിർവ്വഹിച്ചിട്ടില്ലെങ്കിൽ നിശ്ചയമായും പ്രസ്ത അന്ധവിശ്വാസങ്ങളെ പ്രചാരപ്പെടുത്തുവാൻ ഉദ്യമിക്കുന്നവർ ആ വൃക്ഷത്തിൻെറ ഇലയും തോലും മാത്രമല്ല അത് സ്ഥിതിചെയ്തിരുന്ന ഭൂമിതന്നെ കിളച്ചുകോരി ലോകമെങ്ങും കയററുമതി ചെയ്യുമായിരുന്നേനെ. വാസ്തവത്തിൽ ഈ മഹൽ കൃത്യം ഉമർ ഫാറൂഖിൻെറ സൂക്ഷ്മ ദൃഷ്ടിക്കും അനന്യസാധാരണമായ പ്രാപ്തിക്കും വിശുദ്ധനബി അദ്ദേഹത്തിന് കല്പിച്ചരുളിയിട്ടുള്ള മാതൃകാസ്ഥാനത്തിന്നും എത്രയും പത്യക്ഷവും ഉത്തമവുമായ ഒരു തെളിവുതന്നെയാകുന്നു.

സുപ്രസിദ്ധരും സുപരിചിതരുമായ അല്ലാമാ ഇബ്നുഹജറിൽ മക്കിയ്യി ഖബ്ർ ആരാധനക്ക് ഇടവരുത്തുന്ന ചില സംഗതികളെ വിവരിച്ച്കൊണ്ട് തന്റെ زواجر എന്ന ഗ്രന്ഥത്തിൽ എഴുതിയിരിക്കുന്ന ചിലഭാഗം ഇവിടെ ഉദ്ധരിക്കുന്നത് ഉപകാരപ്രദമായിരിക്കുമെന്നു തോന്നുന്നു. അദ്ദേഹം അതിൽ എഴുതുന്നതാണിത്:

«الكبيرة الثالثة والرابعة والخامسة والسادسة والسابعة والثامنة والتسعون اتخاذ القبور مساجد وايقاد السرج عليها واتخاذها اوثانا والطواف بها واستلامها والصلاة اليها»

(93, 94, 95, 96, 97, 98, എന്നീവൻ ദോഷങ്ങളാം ഖബ്റുകളെ പള്ളികളാക്കുകയും, ഖബ്റുകളിന്മേൽ വിളക്ക് കത്തിക്കുകയും, അവയെ ബിംബങ്ങളാക്കുകയും, അവയെ പ്രദക്ഷിണം ചെയ്യുകയും, അവയെ തൊട്ടുതടവുകയും അവയുടെ നേരെ നമസ്കരിക്കുകയും ചെയ്യുന്നതാകുന്നു.')

اخرج الطبراني بسندلا باس به عن كعب بن مالك (ر) قال عهدى بنبيّكم قبل وفاته بخمس ليال فسمعته يقول إنه لم يكن نبى إلاّ وله خليلا من اُمّته وإنّ خليلى أبوبكر ابن أبي قحافة وإنّ الاُمم قبلكم كانوا يتخذون قبور انبيائهم مساجد وإنى انها كم عن ذلك اللهم إنى بلّغت ثلاث مرات ثم قال اللهم اشهد ثلاث مرّات........ الحديث

(കഅ്ബുബ്നു മാലികി (റ: അ)ൽ നിന്ന് ന്യൂനതയില്ലാത്ത നിവേദനപരമ്പരയോട്കൂടി ത്വബ്റാനി ഇങ്ങനെ നിവേദനം

ചെയ്തിരിക്കുന്നു: അദ്ദേഹം പറഞ്ഞു: നബി (സ) അന്തരിക്കുന്നതിന്റെ അഞ്ചു ദിവസം മുമ്പ് അവിടുത്തെ അടുക്കൽ ഞാൻ ഉണ്ടായിരുന്നപ്പോൾ അവിടുന്ന് ഇങ്ങിനെ പറയുന്നതായി ഞാൻ കേട്ടു. 'യാതൊരു നബിക്കും അദ്ദേഹത്തിന്റെ സമുദായത്തിൽനിന്നും ഒരു സുഹൃത്ത ഉണ്ടാകാതിരുന്നിട്ടില്ല. നിശ്ചയമായും എന്റെ സുഹൃത്ത് അബൂഖുഹാഫായുടെ പുത്രൻ അബൂബക്കർ ആകുന്നു. നിശ്ചയമായും അല്ലാഹു നിങ്ങളുടെ സഹചാരിയെ സ്നേഹിതനായി സ്വീകരിച്ചു. ഉണരുവിൻ! നിശ്ചയമായും നിങ്ങൾക്ക് മുമ്പുണ്ടായിരുന്ന സമുദായക്കാർ അവരുടെ പ്രവാചകന്മാരുടെ ഖബ്റുകളെ പള്ളികളാക്കിയിരുന്നു. നിശ്ചയമായും നിങ്ങളോട് ഞാൻ അതിനെ വിരോധിക്കുന്നു. തമ്പുരാനെ! നിശ്ചയമായും ഞാൻ [നിന്റെ സന്ദേശത്തെ ജനങ്ങൾക്ക്] എത്തിച്ചുകൊടുത്തു എന്ന് മൂന്ന് പ്രാവശ്യം [അവിടുന്നു പറഞ്ഞു] പിന്നീട് അവിടുന്നു മൂന്ന് പ്രാവശ്യം ഇങ്ങിനെ പറയുകയുണ്ടായി. തമ്പുരാനെ! നീ സാക്ഷിയായിരിക്കേണമേ)

والطبرانى لا تصلوا الى قبر ولا تصلوا على قبر (നിങ്ങൾ ഖബ്റിന്നേരെ നിന്ന് നമസ്കരിക്കരുത്. നിങ്ങൾ ഖബ്റിന്നു മേൽ നിന്നും നമസ്കരിക്കരുത് എന്ന് തബ്റാനി രേഖപ്പെടുത്തിയിരിക്കുന്നു.)

واحمد وابوداود والنسائى وابن ماجه وابن حبان عن ابن عباس رضى الله عنهما لعن رسول الله (ص) زائرات القبور والمتخذين عليه المساجد والسرج

(ഇബ്നു അബ്ബാസി (റ)ൽനിന്നും അഹ്മദ്, അബൂദാവൂദ്, തുർമുദി നസാഈ ഇബ്നുമാജ, ഇബ്നു ഹിബ്ബാൻ എന്നിവർ [ഇങ്ങിനെ നിവേദനം ചെയ്യുന്നു] ഖബ്ർ സന്ദർശിക്കുന്ന സ്ത്രീകളെയും, അവയുടെ മേൽ പള്ളികൾ നിർമ്മിക്കുന്നവരെയും വിളക്കുവെക്കുന്നവരെയും അല്ലാഹുവിന്റെദൂതൻ ശപിച്ചു.)

ومسلم الا وانّ من كان قبلكم كانوا يتخذون قبور انبيائهم مساجد فانى انهاكم عن ذلك واحمد إن من شرار الناس من تدركهم الساعة وهم احياء والذين يتخذون القبور مساجد

മുസ്ലിം [ഇപ്രകാരം രേഖപ്പെടുത്തുന്നു]: എന്നാൽ അറിയുവിൻ; നിങ്ങൾക്ക് മുമ്പുള്ളവർ അവരുടെ നബിമാരുടെ ഖബ്റുകളെ ആരാധനസ്ഥലങ്ങളാക്കിയിരുന്നു. എന്നാൽ നിശ്ചയമായും അതിനെപ്പററി ഞാൻ നിങ്ങളെ വിരോധിക്കുന്നു. അഹ്മദ് [നിവേദനം ചെയ്യുന്നു]: ജനങ്ങളിൽ നിന്ന് ഏററവും ദുഷിച്ചവർ ജീവിച്ചിരിക്കവെതന്നെ ലോകാവസാനം അവരിൽവന്നു സംഭവിക്കുന്നവരും ഖബ്റുകളെ പള്ളികളാക്കുന്നവരുമാകുന്നു.)

واحمد وابوادارد والترمذى وابن ماجه والحاكم الارض كلها مسجد إلا المقبرة والحمام والشيخان وابوادارد قاتل الله اليهود اتخذوا قبور انبيائهم مساجد - حاكم، ابن ماجه، ترمذ، ابوادارد، احمد

(ഹാക്കിം, ഇബ്നുമാജ, തുർമദി, അബൂദാവൂദ്, അഹ്മദ് എന്നിവർ രേഖപ്പെടുത്തുന്നതാണിത്): ശ്മശാനസ്ഥലവും കുളിപ്പുരയും ഒഴികെ ഭൂമി മുഴുവനും ആരാധനാസ്ഥലമാകുന്നു. മുസ്ലിം, ബുഖാരി, അബൂദാവൂദ് എന്നിവർ ഇങ്ങനെ രേഖപ്പെടുത്തുന്നു.: അല്ലാഹു യഹൂദരെ ശപിക്കട്ടെ. അവർ അവരുടെ നബിമാരുടെ ഖബ്റുകളെ ആരാധനസ്ഥലങ്ങളാക്കി)

واحمد عن اسامة ،احمد والشيخان والنسائى عن عائشة وابن عباس ومسلم عن ابى هريرة لعن الله اليهود والنصارى اتخذوا قبور انبيائهم مساجد واحمد والشيخان والنسائى اولئك إذا كان فيهم الرّجل الصالح

فمات بنوا على قبره مسجدا وصوّروا فيه تلك الصّور اولئك شرار الخلق عنداللہ يوم القيامة

(ഉസാമയിൽ നിന്ന് അഹ്മദും ആയിശ ഇബ്നുഅബ്ബാസ് ഇവരിൽ നിന്ന് അഹ്മദും ശൈഖാനിയും [ബുഖാരി, മുസ്ലിം] നസായിയും. അബൂഹുറൈറ വഴിയായി മുസ്ലിമും [ഇപ്രകാരം രേഖപ്പെടുത്തുന്നു]: യഹൂദരെയും ക്രിസ്ത്യാനികളെയും അല്ലാഹു ശപിച്ചു. അവർ അവരുടെ നബിമാരുടെ ഖബ്റുകളെ പള്ളികളാക്കി. അഹ്മദും, ശൈഖാനിയും, നസായിയും (നിവേദനം ചെയ്യുന്നു): ആകൂട്ടർ അവരിൽ ഒരു സദ്വൃത്തൻ ഉണ്ടായിരിക്കുകയും അയാാം മരിക്കുകയും ചെയ്താൽ അയാളുടെ ഖബ്റിന്മേൽ ഒരു പള്ളി നിർമ്മിക്കുകയും, അവർ അതിൽ ആ രൂപങ്ങളെ സ്ഥാപിക്കയും ചെയ്യുന്നു. ഇവരത്രെ അന്ത്യനാളിൽ അല്ലാഹുവിന്റെ പക്കൽ സൃഷ്ടികളിൽ വെച്ച് ഏററവും ദുഷിച്ചവർ.')

وابن حبان عن انس نهى صلعم عن الصلوة إلى القبور

(അനസിൽ നിന്ന് ഇബ്നുഹിബ്ബാൻ (നിവേദനം ചെയ്യുന്നു) ഖബ്റുകൾക്ക് നേരെ നിന്നുള്ള നമസ്കാരത്തെ നബി (സ) വിരോധിച്ചു.'

واحمد والطبر انى انّ من شرارالناس من تدركهم الساعة وهم احياء ومن يتخذ القبور مساجد

(അഹ്മദും തബ്റാനിയും (രേഖപ്പെടുത്തുന്നു): തങ്ങൾ ജീവിച്ചിരിക്കവെ ലോകാവസാനം നേരിടുന്നവരും ഖബ്റുകളെ പള്ളികളാക്കുന്നവരും ജനങ്ങളിൽ നിന്ന് ഏററവും ദുഷിച്ചവരിൽപ്പെട്ടവരാകുന്നു.)

وابن سعد الا إنّ من كان قبلكم كانوا يتخذون قبور انبيائهم وصالحيهم مساجد فلا يتخذوا القبور مساجد فانّى نهاكم عن ذالك

(ഇബ്നുസഅ്ദ് (രേഖപ്പെടുത്തുന്നു): ഉണരുവിൻ, നിശ്ചയമായും നിങ്ങൾക്കുമുമ്പുള്ളവർ അവരുടെ നബിമാരുടെയും അവരിലെ സദ്വൃത്തന്മാരുടെയും ഖബ്റുകളെ പള്ളികളാക്കി സ്വീകരിച്ചിരുന്നു. എന്നാൽ നിങ്ങൾ ഖബ്റുകളെ പള്ളികളാക്കരുത്. നിശ്ചയമായും അതിനെപ്പററി ഞാൻ നിങ്ങളെ വിരോധിക്കുന്നു.)

وعبدالرزاق ان من شرّ الناس من يتخذ القبور مساجد وايضا كانت بنو إسرائيل إتخذوا قبور انبيائهم مساجد فلعنهم الله تعالى

— كتاب الزواجر 125 പുറം

(അബ്ദുർറസ്സാഖ് (രേഖപ്പെടുത്തുന്നു): നിശ്ചയമായും ജനങ്ങളിൽവെച്ച് ഏററവും ദുഷിച്ചവരാണ് ഖബ്റുകളെ ആരാധനാസ്ഥലങ്ങളാക്കുന്നവർ. വീണ്ടും (അവിടുന്നു ഉപദേശിക്കുന്നു) ഇസ്രായീൽ സന്താനങ്ങൾ അവരുടെ നബിമാരുടെ ഖബ്റുകളെ പള്ളികളാക്കിയിരുന്ന. തൻമൂലം പരിശുദ്ധനായ അല്ലാഹു അവരെ ശപിക്കുകയുണ്ടായി).

(تنبيه) عد هذه الستة من الكبائر وقع فى كلام بعض الشافعية وكانه اخذ ذلك مما ذكرته من هذه الاحاديث ووجه اخذ اتخاذ القبر مسجدا منها واضح لانه لعن من فعل ذلك بقبور انبيائه وجعل من فعل ذلك بقبور صلحائه شر الخلق عند الله يوم القيامة ففيه تحذير لنا كما فى رواية يحذر ما صنعوا اى يحذر امته بقوله لهم ذلك من ان يصنعوا

كصنع اولئك فيلعنوا كما لعنوا واتخاذ القبر مسجدا معناه الصلاة عليه او اليه ......... نعم انما يتجه هذا الاخذان كان القبر قبر معظم من نبى او ولى كما اشارت اليه رواية اذا كان فيهم الرجل الصالح ... ومن ثم قال اصحابنا تحرم الصلاة الى قبور الانبياء والاولياء تبركا واعظاما

(ഈ ആറുകാര്യങ്ങൾ (1. ഖബ്റുകളിന്മേൽ പള്ളി നിർമ്മിക്കുക. 2. ഖബ്റുകളിന്മേൽ വിളക്കുകൾ കത്തിച്ചുവെക്കുക; 3. അവയെ ബിംബങ്ങളാക്കുക. 4 അവയെ പ്രദക്ഷിണം ചെയ്യുക. 5. അവയെ തൊട്ടുതടവുക. 6. അവക്കുനേരെനിന്ന് നമസ്കരിക്കുക. ഇങ്ങിനെ ആറുകാര്യങ്ങൾ) മഹാപാപങ്ങളാണെന്നു ശാഫിയാക്കളിൽ ചിലരുടെ പ്രസ്താവനയിൽ കാണാവുന്നതാണ്. എന്നാൽ ഞാൻ എടുത്തുകാണിച്ചതായ നബിവാക്യങ്ങളിൽനിന്നും അവഗ്രഹിച്ചതായിരിക്കാമെന്നു തോന്നുന്നു. ഖബ്റിന്മേൽ പള്ളി സ്ഥാപിക്കുന്നത് മഹാപാപമാണെന്ന് പറയുന്നതിൻെറ ന്യായഭാഗം എത്രയും പ്രത്യക്ഷമാണ്. എങ്ങിനെയെന്നാൽ നബിമാരുടെ ഖബ്റുകളിൽ അപ്രകാരം ചെയ്തവരെത്തന്നെ ശപിക്കുകയും സദ്വൃത്തന്മാരുടെ ഖബ്റുകളെ സംബന്ധിച്ച് അങ്ങിനെ ചെയ്തവരെ അന്ത്യനാളിൽ അല്ലാഹുവിൻെറ പക്കൽ സൃഷ്ടികളിൽവെച്ച് ഏററവും ദുഷിച്ചവരായിട്ടാണല്ലൊ ഗണിക്കുകയും ചെയ്തിരിക്കുന്നത്. 'അവരുടെ ഈ പ്രവൃത്തിയെക്കുറിച്ച് അവിടുന്നു ഭയപ്പെടുത്തുകയാണ് ചെയ്യുന്നത്'' എന്ന നിവേദനമനുസരിച്ച് ഇതിൽ നമ്മെ ഭയപ്പെടുത്തലും ഉണ്ട്. എന്ന് വെച്ചാൽ അക്കൂട്ടരുടെ പ്രവൃത്തിപോലെ നമ്മൾ പ്രവർത്തിച്ചുപോകുന്നതിനെക്കുറിച്ച് നമ്മളോട് അതെടുത്തു പറഞ്ഞുകൊണ്ട് അവിടുന്നു തൻെറ സമുദായത്തെ ഭയപ്പെടുത്തുകയാണുചെയ്യുന്നത്. തൻമൂലം അവർ ശപിക്കപ്പെട്ടതുപോലെ ഇവരും ശപിക്കപ്പെട്ടുപോകും. ഖബ്റിനെ പള്ളിയാക്കുക എന്നതിൻെറ അർത്ഥം അതിന്മേലൊ അതിന്നുനേരെയൊ നിന്ന് നമസ്കരിക്കുക എന്നാണ്.........ഈ ഹദീസിൽ

നിന്നു ഇതു മഹാപാപമാണെന്നു ഗ്രഹിക്കുവാനാണ് ന്യായമു്ളളത്. 'അവരിൽ സദ്‌വൃത്തനായ ഒരാൾ ഉണ്ടായിരുന്നാൽ' എന്ന നിവേദനം ചൂണ്ടിക്കാണിക്കുന്നതുപോലെ വലി, നബിയെപ്പോലെയുള്ള മഹാത്മാക്കളുടെ ഖബ്റുകളായിരുന്നാൽ മാത്രമാകുന്നു. ഇതുകൊണ്ടാണ് വഹിച്ചും ശുഭത്വം വിചാരിച്ചും (ബർക്കത്തിന്നുവേണ്ടി) നബിമാരുടെയും ഔലിയാക്കളുടെയും, ഖബ്റുകൾക്കുനേരെ നിന്ന്കൊണ്ടുള്ള നമസ്കാരം ഹറാം (വിരോധം) ആണെന്നു നമ്മുടെ ശാഫികളായ ഇമാമുകൾ പറയുന്നത്)

## ഇബ്നുഹജറിൽ ഹൈതമിയുടെ അഭിപ്രായം

فاشترطوا شيئين ان يكون قبر معظم وان يقصد بالصلاة اليه ومثلها الصلاة عليه للتبرك والاعظام وكون هذا الفعل كبيرة ظاهر من الاحاديث المذكورة لما علمت وكانه قاس على ذلك كل تعظيم للقبر كايقاد السرج عليه تعظيماله وتبركا به والطواف به كذلك وهو اخذ غير بعيد سيما وقد صرح فى الحديث المذكور آنفا بلعن من اتخذ على القبر سراجا فيحمل قول اصحابنا بكراهة ذلك على ما اذا لم يقصد به تعظيما وتبركا بذى القبر واما اتخاذ ها اوثانافجاء النهى عنه بقوله (ص) لا تتخذوا قبرى وثنا يعبد بعدى لا تعظموه تعظيم غيركم لاوثانهم بالسجودله او نحوه

(അതിനാൽ അവർ [നമ്മുടെ ഇമാമുകൾ ഹറാമാണെന്നു വിധിക്കുവാൻ] രണ്ടു നിബന്ധനകളാണ് കൊടുത്തുകാണുന്നത്. [അവയിൽ ഒന്ന്] അത് ഒരു മഹാത്മാവിന്റെ ഖബ്റായിരിക്കുക. [രണ്ടാമത്തെ നിബന്ധന] അതിന്നുനേരെയൊ, അതുപോലെതന്നെ അതിന്മേലൊ നമസ്കരിക്കുന്നത് വന്ദനത്തെയൊ ബർക്കത്തിനെയൊ ഉദ്ദേശിച്ചായിരിക്കുക. [എന്നാൽ] നിനക്കറിയാൻ സാധിച്ചത്പോലെ ഈ പ്രവൃത്തി മഹാപാപമാണെന്നു പ്ര

സ്തുത നബിവചനങ്ങൾകൊണ്ട് സ്പഷ്ടമാണല്ലൊ. ഇതേപ്രകാരം തന്നെയാണ് വന്ദിച്ചും ബർക്കത്തു വിചാരിച്ചും ഖബ്റിന്നുമേലെ വിളക്കുകൾ കത്തിച്ചുവെക്കുന്നതും. അതിനെ പ്രദക്ഷിണം ചെയ്യുന്നതും ഇതുപോലെ തന്നെയാണ്. ഖബ്റിന്ന് നേരെകാണിക്കുന്ന എല്ലാവന്ദനങ്ങളും, ഇതിൽനിന്ന് [ഖബ്റിന്നു നേരെനിന്ന് നമസ്കരിക്കുന്നതിൽ നിന്ന്] അനുമാനിച്ചിട്ടുള്ളതുപോലെയിരിക്കുന്നു. ഇതൊരു വിദൂരമായ അനുമാനമാണെന്നു വിചാരിച്ചുകൂടാ. പ്രത്യേകിച്ചും അടുത്തുപ്രസ്താവിച്ചിട്ടുള്ള നബിവചനത്തിൽ ഖബ്റിന്മേൽ വിളക്കുകൾ വെക്കുന്നവരെ വ്യക്തമായി ശപിച്ചിട്ടുണ്ടല്ലൊ. അതിനാൽ ഇത്തരം പ്രവൃത്തി കറാഹത്ത് [നിഷിദ്ധം] ആണെന്നു നമ്മുടെ ഇമാമുകളുടെ വാക്ക്, ഖബ്റിലുള്ളവരെക്കൊണ്ട് വന്ദനവും ബർക്കത്തും ഉദ്ദേശിച്ചിട്ടില്ലാത്തിടത്താണെന്നു വിചാരിക്കപ്പെടേണ്ടതാണ്. എന്നാൽ അവയെ വിഗ്രഹങ്ങളായി സ്വീകരിക്കുന്നതിനെപ്പററി 'നിങ്ങൾ എനിക്കുശേഷം എൻെറ ഖബ്റിനെ ആരാധിക്കപ്പെടുന്ന വിഗ്രഹം ആക്കരുതേ' എന്നുള്ള നബി [സ: അ:] യുടെ വചനംകൊണ്ട് വിരോധം വന്നിരിക്കുകയാകുന്നു അതായത് അതിന്നുനേരെ കുമ്പിട്ടു അതുപോലത്തെ മററു പ്രവൃത്തികൾ ചെയ്തും മററുള്ളവർ അവരുടെ ബിംബങ്ങളെ വന്ദിക്കുന്നതുപോലെ നിങ്ങൾ അതിനെ [നബിയുടെ ഖബ്റിനെ] വന്ദിക്കരുതെന്നാകുന്നു............)

## വിശുദ്ധ നബി (സ) യോടു മത്സരിക്കുവാൻ സ്ഥാപിതമായിട്ടുള്ള ഒരു പള്ളിയെക്കാളും ഏററവും ഉപദ്രവജന്യമാകുന്നു

قال بعض الحنابلة قصد الرجل الصلاة عند القبر متبركا بها عين المحادة لله ورسوله وابداع دين لم يأذن به الله للنهى عنها ثم اجماعا فان اعظم المحرمات واسباب الشرك الصلاة عندها واتخاذها مساجدا وبناؤها عليها والقول بالكرا

هة محمول على غير ذلك اذلا يظن بالعلماء تجويز فعل تواترعن النبى (ص) لعن فاعله وتجب المبادرة لهدمها وهدم القباب التى على القبور اذهى اضرمن مسجد الضرار لأنها اسست على معصية رسول‌الله (ص) لانه نهى عن ذلك وامر (ص) بهدم القبور المشرفة وتجب ازالة كل قنديل او سراج على قبر ولا يصح وقفه ونذره انتهى

(ഹമ്പലീങ്ങളിൽ ചിലർപറയുന്നത് ഇങ്ങനെയാണ്. ഒരാറം ബർക്കത്തിന്നുവേണ്ടി ഖബ്റുന്നടുത്തുനിന്ന് നമസ്കരിക്കുവാൻ ഒരുങ്ങുന്നത് അല്ലാഹുവിൻെറയും അവൻെറ റസൂലിൻെറയും നേരെ കാണിക്കുന്ന മത്സരവും, അല്ലാഹു അനുവദിച്ചിട്ടില്ലാത്ത പുതിയ ഒരു മതത്തെ നിർമ്മിക്കലും തന്നെയാകുന്നു. കാരണം അവിടെവെച്ച് നമസ്കരിക്കുന്നത് വിരോധമാണെന്നുള്ളത് തർക്കമററ സംഗതിയാണ്. എന്ത് കൊണ്ടെന്നാൽ വിരോധിക്കപ്പെട്ട കാര്യങ്ങളിൽ വെച്ചും, ശിർക്കിനുള്ള കാരണങ്ങളിൽ വെച്ചും ഏററവും വലിയത് അവർക്ക് (ഖബ്റുകറക്ക്) സമീപം നിന്ന് നമസ്ക്കരിക്കലും, അവയെ പള്ളികളാക്കലും, അഥവാ അവയുടെ മേൽ പള്ളികറ നിർമ്മിക്കലും ആണ്. ഇത് കറാഹത്താണെന്നത് ഇതല്ലാത്തതിൽ (ബർക്കത്തിനെ കരുതാത്തതിൽ) ആണെന്ന് വെക്കേണ്ടതാണ്. എന്ത്കൊണ്ടെന്നാൽ ഏതൊരു പ്രവൃത്തിയുടെ കർത്താവിനെ ശപിച്ചുകൊണ്ട് നബി (സ) യിൽനിന്നും പരമ്പരയായി ഹദീസ് വന്നു കിട്ടിയിരിക്കുന്നുവോ ആ പ്രവൃത്തിയെ അനുവദനീയമായ കരുതുന്നുവെന്നു ഉലമാക്കളെ സംബന്ധിച്ച് വിചാരിച്ചുകൂടാത്തതാണല്ലോ. ഖബ്റുകളുടെമേൽ സ്ഥിതിചെയ്യുന്ന പള്ളികളെയും കുബ്ബകളെയും ഉടനടി പൊളിച്ചു കളയേണ്ടത് കർത്തവ്യമാണ്. എന്തെന്നാൽഅവ مسجد الضرار *നെക്കാളും ഏററവു ഉപദ്രവജന്യങ്ങളാകുന്നു. എന്ത് കൊണ്ടെന്നാൽ അവ നബി (സ) യോട് വിരോധ

---

*" مسجد الضرار " മദീനയിലെ ചിലമുനാഫിക്കുകറ ഇസ്ലാമിനെ ഉപദ്രവിക്കുവാനും സത്യവിശ്വാസികളെ ഭിന്നിപ്പിക്കുവാനും നബിയുടെ ശത്രുക്കറക്ക് സങ്കേതമായിരിക്കാനും വേണ്ടി ഉണ്ടാക്കിട്ടുള്ള ഒരു പള്ളി.

മായിസ്ഥാപിക്കപ്പെട്ടിട്ടുള്ളതാണ്. ഇതിന്നുള്ളകാരണംമറ്റൊന്നുമല്ല. അവിടുന്നു ഇത് വിരോധിച്ച് [എന്നുള്ളതാകുന്നു]. ഉയർന്ന് നിൽക്കുന്ന സകലഖബ്റുകളും പൊളിച്ചുകളയുവാൻ നബി (സ) കല്പിക്കുകയും ചെയ്തിരിക്കുന്നു. ഖബ്റിന്മേലുള്ള എല്ലാ ദീപയഷ്ടികളും വിളക്കുകളും നീക്കം ചെയ്യേണ്ടത് കർത്തവ്യമാകുന്നു. അതിന്നായി (വല്ലധനവും) നീക്കിവെക്കുന്നതും അതിന്നായി നേർച്ചചെയ്യുന്നതും സാധുവാകാത്തതുമാകുന്നു. അവസാനിച്ചു.') (كتاب الزواجر 125– 126)

# ബഹുഭൂരിപക്ഷം എന്നാൽ എന്ത്?

എന്നാൽ ഒരു പ്രധാന സംഗതി നാം ഇവിടെ ശ്രദ്ധിക്കേണ്ടതായിട്ടുണ്ട്. അതായത് സത്യത്തിന്നും നബിചര്യക്കും വിരുദ്ധമായിരുന്നാൽതന്നെയും ബഹുഭൂരിപക്ഷത്തെ തുടർന്നുതന്നെയാണ് നടക്കേണ്ടതെന്നു ഒരു ഭീമമായ തെററിദ്ധാരണ ജനങ്ങളിൽ കടന്നു കൂടിയതായി കാണാം. വല്ലസംഗതികളിലും വിരോധാഭിപ്രായം സംഭവിക്കുമ്പോൾ ഭൂരിപക്ഷത്തെ പിന്തുടർന്ന്തന്നെ പോകേണമെന്ന് ചില ന്യായങ്ങൾ എടുത്തു കാണിക്കുന്നതായും കാണാവുന്നതാകുന്നു. വാസ്തവത്തിൽ ഇങ്ങിനെയുള്ള ഒരു ധാരണ നമ്മളിൽ കടന്ന്കൂടുവാനുള്ള കാരണം ബഹുഭൂരിപക്ഷം എന്നതിൻെറ ശരിയായ വിവക്ഷ എന്താണെന്ന് നമുക്കറിയാൻ കഴിയാത്തത്കൊണ്ടാകുന്നു. ചില ആചാരങ്ങളിലും അനുഷ്ഠാനങ്ങളിലും വിശേഷിച്ചും അനാചാരങ്ങളെന്നും ദോഷാവഹങ്ങളെന്നും തെളിഞ്ഞിട്ടുള്ള സംഗതികളിൽ ബഹുഭൂരിപക്ഷം ജനങ്ങളും ഒന്ന്ചേർന്നാലെന്ന പോലെ യോജിച്ചു കാണുന്നത്കൊണ്ട് അതിൽ നാം വഞ്ചിതരാകേണ്ടുന്ന ആവശ്യമില്ല. വളരെക്കാലമായി അനുഷ്ഠാനത്തിലിരിക്കുന്ന ശിർക്ക് സംബന്ധിച്ചുള്ള ആചാരങ്ങളെക്കുറിച്ചു സൂക്ഷ്മമായി ചിന്തിച്ചുനോക്കാതിരുന്നത് കൊണ്ടാണ് മേൽ സൂചിപ്പിച്ചത് പോലെയുള്ള ഒരു മിഥ്യാവിചാരത്തിന്ന് കാരണമാകുന്നത്.

അതിനാൽ ബഹുഭൂരിപക്ഷം എന്നതിന്റെ യഥാർത്ഥമായ അർത്ഥത്തെപ്പററി നമുക്കുണർവ് നൽകുന്നതിന്ന് പര്യാപ്ത മാകുന്ന മഹാന്മാരുടെ പ്രസ്താവനകാം എത്രയും സംക്ഷി പ്തമായി ഇവിടെ ഉദ്ധരിക്കാം.

ان العمل اذا جرى على خلاف السنة فلا اعتبار به ولا التفات اليه وقد جرى العمل على خلاف السنة منذ من طويل فاذن لا بذلك ان تكون شديد التوقى من محدثات الامور وان اتفق عليه الجمهور فلا يغرنك اطباقهم على ما احديث بعد الصحابة بل ينبغى لك ان تكون حريصا على التفتيش عن احوالهم واعمالهم فان اعلم الناس واقربهم الى الله اشبههم بهم واعلمهم فى طريقهم اذ منهم اخذالدين وهم اصول فى نقل الشريعه عن صاحب الشرع فلا بذلك ان لا تكترث بمخالفتك لاهل عصرك فى موافقتك لاهل عصرالنبى (ص) اذقد جاء فى الحديث اذا اختلف الناس فعليكم بالسواد الاعظم قال عبدالرحمن ابن اسمعيل المعروف بابى شامة حيث جاء الامر بلزوم الجماعة فالمراد به لزوم الحق واتباعه وان كان المتمسك به قليلا والمخالف له كثيرا لان الحق ما كان عليه الجماعة الاولى وهم الصحابة ولا عبرة بكثرة الباطل بعدهم

(നബിയുടെ ചര്യക്ക് വിപരീതമായുള്ള പ്രവൃത്തിയെ ഗണ്യമാക്കേണ്ടതൊ അതിനെപ്പററി ശ്രദ്ധിക്കേണ്ടതൊ ആവശ്യ മില്ല.. നബിചര്യക്ക് വിപരീതമായുള്ള പ്രവൃത്തി വളരെക്കാലം തുടങ്ങി നടന്നുകൊണ്ടിരിക്കയാണ്. പുന്തുതായ നടപടികളെ

അതിൽ ഭൂരിപക്ഷം ജനങ്ങളും ഒന്ന്ചേർന്നാലും അവയെപ്പററി സൂക്ഷിച്ചിരിക്കേണ്ടതാണ് നിനക്കാവശ്യം. അതിനാൽ സഹാബാക്കൾക്ക്ശേഷം ഉണ്ടായിട്ടുള്ള നടപടികളിൽ അവർ യോജിച്ച് കാണുന്നതിൽ വഞ്ചിതരാവേണ്ടുന്ന ആവശ്യമില്ല. നമുക്ക് കർത്തവ്യമായിട്ടുള്ളത് സഹാബാക്കളുടെ പ്രവൃത്തികളും സ്ഥിതിഗതികളും അന്വേഷിച്ച് അവയെക്കുറിച്ച് വേണ്ടത്പോലെ പരിശോധിക്കുന്നതിന്ന് ശ്രമിക്കുകയാകുന്നു. എന്തെന്നാൽ ജനങ്ങളിൽ മതത്തെക്കുറിച്ച് അധികം വിവരവും അല്ലാഹുവിനോട് അധികം അടുപ്പവുമുള്ളവർ സഹാബാക്കളുടെനടപടിയെ അനുസരിച്ച് നടക്കുന്നവരും അവരുടെ ജീവിതരീതികളെക്കുറിച്ച് ശരിയായി അറിയുന്നവരുമാകുന്നു. മതം അവരിൽ നിന്നുമാണ് നമുക്ക് കിട്ടിയിട്ടുള്ളത്. അവർതന്നെയാകുന്നു അത് വിശുദ്ധ നബിയിൽനിന്നും ഗ്രഹിച്ചുപ്രബോധനം ചെയ്തിട്ടുള്ളതും. അതിനാൽ നമ്മുടെ പ്രവൃത്തികളെല്ലാം നബി (സ:അ) യുടെ സമകാലീനന്മാരുടെ പ്രവൃത്തികളോട് യോജിച്ചുവരാൻ ശ്രമിക്കുകയല്ലാതെ നമ്മുടെ കാലത്ത് ഭൂരിപക്ഷാഭിപ്രായക്കാരെന്നോണം, ജീവിക്കുന്നവരായിക്കാണുന്നവരോട് യോജിച്ച്, അവരുടെ സംഖ്യ വർദ്ധിപ്പിക്കുന്നതിനല്ല നാം നോക്കേണ്ടത്. ജനങ്ങൾ അന്യോന്യംഭിന്നിച്ചാൽ ഭൂരി പക്ഷത്തെ പിന്തുടരുക എന്ന് ഹദീസിൽ വന്നിട്ടുണ്ട്. ഈ ഹദീസിനെപ്പററി അബൂശാമ: എന്ന പേരിൽ പ്രസിദ്ധനായ അബ്ദുർറഹ്മാൻ ഇബ്നുഇസ്മാഈൽ പറയുന്നതിപ്രകാരമാണ്. ഭൂരിപക്ഷത്തെ പിന്തുടരുക എന്ന് കൽപ്പിച്ചിരിക്കുന്നതിൻെറ ഉദ്ദേശ്യം സത്യാവലംബികൾ കുറഞ്ഞു അതിൻെറ വിരോധികൾ വർദ്ധിച്ചിരുന്നാലും സത്യത്തെയും അതിനെ അനുസരിക്കുന്നവരെയും പിടിച്ച് നിൽക്കുക എന്നതാകുന്നു. എന്തെന്നാൽ സത്യമെന്നത് ആദ്യത്തെസംഘക്കാർ [ജമാഅത്ത്] അനുഷ്ഠിച്ചിട്ടുള്ളതത്രെ. അവർ സഹാബാക്കളാകുന്നു. അവർക്ക് ശേഷമുള്ള അസത്യാധിക്യത്തെ ഗണ്യമായിക്കരുതേണ്ട ആവശ്യമില്ല.)

## ഹസ്രത്ത് ഫുദൈലുബ്നു ഇയാദും ഇമാം ഗസ്സാലിയും.

وقال الفضيل بن عياض ما معناه الزم طريق الهدى ولا يضرك قلة السالكين فيه واياك وطرق الضلال ولا تغتر بكثرة الهالكين وقال ابن مسعود انتم فى زمان خير كم فيه المتسارع فى الامور وسيأتى زمان بعدكم خير هم فيه المتثبت المتوقف لكثرة الشبهات قال الامام الغزالى لقد صدق لان من لا يتثبت فى هذا الزمان بل وافق الجماهير فيما هم فيه وخاض فيما خاضوا فيه يهلك كما هلكوا فان اصل الدين وعمد ته وقوامه ليس بكثرة العبادة والتلاوة والمجاهدة بالجوع وغيره وانما هو باحرازه من الآفات والعاهات التى تأتى عليه من البدع والمحدثات التى تؤدى الى تبدله وتغيره كما تبدل وتغير اديان الرسل من قبل بسبب ذلك انتهى —

العقد الثمين ഭാഗം 183

(ഇതിനെക്കുറിച്ചുതന്നെ ഫുദൈലുബ്നുഇയാദ് (റ) ഏതാണ്ട് ഇങ്ങിനെ പറഞ്ഞിരിക്കുന്നു: 'സത്യമാർഗ്ഗത്തെ നീ അവലംബിക്കുക. അതിൽ പ്രവേശിക്കുന്നവരുടെ ദൗർലഭ്യം നിനക്ക് യാതൊരുവിധത്തിലും ബാധകമല്ല. പിഴച്ചവഴികളെ നീ വിട്ടുകളയേണ്ടതാകുന്നു. ആ വഴികളിൽ നശിക്കുന്നവരുടെ ആധിക്യം കൊണ്ട് നീ വഞ്ചിതനാകേണ്ട'. ഇബ്നുമസ്ഊദ് (റ) ഇപ്രകാരം പറയുന്നു: 'സൽകാര്യങ്ങളിലേക്ക് ബദ്ധപ്പെടുന്നവൻ നിങ്ങളിൽ ഏറ്റവും ഉത്തമനായി ഗണിക്കപ്പെടുന്ന ഒരു കാലത്താകുന്നു നിങ്ങൾ ജീവിക്കുന്നത്. നിങ്ങൾക്കുശേഷം ഇനി ഒരു കാലം വരും. ആ കാലത്ത് സന്ദേഹങ്ങളുടെ ബാഹുല്യനിമിത്തം വേ

ങ്ങതുപോലെ പരിചിന്തനം ചെയ്തിട്ടേ ഏതൊരു കാര്യത്തിലും പ്രവേശിക്കുകയുള്ളു എന്ന് നിഷ്ഠയുള്ളവൻ ആണ് ഏററവും ഉത്തമൻ. ഇബ്നുമസ്ഊദി (റ) ൻെറ ഈ വാക്കിനെ വിഷയമാക്കി ഇമാം ഗസ്സാലി (റ) പ്രസ്താവിച്ചിട്ടുള്ളത് ഇങ്ങിനെയാകുന്നു. 'അദ്ദേഹം പറഞ്ഞത്എത്രയും വാസ്തവമായിട്ടുള്ളതാകുന്നു. ഇക്കാലത്ത് ശരിയായി പരിചിന്തനം ചെയ്യാതെ ബഹുജനങ്ങളോട് യോജിച്ച് അവരുടെ പ്രവൃത്തികളിൽ പങ്കുചേരുകയും അവർ പ്രവേശിക്കുന്ന സംഗതികളിൽ പ്രവേശിക്കുകയും ചെയ്യുന്ന ഒരുവൻ അവർ നശിച്ചതുപോലെ നശിച്ചുപോകും. കാരണം മതത്തിൻെറ അധിഷ്ഠാനവും അതിൻെറ ആധാരവും അതിൻെറ അച്ചുതണ്ടും , ആരാധനയുടെയും ഖുർആൻപാരായണത്തിൻെറയും ആധിക്യത്തിലൊ വിശപ്പുകൊണ്ടുള്ള ത്യാഗത്തിലൊ അല്ല സ്ഥിതിചെയ്യുന്നത്. പിന്നെയൊ നൂതന നടപടികളാലും അനാചാരങ്ങളാലും മതത്തിന്ന് നേരിടാവുന്ന ആപത്തുകളിൽനിന്ന് അതിനെ സംരക്ഷിക്കുന്നതിലാകുന്നു. അവ മററുദൈവദൂതന്മാരുടെ മതങ്ങളെ ഭേദപ്പെടുത്തിയതുപോലെ മതത്തെ ഭേദപ്പെടുത്തുന്നതാണല്ലൊ.)

## ഇമാംശഅ്റാനിയുടെ മീസാനിൽ.

فعلم ان السواد الا عظم هو الجاعة وهى جماعة الصحابة، ولعله بهذا المعنى قال اسحاق بن راهويه حين سئل عن معنى حديث « عليكم بالسواد الاعظم» هو محمدبن اسلم واتباعه فاطلق على محمدبن اسلم واتباعه لفظ السواد الاعظم تشبيها لهم بالصحابة فى شدة ملازمة السنة والتمسك بها ومن ثم قال الامام الشافعى : اذا رأيت رجلامن اصحاب الحديث فكانى رأيت رجلامن اصحاب النبى صلعم كذا فى (تلبيس ابليس) ولذا كان سفيان الثورى يقول المراد بالسواد الاعظم هم من كان من اهل السنة والجاعة ولو واحدا كذا فى الميزان للشعرانى — صيانة الانسان ഭാഗം _ 320

(അപ്പോൾ ബഹുഭൂരിപക്ഷമെന്നു പറയുന്നത് സഹാബാക്കളുടെ സംഘത്തെ സംബന്ധിച്ചാണെന്ന് അറിഞ്ഞുവല്ലൊ. 'നിങ്ങൾ ബഹുഭൂരിപക്ഷത്തെ അവലംബിക്കുക' എന്ന നബി വചനത്തിന്റെ അർത്ഥത്തെപ്പററി ഇസ്ഹാഖ്ബ്ന് റാഹവൈവെഹിയോട് ചോദിക്കപ്പെട്ട അവസരത്തിൽ അത് മുഹമ്മദിബ്നുഅസ്ലമും അദ്ദേഹത്തിന്റെ അനുയായികളുമാണെന്ന് അദ്ദേഹം പറഞ്ഞതും ഏതാണ്ട് ഈ അർത്ഥത്തെതന്നെയാണ് സൂചിപ്പിക്കുന്നത്. നബിചര്യയെ അവലംബിക്കുന്നതിലും അനുസരിച്ചു പ്രവർത്തിക്കുന്നതിലുമുള്ള നിഷ്ഠയിലും അവർക്ക് സഹാബത്തിനോടുണ്ടായിരുന്ന സാദൃശ്യം കൊണ്ടാണ് മുഹമ്മദിബ്നുഅസ്ലമിന്നും അദ്ദേഹത്തിന്റെ അനുയായികൾക്കും ബഹുഭൂരിപക്ഷം എന്ന പദത്തെ അദ്ദേഹം (ഇസ്ഹാഖ് ഇബ്നുറാഹവൈഹി) ഉപയോഗപ്പെടുത്തിയത്. ഇതുകൊണ്ടുതന്നെയാണ് ഇമാം ശാഫിഈ ങ്ങങ്ങിനെ പറഞ്ഞതും, ഹദീസ് അറിവുള്ളവരിൽപ്പെട്ട ഒരാളെ ഞാൻ കാണുകയാണെങ്കിൽ നബി (സ) യുടെ അനുചരൻമാരിൽപ്പെട്ട ഒരാളെ ഞാൻ കണ്ടതിന്ന് തുല്യമാണ്.' ഇപ്രകാരം തൽബീസുഇബ്ലീസ് എന്ന ഗ്രന്ഥത്തിൽ കാണാവുന്നതാണ്. ബഹുഭൂരിപക്ഷമെന്നതിന്റെ ഉദ്ദേശം അഹ്ലുസുന്നത്തു വൽജമാഅത്തിൽപെട്ടവർ എന്നാണ്. അത് ഒരൊററആളായിരുന്നാലും ശരി. എന്ന് സുഫ്യാനുസ്സൗരി പറയുന്നതും ഇതേ കാരണം കൊണ്ടുതന്നെയാണ്. ഇപ്രകാരം ശഅ്റാനിയുടെ മീസാനിൽ (കാണാവുന്നതാണ്)

ബഹുഭൂരിപക്ഷത്തിന്റെ ഗതിയെ വിലവെക്കുന്ന സംഗതിയിൽ നാം ആചരിക്കേണ്ടുന്ന സൂക്ഷ്മതത്വമെന്തെന്നും അതിന്റെ പരമാർത്ഥനില ഏതെന്നും മേൽപറഞ്ഞ സൂചനകളിൽ നിന്നു ഏതാണ്ടുവ്യക്തമാകുമല്ലൊ. ബഹുഭൂരിപക്ഷത്തെ അവലംബിക്കുക എന്നതിന്റെ യഥാർത്ഥ താൽപ്പര്യം സത്യത്തെയും നബിചര്യയെയും അവലംബിക്കുക എന്നാണെന്നും അങ്ങിനെ അവലംബിക്കുന്നത് ഒരൊററ വ്യക്തിയായിരുന്നാലും ആയാളിനെയാണ് പിന്തുടരേണ്ടതെന്നും സത്യത്തിന്നും നബിചര്യക്കും വിരുദ്ധമായി പ്രവൃത്തിക്കുന്നവരായിക്കാണുന്ന ബഹു

ഭൂരിപക്ഷത്തെയല്ലെന്നും ദൃഷ്ടാന്തസഹിതം തെളിയിക്കുന്നതായി ഇനിയും എത്രയൊ മഹാന്മാരുടെ വാക്കുകൾ ഉദ്ധരിച്ചുകാണിക്കുവാൻ കഴിയുന്നതാണ്. പക്ഷെ സ്ഥലദൈർഘ്യത്തെ ഭയന്ന് അതിന്നൊരുങ്ങുന്നില്ലന്നേയുള്ളു.

## ആപൽഘട്ടങ്ങളിലുള്ള പ്രാർത്ഥന

قل أرأيتكم إن اتاكم عذاب الله اواتتكم الساعة اغيرالله تدعون إن كنتم صادقين بل اياه تدعون فيكشف ما تدعون اليه ان شاء وتنسون ما تشركون — أنعام

(നീ പറയുക; നിങ്ങൾ എന്നെ അറിയിക്കുവിൻ, അല്ലാഹുവിൻെറ ശിക്ഷ നിങ്ങൾക്ക് വരികയൊ അല്ലെങ്കിൽ നിങ്ങൾക്ക് അന്ത്യഘട്ടം വരികയൊ ചെയ്താൽ നിങ്ങൾ സത്യവാന്മാരാണെങ്കിൽ നിങ്ങൾ അല്ലാഹു അല്ലാത്തതിനോട് പ്രാർത്ഥിക്കുമൊ? അല്ലാ! അവനോട് മാത്രമായിരിക്കും നിങ്ങൾ പ്രാർത്ഥിക്കുന്നത്. അപ്പോൾ, അവൻ നിശ്ചയിക്കുന്നുവെങ്കിൽ, നിങ്ങൾ യാതൊന്നിനായി അവനോട് പ്രാർത്ഥിക്കുന്നുവോ അതു അവൻ നീക്കം ചെയ്തുതരും. നിങ്ങൾ (അവനോട്) യാതൊന്നിനെ സമപ്പെടുത്തുന്നുവൊ അത് നിങ്ങൾ മറന്ന് പോവുകയും ചെയ്യുന്നു)

وإذا مسكم الضر فى البحر ضل من تدعون الا إياه فلما نجاكم الى البر اعرضتم وكان الانسان كفورا — الاسراء

(നിങ്ങൾക്ക് സമുദ്രത്തിൽവെച്ച് ആപത്ത് ബാധിച്ചാൽ അവനൊഴികെ, നിങ്ങൾ ആരോട് പ്രാർത്ഥിക്കുന്നുവൊ അവരൊക്കെ (നിങ്ങളെവിട്ട്) മാറിക്കളയുന്നു. അവൻ നിങ്ങളെ കര

യിലേക്ക് രക്ഷപ്പെടുത്തിയാൽ നിങ്ങൾ വിമുഖരായിപ്പോകുന്നു; മനുഷ്യൻ കൃതഘ്നനത്രെ)

وإذا مس الانسان ضر دعا ربه منيبا اليه — الزمر

(മനുഷ്യനു എന്തെങ്കിലും ഉപദ്രവം വന്നുബാധിച്ചാൽ അവൻ അവന്റെ നാഥങ്കലേക്ക് പശ്ചാത്തപിച്ചുമടങ്ങുന്നവനായി അവനെ വിളിച്ചു പ്രാർത്ഥിക്കുന്നു)

وإذا غشيهم موج كالظلل دعوا الله مخلصين له الدين - لقمان

(അവരെ മലകൾ പോലെയുള്ള തിരമാല വന്നുപൊതിയുമ്പോൾ കീഴ്വണക്കത്തെ അല്ലാഹുവിന് മാത്രമാക്കിക്കൊണ്ട് അവർ അവനെ വിളിച്ച് പ്രാർത്ഥിക്കുന്നു)

فاذا ركبوا فى الفلك دعوا الله مخلصين له الدين فلما نجاهم الى البر إذا هم يشركون — العنكبوت

(അവർകപ്പലുകളിൽ കയറിയാൽ കീഴ്വണക്കത്തെ അല്ലാഹുവിനുമാത്രം ആക്കിക്കൊണ്ട് അവർ അവനെ വിളിച്ച് പ്രാർത്ഥിക്കുന്നു: എന്നിട്ട് അവൻ അവരെ കരയിലേക്ക് രക്ഷപ്പെടുത്തിക്കഴിഞ്ഞാൽ അവർ അതാ അവനുസമന്മാരെ ഉണ്ടാക്കുന്നു)

وإذا مس الناس ضرّ دعوا ربّهم منيبين اليه ثم إذا أذاقهم منه رحمة إذا فريق منهم بربّهم يشركون — الروم

(ജനങ്ങൾക്ക് എന്തെങ്കിലും ഉപദ്രവം വന്നുബാധിച്ചാൽ അവർ അവരുടെ നാഥങ്കലേക്ക് പശ്ചാത്തപിച്ചു മടങ്ങുന്നവ

രായി അവനെ വിളിച്ചു അർത്ഥിക്കുന്നു: പിന്നെ അവങ്കൽ നിന്നുമുള്ള കാരുണ്യം അവൻ അവർക്ക് അനുഭവേമാക്കിയാൽ അതാ അവരിൽ ഒരു സംഘക്കാർ അവരുടെ നാഥനു സമന്മാരെ ഉണ്ടാക്കുന്നു)

وما بكم من نعمة فمن الله ثم اذا مسكم الضر فإليه تجأرون ثم إذا كشف الضرّ عنكم إذا فريق منكم بربّهم يشركون — النحل

(അനുഗ്രഹമായി നിങ്ങളിൽ ഉള്ളതെല്ലാം അല്ലാഹുവിങ്കൽ നിന്നുള്ളതത്രെ. പിന്നെ നിങ്ങാംക്ക് കഷ്ടതബാധിക്കുമ്പോാം നിങ്ങാം അവനെ വിളിച്ചു രക്ഷയ്ക്കായി തേടുന്നു. പിന്നെ അവൻ നിങ്ങളിൽനിന്നു ആ കഷ്ടത നീക്കുമ്പോാം നിങ്ങളിൽ ഒരു സംഘക്കാർ അതാ അവരുടെ നാഥനു സമന്മാരെ ഉണ്ടാക്കുന്നു.)

وإذا مسّ الانسان الضرّ دعانا لجنبه او قاعدا او قائما فلما كشفنا عنه ضرّه مرّ كأن لم يدعنا إلى ضرّ مسّه — يونس

മനുഷ്യന് ഉപദ്രവം സ്പർശിച്ചുകഴിയുമ്പോാം അവൻ കിടന്നും ഇരുന്നും നിന്നും നമ്മെവിളിച്ചു അത്ഥിക്കുന്ന; അവനുള്ള ഉപദ്രവത്തെ നാം അവനിൽനിന്നും നീക്കംചെയ്തുകഴിയുമ്പോാം അവനെ സ്പർശിച്ച ഉപദ്രവത്തിനു അവൻ നമ്മെ വിളിച്ചു അർത്ഥിച്ചിട്ടില്ലാത്തമട്ടിൽ അവൻനടക്കുന്നു)

قل من ينجّيكم من ظلمات البرّ والبحر تدعون تضرّعا وخفية لئن أنجيتنا من هذه لنكوننّ من الشاكرين قل الله ينجيكم منها ومن كلّ كرب ثم انتم تشركون — انعام

(നീ പറയുക: കരയിലും കടലിലും ഉള്ള ഇരുളുകളിൽ നിന്നും നിങ്ങളെ രക്ഷപ്പെടുത്തുന്നത് ആരാണ്? 'ഇതിൽനിന്നും

നീ ഞങ്ങളെ രക്ഷപ്പെടുത്തുന്നതായാൽ നിശ്ചയമായും ഞങ്ങൾ നന്ദിയുള്ളവരുടെ കൂട്ടത്തിൽപെട്ടവരായിത്തന്നെ ഇരിക്കും' എന്നി പ്രകാരം പറഞ്ഞുകൊണ്ട് നിങ്ങൾ വിനയത്തോടുകൂടിയും രഹസ്യമായും അവനോട് പ്രാർത്ഥിക്കുന്നു. നീ പറയുക: അവയിൽനിന്നും മററു സർവ്വദു:ഖങ്ങളിൽനിന്നും നിങ്ങളെ അല്ലാഹു രക്ഷിക്കും.. പിന്നെയും നിങ്ങൾ (അവനു) സമന്മാരെ ഉണ്ടാക്കുന്നു)

هو الّذى يسيركم فى البرّ والبحر حتى اذا كنتم فى الفلك وجرين بهم بريح طيبة وفرحوا بها جاءتها ريح عاصف وجاءهم الموج من كلّ مكان وظنّوا انّهم احيط بهم دعوا الله مخلصين له الدّين لئن انجيتنا من هذه لنكونن من الشاكرين — يونس

(കരയിലും കടലിലും നിങ്ങൾക്ക് സഞ്ചാരസൗകര്യം നൽകുന്നത് അവനാണ് അങ്ങനെ നിങ്ങൾ കപ്പലുകളിൽ ആയിരിക്കുകയും, നല്ല കാററിൻെറ സഹായത്താൽ അവ അവരെയുംകൊണ്ടു ഓടുകയും, അതുകൊണ്ട് അവർ സന്തുഷ്ടരായിരിക്കുകയും ചെയ്യുന്ന അവസരത്തിൽ അവയെ കൊടുങ്കാററ്വന്നുപിടിക്കയും എല്ലാഭാഗങ്ങളിൽക്കൂടിയും അവരുടെ അടുക്കൽ തിരമാല വന്നുകയറുകയും തങ്ങൾ അത്യാപത്തിൽപ്പെട്ടുകഴിഞ്ഞുവെന്ന് അവർ വിചാരിക്കുകയും ചെയ്യുമ്പോൾ കീഴ്വണക്കത്തെ അവനുമാത്രം ആക്കികൊണ്ട്, ഞങ്ങളെ നീ ഇതിൽനിന്നും രക്ഷപ്പെടുത്തിയാൽ നിശ്ചയമായും ഞങ്ങൾ കൃതജ്ഞതയുള്ളവരിൽ പെട്ടവരായിരിക്കുകതന്നെചെയ്യും എന്നിങ്ങനെ (പറഞ്ഞുകൊണ്ട്) അല്ലാഹുവിനെ വിളിച്ചു പ്രാർത്ഥിക്കുന്നു)

വലുതായ ആപത്തുകളും വിഷമതകളും വന്നുനേരിടുന്ന അവസരങ്ങളിൽ അവയിൽനിന്നും തങ്ങളെ രക്ഷപ്പെടുത്തുവാൻ യഥാർത്ഥത്തിൽ ശക്തനായിരിക്കുന്ന അല്ലാഹുവിനെ വിളിച്ചു അർത്ഥിക്കുകയാണ് അറബികൾ ചെയ്തിരുന്നത് എന്നും

അങ്ങനെയുള്ള ഘട്ടങ്ങളിൽ അല്ലാഹുവിനെതന്നെ നേരിട്ട് വിളിച്ച് അർത്ഥിക്കുന്നതാണ് വാസ്തവത്തിൽ മനുഷ്യൻെറ സഹജമായ സ്വഭാവമെന്നും ഉള്ള സംഗതികൾ മേലുദ്ധരിച്ചു കാണിച്ചിട്ടുള്ള ഖുർആൻവാക്യങ്ങളിൽനിന്നും നമുക്ക് ഗ്രഹിക്കാവുന്നതാണ്. ഈ വസ്തുത മതപണ്ഡിതന്മാർ സമ്മതിച്ചു പറഞ്ഞിട്ടുള്ളതുമാണ്. എന്നാൽ ഇന്നത്തെ ചില മുസ്ലിംകളാകട്ടെ അല്ലാഹുവിനുപുറമെ, ആപത്തുകളിൽനിന്നും തങ്ങളെ രക്ഷപ്പെടുത്തുവാൻ ശക്തരെന്നു തങ്ങൾ വിശ്വസിച്ചു വരുന്നവലിയ്യുമാരെയും ശൈഖന്മാരെയും കൂടി വിളിച്ചു പ്രാർത്ഥിക്കുവാൻ പ്രേരിതരാകത്തക്കവിധം അവരുടെ മതബോധം ദുഷിച്ചു പോകയാണ് ചെയ്തിരിക്കുന്നതെന്ന് സവ്യസനം പറയേണ്ടിരിക്കുന്നു. കടുത്ത 'മുശ്രിക്കു' കളായിരുന്ന അജ്ഞാനകാലത്തെ അറബികൾപോലും വിപൽഘട്ടങ്ങളിൽ അവരുടെമററു 'ഇലാഹുകളെ' വിട്ടിട്ട് അല്ലാഹുവിനോടുതന്നെ പ്രാർത്ഥനകൾ ചെയ്തിരുന്നു. 'മുവഹ്ഹിദു' കൾ എന്നഭിമാനിക്കുന്ന ഇന്നത്തെ ചില മുസ്ലലിംകളോ ഈ മാതിരിഘട്ടങ്ങളിൽപോലും അല്ലാഹുവിനോടുള്ള പ്രാർത്ഥനകൊണ്ട് തൃപ്തരാകുന്നില്ല. എന്തൊരധഃപതനം! എന്തൊരു വിധിവൈപരീത്യം! രക്ഷനൽകുവാൻ അല്ലാഹുവിന് മാത്രമെ കഴിവുള്ളൂവെന്ന് എട്ടും പൊട്ടും തിരിയാത്ത ഒരു ഭോഷനുപോലും സ്പഷ്ടമായി അറിയാവുന്ന വിപൽഘട്ടങ്ങളിൽതന്നെയും മുസ്ലിംകൾ മററുള്ളവരെ വിളിച്ചു സഹായർത്ഥന ചെയ്യാൻ ഒരുങ്ങന്നമെങ്കിൽ അവരുടെ മതപരമായ വിശ്വാസങ്ങൾ എത്രകണ്ടു ദുഷിച്ചുപോയിരിക്കുന്നുവെന്ന് നമുക്ക്അതുമൂലം ഏറെക്കുറെ ഊഹിക്കാമല്ലൊ. നിത്യവുമുള്ള അഞ്ചുനേരത്തെ നമസ്ക്കാരത്തിൽ إياك نستعين (നിന്നോട് മാത്രം ഞങ്ങൾ സഹായം അപേക്ഷിക്കുന്നു) വെന്ന് പറയുന്ന മുസ്ലിംകൾ മററുള്ളവരോട് ചെയ്യുന്ന അവരുടെ സഹായാർത്ഥനകൾ മൂലം 'ഇയ്യാക്ക' [നിന്നോട് മാത്രം] എന്നതിന്ന് എന്തർത്ഥമാണ് കൽപ്പിച്ചിരിക്കുന്നതെന്ന് അവർ അൽപമൊന്ന് ചിന്തിച്ചുനോക്കട്ടെ. 'നിന്നോടുമാത്രം,' എന്നതിൽ വലിമാരും ശൈഖന്മാരും മററുംകൂടി ഉൾപ്പെടുന്നതരത്തിലാണ് അവർ

ക്ക് അതിനെക്കുറിച്ചുള്ള അർത്ഥബോധമെങ്കിൽ അതെത്ര പരിതാപകരമാണ്! മേൽകാണിച്ച ഖുർആൻ വാക്യങ്ങളിൽ ഒടുവിലത്തെ വാക്യത്തിന്ന് തഫ്സീറുറൂഹുൽമആനിയുടെ കർത്താവായ സയ്യിദ് മഹ്മൂദുൽആലൂസി ഇങ്ങനെ വിവരണം നൽകുന്നു.

اى دعوه تعالى من غير إشراك لر جوعهم من شدّة الخوف الى الفطرة التى جبل عليهاكلّ احد من التوحيد وإنه لا متصرّف إلاّ الله سبحانه المركوز فى طبائع العالم وروى ذلك عن ابن عباس ومن حديث اخرجه ابوداود والنسائى وغيرهما عن سعدبن ابى وقاص قال لما كان يوم الفتح فرّعكرمة بن ابى جهل فركب البحر فاصابتهم عاصف فقال اصحاب السفينة لاهل السفينة اخلصوا فان آلهتكم لا تغنى عنكم شيئا فقال عكرمة لئن لم ينجنى فى البحر الا الا خلاص ما ينجينى فى البر غيره اللهم ان لك عهدا ان انت اعنتنى مما انا فيه ان آتى محمدا حتى اضع يده فلاّ جدنه عفوا كريما فجاء فأسلم

## തൗഹീദ് ലോകത്തിന്റെ പ്രകൃതിയിൽ സഹജമെന്നപോലെ പതിഞ്ഞുകിടപ്പുണ്ട്

(അതായത് ഓരോരുത്തരിലും പതിഞ്ഞുകിടപ്പുള്ള തൗഹീദാകുന്ന ശുദ്ധപ്രകൃതിയിലേക്ക് അവരുടെ ഭയംകൊണ്ട് മടങ്ങിയത് കാരണത്താൽ സർവ്വോൽകൃഷ്ടനായ അവനെ അവർ സമത്വസങ്കല്പം കൂടാതെതന്നെ പ്രാർത്ഥിച്ചു. അല്ലാഹുവല്ലാതെ കൈകാര്യകർത്താവായി യാതൊരുത്തരുമില്ല എന്നുള്ളബോധം ലോകത്തിന്റെ പ്രകൃതിസ്വഭാവങ്ങളിൽ സഹജമെന്നപോലെ പതിഞ്ഞുകിടപ്പുള്ളതാകുന്നു. ഇത് ഇബ്നുഅബ്ബാസിനെ സംബന്ധിച്ചു നിവേദനം ചെയ്യപ്പെട്ടിട്ടുണ്ട്. സഅ്ദുബ്നു

അബീവഖാസ് പറഞ്ഞിട്ടുള്ളതായി അബൂദാവൂദും നസാഈയും മററും എടുത്തുകാണിച്ചിട്ടുള്ള ഒരു ഹദീസ് ഇപ്രകാരമാണ്. അദ്ദേഹം പറയുന്നു: മക്കാവിജയദിവസം അബൂജഹലിന്റെമകൻ ഇക്‌രിമത്ത് അവിടെനിന്നും ഓടിപ്പോയി. കപ്പലിൽ കയറി യാത്രചെയ്യവെ അവരെ ഒരു കൊടുങ്കാററ് വന്നുനേരിട്ടു. അപ്പോൾ കപ്പൽക്കാർ യാത്രക്കാരോട്, 'നിങ്ങൾ സാക്ഷാൽ ദൈവമായ അല്ലാഹുവിനെമാത്രം വിളിച്ചു പ്രാർത്ഥിക്കുവിൻ, എന്തെന്നാൽ നിങ്ങളുടെ ദൈവങ്ങൾ നിങ്ങൾക്ക് ഇപ്പോൾ യാതൊരുഫലവും ചെയ്യുകയില്ല.' എന്ന് പറഞ്ഞു. അപ്പോൾ ഇക്‌രിമത്ത് പറഞ്ഞു: 'അല്ലാഹുവിനെ മാത്രം വിളിച്ച് പ്രാർത്ഥിക്കുന്നത' മാത്രമാണ് എന്നെ കടലിൽനിന്നും രക്ഷപ്പെടുത്തുന്നതെങ്കിൽ കരയിലും അവനല്ലാതെ മററാരും എനിക്ക് രക്ഷനല്കുന്നതല്ല. തമ്പുരാനേ! ഞാൻ ഇപ്പോൾ എന്തൊന്നിൽ ആയിരിക്കുന്നുവൊ അതിൽനിന്നും നീ എന്നെ രക്ഷപ്പെടുത്തുകയാണെങ്കിൽ ഞാൻ മുഹമ്മദിന്റെ അടുക്കൽചെന്ന് എന്റെ കൈ അദ്ദേഹത്തിന്റെ കയ്യിൽ വെക്കുകയും അങ്ങനെ അദ്ദേഹത്തെ ഞാൻ നിശ്ചയമായും ഉദാരനായ ക്ഷമാശീലനായി കാണുകയും ചെയ്തുകൊള്ളാം എന്ന് ഞാൻ നീന്നോട് കരാറുചെയ്യുന്നു' ഇപ്രകാരം അദ്ദേഹം വന്നു ഇസ്ലാംമതം സ്വീകരിച്ചു.)

وفى رواية ابن سعد عن ابى مليكة ان عكرمة لما ركب السفينة واخذتهم الريح فجعلوا يدعون الله تعالى ويوحدونه قال ماهذا فقالوا هذا مكان لا ينفع فيه الا الله تعالى قال فهذا اله محمد (ص) الذى يدعونا اليه فارجعوا بنا فرجع واسلم وظاهر الآية انه ليس المراد تخصيص الدعاء فقط به سبحانه بل تخصيص العبادة به تعالى ايضا لأنهم بمجرد ذلك لا يكونون مخلصين له الدين وايا ما كان فالآية دالة على ان المشركين لا يدعون غيره تعالى فى تلك الحال

(അബൂമുലൈക്കത്ത് പറഞ്ഞതായി ഇബ്നുസഅ്ദ്' ഇങ്ങനെ നിവേദനം ചെയ്യുന്നു: ഇക്'രിമത്ത് കപ്പലിൽ കയറുകയും, അവരെ കാററുവന്ന് പിടിക്കുകയും, അല്ലാഹുവിനെമാത്രം അവലംബമാക്കി അവർ അവനെ വിളിച്ചു പ്രാർത്ഥിക്കുവാൻ തുടങ്ങുകും ചെയ്തപ്പോാം 'ഇതെന്താണ്'' എന്ന് അദ്ദേഹം ചോദിച്ചും. അവർപറഞ്ഞു: 'അല്ലാഹുവല്ലാതെ മററാരും ഉപകരിക്കാത്ത ഒരു ഘട്ടമാണ്'' അപ്പോാം അദ്ദേഹം പറഞ്ഞു: മുഹമ്മദു നബി (സ) നമ്മെ ഏതൊരുദൈവത്തിങ്കലേക്കുക്ഷണിക്കുന്നുവോ അദ്ദേഹത്തിൻെറ ആ ദൈവമാണ് ഇത്. അത്കൊണ്ടു നിങ്ങാം ഞങ്ങളെ തിരിച്ച് കൊണ്ടുപോകുവിൻ. അങ്ങനെ അദ്ദേഹം മടങ്ങിവന്നു മുസ്ലിമായി'. ഈ ആയത്ത് കൊണ്ട് സ്പഷ്ടമാകുന്നത്, പ്രാർത്ഥനമാത്രം അവനോട് (അല്ലാഹുവിനോട്) ആയിരിക്കണം എന്നല്ല; പിന്നെയൊ 'ഇബാദത്ത്'' (മുഴുവനും) അവനുമാത്രം ആയിരിക്കണം എന്നാകുന്നു. എന്തെന്നാൽ അത് (പ്രാർത്ഥന) കൊണ്ടുമാത്രം അവർ കീഴ്വണക്കത്തെ അവന്നായിക്കൊണ്ടു അർപ്പിക്കുന്നവരായിക്കുന്നില്ല. എന്തായാലും ഇങ്ങനെയുള്ള അവസ്ഥയിൽ മുശ്രിക്കുകാം അവനെ (അല്ലാഹുവിനെ) യല്ലാതെ മററാരേയും വിളിച്ചു പ്രാർത്ഥിച്ചിരുന്നില്ല എന്ന് ഈ ആയത്ത് കാണിക്കുന്നു.

## ഈ രണ്ട് സംഘക്കാരിൽ നേർവഴി കണ്ടവർ ആരാണ്

وانت خبير بأن الناس اليوم اذا اعتراهم امر خطير وخطب جسيم فى برأو بحر دعوامن لا ينفع ولايرى ولايسمع فمنهم من يدعو الخضر والياس ومنهم من ينادى ابا لخميس والعباس ومنهم من يستغيث باحد الائمة ومنهم من يضرع الى شيخ من مشائخ الامة ولاترى فيهم احدا يخص مولاه بتضرعه ودعاه ولا يكاديمرله ببال انه لودعاالله تعالى وحده ينجو

من هاتيك الاهوال فبالله تعالى عليك قل لى اى الفريقين من هذه الحيثية اهدى سبيلا واى الداعيين اقوم قيلا والى الله تعالى المشتكى من زمان عصفت فيه ريح الجهالة وتلاطمت امواج الضلالة وخرقت سفينة الشريعة واتخذت الا ستغاثة بغير الله تعالى للنجاة ذريعة وتعذر على العارفين الامر المعروف وحالت دون النهى عن المنكر صنوف الحتوف – روح المعانى تفسير سورة يونس

(ഇന്നത്തെ ആളുകളുടെ സ്ഥിതിയാകട്ടെ, കടലിൽവെച്ചോ കരയിൽവെച്ചോ അവർക്ക് ആപൽക്കരമായ വല്ലകാര്യങ്ങളോ വലുതായ വല്ല വിഷമതകളോ വന്നുനേരിടുമ്പോൾ അവർ ഉപദ്രവം ചെയ്യുവാനും ഉപകാരം ചെയ്യുവാനും കാണുവാനും കേൾക്കുവാനും കഴിയാത്തവരെ വിളിച്ചു പ്രാർത്ഥിക്കുന്നവരായിട്ടാണിരിക്കുന്നത് എന്ന സംഗതി നിനക്ക് അറിയാവുന്നതാണല്ലൊ. ഖിള്റിനേയും ഇൽയാസിനേയും വിളിച്ച് പ്രാർത്ഥിക്കുന്നവരായി അവരിൽ ഒരുകൂട്ടരുണ്ട്. അവരിൽ ചിലർ അബുൽഖമീസിനെയും അബ്ബാസിനെയും വിളിക്കുന്നു. മററു ചിലർ ഇമാമുകളിൽ ആരെയെങ്കിലും വിളിച്ചു സഹായമർത്ഥിക്കുന്നു. വേറെ ചിലർ നമ്മുടെ സമുദായത്തിലെ ശൈഖന്മാരിൽ ഏതെങ്കിലും ശൈഖിൻെറ മുമ്പിൽ താണുകേണ് നിൽക്കുന്നു. എന്നാൽ തൻെറ വണക്കത്തെയും പ്രാർത്ഥനയെയും തൻെറ നാഥനു മാത്രമായി ചെയ്യുന്നതായി നിനക്ക് അവരിൽ ആരെയും കാണുവാൻ കഴിയുന്നില്ല. അല്ലാഹുവിനോട് മാത്രം പ്രാർത്ഥിച്ചാൽ അവൻ ഇങ്ങനെയുള്ള ആപത്തുകളിൽനിന്നും രക്ഷ നൽകും എന്നവിചാരം ആർക്കും തന്നെ ഇല്ലെന്ന് പറയേണ്ടിയിരിക്കുന്നു. അല്ലാഹുവിനെ മുൻനിറുത്തി നിന്നോട് ചോദിക്കുന്നു. നീ പറഞ്ഞുതരിക, ഈ അവസ്ഥയിൽ ഈ രണ്ട് സംഘക്കാരിൽ

അധികം നേർവഴി കണ്ടവർ ആരാണ്? പ്രാർത്ഥനക്കാരായ ഈ രണ്ട് കൂട്ടരിൽ ആരാണ് മൊഴിയിൽ നേരെ പോകുന്നവർ? അജ്ഞാനമാകുന്ന കൊടുങ്കാററ് ഊക്കോടെ വീശിക്കൊണ്ടിരിക്കുകയും; മാർഗ്ഗഭ്രംശത്തിന്റെ തിരകൾ അടിച്ചുകയറിക്കൊണ്ടിരിക്കുകയും, മതമാകുന്ന കപ്പൽ ഓട്ടവീണു മുങ്ങാറായിത്തുടങ്ങുകയും അല്ലാഹു ഒഴികെയുള്ളവയോടുള്ള സഹായാർത്ഥന രക്ഷക്കുള്ള മാർഗ്ഗമായി സ്വീകരിക്കപ്പെടുകയും നല്ലകാര്യങ്ങൾ ചെയ്യുവാൻ ആജ്ഞാപിക്കുന്നത് അറിവുള്ളവർക്ക് അസാദ്ധ്യമായിത്തീരുകയും നിഷിദ്ധകാര്യങ്ങളെ വിരോധിക്കുന്നതിനു മുന്നിൽ പലവിധത്തിലുള്ള നാശങ്ങളും വിപത്തുകളും തുറിച്ചുനോക്കിക്കൊണ്ടിരിക്കുകയും ചെയ്യുന്ന ഈ കാലത്തെക്കുറിച്ചു അല്ലാഹുവിനോട് സങ്കടം പറയുകയല്ലാതെ മറെറന്താണ് നിവൃത്തി!)

സയ്യിദ് മഹ്മൂദ് ആലൂസി അവർകളുടെ എത്രയും ശ്രദ്ധേയമായ ഈ പ്രസ്താവനയെ ഇന്നത്തെ ചില മതപണ്ഡിതന്മാരുടെ ചിന്തക്ക് വിഷയീഭവിപ്പിക്കുന്നതോടുകൂടി അവരോട് ഞാൻ ചിലത് ചോദിച്ചുകൊള്ളട്ടെ. വലുതായ ആപത്തുകൾ വന്നുസംഭവിച്ച അവസരങ്ങളിൽ അജ്ഞാന കാലത്തെ മുശ്രിക്കുകളായ അറബികൾ അവയിൽനിന്നും രക്ഷപ്പെടുന്നതിനു അല്ലാഹുവിനോട് മാത്രമാണ് പ്രാർത്ഥനകൾ ചെയ്തിരുന്നത്. ഇന്ന് മുസ്ലിംകൾ എന്നഭിമാനിക്കുന്ന ചിലരാകട്ടെ,— മുവഹ്ഹിദുകൾ എന്ന് അഭിമാനിക്കേണ്ട മുസ്ലിംകളാകട്ടെ, പ്ലേഗ്പോലെയും കോളറപോലെയും ഉള്ള മഹാമാരികൾ വന്നു പിടിപെടുന്ന അവസരങ്ങളിൽ അല്ലാഹുവിനെ വിട്ടിട്ടു യാശൈഖ് മുഹിയിദ്ദീൻ എന്നും മററും വിളിച്ചു പ്രാർത്ഥിക്കുന്നു. അപ്പോൾ അന്നത്തെ മുശ്രിക്കുകളായ അറബികളോ ഇന്നത്തെ മുവഹ്ഹിദുകളായ മുസ്ലിംകൾ എന്ന് പറയുന്നവരൊ ആരാണ് സത്യത്തോട് അധികം സമീപിച്ചിരിക്കുന്നത്? നമ്മുടെ ചില ആലിമുകൾ ഒന്നു ഉററുവിചാരിക്കട്ടെ. വിശ്വാസവിഷയകമായി ഇന്നത്തെ മുസ്ലിംകൾ ഇങ്ങനെയുള്ള ഒരു മഹാവിപത്തിൽ ചെന്ന്ചാടുവാനുള്ള കാരണം എന്താണ്? യഥാർത്ഥവിശ്വാസം ഇന്നതാണെന്നും, ഇസ്ലാമിക വിശ്വാസ

ത്തിൻെറ പരിശുദ്ധനില എങ്ങനെയുള്ളതാണെന്നും നോക്കി മനസ്സിലാക്കുകയും ചിന്തിച്ചറിയുകയും ചെയ്യുന്നതിൽ ഇന്ന ത്തെ മുസ്ലിംകാം കാണിക്കുന്ന പരിതാപകരമായ വൈമുഖ്യം ഇതിന് ഒരു പ്രധാന കാരണമാണെന്നുള്ളതിൽ സംശയമില്ല. ഇന്നത്തെ മതപഠനരീതി മറെറാരു കാരണമാകുന്നു. എന്നാൽ ഈ രണ്ട് കാരണങ്ങളെക്കാളും നമ്മുടെ സത്വരമായ ശ്രദ്ധക്ക് വിഷയമാകേണ്ടതും എത്രയും നാശകരമായിരിക്കുന്നതുമായ മറെറാരു കാരണം ഇസ്ലാമികമായ വിശ്വാസങ്ങളെ ധ്വംസിച്ചു കളയുമാറ് അവയുടെ സ്ഥാനത്ത് 'മാലപ്പാട്ടു' കളിൽനിന്നും വമിക്കുന്ന അനർത്ഥ വിശ്വാസങ്ങാം കയറി കുടികൊണ്ടിരി ക്കുന്നു എന്നുള്ളതാണ്. 'വല്ലനിലത്തിന്നും എന്നെവിളിപ്പോർക്കു വായ്കൂടാ ഉത്തരംചെയ്‌വാൻ ഞാനെന്നോവർ' ഇങ്ങനെയുള്ള പാട്ടുകാം മനഃപ്പാഠമാക്കി അവ വായ്തോരാതെ ചൊല്ലി ശീലി ച്ചുപോയിട്ടുള്ളവർക്ക് ആപത്തുകാം നേരിടുന്ന ഘട്ടങ്ങളിൽ അല്ലാഹുവിനെമാത്രം വിളിച്ചു പ്രാർത്ഥിക്കുവാൻ എങ്ങനെ സാധിക്കും? ഇങ്ങനെയുള്ള ചൊല്ലുകാം ചൊല്ലി നടക്കുന്നവരോട് അവ കേവലം അനിസ്ലാമികമാണെന്നൊ മറെറാആരെങ്കിലും പറഞ്ഞാൽ 'നീ ഔലിയാക്കളുടെ സ്ഥാനമാനങ്ങളെ ഇടിച്ചുത കർക്കുകയാണ്'' എന്ന് അവർ അവരുടെ എതിരാളിയോട് സ്വാഭാ വികമെന്നപോലെ പറഞ്ഞുപോവുന്നതിൽ എന്താണ് ആശ്ചര്യം! ഈമാതിരി ചൊല്ലുകാംക്ക് പ്രചാരം ഉണ്ടാക്കുവാനും അവയിൽ പൊതു ജനങ്ങാംക്ക് താൽപര്യം ജനിപ്പിക്കുവാനുമായി മതവിവ രമുള്ളവരായി വിചാരിക്കപ്പെടുന്ന ചിലആളുകാം തുനിയുന്നത് എത്ര കഷ്ടമാണ്? 'വല്ലനിലത്തിന്നും' എന്ന് തുടങ്ങിയുള്ള ചൊല്ലുകാംകൊണ്ടു ഏതൊരു മഹാനിൽ ദൈവത്വവും ദിവ്യ ശക്തിയും ഉള്ളതായി ചില ആളുകാം സങ്കൽപ്പിക്കുന്നുവൊ ആ മഹാൻെറ–മുഹയിദ്ദീൻ ശൈഖിൻെറ–സ്ഥിതി എന്താണ്? അദ്ദേഹം ഇങ്ങനെയുള്ള എന്തെങ്കിലും വാദങ്ങാം പുറപ്പെടു വിച്ചിട്ടുള്ളതായി, താൻ ദൈവത്തിൻെറ അംശമാണെന്നൊ അവ താരമാണെന്നൊ ദൈവത്തിന്നുമാത്രം കഴിവുള്ള കാര്യങ്ങാം തനി ക്കും കഴിവുള്ളതാണെന്നൊ അദ്ദേഹം പറഞ്ഞിട്ടുള്ളതായി അദ്ദേഹത്തിൻെറ കൃതികളിലെങ്ങും കാൺമാനില്ല; അങ്ങനെ

കാണുകയുമില്ല: എന്തെന്നാൽ അദ്ദേഹം ഒരു യഥാർത്ഥ മുസ്ലിമായിരുന്നു. ദൈവാംശവാദമൊ ദൈവാവതാരവാദമോ ദൈവത്തിന്റെ പുത്രൻ എന്നുള്ള വാദമൊ ഒന്നുംതന്നെ ഇസ്ലാമിൽ ഉള്ളതുമല്ലല്ലൊ. ഈ സ്ഥിതിക്കു തന്നെ ആരുവിളിച്ചാലും എവിടെനിന്ന് വിളിച്ചാലും എപ്പോഴും വിളിച്ചാലും താൻ അതിനു ഉത്തരം കൊടുക്കും, എന്ന് പറഞ്ഞു ദൈവപദത്തിൽ കരേറുവാൻ മഹാത്മാവായ മുഹിയിദ്ദീൻശൈഖ് ഒരുമ്പെടുമെന്നു അദ്ദേഹത്തിന്റെ സ്ഥാനമഹിമയെകുറിച്ചു അറിയാവുന്നവർ ആരുംതന്നെ പറയുന്നതല്ല.

അതല്ല, എവിടെനിന്നു വിളിച്ചർത്ഥിച്ചാലും എപ്പോഴും അർത്ഥിച്ചാലും അർത്ഥിക്കുന്നവർക്കൊക്കെ ഉടനടി സമാധാനം നൽകാൻതക്ക ശക്തി അല്ലാഹു അദ്ദേഹത്തിന് നൽകിയിട്ടുണ്ട് എന്നോമറേറാ നമ്മുടെ മതപണ്ഡിതന്മാരിൽ ആരെങ്കിലും വിചാരിക്കുന്നുണ്ടായിരിക്കുമൊ? എന്നാൽ ഇത് അല്ലാഹുവിന് മാത്രമുള്ള ശക്തിയാണെന്നും അത് ഒരു മനുഷ്യനും അതിലും വിശേഷിച്ചു മൃതനായ ഒരുമനുഷ്യന് ഉണ്ടായിരിക്കുന്നതല്ലെന്നും, അഥവാ നമ്മുടെ ചിലമതപണ്ഡിതന്മാർ സങ്കല്പിച്ചേക്കാവുന്നതനുസരിച്ചു, അല്ലാഹു അവന്റെ ഇലാഹീയായ ശക്തിയെ ശൈഖിനുകൂടി നല്ക്കുകയാണ് ചെയ്തിട്ടുള്ളത് എന്ന്പറയുകയാണെങ്കിൽ അങ്ങനെ പറയുന്നത് കേവലം അബദ്ധമാണെന്നും അറിയേണ്ടതാണ്.

لو كان فيهما آلهة الا الله لفسدتا — الانبياء

'അവരണ്ടിലും (ആകാശഭൂമികളിൽ) അല്ലാഹുവല്ലാതെ മററുദൈവങ്ങൾ ഉണ്ടായിരുന്നുവെങ്കിൽ അവ രണ്ടും നശിച്ചു പോകമായിരുന്നു'

ما اتخذ الله من ولد وما كان معه من إله إذا لذهب كل إله بما خلق ولعلا بعضهم على بعض سبحان الله عمّا يصفون ـ المؤمنون

'അല്ലാഹു ഒരു സന്താനത്തെയും സ്വീകരിച്ചിട്ടില്ല; അവന്റെ കൂടെ മറ്റുദൈവങ്ങളൊന്നും ഉണ്ടായിരുന്നിട്ടുമില്ല. (ഉണ്ടായിരുന്നുവെങ്കിൽ) ഓരോരുത്തരും (ഓരോദൈവവും) അവരവർ സൃഷ്ടിച്ചതിനെയും കൊണ്ടു പോകുമായിരുന്നു; അവരിൽ ചിലർ മറ്റുള്ളവരുടെമേൽ വിജയം നേടിയെന്നും വരുമായിരുന്നു. അവർ നല്കുന്നവിശേഷണങ്ങളിൽ നിന്നും അല്ലാഹു എത്രയോ പരിശുദ്ധൻ'.

ചിലർ സങ്കല്പിച്ചേക്കാവുന്നതുപോലെ, അല്ലാഹു അവനുമാത്രമുള്ള 'ഇലാഹീ' ആയിട്ടുള്ള ശക്തിയെ മുഹ്‌യിദ്ദീൻ ശൈഖിനെ പോലെയുള്ള വലിയ്യുമാർക്കുകൂടി നൽകിയിട്ടുണ്ടെന്നു വിചാരിക്കുന്നപക്ഷം, അത് കേവലം അബദ്ധമാണെന്ന് അവർ അറിയേണ്ടതാണ്. എന്തെന്നാൽ, ഇലാഹീയായ ശക്തിയോട്കൂടി ഒന്നിലധികം ദൈവങ്ങൾ ഉണ്ടായിരിക്കുന്നത് ലോകത്തിന് നാശകരമാണെന്നു നമ്മെ ഉണർത്തുന്നതോടുകൂടി മേൽകാണിച്ച ഖുർആൻ വാക്യങ്ങൾ അപ്രകാരമുള്ള ധാരണകൾ വെച്ചുകൊണ്ടിരിക്കുന്നത് കേവലം അബദ്ധമാണെന്നും നമ്മെ ഓർമ്മിപ്പിക്കുകയത്രെ ചെയ്യുന്നത്. മലക്കുകളെ സംബന്ധിച്ചു ഖുർആനിൽ ഇങ്ങനെ വന്നിരിക്കുന്നു.

ومن يقل منهم إنى إله من دونه فذلك نجزيه جهنم - الانبياء

'അവനുപുറമെ, ഞാൻ ദൈവമാകുന്നു എന്നു അവരിൽ ആരെങ്കിലും പറയുന്നതായാൽ അവർക്ക് നാം നരകത്തെ പ്രതിഫലം നൽകുന്നതാകുന്നു'

നബിമാരെപറ്റി ഖുർആനിൽ വന്നിട്ടുള്ളതാണിത്.

مَا كَانَ لِبَشَرٍ أَنْ يُؤْتِيَهُ اللهُ الْكِتَابَ وَالْحُكْمَ وَالنُّبُوَّةَ

ثُمَّ يَقُولَ لِلنَّاسِ كُونُوا عِبَادًا لِي مِنْ دُونِ اللهِ — آل‌عمران

'അല്ലാഹു ഒരു മനുഷ്യനു ഗ്രന്ഥവും വിജ്ഞാനവും പ്രവാചകത്വവും നൽകുകയും പിന്നീട് അദ്ദേഹം ജനങ്ങളോട് അല്ലാഹുവിന് പുറമെ നിങ്ങൾ എനിക്കും അടിമകളായിരിക്കുവിൻ എന്നുപറയുകയും ചെയ്യുക എന്നത് അയാൾക്ക് പാടുള്ളതല്ല'

## 'ഞാൻ നിങ്ങൾക്ക് സമാധാനംതരും' എന്ന അല്ലാഹുവിൻെറ വചനവും 'വായ്കൂടാ ഉത്തരം ചെയ്യും' എന്ന പാട്ടും തമ്മിലുള്ള സാമ്യം

ഈ രണ്ടു വാക്യങ്ങളിൽ, ആദ്യത്തേതിലെ 'അവനു പുറമെ ഞാൻ ദൈവമാകുന്നു' എന്നു പറഞ്ഞിട്ടുള്ളതും, രണ്ടാമത്തതിലെ 'അല്ലാഹുവിനുപുറമെ നിങ്ങൾ എനിക്ക് അടിമകളായിരിക്കുവിൻ' എന്ന്പറഞ്ഞിട്ടുള്ളതും 'ആർഎപ്പോൾ എവിടെ നിന്ന് എന്നെ വിളിക്കുന്നുവൊ അവർക്ക് ഞാൻ ഉടനടി ഉത്തരം നൽകും' എന്നു മുഹ്‌യിദ്ദീൻ ശൈഖ് പറഞ്ഞിട്ടുള്ളതായി എടുത്തു പറഞ്ഞിരിക്കുന്നതും തമ്മിൽ അർത്ഥത്തിലും ആശയത്തിലും എന്തുവ്യത്യാസമാണുള്ളത്?തന്നെയുമല്ല ادعوني استجب لكم (നിങ്ങൾ എന്നോട് പ്രാർത്ഥിക്കുവിൻ എന്നാൽ ഞാൻ നിങ്ങൾക്ക് ഉത്തരംതരും) എന്നും اجيب دعوة الداع إذا دعان (പ്രാർത്ഥിക്കുന്നവൻ എന്നെ വിളിച്ചു പ്രാർത്ഥിക്കുമ്പോൾ ഞാൻ അവൻെറ പ്രാർത്ഥനക്ക് ഉത്തരം നൽകും) എന്നുള്ള അല്ലാഹുവിൻെറ പ്രസ്പഷ്ടങ്ങളായ വചനങ്ങളും മുഹ്‌യിദ്ദീൻ ശൈഖിൻെറ താണെന്ന് സങ്കല്പിക്കപ്പെട്ട ന്ന പ്രസ്തുത വചനവും തമ്മിൽ എത്രകണ്ടു സാമ്യമുണ്ടെന്ന് ബുദ്ധിയുള്ളവർ ചിന്തിച്ചുകൊള്ളുന്നതാണ് നല്ലത്. മലക്കുകളും നബിമാരും പറയാത്തതും, പറഞ്ഞിരുന്നാൽ അവരെ അല്ലാഹുവിൻെറ ശിക്ഷക്കു ലക്ഷ്യമാക്കിത്തീർക്കുന്നതുമായ വാക്കുകളൊ ആശയങ്ങളൊ മുഹ്‌യിദ്ദീൻ ശൈഖിനെപ്പോലെയുള്ള മഹാത്മാക്കളായ വലിമാരിൽ നിന്ന് പുറപ്പെടുമെന്നു വിചാരിക്കുന്നത് എന്തൊരു സാഹസമാണ്. ചുരുക്കത്തിൽ നബിമാരെക്കുറിച്ചോ വലിമാരെക്കു

റിച്ചോ എന്നല്ല ഏതെങ്കിലും മഹാത്മാക്കളെക്കുറിച്ചോ ഇത്തരം അബദ്ധവിശ്വാസങ്ങൾ പരത്തിവിട്ടു സമുദായരംഗത്തെ ദുഷിപ്പിച്ചുകൊണ്ടിരിക്കുവാൻ ചിലർ കരുതിക്കൂട്ടി എന്ന പോലെ ചെയ്തുകാണുന്ന ശ്രമങ്ങളെ തടയേണ്ടകാലം എത്രയോവൈകിപ്പോയിരിക്കുന്നു.

وَلا يَأمُرَكم أنْ تَتخِذُوا المَلٰئِكَةَ والنَّبِيِّين أرْبَابًا أيَأمُرُكم بالكفر بَعْدَ إذ أنتُم مسلمون — آل عمران

'നിങ്ങൾ മലക്കുകളെയും നബിമാരെയും നാഥന്മാരായി സ്വീകരിക്കണമെന്ന് അവൻ (അല്ലാഹു) കൽപിക്കുകയില്ല. നിങ്ങൾ മുസ്ലിംകളായിരുന്നശേഷം അവൻ അവിശ്വാസത്തിന് നിങ്ങളോട് കൽപിക്കുമോ?'

قل يا أهل الكتاب تعالوا الى كلمة سواء بيننا وبينكم الا نعبد الا الله ولا نشرك به شيئا ولا يتخذ بعضنا بعضا اربابا من دون الله — آل عمران

'നീ പറയുക: വേദം ഉള്ള ജനങ്ങളെ! ഞങ്ങൾക്കും നിങ്ങൾക്കും സമമായ ഒരു വാക്കിലേക്കു നിങ്ങൾ വരുവിൻ. അതായത് അല്ലാഹുവിനെയല്ലാതെ നാം ആരാധിക്കരുത്. അവനോട് യാതൊന്നിനെയും നാം സമപ്പെടുത്തരുത്. നമ്മിൽ ചിലർ ചിലരെ അല്ലാഹുവിനു പുറമെ നാഥന്മാരായി സ്വീകരിക്കുകയും അരുത്.'

ഈ വാക്യം കൊണ്ടും ഇത്പോലെയുള്ള മററു അനേകം വാക്യങ്ങൾകൊണ്ടും അല്ലാഹുവിനെ പുറമെ നാം മററുനാഥന്മാരെ സ്വീകരിക്കുവാൻ പാടുള്ളതല്ലെന്നു 'അല്ലാഹുനമ്മോടു വിരോധിക്കുന്നു.

لا يستغاث بي وإنما يستغاث بالله 'എന്നോട് സഹായാപേക്ഷ ചെയ്യപ്പെടാൻ പാടുള്ളതല്ല. അല്ലാഹുവിനോടാകുന്നു സഹായാപേക്ഷ ചെയ്യപ്പെടേണ്ടത്.'

وإذا استعنت فاستعن بالله  ന്ന്സഹായത്തിന് അർത്ഥിക്കുന്നു

വെങ്കിൽ അല്ലാഹുവിനോട് അർത്ഥിക്കുക എന്നീനബിവചന ങ്ങളും എത്രയോ സ്പഷ്ടാർത്ഥങ്ങളാണ്. ഇപ്രകാരമുള്ള സ്പഷ്ടങ്ങളും സുവ്യക്തങ്ങളും സംശയരഹിതങ്ങളുമായ ആയത്തുകളെയും ഹദീസുകളെയും നമ്മുടെ പ്രവർത്തിക്ക് ആധാരങ്ങളായി സ്വീകരിക്കുന്നതോ അതോ മാലപ്പാട്ടുപോലെ പ്രമാണ യോഗ്യങ്ങളോ ഗണനീയങ്ങളോ അല്ലാത്ത 'തോററം' പാട്ടുകളെ ആധാരമാക്കുന്നതോ ഏതാണ് ബുദ്ധിമാനും അല്ലാ ഹുവിനോട് ഭയഭക്തിയുള്ളവനുമായ ഒരു യഥാർത്ഥ മുസ്ലി മിനു ഉത്തമമായിട്ടുള്ളതും യോജിച്ചതും?

ഇനി ശൈഖ് മുഹ്യിദ്ദീൻ അബ്ദുൽ ഖാദർ ജീലാനി അവർകൾതന്നെ പറയുന്നത് എന്താണെന്ന് നമുക്ക് പരിശോധി ക്കാം. ഫത്ഹുർറബ്ബാനി എന്ന ഗ്രന്ഥത്തിൽ അദ്ദേഹം ഇപ്ര കാരം പറയുന്നു.

يا غلام بينتك ملازمة الكتاب والسنّة والعمل بهما والاخلاص فى العمل إنى أرى علمائكم جهّالا وزهّادكم طالبين الدّنيا راغبين فيها متوكّلين على الخلقّ ناسين للحقّ عزّوجل الثقة بغير الحق عزوجل سبب اللّعنة عن النبى (ص) أنّه قال ملعون من كانت ثقته بمخلوق مثله وقال عليه الصلاة والسلام من تعزّز بمخلوق فقد ذلّ

## മുഹ്യിദ്ദീൻ ശൈഖിൻെറ വിശദീകരണം

ഏ കുട്ടീ, അല്ലാഹുവിൻെറ ഗ്രന്ഥത്തെയും നബിയുടെ സുന്നത്തിനെയും അവരണ്ടുമനുസരിച്ചുള്ള പ്രവർത്തിയെയും പ്രവർത്തിയിൽ നിഷ്കപടതയെയും അവലംബിക്കേണ്ടതിനെ

പററി ഞാൻ നിനക്ക് വിവരിച്ചു തന്നുവല്ലൊ. എന്നാൽ നിങ്ങളുടെ ഇടയിലുള്ള പണ്ഡിതന്മാരെ അറിവില്ലാത്തവരായും നിങ്ങളുടെ ഇടയിലുള്ള ഭക്തന്മാരെ ഐഹികഭോഗങ്ങൾ മോഹിക്കുന്ന വരായും അവയെ ആഗ്രഹിക്കുന്നവരായും സൃഷ്ടികളെ അവലംബിക്കുന്നവരായും അല്ലാഹുവിനെ വിസ്മരിക്കുന്നവരായും ഞാൻ കാണുന്നു. അല്ലാഹുവിനെ ഒഴികെയുള്ളവരെ ആശ്രയിക്കുന്നതാകട്ടെ അവൻെറ ശാപത്തിന് ഹേതുകരമായുട്ടുള്ളതാണ്. തന്നെപ്പോലെയുള്ള ഒരു സൃഷ്ടിയെ ആശ്രയിക്കുന്ന ഒരുവൻ ശപിക്കപ്പെട്ടവനാകുന്നു' എന്ന് നബി [സ] പറഞ്ഞിരിക്കുന്നു. 'ഒരുവൻ സൃഷ്ടിയെ ആശ്രയിച്ചു പ്രതാപം നടിച്ചാൽ അവൻ നിന്ദിതനായിത്തീരുന്നു' എന്നും അവിടുന്നു പറഞ്ഞിട്ടുണ്ട്. (ഫത്ഹുൽ ബാരി—48)

ശൈഖ് അവർകൾ 'ഫുതൂഹുൽ ഗൈബ്' എന്നതൻെറ ഗ്രന്ഥത്തിൽ ഇങ്ങനെ പറഞ്ഞുകാണുന്നു.

(قال ابن عباس) بينما انا رديف رسول الله (ص) إذ قال لى ياغلام
احفظ الله يحفظك احفظ الله تجده أمامك واذا سألت فاسأل الله واذا
استعنت فاستعن بالله جف القلم بما هو كائن فلو جهد العباد أن ينفعوك
بشيئ لم يقضه الله لك لم يقدروا عليه ولو جهد العباد ان يضرّوك بشيئ
لم يقضه الله عليك لم يقدروا عليه فان استطعت ان تعامل الله بالصدق واليقين
فاعمل وإن لم تستطع فانّ فى الصبر على ما تكره خيرا كثيرا واعلم أن
النصر والفرج مع الكرب وأن مع العسر يسرا فينبغى لكلّ مؤمن ان
يجعل هذا الحديث مرآة لقلبه وشعاره ودثاره وحديثه فيعمل به فى جميع

حركاته وسكناته حتى يسلم فى الدنيا والآخرة ويجد العزة فيهما برحمة الله عزّ وجلّ — فتوح الغيب مقالة ـ ٤٢

(ഇബ്നു അബ്ബാസ് ഇങ്ങനെ പറഞ്ഞിരിക്കുന്നു ഞാൻ റസൂലി(സ)ന്റെ പിന്നിലായി ഒരുവാഹനമൃഗത്തിന്റെ പുറത്തിരുന്നു സഞ്ചരിച്ച ഒരവസരത്തിൽ അവിടുന്നു എന്നോടു പറഞ്ഞു: 'കുട്ടീ! അല്ലാഹുവിനെ (അവന്റനേർക്കുള്ള കടമകളെ നീ സൂക്ഷിച്ചുകൊള്ളുക! എന്നാൽ അവൻ നിന്നെ സൂക്ഷിച്ചുരക്ഷിച്ച്യകൊള്ളും. അല്ലാഹുവിനോടുള്ള കടമകളെ നീ സൂക്ഷിച്ചുകൊള്ളുക, എന്നാൽ നിനക്ക് അവനെ നിന്റെ മുമ്പിൽ കാണാം. നീ ചോദിക്കുകയാണെങ്കിൽ അല്ലാഹുവിനോട് ചോദിക്കുക. നീ സഹായം അപേക്ഷിക്കുകയാണെങ്കിൽ അല്ലാഹുവിനോടു നീ സഹായം അപേക്ഷിക്കുക. എന്തു സംഭവിക്കാനിരിക്കുന്നുവോ അതോടുകൂടി (അതുകാം രേഖപ്പെട്ടതോടുകൂടി)യാണ് (വിധിഎഴുതുന്ന) പേന ഉണങ്ങിയിരിക്കുന്നത്. അല്ലാഹു നിനക്ക് വിധിച്ചിട്ടില്ലാത്ത ഒരു കാര്യം മൂലം നിനക്ക് ഉപകാരം ചെയ്യുവാൻ സൃഷ്ടികളെല്ലാം തന്നെ ഉദ്യമിച്ചാലും അതിനു അവർക്ക് കഴിവുണ്ടാവുകയില്ല. നിനക്ക് എതിര യി അല്ലാഹു വിധിച്ചിട്ടില്ലാത്ത ഒരുകാര്യം മൂലം നിനക്കുപദ്രവം നേരിടുവിക്കാൻ സൃഷ്ടികാം എല്ലാം തന്നെ ശ്രമിച്ചാലും അതിനു അവർക്ക് കഴിവുണ്ടാവുകയില്ല. അതുകൊണ്ട് സത്യനിഷ്ഠയോടും ദൃഢമായ വിശ്വാസത്തോടുംകൂടി അല്ലാഹുവിനോട് വർത്തിക്കുവാൻ നിനക്ക് കഴിയുമെങ്കിൽ നീ വർത്തിക്കുക. നിനക്ക് കഴിയുന്നില്ലെങ്കിൽ നിനക്ക് യാതൊന്നിൽ വെറുപ്പുതോന്നുന്നുവൊ അതിൽ ക്ഷമകാണിക്കുന്നതിൽ നിശ്ചയമായും വലുതായ നന്മയുണ്ട്. അറിയുക; ക്ഷമകൊണ്ടാണ് (അല്ലാഹുവിന്റെ) സഹായം. കഷ്ടപ്പാടോടുകൂടിയാണ് സുഖം. ബുദ്ധിമുട്ടോടുകൂടിയാകുന്നു സൗകര്യം. ഈ ഹദീസിനെ യഥാർത്ഥ വിശ്വാസികളിൽ ഓരോരുത്തരും തന്റെ ഹൃദയത്തിന്ന് കണ്ണാടിയായും അതിന്റെ അങ്കിയായും അതിന്റെ മുടാവിയായും അതിന്റെ സ്മൃതിവാക്കുകളായും ആക്കികൊള്ളുകയും തന്റെ

സർവ്വചലനങ്ങളിലും സർവ്വ അടക്കങ്ങളിലും അതനുസരിച്ചു വർത്തിച്ചു കൊള്ളുകയും ചെയ്യട്ടെ. അങ്ങനെ അവർ ഇഹത്തിലും പരത്തിലും രക്ഷയെ പ്രാപിക്കുകയും, അല്ലാഹുവിൻെറ കാരുണ്യത്താൽ ഇരുലോകങ്ങളിലും ശ്രേയസ്സിനെ ദർശിക്കുകയും ചെയ്യുന്നതാണ്.)

في ذمّ السّؤال من غيرالله تعالى قال قدّس الله سرّه ماسأل الناس من سأل إلاّ لجهله بالله عزّوجلّ وضعف ايمانه ومعرفته ويقينه وقلة صبره وما تعفف من تعفّف عن ذلك إلاّ لوفور علمه بالله عزّوجلّ وقو ايمانه ويقينه وتزايد معرفته بربّه عزّوجل في كل يوم ولحظة وحيائه منه عزّوجلّ — فتوح الغيب مقاله - ٤٣

(അല്ലാഹുവിനെ ഒഴിച്ചുള്ളവരോട് ചോദിക്കുന്നതിനെപ്പററിയുള്ള ആക്ഷേപം അദ്ദേഹം (അബ്ദുൽ ഖാദിർ ജീലാനി) പറയുന്നു: ജനങ്ങളോട് ചോദിക്കുന്ന (യാചിക്കുന്ന) ഒരുവൻ ചോദിക്കുന്നത് അല്ലാഹുവിനെക്കുറിച്ചുള്ള അവൻെറ അറിവില്ലായ്മകൊണ്ടും അവൻെറ ഈമാൻെറയും അവൻെറ ജ്ഞാനത്തിൻെറയും അവൻെറ വിശ്വാസദാർഢ്യതയുടേയും ദൗർബ്ബല്യംകൊണ്ടും അവൻെറ ക്ഷമയുടെ കുറവുകൊണ്ടും മാത്രമാകുന്നു. ഇതിൽ നിന്നും ആത്മാഭിമാനത്താൽ പിൻവാങ്ങിനിൽക്കുന്നവൻ അപ്രകാരം ചെയ്യുന്നത് അല്ലാഹുവിനെക്കുറിച്ചു അവനുള്ള അറിവിൻെറതികവുകൊണ്ടും അവൻെറ ഈമാനിൻെറയും വിശ്വാസദാർഢ്യത്തിൻെറയും ശക്തികൊണ്ടും ഓരോദിവസവും ഓരോനിമിഷവും അവൻെറ 'റബ്ബിനെ'ക്കുറിച്ചു ഏറിവരുന്ന അവൻെറ അറിവുകൊണ്ടും അവനെപ്പററിയുള്ള അവൻെറ സങ്കോചം കൊണ്ടുമാകുന്നു).

അല്ലാഹുവിന് പുറമെയുള്ളവരോട് സഹായത്തിന് അപേക്ഷിക്കുന്നതും യാചിക്കുന്നതും അല്ലാഹുവിനെക്കുറിച്ചു ഒരുവനുള്ള അറിവിന്റെ കുറവുകൊണ്ടും അവനെക്കുറിച്ചുള്ള വിശ്വാസത്തിന്റെ കുറവുകൊണ്ടുമാണെന്നും നേരെമറിച്ചു ഈ സ്വഭാവത്തിൽനിന്ന് അകന്ന് ഒരുവൻ അല്ലാഹുവിനോട് അപേക്ഷിക്കുകയും യാചിക്കുകയും ചെയ്യുവാൻ ഒരുക്കമുള്ളവനായിരിക്കുന്നതു അല്ലാഹുവിനെക്കുറിച്ചു അവനുള്ള അറിവിന്റെ ആധിക്യവും അവനുള്ള വിശ്വാസത്തിന്റെ ബലവും കൊണ്ടാണെന്നും ശൈഖ് മുഹ്‌യിദ്ദീൻ (റ) നമ്മോട് ഉപദേശിക്കുന്നു. ഇങ്ങനെയുള്ള സാരോപദേശങ്ങളാൽ നമ്മെ അഭിമാനപൂർവ്വം സൽപാതയിലേക്ക് നയിക്കുവാൻ ശ്രമിക്കുന്ന മഹാത്മാവായ ശൈഖിനു ചില പാട്ടിൽ കൽപിച്ചുകൊടുക്കുന്ന സ്ഥാനമാകട്ടെ 'വല്ലനിലത്തിന്നും എന്നെ വിളിപ്പോർക്ക് വായ് കൂടാ ഉത്തരം ചെയ്‌വാൻ ഞാനെന്നോവർ' എന്നിപ്രകാരമുള്ള ഒന്നാണ്. (റുബൂബിയ്യത്താണ്) എന്തൊരു അതിക്രമം!

## ഗുണമോ ദോഷമോ എനിക്കധീനമല്ല

ഖുർആന്റെ പ്രബോധനം അനുസരിച്ചു നബി (സ) ന്നുള്ള പദവിയും നിലയും എന്താണെന്നു തന്നെ നമുക്ക് ഇനി ഒന്ന് പരിശോധിക്കാം.

قل لا أملك لنفسى نفعا ولاضرّا الا ما شاء الله ولو كنت أعلم الغيب لا ستكثرت من الخير وما مسّنى السوء إن أنا الا نذير وبشير لقوم يؤمنون — الاعراف

(പറയുക: അല്ലാഹു ഇച്ഛരിച്ചിട്ടുള്ളതൊഴികെ, എനിക്കായി എന്തെങ്കിലും ഗുണമോ ദോഷമോ എനിക്കു അധീനമല്ല; പരോക്ഷകാര്യങ്ങളെഞാൻ അറിയുന്നവനായിരുന്നുവെങ്കിൽ നന്മയെ ഞാൻ അധികമായി ആർജ്ജിക്കുകയും കഷ്ടത എന്നെ സ്പർശിക്കാതിരിക്കയും ചെയ്യുമായിരുന്നു. ഞാൻ (ഭാവിയിലെ ലയേപ്പാടുകളെപ്പററി) മുന്നറിവ് നൽകുന്നവനും വിശ്വസിക്കുന്ന

ഒരു ജനതയ്ക്ക് സന്തോഷവാർത്തയെ അറിയിക്കുന്നവനും മാത്രമാകുന്നു)

قل لا أملك لكم ضرا ولا نفعا الا ما شاء الله — يونس

അല്ലാഹുവിന്റെ ഇച്ഛയെ ആശ്രയിക്കുന്നതൊഴികെ എനിക്കായി എന്തെങ്കിലും ദോഷമോ ഗുണമോ എനിക്കധീനമല്ല)

قل انى لا أملك لكم ضرا ولا رشدا قل انى لن يجيرنى من الله احد ولن أجد من دونه ملتحدا — الجن

(നീ പറയുക: നിങ്ങൾക്കായി ഏതെങ്കിലും ദോഷമൊ (ഗുണമൊ) നേർവഴിയൊ (വഴികേടൊ) എനിക്കു അധീനമല്ല. നീ പറയുക: അല്ലാഹുവിൽനിന്നും (അവന്റെ ശിക്ഷയിൽനിന്നും) എന്നെ ആരും രക്ഷിക്കുകയില്ല. അവനുപുറമെ ഒരു അഭയ സ്ഥാനം ഞാൻ കാണുന്നുമില്ല )

ولا أقول لكم عندى خزائن الله ولا اعلم الغيب ولا أقول إنى ملك ولا أقول للذين تزدرى اعينكم لن يؤتيهم الله خيرا الله اعلم بما فى أنفسهم إنى إذا لمن الظالمين — هود

(അല്ലാഹുവിന്റെ ഖജനാവുകൾ എന്റെ പക്കലുണ്ടെന്ന് ഞാൻ നിങ്ങളോട് പറയുന്നില്ല. പരോക്ഷകാര്യത്തെ ഞാൻ അറിയുന്നുമില്ല. ഞാൻ മലക്കാണെന്ന് ഞാൻ പറയുന്നുമില്ല. നിങ്ങളുടെ കണ്ണുകൾ ജുഗുപ്സയോടെ വീക്ഷിക്കുന്നവരുടെ കാര്യത്തിൽ അല്ലാഹു അവർക്ക് ഒരു നന്മയും ചെയ്തുകൊടുക്കുകയില്ല എന്നും ഞാൻ പറയുന്നില്ല. അവരുടെ മനസ്സുകളിൽ ഉള്ളതിനെ അല്ലാഹു ഏററവും അറിയുന്നവനാകുന്നു. അങ്ങിനെയാണെങ്കിൽ (ഈ വക ഗുണങ്ങളിൽ വല്ലതും എനിക്ക് അധീന

മാണെന്ന് ഞാൻ പറയുന്നുവെങ്കിൽ) ഞാൻ നിശ്ചയമായും അധർമ്മകാരികളിൽപ്പെട്ടവനാകുന്നു.)

قل لا أقول لكم عندى خزائن الله ولا أعلم الغيب ولا أقول لكم انى ملك ان أتّبع الاّ ما يوحى إلىّ قل هل يستوى الاعمى والبصير أفلا تتفكرون — انعام

(നീ പറയുക: അല്ലാഹുവിന്റെ ഖജനാവുകൾ എന്റെ കൈവശമാണെന്ന് ഞാൻ പറയുന്നില്ല. പരോക്ഷകാര്യം ഞാൻ അറിയുന്നുമില്ല. ഞാൻ മലക്കാണെന്ന് ഞാൻ നിങ്ങളോട് പറയുന്നുമില്ല. എനിക്ക് 'വഹ്‌യ്' നൽകപ്പെടുന്നതിനെ ഞാൻ പിൻതുടരുകമാത്രമാണ് ചെയ്യുന്നത്, നീ പറയുക: കണ്ണുകാണാത്തവനും കണ്ണുകാണുന്നവനും സമമാകുമൊ? നിങ്ങൾ ചിന്തിച്ചുനോക്കുന്നില്ലേ?

وأنذر به الذين يخافون ان يحشروا الى ربهم ليس لهم من دونه ولىّ ولا شفيع لعلهم يتّقون

തങ്ങളുടെ 'റബ്ബി' ങ്കലേക്ക് യാതൊരു രക്ഷകനും ശുപാർശകാരനും ഇല്ലാത്തനിലയിൽ അവർ ഒരുമിച്ചു കൂട്ടപ്പെടുമെന്ന് ഭയപ്പെടുന്നവരോട് അതുമൂലം (ഖുർആൻമൂലം) നീ ഭയപ്പെടുത്തി പറയുക. അതുമൂലം അവർ ദോഷബാധയെ സൂക്ഷിക്കുന്നവരായിരിക്കുന്നതാണ്

قل اللهم ما لك الملك تؤتى الملك من تشاء وتنزع الملك ممن تشاء وتعزّ من تشاء وتذلّ من تشاء بيدك الخير انك على كل شيى قدير — آل عمران

(നീ പറയുക: സർവ്വ ആധിപത്യത്തിന്റെയും ഉടമസ്ഥനായ അല്ലാഹുവെ! നീ ഇച്ഛരിക്കുന്നവർക്ക് നീ ആധിപത്യം നൽകുന്നു. നീ ഇച്ഛരിക്കുന്നവരിൽ നിന്നും നീ ആധിപത്യത്തെ നീക്കുകയും ചെയ്യുന്നു. നീ ഇച്ഛരിക്കുന്നവരെ നീ ശ്രേയസ്സുള്ളവരാക്കുകയും നീ ഇച്ഛരിക്കുന്നവരെ നീ എളിയവരാക്കുകയും ചെയ്യുന്നു. നിന്റെ കയ്യിലാകുന്നു നന്മ; നിശ്ചയമായും നീ എല്ലാകാര്യത്തിനും കഴിവുള്ളവനാകുന്നു)

നബി (സ) യുടെ നിലയെ സ്പഷ്ടമായി നമുക്ക് കാണിച്ചുതരുന്ന ചില ആയത്തുകളാണ് മേൽ ഉദ്ധരിക്കപ്പെട്ടിട്ടുള്ളത്. അവിടുന്നു മനുഷ്യരിൽവെച്ചു അത്യുത്തമൻ, സർവ്വലോകങ്ങൾക്കും 'റഹ്മത്തായി വന്നിട്ടുള്ളആൾ, 'വലി' മാരിൽ അഗ്രഗണ്യരായ നബിമാരിൽവെച്ച് ഏററവും ശ്രേഷ്ഠനാണെന്നുള്ള വസ്തുത എല്ലാ മുസ്ലിംകൾക്കും അറിയാവുന്നതാണല്ലൊ. അപ്രകാരമുള്ള അവിടുന്നുതന്നെ പരോക്ഷകാര്യങ്ങളെ അറിയുന്നില്ല എന്നും മററുള്ളവർക്ക് എന്തെങ്കിലും ഗുണമോ ദോഷമോ ചെയ്തുകൊടുക്കുവാൻ താൻ ശക്തനല്ലെന്നും ആ വക അറിവും കഴിവും അല്ലാഹുവിനുമാത്രമുള്ളതാണെന്നും ആ വക കാര്യങ്ങളെല്ലാം അവന്റെ ഇച്ഛയനുസരിച്ചു മാത്രം നടക്കുന്നതാണെന്നും മേൽകാണിച്ച ആയത്തുകൾകൊണ്ട് സ്പഷ്ടമാണ്. ഈ സ്ഥിതിക്ക് മരിച്ചുപോയവരോ ജീവിച്ചിരിക്കുന്നവരോ ആയമററു 'വലി' മാരെയും സദ്വൃത്തന്മാരായ ആളുകളെയും കുറിച്ച് നാം എന്താണു വിചാരിക്കുകയും വിശ്വസിക്കുകയും ചെയ്യേണ്ടത്?

നിന്റെ അടുത്തബന്ധുക്കളോട് നീ ഭയപ്പെടുത്തി പറയുക.'

وانذر عشيرتك الاقربين എന്നി പ്രകാരം തന്റെ കുടുംബക്കാരെയും ഉണർത്തുന്നതിന്നു കല്പിച്ചുകൊണ്ടുള്ള 'ആയത്തു' അവതരിച്ചു കിട്ടിയപ്പോൾ അവിടുന്നു പ്രവർത്തിച്ചത് എന്താണ് എന്ന് നമുക്ക് അറിവുതരുന്ന ബുഖാരിയുടെ ഒരു ഹദീസ് നമുക്ക് ഇവിടെ ചിന്തനീയമാണ്, അദ്ദേഹം നിവേദനം ചെയ്യുന്നതാണിത്;

أن أبا هريرة قال قام رسول الله (ص) حين أنزل الله وأنذر عشيرتك الاقربين قال يامعشر قريش أوكلمة نحوهااشتروا انفسكم لا اُغنى عنكم من الله شيئا يا بنى عبد مناف لا اُغنى عنكم من الله شيئا وياعباس بن عبد المطلب لا اُغنى عنك من الله شيئا ويا صفية عمة رسول الله لا اغنى عنك من الله شيئا ويا فاطمة بنت محمد (ص) سليني ماشئت من مالى لا اغنى عنك من الله شيئا

(അബൂഹുറയ്റ പറയുന്നു: 'നിന്റെ അടുത്ത കുടുംബക്കാരോട് നീ ഭയപ്പെടുത്തിപ്പറയുക' എന്നവാക്യം അല്ലാഹു അവതരിപ്പിച്ചപ്പോൾ റസൂൽ(സ) എഴുന്നേററുനിന്നുകൊണ്ട് പറഞ്ഞു: ഖുറൈശികളേ! (അഥവാ അതുപോലെയുള്ള ഒരു വാചകം കൊണ്ട് സംബോധനചെയ്തു) നിങ്ങളെ നിങ്ങൾതന്നെ വാങ്ങിക്കൊൾവിൻ (രക്ഷപ്പെടുത്തിക്കൊള്ളുവിൻ) അല്ലാഹുവിൽ നിന്നു (അവന്റെ ശിക്ഷയിൽ നിന്ന്) ഞാൻ നിങ്ങളെ ഒരു വിധത്തിലും രക്ഷപ്പെടുത്തുകയില്ല. അബ്ദുൽമനാഫിന്റെ സന്തതികളേ! അല്ലാഹുവിൽ നിന്നു ഞാൻ നിങ്ങളെ ഒരു വിധത്തിലും രക്ഷപ്പെടുത്തുകയില്ല. അബ്ദുൽമുത്തലിബിന്റെ മകനായ അബ്ബാസേ! അല്ലാഹുവിൽനിന്ന് ഞാൻ നിങ്ങളെ ഒരു വിധത്തിലും രക്ഷപ്പെടുത്തുകയില്ല. അല്ലാഹുവിന്റെ റസൂലിന്റെ പിതൃ സഹോദരിയായ സഫിയ്യാ! അല്ലാഹുവിൽനിന്ന് ഞാൻ നിങ്ങളെ ഒരു വിധത്തിലും രക്ഷപ്പെടുത്തുകയില്ല. മുഹമ്മദിന്റെ മകളായ ഫാത്തിമാ! എന്റെ ധനത്തിൽനിന്നു നിനക്ക് ഇഷ്ടമുള്ളതെന്തെങ്കിലും നീ എന്നോട് ചോദിച്ച് കൊള്ളുക. അല്ലാഹുവിൽനിന്നു ഞാൻ നിന്നെ ഒരു വിധത്തിലും രക്ഷപ്പെടുത്തുകയില്ല.)

വലുതായ ആപത്തുകളും കഷ്ടപ്പാടുകളും ദുരിതങ്ങളും വന്നു സംഭവിക്കുന്ന ഘട്ടങ്ങളിൽ അവയിൽനിന്നും രക്ഷപ്പെടുത്തുവാൻ അല്ലാഹുവിനല്ലാതെ മററാർക്കും കഴിവില്ലെന്നും

നേർമാർഗ്ഗം വിട്ടകന്ന്, ദുഷ്പ്രവൃത്തികളിലും ദുർവിശ്വാസങ്ങളിലും മുഴുകിക്കഴിഞ്ഞിരുന്ന അറബികളെ അവകൊണ്ടുള്ള വിപത്തുകളിൽനിന്നും രക്ഷപ്പെടുത്തുവാൻ അല്ലാഹുവിനല്ലാതെ അവന്റെ ദൂതനായ തനിക്കുതന്നെ കഴിവില്ലെന്നും അതിനാൽ അല്ലാഹുവിനു വഴിപ്പെട്ടു പ്രവർത്തിക്കുന്ന വിഷയത്തിൽ അവർ ഒരുങ്ങിക്കൊള്ളുകയല്ലാതെ തന്റെ ശുപാർശയൊ സഹായമൊമൂലം അല്ലാഹുവിന്റെ ശിക്ഷയിൽനിന്നും രക്ഷപ്പെട്ടുകളയാമെന്നും അവർ വിചാരിക്കുന്നുവെങ്കിൽ അത് കേവലം അബദ്ധമായ ഒരു വിചാരമാണെന്നും ഉള്ള സംഗതിയാണല്ലൊ ഈ ഹദീസുകൊണ്ട് നബി (സ) നമുക്ക് മനസ്സിലാക്കിത്തരുന്നത്. അതിനാൽ അവനവന്റെ ആത്മരക്ഷയ്ക്കു പ്രവൃത്തി (അമൽ) കൊണ്ടും പ്രാർത്ഥനകൊണ്ടും അല്ലാഹുവിനു കീഴ്പ്പെടുകയും അവനെ ശരണമാക്കുകയും അവന്റെ സഹായത്തിനായി അപേക്ഷിക്കുകയും ചെയ്യുക എന്നുള്ളതല്ലാതെ അല്ലാഹുവിനുള്ള ശക്തിയെ നബിമാരിലൊ വലിമാരിലൊ ആരോപിച്ചു അവരെ കൊണ്ടു രക്ഷനേടാം എന്നു ആരെങ്കിലും വിചാരിക്കുന്നപക്ഷം അത് അല്ലാഹുവിന്റെ പക്കൽ ഒരു ഫലവും ചെയ്യുന്നതല്ല എന്നുള്ള ഗൌരവതരമായ സംഗതിയാണ് പ്രസ്തുത ഹദീസ് നമ്മെ ഓർമ്മിപ്പിക്കുന്നത്.

وما نرسل المرسلين إلاّ مبشرين ومنذرين فمن آمن واصلح فلا خوف عليهم ولاهم يحزنون — الانعام

## ഞാനാകട്ടെ നിങ്ങളുടെ മേൽ ഒരു സൂക്ഷിപ്പുകാരനല്ല

(സന്തോഷവാർത്താവാഹകന്മാരായും (ഭയപ്പെടേണ്ട കാര്യങ്ങളെപ്പററി) മുന്നറിയിപ്പു നല്കുന്നവരായും അല്ലാതെ നാം റസൂൽ മാരെ അയക്കുന്നില്ല. അതിനാൽ ആരെങ്കിലും വിശ്വസിക്കുകയും പ്രവർത്തിയെ നന്നാക്കുകയും ചെയ്താൽ അവർക്ക് യാതൊന്നും ഭയപ്പെടുവാനില്ല. അവർ ദുഃഖിക്കേണ്ടവരുമല്ല)

يايها الناس قدجاء كم الحق من ربكم فمن اهتدى فانما يهتدى لنفسه ومن ضل فانما يضل عليها وما انا عليكم بوكيل — يونس

(ഹേ ജനങ്ങളേ! നിങ്ങളുടെ നാഥനിൽനിന്നുള്ള സത്യം നിങ്ങൾക്ക് വന്നിരിക്കുന്നു. അതിനാൽ ആരെങ്കിലും നേർവഴിക്ക് നടന്നുവെങ്കിൽ അവന്നുവേണ്ടിതന്നെയാണ് അവൻ നേർവഴിക്ക് നടന്നത്. ആരെങ്കിലും വഴിതെററിനടക്കുന്നുവെങ്കിൽ തനിക്ക് എതിരായിതന്നെയാണ് അവൻ വഴിതെററിനടക്കുന്നത്. ഞാൻ നിങ്ങളുടെമേൽ (നിങ്ങളെനിർബന്ധിച്ചു നേർമാർഗ്ഗത്തിലാക്കുവാൻ) അധികാരം സിദ്ധിച്ചവനല്ല)

قد جاءكم بصائرمن ربكم فمن ابصر فلنفسه ومن عمى فعليها وما انا عليكم بحفيظ — الانعام

നിശ്ചയമായും നിങ്ങളുടെ നാഥനിൽനിന്നുള്ള തെളിവുകൾ നിങ്ങൾക്ക് വന്നിരിക്കുന്നു. അതിനാൽ ആരെങ്കിലും ആ തെളിവുകൾ കാണുമെങ്കിൽ അത് അവൻെറ ആത്മാവിനാകുന്നു; ആരെങ്കിലും അന്ധനായിരിക്കുന്നുവെങ്കിൽ അത് അതിൻെറമേൽ (അതിനുദോഷകരം) ആകുന്നു. ഞാനാകട്ടെ നിങ്ങളുമേൽ ഒരു സൂക്ഷിപ്പുകാരനല്ല)

റസൂൽ എന്ന നിലയിൽ നബി(സ)ക്കും ജനങ്ങൾക്കും തമ്മിലുള്ള ബന്ധത്തെ വ്യക്തമായി അറിയിക്കുന്ന ചില ആയത്തുകളാണ് മേൽഉദ്ധരിച്ചിട്ടുള്ളത്. സത്യം ഇന്നതാണെന്നും സന്മാർഗ്ഗം ഇന്നതാണെന്നും സന്തോഷകരമായ ഫലങ്ങൾക്ക് ഇടയാവുന്ന കാര്യങ്ങൾ ഇന്നതാണെന്നും അസത്യവും അസന്മാർഗ്ഗവും ആപൽക്കരവുമായ കാര്യങ്ങൾ ഇന്നിന്നവയാണെന്നും ജനങ്ങളെ അറിയിക്കുന്ന ഒരുചുമതല മാത്രമാകുന്നു അവിടുത്തേക്ക് നിർവ്വഹിക്കാനുള്ളത്. അവിടുത്തെ ഉപദേശങ്ങൾ അനുസരിച്ച് പ്രവർത്തിക്കുകയും അതുവഴി രക്ഷയെ പ്രാപിക്കുകയും ചെയ്തുകൊള്ളുക എന്നത് ജനങ്ങളുടെ ചുമതലയാകുന്നു. അതല്ല

ഉപദേശങ്ങൾക്കു പുറമെ, ജനങ്ങളെ നേർമാർഗ്ഗത്തിൽചേർക്കുക എന്നുള്ള ഉത്തരവാദിത്വവും ചുമതലയും കൂടി അവിടുത്തേക്ക് ഉണ്ടെന്ന് ആരെങ്കിലും ധരിക്കുന്നുവെങ്കിൽ അത് ശരിയല്ല. ഞാൻ നിങ്ങളുടെ മേൽ (നിങ്ങളെ നിർബ്ബന്ധിച്ചു നേർമാർഗ്ഗത്തിലാക്കുവാൻ) അധികാരം സിദ്ധിച്ചവനല്ല'

'ഞാൻ നിങ്ങളുടെമേൽ സൂക്ഷിപ്പുകാരനല്ല' എന്നും മേലുദ്ധരിച്ച വാക്യങ്ങളിൽ വന്നിരിക്കുന്നത് ഈ വസ്തുതയെ സ്പഷ്ടമാക്കുന്നു. വാസ്തവം ഇങ്ങനെയിരിക്കെ, ജനങ്ങൾക്ക് 'നിലനെ കൊടുക്കുവാനോ' 'നിലനെ എടുത്തു കളവാനോ' എവിടെ നിന്നു വിളിച്ചാലും ഉത്തരം നൽകുവാനോ' ഉള്ള കഴിവോ ചുമതലയോ നബി(സ)ക്കു തന്നെ ഇല്ലെന്നും ആവക കഴിവും ശക്തിയും അല്ലാഹുവിനുമാത്രമുള്ളതാണെന്നും, അല്ലാഹുവിനുള്ള കഴിവിനേയും ശക്തിയേയും മനുഷ്യരാശിയിൽ അത്യുത്തമനും ശ്രേഷ്ഠനുമായ നബി(സ)യിലോ മററു നബിമാരിലോ വലിമാരിലോ ആരോപിച്ചു അവരോട് സഹായാപേക്ഷകൾ ചെയ്യുന്നത് വഴികേടും അവിശ്വാസപരമായ ശിർക്കുമാണെന്നും നമ്മുടെ ജനങ്ങൾ മനസ്സിലാക്കുവാൻ ശ്രമിച്ചുവെങ്കിൽ അതൊരു ഗണ്യമായ പുണ്യമാകുന്നു.

## ശിർക്ക് വലുതായ അധർമ്മമാകുന്നു

അല്ലാഹുവിന്റെ അധികാരാവകാശങ്ങളിൽ മററുവല്ലതിനും പങ്കുണ്ടെന്നുവരുത്തുന്ന കാര്യത്തിനാണല്ലോ ശിർക്ക് എന്നു പറയുന്നത്. പരിശുദ്ധഖുർആൻ ശിർക്കിനെപ്പററി പറയുന്നത് ഇങ്ങിനെയാകുന്നു.

إن الله لا يغفر أن يشرك به ويغفر ما دون ذلك لمن يشاء ومن يشرك

بالله فقدافترى اثما عظيما — الزمر

നിശ്ചയമായും അല്ലാഹു തന്നോട് സമഭാവനചെയ്യപ്പെടുന്നതിനെ ക്ഷമിക്കുകയില്ല: അതല്ലാത്തതിനെ അവൻ ഇഷ്ടപ്പെടുന്നവർക്ക് ക്ഷമിച്ചുകൊടുക്കുകയും ചെയ്യും. അല്ലാഹുവിനോട് ഒരുവൻ (മറേറതിനെങ്കിലും) സമത്വം സങ്കൽപ്പിക്കുന്നതായാൽ അവൻ ഒരുവലുതായ പാപം ചെയ്തുപോയി;)

ان الله لا يغفر أن يشرك به ويغفر ما دون ذلك لمن يشاء ومن

يشرك بالله فقد ضل ضلالا بعيدا — النساء

(നിശ്ചയമായും അല്ലാഹു അവനോട് (മറേറതിനെങ്കിലും) സമത്വം സങ്കല്പിക്കപ്പെടുന്നതിനെ ക്ഷമിക്കുകയില്ല. അതല്ലാത്തതിനെ അവൻ ഇഷ്ടപ്പെടുന്നവർക്ക് ക്ഷമിച്ചുകൊടുക്കുകയും ചെയ്യും. അല്ലാഹുവിനു ഒരുവൻ സമന്മാരെസങ്കല്പിക്കുന്നതായാൽ അവൻ വിദൂരമായ പിഴവ് പിഴക്കുകയത്രെ ചെയ്തിട്ടുള്ളത്)

يا بنيّ لا تشرك بالله انّ الشرك لظلم عظيم — لقمان

എന്റെ മകനേ! അല്ലാഹുവിനു നീ സമന്മാരെ സങ്കല്പിക്കരുത്. നിശ്ചയമായും സമത്വസങ്കല്പം വലുതായ ഒരു അധർമ്മമാകുന്നു)

ومن يشرك بالله فكأنما خرّ من السماء فتخطفه الطير او تهوى به

الريح فى مكان سحيق — الحج

(അല്ലാഹുവിനു ഒരുവൻ സമന്മാരെ സങ്കല്പിക്കുന്നതായാൽ അവൻ ആകാശത്തിൽനിന്ന് വീണിട്ട് പക്ഷി അവനെ റാഞ്ചിക്കൊണ്ട് പോവുകയോ, കാററ് അവനെ ഒരു വിദൂരസ്ഥലത്തേക്ക് അടിച്ചുകൊണ്ടുപോവുകയോ ചെയ്തിട്ടുള്ളതുപോലെ ആകുന്നതാണ്)

إنه من يشرك بالله فقد حرّم الله عليه الجنة ومأواه النار وما للظّالمين

من انصار — المائدة

(നിശ്ചയമായും ഒരുവൻ അല്ലാഹുവിനു സമന്മാരെ സങ്കല്പിക്കുന്നതായാൽ അവന്നു അല്ലാഹു തീർച്ചയായും സ്വർഗ്ഗം വിരോധിച്ചിരിക്കുന്നു. അവൻെറ ആശ്രയസ്ഥാനം നരകമാകുന്നു. അധർമ്മം ചെയ്യുന്നവർക്ക് ആരും സഹായികളായിട്ടില്ല)

ഈ ഖുർആൻവാക്യങ്ങളിൽനിന്നു ശിർക്ക് എത്രത്തോളം ഭയങ്കരമായിട്ടുള്ളതാണെന്ന് അറിയാവുന്നതാണല്ലൊ. اثم عظيم 'വലുതായ പാപം' എന്നും ضلال بعيد 'വിദൂരമായ വഴികേട്'' എന്നും ظلم عظيم വലുതായ അധർമ്മം' എന്നും لا يغفران شرك به അവനോട് സമത്വം സങ്കല്പിക്കുന്നതിനെ അവൻ ക്ഷമിക്കുകയില്ല' എന്നും فقد حرم الله عليه الجنة ومأواه النار അല്ലാഹു അവനു സ്വർഗ്ഗം വിരോധിച്ചിരിക്കുന്നു: അവൻെറ ആശ്രയസ്ഥാനം നരകമാണ്'' എന്നും ആണ് ശിർക്കിൻെറ പ്രതിഫലത്തെ സംബന്ധിച്ചു നമുക്ക് അറിവുതന്നിരിക്കുന്നത്. ഇത്രത്തോളം ഘോരമായ ഒരു കുററം വന്നുപോകാതെ സൂക്ഷിക്കുന്നത് നമുക്ക് എത്രത്തോളം ഗൗരവമേറിയ കർത്തവ്യമാണെന്ന് നാം ചിന്തിച്ചു നോക്കാത്തത് ആപൽക്കരം തന്നെ.

ولقد اوحى اليك وإلى الذين من قبلك لئن أشركت ليحبطن عملك

ولتكونن من الخاسرين — الزمر

(നീ (അല്ലാഹുവിനു) സമന്മാരെ സങ്കൽപിക്കുന്നതായാൽ നിൻെറ പ്രവൃത്തി നിശ്ചയമായും നിഷ്ഫലമായി പോകും. നിശ്ചയമായും നീ നഷ്ടം അനുഭവിക്കുന്നവരുടെ കൂട്ടത്തിൽ ആവുകയും ചെയ്യും എന്ന് നിനക്കും നിനക്ക് മുമ്പുള്ളവർക്കും ''വഹ്‌യ്'' അറിയിക്കപ്പെട്ടിട്ടുണ്ട്.)'

ശിർക്കിനെ സംബന്ധിച്ചു വിരോധിച്ചു പറഞ്ഞിട്ടുള്ളതു നബി (സ) യോട് മാത്രമല്ലെന്നും, അവിടുത്തേക്കുമുമ്പുവന്നിട്ടുള്ള എല്ലാ നബിമാരോടും അതിനെക്കുറിച്ചു വിരോധിച്ചു പറഞ്ഞിട്ടുണ്ടെന്നുമുള്ള സംഗതി നമുക്ക് ഈ ആയത്തുകൊണ്ട് സ്പഷ്ടമായി അറിയാവുന്നതാണല്ലൊ. അത്കൊണ്ടുതന്നെ 'ശിർക്ക്'' എത്രയോഘോരമായ കുററമാണെന്നുള്ള വസ്തുതയും വിശദമാണ്.

## നബി (സ) യും രണ്ടു ഖലീഫമാരും ശിർക്കിൽനിന്നു അഭയം തേടുന്നു

اللهم إنى اعوذبك من ان اشرك بك شيئا وأنا اعلم واعوذبك من ان اشرك بك شيئا وأنا لا أعلم

(തമ്പുരാനേ! അറിഞ്ഞുകൊണ്ടു ഞാൻ നിനക്ക് സമന്മാരെ സങ്കല്പിച്ചു പോവുന്നതിൽനിന്നും ഞാൻ നിന്നോട് അഭയം തേടുന്നു; അറിയാതെ ഞാൻ നിന്നോട് എന്തിനെയെങ്കിലും സമപ്പെടുത്തുന്നതിൽനിന്നും ഞാൻ നിന്നോട് അഭയംതേടുന്നു) എന്നിങ്ങനെ നബി (സ) ശിർക്കിനെ സംബന്ധിച്ചു ചെയ്തിരിക്കുന്ന പ്രാർത്ഥന അത് എത്ര ഗൗരവതരമായ പാപകൃത്യമാണെന്നുള്ളത് നമ്മെ ഓർമ്മിപ്പിക്കാൻ പോരുന്നതാണല്ലൊ. വളരെ സൂക്ഷ്മമായതരത്തിൽ മനുഷ്യഹൃദയത്തിൽ കടന്നുകൂടിയേക്കാവുന്ന ശിർക്കിൽനിന്നും എങ്ങനെയാണ് നാം രക്ഷപ്പെടുന്നത് എന്ന് സിദ്ദീഖ് (റ) നബി (സ:അ) യോടു ഒരിക്കൽ ചോദിക്കുകയുണ്ടായി. അതിന് അവിടുന്നു ഇപ്രകാരമാണ് മറുപടി പറഞ്ഞത്.

يا اابكر ألا اعلمك كلمة اذا قلتها نجوت من دقه وجله قل اللهم انى اعوذبك أن اشرك بك شيئا وأنا أعلم وأستغفرك لما لا أعلم

(അബൂബക്കറേ! ഞാൻ നിങ്ങൾക്ക് ഒരു വാചകം പഠിപ്പിച്ചു തരട്ടെയോ? നിങ്ങൾ അത് പറയുന്നതായാൽ അതിന്റെ (ശിർക്കിന്റെ) സൂക്ഷ്മാംശത്തിൽനിന്നും സ്ഥൂലാംശത്തിൽ നിന്നും നിങ്ങൾ രക്ഷപ്പെടുന്നതാണ്. പറയുക; തമ്പുരാനേ! അറിഞ്ഞുകൊണ്ട് നിന്നോട് എന്തിനെയെങ്കിലും സമപ്പെടുത്തുന്നതിൽനിന്നും ഞാൻ നിന്നോട് അഭയം തേടുന്നു: എനിക്ക് അറിവില്ലാത്തതിനായി ഞാൻ നിന്നോട് പൊറുത്തുതരുന്നതിന് അർത്ഥിക്കുന്നു)

وكان عمر يقول فى دعائه أللهم اجعل عملى كله صالحا واجعله لوجهك خالصا ولا تجعل لأحد فيه شيئا

ഉമർ ഫാറൂഖ് (റ) അദ്ദേഹത്തിന്റെ പ്രാർത്ഥനയിൽ ഇങ്ങനെ പറയാറുണ്ടായിരുന്നു: (തമ്പുരാനേ! എന്റെ എല്ലാ പ്രവൃത്തികളെയും നീ നല്ലതാക്കിത്തരേണമേ! അതിനെ നിന്റെ മുഖത്തിനായിമാത്രം ആക്കിത്തരികയും ചെയ്യേണമേ! അതിൽ ഒട്ടും നീ മററാർക്കും ആക്കാതിരിക്കയും ചെയ്യേണമേ!')

ശിർക്കിന്റെ ബാധ ഉണ്ടായിപ്പോകാതിരിക്കുവാൻ നബിമാരും അവരുടെ അടുത്ത അനുചരന്മാരും എത്രയോ കരുതലോടു കൂടിയാണ് സൂക്ഷിച്ചിരുന്നതെന്ന് ആലോചിച്ചു നോക്കിയാൽ ഇന്ന് നാം ഇക്കാര്യത്തിൽ കാണുന്ന അശ്രദ്ധയുടേയും സൂക്ഷമക്കുറവിന്റേയും അളവ് എത്രമാത്രമാണെന്ന് അറിയാമല്ലോ.

## ശിർക്കിന് പററിയ ബലഹീനത

ശിർക്കിന്റെ പ്രണയികൾക്ക് പററിയിരിക്കുന്ന വലുതായ ബലഹീനത അതിന് ആധാരമായി അവർക്ക് യാതൊരു തെളിവും ലക്ഷ്യവും എടുത്തു കാണിക്കുവാൻ ഇല്ലെന്നുള്ളതാണ്.

وإن جاهداك لتشرك بى ماليس لك به علم فلا تطعهما ـ العنكبوت

യാതൊന്നിനെപ്പററി നിനക്ക് അറിവില്ലയോ അതിനെ എന്നോട് പങ്കുചേർക്കുന്നതിന് അവർ രണ്ടുപേരും (മാതാപിതാക്കന്മാർ) നിന്നോട് പൊരുതുകയാണെങ്കിൽതന്നെ നീ അവരെ അനുസരിക്കരുത്)

وإن جاهداك على ان تشرك بى ما ليس لك به علم فلا تطعهما ـ لقمان

(നിനക്ക് യാതൊന്നിനെപ്പററി അറിവില്ലയൊ? അതിനെ എന്നോട് പങ്കുചേർക്കുന്നതിന് അവർ രണ്ടുപേരും നിന്നോട് പൊരുതുകയാണെങ്കിൽതന്നെ നീ അവരെ അനുസരിക്കരുത്)

وأن تشركوا بالله مالم ينزل به سلطانا ــ الاعراف

(അല്ലാഹു യാതൊന്നിനു തെളിവ് അവതരിപ്പിച്ചില്ലയോ അതിനെ നിങ്ങൾ അവനോട് പങ്കുചേർക്കുന്നതും) (അവൻ വിരോധിച്ചിരിക്കുന്നു)

تدعوننى لأكفر بالله واشرك به ماليس لى به علم وأنا ادعوكم الى العزيز الغفّار ــ المؤمن

(അല്ലാഹുവിൽ അവിശ്വസിക്കുന്നതിനും എനിക്ക് യാതൊന്നിനെപ്പററി അറിവില്ലയോ അതിനെ അവനോട് പങ്കുചേർക്കുന്നതിനുമായി നിങ്ങൾ എന്നെ ക്ഷണിക്കുന്നു, ഞാനാവട്ടെ നിങ്ങളെ പ്രതാപശാലിയും അധികം ക്ഷമിച്ചു കൊടുക്കുന്നവനുമായ വങ്കലേക്കത്രെ ക്ഷണിക്കുന്നതു.)

وكيف أخاف ماأشركتم ولا تخافون أنكم أشركتم بالله مالم ينزل به عليكم سلطانا فأىّ الفريقين أحق بالامن إن كنتم تعلمون ــ الانعام

(നിങ്ങൾ യാതൊന്നിനെ (അല്ലാഹുവോടു) പങ്കുചേർത്തുവോ അതിനെ ഞാൻ എങ്ങിനെ ഭയപ്പെടും? അല്ലാഹു നിങ്ങൾക്ക് യാതൊന്നിനെ സംബന്ധിച്ച് തെളിവു ഇറക്കിത്തന്നിട്ടില്ല

യൊ അതിനെ അവനോട് പങ്കുചേർക്കുന്നതിനെ നിങ്ങരം ഭയപ്പെടുന്നില്ല. നിങ്ങരം അറിയുന്നവരാണെങ്കിൽ ഈ രണ്ട് ഭാഗക്കാരിൽ ആരാണ് നിർഭയത്വത്തിനു അധികം അർഹതയുള്ളവർ?)

وما يتبع الذين يدعون من دون الله شركاء إن يتبعون إلا الظنّ وإن هم إلاّ يخرصون — يونس

(അല്ലാഹുവിനു പുറമെയുള്ള പങ്കുകാരെവിളിച്ച് പ്രാർത്ഥിക്കുന്നവർ എന്തിനെയാണ് പിന്തുടരുന്നത്? അവർ ഊഹത്തെ മാത്രമാണ് പിന്തുടരുന്നത്, അവർ വൃഥാഘോഷിക്കുകയത്രെ ചെയ്യുന്നത്.)

وما يتبع أكثرهم إلاّ ظنّا إن الظنّ لايغنى من الحق شيئا - يونس

(അവരിൽ അധികംപേരും ഊഹത്തെ മാത്രമാകുന്നു പിന്തുടരുന്നത ; നിശ്ചയമായും ഊഹം സത്യത്തിന്റെ (സത്യം അറിയുന്ന) വിഷയത്തിൽ യാതൊരു ഫലവും ചെയ്യുന്നതല്ല.)

അല്ലാഹുവിന് സമന്മാരെ സങ്കല്പുക്കുകയും അങ്ങനെ അവരിൽ അല്ലാഹുവിനുള്ള 'ഇലാഹിയ്യത്ത്' അല്ലെങ്കിൽ ആരാധനയ്ക്കുള്ള അർഹത ആരോപിച്ചു അവരെ സമീപിക്കുകയും ചെയ്യുക എന്നതിന് തെളിവായും ആധാരമായും ഒന്നും തന്നെ ആർക്കും കാണുവാൻ കഴിയുകയില്ല എന്നുള്ള വസ്തുതയ്ക്ക് ലക്ഷ്യമായിട്ടാകുന്നു മേൽകാണുന്ന ഖുർആൻ വാക്യങ്ങരം ഉദ്ധരിച്ചിട്ടുള്ളത്. ശിർക്കിനെ പിടിച്ചുനില്ക്കുന്നവർ അഥവാ അല്ലാഹുവിന്റെ ആരാധ്യതയിൽ മററുള്ളവർക്കു സമത്വം സങ്കല്പിക്കുന്നവർ അപ്രകാരം ചെയ്യുന്നത് കേവലം ചില ഊഹാപോഹങ്ങളെ അടിസ്ഥാനമാക്കിമാത്രമാണെന്നും, യഥാർത്ഥമായ അറിവിനു ഊഹം ഒരിക്കലും ആധാരമായിരിക്കുന്നതല്ലെന്നും ഉള്ള സംഗതിയും പ്രസ്തുത 'ആയത്തു'കളിൽ നിന്നും സ്പഷ്ടമാണല്ലൊ. അല്ലാഹുവിനുപുറമെ നാഥന്മാരെ സ്വീകരിക്കുന്നവരുടെ ദൌർബല്യത്തെ പരിശുദ്ധ ഖുർആൻ ഇങ്ങിനെ ഉദാഹരിക്കുന്നു.

مثل الذين اتخذوا من دونالله اولياء كمثل العنكبوت اتخذت

بيتا وإن أوهن البيوت لبيت العنكبوت ـــ العنكبوت

(അല്ലാഹുവിന് പുറമെ രക്ഷിതാക്കളെ സ്വീകരിച്ചിട്ടുള്ളവരുടെ സ്ഥിതി വീടുകെട്ടിയുണ്ടാക്കിയ ചിലന്തിയുടെ സ്ഥിതിക്ക് തുല്യമാണ്. നിശ്ചയമായും വീടുകളിൽവെച്ചു ഏററവും ബലഹീനമായതു ചിലന്തിയുടെ വീടത്രെ.)

ഈ വിഷയകമായി ഇമാം ശൌക്കാനി അവർകൾ الدر النضيد എന്ന തൻെറ ഗ്രന്ഥത്തിൽ എഴുതിയിട്ടുള്ളതിൽ നിന്നും ചില ഭാഗങ്ങൾ ഇവിടെ ഉദ്ധരിക്കുന്നതു ഈ അവസരത്തിൽ ഉചിതമാണെന്നു വിചാരിക്കുന്നു. അദ്ദേഹം പറയുന്നതാണിത്:--

'അല്ലാഹുവിനുമാത്രം കഴിവുള്ള ചില കാര്യങ്ങൾ ചെയ്യുന്നതിന് മഹാത്മാക്കളിലും സൽപ്രവർത്തികൊണ്ട് പ്രസിദ്ധന്മാരായിട്ടുള്ള ചിലരിലും പെട്ട ചിലർക്കും കഴിയുമെന്നു സാധാരണക്കാരായ ആളുകളിലധികപേരും അഭിജ്ഞന്മാരിൽ ചിലരും വിശ്വസിക്കുകയും അപ്രകാരം പറയുകയും ചെയ്തുവരുന്നു. ചിലപ്പോൾ അവരെ അല്ലാഹുവോടു ഒരുമിച്ചും മററു ചിലപ്പോൾ അവരെമാത്രം നേരിട്ടും അവരോടു ഇക്കൂട്ടർ പ്രാർത്ഥിക്കുകയും അവരുടെ നാമങ്ങൾ ചൊല്ലി നിലവിളിക്കുകയും ഗുണവും ദോഷവും ചെയ്യുവാൻ ശക്തനായ അല്ലാഹുവിനെ വന്ദിക്കുന്നമാതിരി അവരെ വ ഷിക്കുകയും നമസ്കാരത്തിനും പ്രാർത്ഥനക്കുമായി അല്ലാഹുവിൻെറ മുമ്പാകെ നിൽക്കുന്നതുപോലെ അവരുടെ മുമ്പാകെ നിൽക്കുകയും ചെയ്യുന്നു. ഇതൊക്കെ ശിർക്ക് അല്ലെങ്കിൽ പിന്നെ ശിർക്ക് എന്താണെന്ന് നമുക്ക് അറിഞ്ഞുകൂടാ. ഇവ അവിശ്വാസമല്ലെങ്കിൽ ലോകത്തു അവിശ്വാസം എന്ന് ഒന്നില്ലതന്നെ. പ്രസ്തുത കാര്യങ്ങളെക്കാൾ എത്രയോ നിസ്സാരമായ ചില കാര്യങ്ങൾതന്നെ ശിർക്കാണെന്നുള്ളതിനു ഖുർആൻവാക്യങ്ങളും ഹദീസുകളും മൂലം ചില ദൃഷ്ടാന്തങ്ങൾ കാണിക്കാം. ഇംറാനിബ്നുഹുസൈനെക്കുറി

ച്ച് ഇമാം അഹ്മദ് തന്റെ 'മുസ്നദി'ൽ രേഖപ്പെടുത്തിയിരിക്കുന്നത് കാണുക.

أن النبى (ص) رأى رجلا بيده حلقة من صفر فقال ما هذه؟ قال من الواهنة قال انزعها فانّها لا تزيد إلا وهنا ولو متّ وهى عليك ما أفلحت

'നബി (സ) കയ്യിൽ പിച്ചള വളധരിച്ചിട്ടുള്ള ഒരാളെകണ്ടു ഇതെന്താണ്'' എന്ന് ചോദിച്ചു. ഇത് ''വാഹിനത്ത്'' എന്ന രോഗത്തെ തടുക്കുവാനുള്ളതാണ്, എന്നു അയാാം പറഞ്ഞു. അപ്പോരം അവിടുന്നു പറഞ്ഞു: അതിനെ (പിച്ചള വള) മാററിക്കളയുക; ഇത് നിനക്ക് ബലഹീനതയെ വർദ്ധിപ്പിക്കുകയേ ഉള്ളു. ഇത് ധരിച്ചിരിക്കെ നീ മരിച്ചുപോവുകയാണെങ്കിൽ നീ വിജയി ആവുന്നതല്ല.'

അഖബത്തിബ്നു ആമിർ പറഞ്ഞതായി അദ്ദേഹം (അഹ്മദ്) ഇപ്രകാരം രേഖപ്പെടുത്തിക്കാണുന്നു.

من علق تمیمة فقد اشرك 'ഒരുവൻ ഉറുക്കുകെട്ടുന്നതായാൽ നിശ്ചയമായും അവൻ 'ശിർക്ക്'' വെച്ചവനായിത്തീരുന്നു.'

ഹുദൈഫയെ സംബന്ധിച്ചു ഇബ്നു അബീഹാത്തം രേഖപ്പെടുത്തിയിട്ടുള്ളത് കാണുക. പനിമാറുന്നതിനായി ഒരാാം കയ്യിൽ നൂൽകെട്ടിയിരുന്നത് കണ്ട് അതിനെ മുറിച്ച് എറിഞ്ഞു കൊണ്ട് നബി (സ) ഈ 'ആയത്ത്'' ഓതി.

وما يؤمن أكثرهم بالله إلا وهم مشركون

('മുശ്രിക്ക്'' കളായിട്ടല്ലാതെ അവരിൽ അധികം പേരും അല്ലാഹുവിൽ വിശ്വസിക്കുന്നില്ല.)

## നിങ്ങൾ, നിങ്ങൾക്ക് മുമ്പ് ഉണ്ടായിരുന്നവരുടെ മാർഗ്ഗങ്ങളെ തുടരുകതന്നെ ചെയ്യും

ഇബ്നുവാഖിദില്ലൈസി പറഞ്ഞിട്ടുള്ളതായി തിർമദി രേഖപ്പെടുത്തിയിരിക്കുന്ന ഒരു ഹദീസ് ഇപ്രകാരമാണ്.

قال خرجنا مع رسول الله (ص) الى حنين ونحن حديثو عهد بالكفر وللمشركين سدرة يعكفون عليها وينوطون بها اسلحتهم يقال لها ذات انواط فقلنا اجعل لنا ذات انواط كما لهم فقال النبى (ص) الله اكبر قلتم والذى نفسى بيده كما قالت بنو اسرائيل (اجعل لنا الها كما لهم الهة قال انكم قوم تجهلون) لتركبنّ سنن من كان قبلكم

(അദ്ദേഹം പറയുന്നു: ഞങ്ങൾ അല്ലാഹുവിന്റെ റസൂലുമൊന്നിച്ചു ഹുനൈനിലേക്ക് പുറപ്പെട്ടു. അന്ന് ഞങ്ങൾ അവിശ്വാസത്തിൽനിന്ന് മോചിതരായിട്ട് അധികകാലമായിരുന്നില്ല. മുശ്‌രിക്കുകൾക്ക് അവരുടെ യുദ്ധസാമഗ്രികൾ കെട്ടിത്തൂക്കുന്നതിനും ഭജനമിരിക്കുന്നതിനുമായി ദാത്തുഅൻവാത്തു എന്ന പേരിൽ ഒരു ഇലന്തവൃക്ഷം ഉണ്ടായിരുന്നു. അവർക്കുള്ളതുപോലെ ഒരു ദാത്തു അൻവാത്തു' ഞങ്ങൾക്കുമനുവദിച്ചുതരണം എന്നു ഞങ്ങൾ അവിടുത്തോടു പറഞ്ഞു. അപ്പോൾ അവിടുന്നു പറഞ്ഞു: 'അല്ലാഹു അക്ബർ! എന്റെ ആത്മാവ് ആരുടെ കയ്യിലാണോ അവനെക്കൊണ്ടു സത്യം; ഇസ്രായിൽ സന്താനങ്ങൾ മൂസാനബി (അ) യോട് പറഞ്ഞതുപോലെയാണല്ലോ നിങ്ങൾ പറഞ്ഞത്. അതായത് 'അവർക്ക് ദൈവങ്ങളുള്ളതുപോലെ ഞങ്ങൾക്കും ഒരു ദൈവത്തെ ആക്കിത്തരിക' എന്നവർ പറഞ്ഞപ്പോൾ നിങ്ങൾ അറിവില്ലാത്ത ജനങ്ങളാണ് എന്ന് മൂസാനബി മറുപടി പറയുകയും ചെയ്തു. എന്നാൽ നിശ്ചയമായും നിങ്ങൾ നിങ്ങൾക്ക് മുമ്പുണ്ടായിരുന്നവരുടെ മാർഗ്ഗങ്ങളെ തുടരുക തന്നെചെയ്യും.)

അജ്ഞാനകാലത്തെ 'മുശ്രിക്കു'കളായ അറബികൾ ചെയ്തിരുന്നതുപോലെ ആയുധസാമഗ്രികളും മററും തൂക്കിയിടുവാൻ ഞങ്ങൾക്കും ഒരു വൃക്ഷം നിശ്ചയിച്ചുകൊടുക്കണമെന്നുമാത്രമാണ് മുസ്ലിംകൾ നബി (സ) യോടാവശ്യപ്പെട്ടത്. മുശ്രിക്കുകൾ ചെയ്തിരുന്നത്പോലെ അതിനെ ജ്ഞനത്തിന് വിഷയമാക്കണമെന്ന് അവർ ഉദ്ദേശിച്ചില്ല. എങ്കിലും മുശ്രിക്കുകളുടെ പ്രവർത്തികളെ അതേപ്രകാരം അനുകരിക്കുന്നതായാൽ കാലക്രമേണ അത് ശിർക്ക് ബാധിക്കുന്നതിന് കാരണമായിത്തീരും എന്ന സംഗതിയെ ഓർമ്മിപ്പിച്ചുകൊണ്ട്' അവിടുന്നു അതിനെ മുസ്ലിംകൾക്ക് വിരോധിക്കുകയാണുണ്ടായത്.

## അങ്ങിനെ അയാൾ സ്വർഗ്ഗത്തിൽ പ്രവേശിക്കുകയും ചെയ്തു

താരിഖ് ഇബ്നു ശിഹാബു പറഞ്ഞിട്ടുള്ളതായി ഇമാം അഹ്മദ് അവർകൾ രേഖപ്പെടുത്തിയിരിക്കുന്ന മറെറാരു ഹദീസ് ഇപ്രകാരമാണ്.

ان رسول الله صلعم قال دخل رجل الجنة فى ذباب ودخل النار رجل فى ذباب ـ قالوا كيف ذلك يارسول الله (ص) قال مرّ رجلان على قوم لهم صنم لا يجوزه احد حتى يقرّب اليه شيئا فقالوا لأحدهم قرّب ولو ذبابا فقرب ذبابا فدخل النار وقالوا للاخر قرب فقال ما كنت اقرّب لأحد غيرالله عزّوجلّ فضربوا عنقه فدخل الجنّة

(നബി (സ) പറഞ്ഞു; ഒരാൾ ഒരു ഈച്ച കാരണത്താൽ സ്വർഗ്ഗത്തിൽ പ്രവേശിച്ചു. ഒരാൾ ഒരു ഈച്ച കാരണത്താൽ നരകത്തിലും പ്രവേശിച്ചു. അപ്പോൾ, 'അല്ലാഹുവിൻെറ റസൂലെ! അരത് എങ്ങനെയാണ്?' എന്നു അവർ ചോദിച്ചു. അവിടുന്നു പറഞ്ഞു വിഗ്രഹാരാധകന്മാരായ ഒരു കൂട്ടരുടെ താമസസ്ഥലത്തുകൂടി രണ്ടു പേർ യാത്രപോകുന്നതിനിടയായി. വിഗ്രഹത്തിനു

എന്തെങ്കിലും ബലി അർപ്പിച്ചാലല്ലാതെ ആരെയും അവിടെക്കൂടി കടന്നുപോകുന്നതിന് അവർ അനുവദിച്ചിരുന്നില്ല. അവർ ഇവരിൽ ഒരാളോട് ഒരു ഈച്ചയെ എങ്കിലും വിഗ്രഹത്തിനു ബലി അർപ്പിക്കേണമെന്ന് ആവശ്യപ്പെട്ടു. അയാൾ ഒരു ഈച്ചയെ ബലി അർപ്പിക്കുകയും, അവർ അയാളെ വിട്ടയക്കുകയും ചെയ്തു. അതിനാൽ അയാൾ നരകത്തിൽ പ്രവേശിച്ചു. മററാരാളോട് ബലി അർപ്പിക്കുന്നതിന് ആവശ്യപ്പെട്ടപ്പോൾ അല്ലാഹുവിനായിട്ടല്ലാതെ മററാർക്കും ഞാൻ ബലി അർപ്പിക്കുന്നതല്ല എന്ന് അയാൾ പറഞ്ഞു: അപ്പോൾ അവർ അയാളുടെ ശിരഛേഛദം ചെയ്യുകയും, അങ്ങനെ അയാൾ സ്വർഗ്ഗത്തിൽ പ്രവേശിക്കുകയും ചെയ്തു)

അല്ലാഹുവിനല്ലാതെ മററാർക്കെങ്കിലും ബലി അർപ്പിക്കുന്നതിനെ നബി (സ) ശപിച്ചു പറയുകയും, അപ്രകാരം ചെയ്യുന്നതുമൂലമുള്ള ദുഷ്ഫലത്തെ നമുക്ക് ഉദാഹരണസഹിതം പറഞ്ഞു ഗ്രഹിപ്പിച്ചുതരികയും ചെയ്തിട്ടുള്ളത് നമ്മുടെ സവിശേഷമായ ചിന്തയ്ക്ക് വിഷയമാകേണ്ടതാണ്. ജന്തുക്കളെ ബലി അർപ്പിക്കുക എന്നത് ആരാധനയിൽ ഉൾപ്പെട്ട ഒന്നാണല്ലൊ. ആരാധന അല്ലാഹുവിനുമാത്രം ആയിരിക്കേണ്ടതുമാണല്ലൊ. ഇതേ പ്രകാരംതന്നെ അല്ലാഹുവിന് പുറമെ അന്യവസ്തുക്കളെ മുൻ നിറുത്തി സത്യം ചെയ്യുന്നതിനെയും അവിടുന്നു വിരോധിച്ചിട്ടുണ്ട്.

من حلف فليحلف بالله او ليصمت ആരെങ്കിലും സത്യം ചെയ്യുന്നുവെങ്കിൽ അവൻ അല്ലാഹുവിനെകൊണ്ട് സത്യം ചെയ്യട്ടെ. അല്ലെങ്കിൽ അവൻ മൗനം അവലംബിക്കട്ടെ!)

وسمع رجلا يحلف باللات والعزّى فأمره ان يقول لا اله الا الله

ഒരാൾ ലാത്തിനെക്കൊണ്ടും ഉസ്സായെ ക്കൊണ്ടും സത്യം ചെയ്യുന്നതായി കേട്ടിട്ട് അവിടുന്നു അവനോടു ലാഇലാഹ ഇല്ലല്ലാഹു എന്നു പറയുവാൻ കല്പിച്ചു.)

من حلف بغير الله فقد أشرك (അല്ലാഹു അല്ലാത്തവരെ കൊണ്ട്

ഒരുവൻ സത്യം ചെയ്യുന്നതായാൽ അവൻ ശിർക്ക് വെച്ചവനായി തീരുന്നു.)

## ഇമാം ശൗക്കാനിയുടെവിശദീകരണം

ഇങ്ങനെയുള്ള ഹദീസുകൾ ഇസ്ലാംമത സംബന്ധമായ ഗ്രന്ഥങ്ങളിൽ ധാരാളമായി കാണാവുന്നതാണ്. അല്ലാഹുവിനെ കൊണ്ടല്ലാതെ അന്യവസ്തുക്കളെകൊണ്ട് സത്യം ചെയ്യുന്നവർ ഇസ്ലാമിൽനിന്നും ഭ്രഷ്ടരാകുമെന്നുള്ളതും അവയിൽതന്നെ കാണാവുന്ന താകുന്നു. യാതൊരു വസ്തുവിനെ കൊണ്ടു സത്യം ചെയ്യുന്നുവോ ആ വസ്തുവിന് അദൃശ്യമായ ഒരു മഹത്വമുണ്ടെന്നു സങ്കല്പിക്കപ്പെടുന്നത്കൊണ്ടാണ് ഈ വിധത്തിൽ വിരോധകൽപ്പന ഉണ്ടായിട്ടുള്ളത്. പിന്നെ ഗുണസിദ്ധിക്കും ദോഷനിവാരണത്തിനുമായി അന്യവസ്തുക്കളോട് നേരിട്ടുചെയ്യുന്ന അപേക്ഷകളിൽ അടങ്ങിയിരിക്കുന്ന കലർപ്പില്ലാത്ത 'ശിർക്കി'ന്റെ സ്ഥിതി എന്താണെന്നു ആലോചിച്ചുകൊണ്ടാൽ മതിയാകും. വാസ്തവത്തിൽ, സ്രഷ്ടാവിനെ വന്ദിക്കുന്നതിനേക്കാൾ കൂടുതലായി സൃഷ്ടികളെ വന്ദിക്കുന്ന സമ്പ്രദായം തന്നെയാണ് അധികം നടപ്പിലിരിക്കുന്നത്. ഖബ്ർ ആരാധകന്മാരുടെ പ്രവൃത്തികളെ നിരീക്ഷണം ചെയ്തുനോക്കുമ്പോൾ ഖബ്റിൽ ഉള്ളവർ ഗുണം ചെയ്യുവാനും ദോഷങ്ങൾ തടുക്കുവാനും ശക്തരാണെന്നു അവർ വിശ്വസിച്ചുകൊണ്ടുതന്നെയാണ് അങ്ങനെയുള്ള പ്രവൃത്തികൾ ചെയ്യുന്നതെന്ന് പറയേണ്ടിയിരിക്കുന്നു. ഇപ്പറഞ്ഞത് ശരിയല്ല എന്ന് ആർക്കെങ്കിലും തോന്നുന്നുവെങ്കിൽ അവർ ഖബ്ർപൂജകന്മാരുടെ പ്രവൃത്തികളെയും ഗതികളെയും ഒന്നു പരിശോധിച്ചു നോക്കട്ടെ. അവയൊക്കെ അപ്പോൾ അവർക്ക് പരിശുദ്ധനായ അല്ലാഹുഇങ്ങനെയുള്ളവരെക്കുറിച്ചു പറഞ്ഞിട്ടുള്ള ഓരോ സംഗതികളോട് അണുഅളവും വ്യത്യാസം കൂടാതെ യോജിച്ചിരിക്കുന്നതായി കാണാവുന്നതാണ്.

وإذا ذكر الله وحده اشمأزت قلوب الذين لا يؤمنون بالآخرة
وإذا ذكر الذين من دونه إذاهم يستبشرون

(ഏകനായ വിധത്തിൽ അല്ലാഹു പറയപ്പെടുമ്പോൾ പരലോകത്തെപ്പറ്റി വിശ്വസിക്കാത്തവരുടെ ഹൃദയങ്ങൾ വെറുപ്പ് കൊണ്ട് അറക്കുന്നു. അവനൊഴികെയുള്ളവരെക്കുറിച്ച് പറയപ്പെടുന്ന അവസരത്തിൽ അതാ അവർ പ്രസന്നരായിത്തീരുന്നു.) എന്ന് അല്ലാഹു പറഞ്ഞിട്ടുള്ളത് ഇവരെ (ഖബ്ർ ആരാധകന്മാരെ) തിരിച്ചറിയുവാനുള്ള മാനദണ്ഡമാകുന്നു. ഇമാം അഹ്മദ് (റ) ഇങ്ങനെ രേഖപ്പെടുത്തുന്നു

إن العيافة والطرق والطيرة في الجبت (പക്ഷികളെആട്ടി അവയുടെ ശബ്ദംകൊണ്ട് ശുഭാശുഭങ്ങളെ നിർണ്ണയിക്കുന്നതും കല്ലുകൾ, കവടികൾ, ധാന്യങ്ങൾ ഇവ മൂലം ഭാഗ്യ നിർഭാഗ്യങ്ങളെ നിശ്ചയിക്കുന്നതും പക്ഷികളുടെ പറക്കൽ, ചലനം ഇവകൾ കൊണ്ട് ശകുനം നോക്കുന്നതും മൂഢവിശ്വാസത്തിൽ പെട്ടതാകുന്നു.) എന്നു നബി (സ) അരുളിചെയ്തിരിക്കുന്നു. അബൂഹുറയ്റ (റ) പറഞ്ഞതായി നസാഈ രേഖപ്പെടുത്തിയിട്ടുള്ളതാണിത്:

من عقد عقدة ثم نفث فيها فقد سحر ومن سحر فقد اشرك ومن تعلق شيئا وكل اليه

(ഒരുവൻ മുറുക്കിയ നൂലിൽ കെട്ട് ഇടുകയും പിന്നെ അതിൽ ഊതുകയും ചെയ്താൽ അവൻ ക്ഷുദ്രം പ്രയോഗിച്ചവനായി, ഒരുവൻ ക്ഷുദ്രം പ്രയോഗിച്ചാൽ അവൻ ശിർക്ക് ചെയ്തവനായിപ്പോയി. എന്തിനോടെങ്കിലും ആശ്രയഭാവം കാണിക്കുന്നവൻ അതിങ്കൽ ഭാരമേൽപിക്കപ്പെടും.

ഈവക സംഗതികളൊക്കെ ദുഷിച്ച വിശ്വാസങ്ങൾക്ക് വഴി തുറക്കുന്ന നിന്ദ്യകർമ്മങ്ങളാകയാൽ അവ അന്ധതയും ശിർക്കും ആണെന്നു ഗ്രഹിക്കേണ്ടതാണ്.

## ഗണകന്റെയോ ജ്യോത്സ്യന്റെയോ അടുക്കൽ പോകുന്നതായാൽ

ومن ذالك ما اخرجه اهل السّنن والحاكم وقال صحيح على شرط الشيخين عن ابي هريرة (ر) قال قال رسول الله (ص) من اتى كاهنا او عرّافا فقد كفر بما اُنزل على محمد

(ഗണകന്റെയോ ജ്യോത്സ്യന്റെയോ അടുക്കൽ ഒരുവൻ പോകുന്നതായാൽ അവൻ മുഹമ്മദിന് അവതരിപ്പിച്ചു കൊടുത്തിട്ടുള്ളതിൽ അവിശ്വസിക്കുന്നവനായി). എന്നീ പ്രകാരം അബൂഹുറയ്റ പറഞ്ഞിട്ടുള്ളതായി ഇബ്നുമാജ, നസാഈ, അബൂദാവൂദ്, തിർമദീ, ഹാകിം എന്നിവർ രേഖപ്പെടുത്തുകയും ബുഖാരിയുടേയും മുസ്ലിമിന്റേയും നിവേദനരീതിയെ ആസ്പദമാക്കി 'സഹീഹാ' ണെന്ന് ഹാകിം പറയുകയും ചെയ്തിട്ടുള്ള ഈ ഹദീസ് മേൽപറഞ്ഞ സംഗതികളെ മറ്റൊരു പ്രകാരത്തിൽ വിശദമാക്കുന്ന ഒന്നാണ്. ഈ ഹദീസ് പ്രബലമായിട്ടുള്ള ഒന്നാണെന്ന് കാണിച്ചുകൊണ്ട് അബൂയഅ്ലാ ഇപ്രകാരം ഒരു ഹദീസ് നിവേദനം ചെയ്തിരിക്കുന്നു.

من اتى كاهنا فصدقه بما يقول فقد كفر بما اُنزل على محمد

(ഒരുവൻ ഗണകന്റെ അടുക്കൽചെന്നു. അയാൾ പറയുന്നതിനെ ശരിയാണെന്നു സമ്മതിച്ചാൽ മുഹമ്മദിന് അവതരിപ്പിക്കപ്പെട്ടിട്ടുള്ളതിൽ അവിശ്വസിച്ചവനായിപ്പോയി.)

ഇബ്നുഅബ്ബാസ് (റ) പറഞ്ഞിട്ടുള്ളതായി തബ്റാനിയും ഇതേ പ്രകാരത്തിൽ ബലവത്തായ പല ഹദീസുകളും രേഖപ്പെടുത്തികാണുന്നു. ഇപ്രകാരമുള്ള കാര്യങ്ങൾ അവിശ്വാസത്തെ

ജനിപ്പിക്കുന്നത് അക്കാര്യങ്ങൾക്ക് ആസ്പദമാക്കായിരിക്കുന്നവയിൽ അദൃശ്യമായ ശക്തിയെ ആരോപിക്കുകയും അതുവഴി ശിർക്ക് കടന്നുകൂടുവാൻ ഇടയാവുകയും ചെയ്യുന്നത്കൊണ്ടാണ്. ഗണകന്മാരെയും ജ്യോൽസ്യന്മാരെയും അവിശ്വസിക്കുന്നവരായിട്ടാണ് അധികം പേരും കാണപ്പെടുന്നത് എന്നുള്ളത് ശരിതന്നെ. എന്നാൽ ഇങ്ങനെ അവിശ്വസിക്കുന്നവർതന്നെ ശകുനം നോക്കുക. ജ്യോൽസ്യം നോക്കുക മുതലായ കാര്യങ്ങളിൽ നിയമേന എന്നപോലെ ശീലിച്ചുകഴിഞ്ഞാൽ അദൃശ്യകാര്യങ്ങൾ അറിയുന്ന വിഷയത്തിൽ അല്ലാഹുവിനു പുറമെ മററു ചിലർക്കും കഴിവുണ്ടെന്നുള്ള ഒരു വിശ്വാസം കാലക്രമേണ അവരിൽ ഇഴഞ്ഞുകയറുകയും അത് ഒടുവിൽ അവർ ഒരു ദൈവീക ശക്തിയായി കരുതിത്തുടങ്ങുകയും ചെയ്യുവാൻ ഇടയുണ്ടല്ലോ. ചുരുക്കത്തിൽ ശിർക്കിനെ നമുക്ക് തടിച്ച രൂപമുള്ളതെന്നും നേരിയ രൂപമുള്ളതെന്നും അഥവാ സ്ഥൂലമെന്നും സൂക്ഷ്മമെന്നും പൊതുവെ രണ്ടായിതരം തിരിക്കാം.. അല്ലാഹുവിനുള്ള ശക്തികളെ മററു വസ്തുക്കളിൽ ആരോപിച്ചുകൊണ്ട്, അവയോട് വിളിച്ചുർത്ഥിക്കുവാനും അവയെ ആരാധിക്കുവാനും തുടങ്ങുന്ന ഒരുവൻെറ ശിർക്ക് എല്ലാവർക്കും എളുപ്പം കണ്ടറിയുവാൻതക്കവിധം തടിച്ച രൂപമുള്ളതാണ്. ശകുനം, ജ്യോത്സ്യം മുതലായ കാര്യങ്ങളെ സംബന്ധിക്കുന്ന ശിർക്ക് അപ്രകാരമുള്ളതല്ല. അത് ക്രമേണ സ്ഥൂലമായ ശിർക്കിന് ഇടയാക്കുന്ന നേരിയ രൂപത്തിലുള്ളതാകുന്നു. ഒരു വിധത്തിൽ നോക്കുമ്പോൾ ഈ സൂക്ഷ്മമായ ശിർക്കിനെയാണ് നാം കൂടുതൽ ഭയപ്പെടേണ്ടിയിരിക്കുന്നത്. എന്തെന്നാൽ തടിച്ച ശിർക്ക് ശിർക്കാണെന്നു പറഞ്ഞുമനസ്സിലാക്കി ആളുകളെ അതിൽ നിന്നും പിന്തിരിപ്പിക്കുവാൻ എളുപ്പമാണ്. നേരിയ ശിർക്കാകട്ടെ ശിർക്കാണെന്ന് ആളുകളെ പറഞ്ഞു മനസ്സിലാക്കുന്നതിന് പ്രയാസമുള്ള

തും പ്രായേണ ബുദ്ധിശാലികൾ എന്നറിയപ്പെടുന്നവരിൽ പലരും എളുപ്പത്തിൽ ചെന്ന് ചാടിപ്പോകുന്നതുമായ ഒന്നാകുന്നു.

## ഗോപ്യമായ ശിർക്ക്

الا اُخبركم بما هو اخوف عليكم من المسيح الدّجال قالوا بلى قال

الشرك الخفى يقوم الرجل فيزيّن صلاته لما يرى من نظر رجل

(മസീഹുദ്ദ്ജാജാലിനേക്കാൾ അധികം ഭയപ്പെടേണ്ട ഒന്നിനെപ്പററി ഞാൻ നിങ്ങൾക്ക് പറഞ്ഞുതരട്ടെയോ? എന്ന് അവിടുന്നു ചോദിച്ചു. അതിന്, അതെ അങ്ങനെചെയ്താലും എന്ന് അവർ പറഞ്ഞു. അപ്പോൾ അവിടുന്ന് പറഞ്ഞു: ഗോപ്യമായ ശിർക്ക്. ഒരാൾ നമസ്കാരത്തിനായി നില്ക്കുകയും ഒരാൾ നോക്കുന്നുണ്ടെന്നു അവൻ കാണുന്നതിനാൽ തന്റെ നമസ്കാരത്തെ ഭംഗിപിടിപ്പിക്കുകയും ചെയ്യുന്നത്) അബൂസഈദ് പറഞ്ഞതായി ഇമാം അഹ്മദ് നിവേദനം ചെയ്യുന്ന ഈ ഹദീസ്കൊണ്ടു നേരിയ ശിർക്കിന്റെ അല്ലെങ്കിൽ സൂക്ഷ്മമായ ശിർക്കിന്റെ രൂപം എന്താണെന്നു ഏതാണ്ട് ഊഹിക്കാവുന്നതാണല്ലൊ, നേരിയതെന്നും സൂക്ഷ്മമെന്നും ഇവിടെ പറഞ്ഞത്,

شرك خفى ഗോപ്യമായ ശിർക്ക് എന്ന് പറയപ്പെട്ടിരിക്കുന്ന ശിർക്കിനെ തന്നെയാകുന്നു.

انّ رجلا قال ماشاء الله وشئت قال اجعلتنى لله ندّا قل شاء الله وحده

'(അല്ലാഹുവും അവിടുന്നും ഇച്ഛിക്കുന്നത്പോലെ' എന്നു ഒരാൾ(നബിയോടു പറഞ്ഞു. അപ്പോൾ അവിടുന്നു പറഞ്ഞു: നീ എന്നെ അല്ലാഹുവിന് സമനാക്കിയൊ? ഏകനായിരിക്കുന്ന അല്ലാഹു ഇച്ഛിക്കുന്നതു പോലെ, എന്ന് നീ പറയുക) എന്നിപ്രകാരം ഇബ്നുഅബ്ബാസ് പറഞ്ഞതായി നസാഈ രേഖപ്പെടു

ത്തി നിവേദനം ചെയ്യുന്ന ഈ ഹദീസ് സൂക്ഷ്മമായ ശിർക്കിന് ഉദാഹരണമായി കാണിക്കുന്ന ഒന്നാണ്.

قال رسول الله (ص) يقول الله عزّ وجلّ انا اغنى الشركاء عن الشرك من عمل عملا اشرك معى فيه غيرى تركته وشركه

(നബി (സ) പറഞ്ഞിട്ടുള്ളതാണിത്; ഞാൻ പങ്കുകാരിൽവെച്ച് പങ്കിന് ഒട്ടും ആവശ്യമില്ലാത്തവനാണ്. എന്നോടുകൂടി ഞാനല്ലാത്തവരെ പങ്കുചേർക്കുന്നതരത്തിൽ ഒരുവൻ ഒരു പ്രവൃത്തി ചെയ്താൽ അവന്റെ ശിർക്കോടു കൂടി ഞാൻ അവനെ ഉപേക്ഷിച്ചുകളയും' എന്നു അല്ലാഹു പറയുന്നു.) എന്നി പ്രകാരം അബൂഹുറയ്റ പറഞ്ഞതായി മുസ്ലിം രേഖപ്പെടുത്തിയിരിക്കുന്ന ഹദീസ് ശിർക്ക് ഒരുവന്റെ പ്രവൃത്തിയെ എങ്ങിനെ നിഷ്ഫലമാക്കുന്നുവെന്ന് സ്പഷ്ടമായി കാണിക്കുന്നുണ്ടല്ലൊ.

فمن كان يرجو لقاء ربّه فليعمل عملا صالحا ولا يشرك بعبادة ربّه احدا

'ഒരുവൻ അവന്റെ നാഥന്റെ ദർശനത്തിന്' ആശിക്കുന്നുവെങ്കിൽ അവൻ സൽക്കർമ്മം ചെയ്യട്ടെ; അവന്റെ നാഥന്നായുള്ള ആരാധനയിൽ അവൻ ആരെയും പങ്കുചേർക്കാതിരിക്കുകയും ചെയ്യട്ടെ. എന്ന ആയത്തിൽ പറയപ്പെട്ടിരിക്കുന്ന ശിർക്ക് മേൽകാണിച്ചിട്ടുള്ള ഹദീസുകളിൽ പറയപ്പെട്ടിട്ടുള്ള ഗോപ്യമായ ശിർക്കാണെന്നു അറിയേണ്ടതാകുന്നു.

ശിർക്കിന്റെ മാർഗ്ഗങ്ങൾ അടയ്ക്കുന്നതിനു വഴിതെളിയിക്കുന്ന രേഖകൾ മതഗ്രന്ഥങ്ങളിൽ ഇനിയും ധാരാളമായി കാണാവുന്നതാണ്. അവ മുഴുവനും എടുത്തു പറയുക എന്നു വെച്ചാൽ അതിനു ഒരു മഹാഗ്രന്ഥം തന്നെ വേണ്ടിവരും.

ان اريد الا الاصلاح ما استطعت وما توفيقى الاّ بالله

والحمد لله رب العالمين

# തൗഹീദ്

# كتاب التوحيد

## ( ماليباري )

മർഹൂം: പി. അബ്ദുൽ ഖാദിർ മൗലവി
കണ്ണൂർ

مطبعة دار طيبة - الرياض - ت: ٤٢٨٣٨٤٠

المكتب التعاوني للدعوة والإرشاد وتوعية الجاليات بغرب الديرة
هاتف: ٤٣٩١٩٤٢ ناسوخ: ٤٣٩١٨٥١ ص.ب ١٥٤٤٨٨ الرياض١١٧٣٦
حساب رقم: ٩٣٤٠٠/٤ شركة الراجحي المصرفية فرع سلطانة.